


# അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്

**2011 ജനുവരി 1-3**

## സഞ്ചിക 2 A

**Volume 2**

എ.കെ.ജി പഠന ഗവേഷണ കേന്ദ്രം
തിരുവനന്തപുരം

# THIRD INTERNATIONAL CONGRESS ON KERALA STUDIES
2011 JANUARY 1-3
THIRUVANANTHAPURAM

# മൂന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്
2011 ജനുവരി 1-3
തിരുവനന്തപുരം

**Volume 2 A**

**സഞ്ചിക രണ്ട് – എ**

**A.K.G. Centre for Research & Studies**
**Thiruvananthapuram-695 034, Kerala, India**

Malayalam

Third International Congress on Kerala Studies
Volume 2 A

Documents and papers presented by participants
at the Third International Congress on Kerala Studies,
held on January 1-3, 2011
in Thiruvananthapuram, Kerala, India.

Typeset: Pravitha V.S, Suneesh. V.M & Biju. K.M

Layout : Balaji. G.K

Printed at Akshara Offset Printers, Thiruvananthapuram

# ഉള്ളടക്കം


| | | | |
|---|---|---|---|
| കൃഷിയും അനുബന്ധ മേഖലകളും | 5 | - | 31 |
| ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ | 32 | - | 43 |
| ഭരണ പരിഷ്ക്കാരം | 44 | - | 59 |

# അധ്യായം

# കൃഷിയും അനുബന്ധമേഖലകളും

2.1 കൃഷി

2.2 മൃഗസംരക്ഷണം

2.3 മത്സ്യ മേഖല

2.4 വനം

2.5 ജലവിഭവം

# കൃഷിയും അനുബന്ധമേഖലകളും

മൂന്നാം കേരള പഠനകോൺഗ്രസിൽ കൃഷി–അനുബന്ധമേഖലകളെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ ഈ രംഗം സമീപകാലത്ത് ദേശീയാടിസ്ഥാനത്തിൽ നേരിട്ട തിരിച്ചടികളെക്കുറിച്ച് സൂചിപ്പിക്കാതിരിക്കാനാവില്ല. വളർച്ചയുടെ കാര്യത്തിൽ 'ഇന്ത്യയും' 'ഭാരതവും' തമ്മിൽ നിലനിൽക്കുന്ന വൈരുദ്ധ്യം കുപ്രസിദ്ധമാണ്. താരതമ്യേനെ ഉയർന്ന വളർച്ചാനിരക്കുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ സമ്പദ്ഘടന തിളങ്ങുന്നുണ്ടെങ്കിലും മഹാഭൂരിപക്ഷം ഇന്ത്യക്കാർ ജീവിതവൃത്തിക്കായി ആശ്രയിക്കുന്ന കൃഷി–അനുബന്ധ മേഖലകൾ ഏറെ പിന്നിലാക്കപ്പെടുകയാണ്. ഏറെ വർഷങ്ങളായി വ്യവസായമേഖലയെയും സേവനമേഖലയെയും അപേക്ഷിച്ചു വളരെ കുറഞ്ഞ നിരക്കിലാണ് കൃഷി–അനുബന്ധമേഖലകൾ വളരുന്നത്. വളർച്ചയിലെ ഈ പിന്നാക്കാവസ്ഥ കാരണം ഇന്ത്യയുടെ ദേശീയോൽപാദനത്തിൽ കൃഷി–അനുബന്ധ മേഖലകളുടെ പങ്ക് തുടർച്ചയായി കുത്തനെ കുറഞ്ഞു വരുകയാണ്. ദേശീയ ആഭ്യന്തര ഉത്പാദനത്തിൽ 2008–09 ലെ കണക്കുകൾ പ്രകാരം പ്രാഥമിക മേഖലയുടെ പങ്ക് കേവലം 18.87 ശതമാനമാണ്. 1990–ൽ ഇത് 27 ശതമാനമായിരുന്നു. ദേശീയോൽപാദനത്തിലും, വരുമാനത്തിലും കൃഷി–അനുബന്ധമേഖലകളുടെ പങ്ക് ക്രമമായി കുറഞ്ഞു വരുകയാണെങ്കിലും ഈ മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ജനങ്ങളുടെ സംഖ്യയിലും അനുപാതത്തിലും വലിയ കുറവൊന്നും സംഭവിക്കുന്നില്ല എന്നതാണ് ഏറെ ശ്രദ്ധേയമായ സംഗതി. പ്രാഥമിക മേഖലയെ ആശ്രയിച്ചു കഴിയുന്ന ഗ്രാമീണ ഇന്ത്യാക്കാരുടെ ആളോഹരി വരുമാനം വളരുകയല്ല മറിച്ച് മുരടിക്കുകയോ കുറയുകയോ ആണെന്ന കാര്യം ഇതിൽ നിന്നും വ്യക്തമാണ്.

ഇന്ത്യയിലെ കാർഷികരംഗം ദാരിദ്ര്യത്തിന്റെയും കടക്കെണിയുടെയും കർഷക ആത്മഹത്യകളുടെയും വിളനിലമായതിന്റെ പശ്ചാത്തലം ഇതാണ്. കൃഷിയും അനുബന്ധമേഖലകളും നേരിടുന്ന ഈ മുരടിപ്പിനു ഭൂപരിഷ്ക്കരണത്തിന്റെ അഭാവമടക്കമുള്ള ചരിത്രപരമായ കാരണങ്ങളുണ്ട്. എന്നാൽ സമീപകാലത്ത് പ്രതിസന്ധി രൂക്ഷമാവാനുള്ള കാരണം ഇന്ത്യയിലെ സർക്കാർ സ്വീകരിച്ച നവഉദാരവത്കരണനയങ്ങളും സ്വതന്ത്രവ്യാപാര കരാറുകളുമാണ്. നിയോലിബറൽ നയങ്ങളുടെ ഫലമായി കൃഷി–അനുബന്ധ മേഖലകളിൽ നിന്നും ഭരണകൂടം പിൻവാങ്ങുന്ന സ്ഥിതിയാണ് ഉണ്ടായത്. ഭരണകൂടത്തിന്റെ വലിപ്പവും ധനക്കമ്മിയും കുറയ്ക്കുന്നതിന്റെ ഭാഗമായി കാർഷികമേഖലയിലെ പൊതുനിക്ഷേപത്തിൽ വലിയ വെട്ടിക്കുറവുണ്ടായി. ശാസ്ത്ര–സാങ്കേതിക–വികസന സേവനങ്ങൾ ലഭ്യമാക്കുന്ന ചുമതല പോലും സ്വകാര്യമേഖലയെ ഏൽപിച്ച് സർക്കാർ വകുപ്പുകൾ പിൻവാങ്ങണം എന്ന കാഴ്ചപ്പാടിനു മുൻകൈ ലഭിച്ചു. ഈ മേഖലയ്ക്ക് സർക്കാർ നൽകിയിരുന്ന പ്രത്യക്ഷവും പരോക്ഷവുമായ സബ്സിഡികൾ വെട്ടിക്കുറച്ചു. കാർഷികവിളകൾക്ക് ന്യായവില നൽകുന്നതിനു സർക്കാർ നടത്തിയിരുന്ന ഇടപെടലുകൾ കമ്പോളവിരുദ്ധവും മൽസരവിരുദ്ധവുമെന്നു വ്യാഖ്യാനിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്തു. ലോകവ്യാപാരസംഘടനയുടെ ഭാഗമായും അല്ലാതെയും കാർഷികോൽപന്നങ്ങളുടെ ഇറക്കുമതിയ്ക്കെതിരെ ഏർപ്പെടുത്തിയിരുന്ന അളവുപരമായ നിയന്ത്രണങ്ങൾ എടുത്തുകളയുകയും, ചുങ്കനിരക്കുകൾ കുത്തനെ വെട്ടിക്കുറയ്ക്കുകയും ചെയ്തു.

അവശേഷിച്ച ഇറക്കുമതി നിയന്ത്രണങ്ങൾ കൂടി ഇന്ത്യ ഏർപ്പെട്ട പ്രാദേശിക സ്വതന്ത്ര വ്യാപാര കരാറുകളുടെ ഫലമായി ഒഴിവാക്കപ്പെട്ടു. ഇന്ത്യ–ശ്രീലങ്ക, ഇന്ത്യ–ആസിയാൻ തുടങ്ങിയ കരാറുകൾക്കു ശേഷം ഇപ്പോൾ ഇന്ത്യയും യൂറോപ്യൻ സമൂഹവുമായുള്ള സ്വതന്ത്രവ്യാപാരക്കരാർ ഒപ്പിടുന്ന ഘട്ടത്തിൽ എത്തിയിരിക്കുന്നു. ഇതിനു പുറമേയാണ് കരാർകൃഷിയ്ക്കും, ബഹുരാഷ്ട്രവിത്തു കുത്തകകാർക്കും, റിടെയിൽ ചെയിനുകൾക്കും അനുകൂലമായ നയം

മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വായ്പാവിപണിയിൽ കൃഷി-അനുബന്ധ മേഖലകൾക്കു നൽകിയിരുന്ന മുൻഗണന പിൻവലിച്ചതും യാദൃശ്ചികമല്ല. ഇതെല്ലാം തന്നെ കമ്പോളത്തേയും, മൽസരത്തേയും കോർപറേറ്റു മൂലധനതാൽപര്യങ്ങളേയും മുൻനിർത്തി തയ്യാറാക്കപ്പെട്ടിരിക്കുന്ന നിയോലിബറൽ വികസനതന്ത്രത്തിന്റെ 'ഫലപ്രാപ്തി'യെ ആണ് അടയാളപ്പെടുത്തുന്നത്. ലക്ഷക്കണക്കായ കൃഷിക്കാർ ആത്മഹത്യ ചെയ്തതും ഇപ്പോഴും ആത്മഹത്യകൾ തുടരുന്നതും ഇന്നത്തെ പോക്കിനെതിരായ കാർഷികഭാരതത്തിന്റെ നിശ്ശബ്ദ പ്രതിഷേധമായി എണ്ണപ്പെടണം.

സാമ്പത്തികവികസനം നടക്കുമ്പോൾ പ്രാഥമികമേഖലയുടെ പ്രാധാന്യം കുറയുകയും ദേശീയോൽപാദനത്തിലും, തൊഴിൽഘടനയിലും വ്യവസായമേഖലയുടെയും, സേവനമേഖലയുടെയും പങ്ക് ഉയരുകയും, ചെയ്യുന്നത് ആരോഗ്യകരമായ പരിണാമത്തിന്റെ ഭാഗമായാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഇന്ത്യയിൽ ഇത് സംഭവിക്കുന്നത് ആരോഗ്യകരമായ ഒരു പരിണാമത്തിന്റെ ഭാഗമായല്ല മറിച്ച് തുടർച്ചയായ അവഗണനയുടെ ഫലമായാണ് എന്ന കാര്യം ഇപ്പോൾ ഏറെക്കുറേ സർവ്വസമ്മതമാണ്. ഇതിനു ഒരളവുവരെ സമാനമായ ചിത്രമാണ് കേരളത്തിന്റെ കാര്യത്തിലും കാണാൻ കഴിയുക. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക മേഖലയുടെ പങ്കിലുണ്ടായ കുറവ് കുറച്ചുകൂടി നാടകീയമായിരുന്നു എന്നതാണ് വാസ്തവം. രണ്ടായിരാമാണ്ടാവുമ്പോഴേക്കും സംസ്ഥാനത്തിന്റെ ആഭ്യന്തരോൽപാദനത്തിലെ പ്രാഥമിക മേഖലയുടെ പങ്ക് കേവലം 22 ശതമാനമായി കുറഞ്ഞിരുന്നു. 1960–61 ൽ ഇത് 56 ശതമാനമായിരുന്നു എന്ന് ചരിത്രം! അതെന്തായാലും 2008–2009 ലെ കണക്കുകൾ പ്രകാരം പ്രാഥമിക മേഖലയുടെ പങ്ക് വീണ്ടും കുറഞ്ഞു. 12.42 ശതമാനമായിരിക്കുന്നു. കൃഷി അനുബന്ധമേഖലകൾ മാത്രമെടുത്താൽ ഇത് കേവലം 9.7 ശതമാനമാണ്! സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിലും, വരുമാനത്തിലും ഉണ്ടായ നാടകീയമായ ഈ കുറവിനെ പൂർണ്ണമായും ആരോഗ്യകരമായ വികസനത്തിന്റെയും പരിണാമത്തിന്റെയും ഭാഗമായി കണക്കാക്കാനാവില്ല. കേരളത്തിലെ കാർഷിക ജനസംഖ്യയിൽ ഒരു ഭാഗം കാർഷികേതര മേഖലകളിലേക്കും, സംസ്ഥാനത്തിനു പുറത്തുള്ള തൊഴിൽവിപണികളിലേക്കും ചേക്കേറിയത് പ്രാഥമിക മേഖലയുടെ പങ്ക് കുറഞ്ഞുവരുന്നതിനു കാരണമായി എന്നത് വസ്തുത തന്നെ. എന്നാൽ പ്രതിശീർഷ വരുമാനം കുറയുന്നതും കാർഷികവൃത്തി അനാദായകരവും, അനാകർഷകവും ആവുന്നതുമാണ ഈ കൊഴിഞ്ഞുപോക്കിനുള്ള ഒരു പ്രധാന കാരണം എന്ന സത്യം അവശേഷിക്കുന്നു. ഈ ദശാബ്ദത്തിന്റെ പകുതിയിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കർഷക ആത്മഹത്യകൾ ഇതിനു തെളിവാണ്. ഭക്ഷ്യവിളകളുടെ വിളവിസ്തീർണവും ഉത്പാദനവും കുത്തനെ കുറഞ്ഞതും സംസ്ഥാനത്തിന്റെ ഭക്ഷ്യകമ്മി അപകടകരമാംവിധം ഉയർന്നതും മേൽപറഞ്ഞ വികസന പരിണാമത്തിന്റെ അനാരോഗ്യകരമായ വശത്തെയാണ് സൂചിപ്പിക്കുന്നത്. നെൽവയലുകളും, തണ്ണീർതടങ്ങളും അപ്രത്യക്ഷമാകുന്നതിന്റെ ഫലമായുണ്ടാകുന്ന പരിസ്ഥിതി ആഘാതവും കൃഷിയെയും, കൃഷിക്കാരെയും, കർഷകതൊഴിലാളികളേയും പിന്നിലാക്കിക്കൊണ്ടുള്ള വികസനത്തിന്റെ പോരായ്മയാണ് വെളിവാക്കുന്നത്. കൃഷിയിൽ നിന്നും കാർഷികേതരമേഖലകളിലേക്കുള്ള പരിണാമം ആവശ്യമാണ്. എന്നാൽ അത് കൃഷിക്കാരെയും, തൊഴിലാളികളെയും ആത്മഹത്യയിലേക്കു തള്ളിവിട്ടുകൊണ്ടും, ഭക്ഷ്യസുരക്ഷ അപകടപ്പെടുത്തിക്കൊണ്ടും പരിസ്ഥിതി നാശം വിതച്ചുകൊണ്ടും ആവരുത്.

കേരളത്തിന്റെ കാർഷികമേഖല നേരിട്ട തിരിച്ചടിയെക്കുറിച്ചു, വിശേഷിച്ചും പത്താംപദ്ധതിക്കാലത്ത് (2001– 02 മുതൽ 2006 –07 വരെ) നെല്ലിന്റെയും, പാലിന്റെയും, മുട്ടയുടെയും, മാംസത്തിന്റെയും മറ്റും ഉത്പാദനത്തിൽ ന്യൂനവളർച്ച രേഖപ്പെടുത്തിയതിന്റെ കാരണങ്ങളെക്കുറിച്ചു രണ്ടാം കേരളപഠനകോൺഗ്രസിന്റെ രേഖ വിശദമായി പരിശോധിക്കുകയുണ്ടായി. വിസ്തരഭയത്താലും, ആവർത്തനഭയത്താലും അതിലേക്കു ഇവിടെ വിശദമായി കടക്കുന്നില്ല. എങ്കിലും ഒരു കാര്യം വ്യക്തമാണ്. ദേശീയ തലത്തിൽ കാർഷികമേഖല നേരിട്ട തിരിച്ചടിയ്ക്കു ബാധകമായ കാരണങ്ങൾ എല്ലാംതന്നെ കേരളത്തിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഉദാഹരണത്തിനു ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിന്റെ വാണിജ്യവിളകളായ തെങ്ങും, റബ്ബറും, തേയിലയും, കാപ്പിയും, കുരുമുളകും, മറ്റു സുഗന്ധവ്യഞ്ജനങ്ങളും നേരിട്ട് ഗുരുതരമായ വിലത്തകർച്ച മേൽപറഞ്ഞ നയംമാറ്റങ്ങളുടെ ഫലമായിരുന്നു. നവഉദാരവത്കരണനയങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ എന്ന പോലെ കേരളത്തിലും ഈ മേഖലയ്ക്ക് വലിയ ആഘാതമായി മാറുകയാണുണ്ടായത്. പത്താം പദ്ധതിക്കാലത്ത് കേന്ദ്രത്തിന്റെ നിയോലിബറൽ നയങ്ങളോടൊപ്പം സംസ്ഥാനസർക്കാർ കൂടി കൂട്ടുചേർന്നപ്പോൾ വിപരീത ആഘാതം പലമടങ്ങായി മാറി എന്നു മാത്രം. നിയോലിബറൽ കുറുപ്പടികൾക്ക് കീഴ്പെട്ടു കൊണ്ട് യഥാസ്ഥിതിക ധനനയം സ്വീകരിച്ചതും, കൃഷി-അനുബന്ധമേഖലകൾക്കുള്ള പദ്ധതി-പദ്ധതിയേതര വിഹിതം വെട്ടിക്കുറച്ചതും, തൽഫലമായി സർക്കാർ വകുപ്പുകളുടെയും ഇതര വികസന ഏജൻസികളുടെയും പ്രവർത്തനം മന്ദീഭവിച്ചതും കാർഷികമേഖലയ്ക്കു തിരിച്ചടിയായി.

രണ്ടാം കേരളപഠനകോൺഗ്രസ്സിലും ഇതര വേദികളിലും കാർഷിക പ്രതിസന്ധിയേക്കുറിച്ചു നടന്ന ചർച്ചകളിലൂടെ ഉരുത്തിരുഞ്ഞുവന്ന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് പിന്നീട് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അതിന്റെ നയങ്ങൾ ആവിഷ്കരിച്ചതും പതിനൊന്നാം പദ്ധതിയ്ക്കു രൂപം കൊടുത്തതും. ഈ നയംമാറ്റം സംസ്ഥാന സർക്കാരിനു അധികാരമുള്ള വിളകളുടെ കാര്യത്തിൽ വലിയ മാറ്റം ഉളവാക്കി എന്നത് ഇന്ന് ഏവരും സമ്മതിക്കുന്ന കാര്യമാണ്.രണ്ട് ദശാബ്ദക്കാലത്തിലേറെയായി താഴേക്കു പതിച്ചുകൊണ്ടിരുന്ന ഭക്ഷ്യോൽപാദനത്തിന്റെ ഗ്രാഫിനെ തകർച്ചയിൽ നിന്നും രക്ഷപെടുത്തി വീണ്ടെടുപ്പിന്റെ പാതയിൽ എത്തിച്ചു എന്നതാണ് ഇതിൽ ഏറ്റവും ശ്രദ്ധേ യമായ നേട്ടം . ഇതിന്റെ ഒരു ഏകദേശം ചിത്രം ലഭിക്കുന്നതിനു പട്ടിക 1-ൽ ചേർത്തിരിക്കുന്ന സ്വയംവിശദീകരണക്ഷമമായ കണക്കുകൾ കാണുക. നെല്ലിന്റെയും, പാലിന്റെയും, മുട്ടയുടെയും, മൽസ്യോൽപാദനത്തിന്റെയും, മറ്റും കാര്യത്തിൽ അത്യധികം അഭിമാനകരമായ മാറ്റമാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്ഥലപരിമിതി മൂലം ഇവിടെ 2002– 03 മുതലുള്ള കണക്കുകളെ ചേർത്തിട്ടുള്ളു. കുറച്ചുകൂടി പഴയ കണക്ക് എടുത്താൽ കാണുക ഏറെക്കാലമായി ഭക്ഷ്യോൽപ്പാദനരംഗം തകർച്ചയെ നേരിടുകയായിരുന്നു എന്ന വസ്തുതയാണ്. വാസ്തവത്തിൽ ഒരു ദീർഘകാല തകർച്ചയെ മുറിച്ചുകടന്നുകൊണ്ടാണ് ഈ രംഗത്ത് വളർച്ചയുടെ പുതുതരംഗം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. 2010 – 11 ലെ പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത് ഈ മാറ്റം കൂടുതൽ സ്ഥായിയായി മാറുന്നു എന്നാണ്. എന്നാൽ ഇത് ഒരു തരത്തിലുമുള്ള അലംഭാവത്തിനും ന്യായീകരണമാവില്ല. കാർഷികമേഖലയെ പൂർണ ആരോഗ്യത്തിലേക്കു തിരിച്ചെത്തിക്കാൻ ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. അതിനു തെളിവാണ് കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വാണിജ്യവിളകളുടെ കാര്യത്തിൽ ഇന്നും കേരളം നേരിടുന്ന വെല്ലുവിളി. വാണിജ്യവിളകളുടെ വിലകൾ സമീപകാലത്ത് ഏറെ മെച്ചപ്പെട്ടു എന്നത് തൽക്കാലത്തേക്കു ആശ്വാസകരമാണ്. പക്ഷേ, ഈ നൂറ്റാണ്ടിന്റെ ആരംഭ വർഷങ്ങളിൽ ഉണ്ടായ വിലത്തകർച്ചയുടെ ക്ഷീണം ഇനിയും മാറിയിട്ടില്ല എന്നതാണ് സത്യം. ഉദാഹരണത്തിനു 2005 –06 ൽ 87,605 ടണ്ണായിരുന്ന കുരുമുളകിന്റെ ഉദ്പാദനം 2006–07 ൽ 64,264 ടണ്ണായും തൊട്ടടുത്ത വർഷം 41, 952 ടണ്ണായും കുറഞ്ഞു. അടയ്ക്ക, കശുവണ്ടി, വെറ്റില, കാപ്പി, തേയില, തെങ്ങ് തുടങ്ങിയ വിളകളുടെ കാര്യത്തിലും ഉൽപാദനം ഇപ്രകാരം താഴോട്ടു പതിയ്ക്കുകയാണ് ഉണ്ടായത്. വിലകൾ മെച്ചപ്പെട്ടിട്ടും ഭൗതിക ഉത്പാദനത്തിൽ ഉണ്ടാവുന്ന ഇടിവ് ബന്ധപ്പെട്ട അധികാരികളുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. പൂർവേഷ്യൻ നാണയത്തകർച്ചയെ തുടർന്നാണ് ഈ ദീർഘകാല വിളകളുടെ വില ഇടിഞ്ഞത് . അന്നത്തെ വിലയിടിവിനെ തുടർന്നു റീപ്ലാന്റിംഗിലും, മൂലധനനിക്ഷേപത്തിലും, വിളസംരക്ഷണത്തിലും ഉണ്ടായ കുറവാണ് വിലകൾ പൊതുവെ മെച്ചപ്പെട്ടതിനു ശേഷവും ഭൗതിക ഉത്പാദനത്തിൽ ഉണ്ടാവുന്ന കുറവിൽ നിഴലിക്കുന്നത്. യഥാർത്ഥത്തിൽ ദീർഘകാല വിളകളുടെ ഉത്പാദനത്തിൽ വന്ന ഈ തകർച്ചയാണ് കേരളത്തിന്റെ കാർഷികമേഖലയുടെ മൊത്തം ഉത്പാദനത്തിലും സമീപകാലത്ത് ന്യൂനവളർച്ച രേഖപ്പെടുത്താൻ കാരണം. നെല്ലിന്റെയും, പാലിന്റെയും, മുട്ടയുടെയും, പച്ചക്കറിയുടെയും മറ്റും ഉത്പാദനത്തിൽ ഉണ്ടായ നേട്ടം ദീർഘകാലവിളകളുടെ കാര്യത്തിലുണ്ടായ ക്ഷീണം

**പട്ടിക 2.1**

**ഭക്ഷ്യോൽപാദന രംഗത്തെ ഉണർവ്**

| വർഷം | നെല്ല് ലക്ഷം ടൺ | പാൽ ലക്ഷം ടൺ | ഉൾനാടൻ മത്സ്യം | മുട്ട ദശലക്ഷം | കോഴി ഇറച്ചി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 2002–03 | 6.89 | 24.2 | 0.75 | 1347 | – |
| 2003–04 | 5.70 | 21.1 | 0.76 | 1277 | – |
| 2004–05 | 6.67 | 20.25 | 0.76 | 1197 | 0.33 |
| 2005–06 | 6.30 | 20.63 | 0.78 | 1196 | 0.28 |
| 2006–07 | 6.42 | 21.19 | 0.80 | 1199 | 0.16 |
| 2007–08 | 5.28 | 22.47 | 0.81 | 1379 | 0.17 |
| 2008–09 | 5.90 | 24.63 | 0.83 | 1507 | 0.19 |
| 2009–10 | 5.98 | 25.37 | 1.17 | 1615 | 0.22 |

കുറിപ്പ് : 2009–10 ലെ കണക്കുകൾ പ്രാഥമിക കണക്കുകളാണ്. അവലംബം : എക്കണോമിക് റിവ്യൂ 2009

നികത്താൻ പര്യാപ്തമായില്ല.

## വികസന തന്ത്രം

സംസ്ഥാന സർക്കാരിന്റെ അധികാരത്തിലും നിയന്ത്രണത്തിലുമുള്ള വിളകളുടെ കാര്യത്തിൽ രണ്ടാമത് കേരളവികസന കോൺഗ്രസ് മുന്നോട്ട് വെച്ചതും പതിനൊന്നാം പദ്ധതി കാലത്ത് വിജയകരമായി പരീക്ഷിക്കപ്പെട്ടതുമായ നയങ്ങൾ വേണ്ട പരിഷ്കാരങ്ങളോടു കൂടി ശക്തമായി നടപ്പിലാക്കുകയാണ് സമീപഭാവിയിലും വേണ്ടത്. വാണിജ്യ വിളകളുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ പോരായ്മ തുറന്നു കാണിക്കുന്നതിനും അവ തിരുത്തിക്കുറിക്കുന്നതിനും വേണ്ടിയുള്ള സമ്മർദ്ദം ശക്തിപ്പെടുത്തുന്നതിനുമാണ് മുൻഗണന. ഒപ്പം സാർവ്വദേശീയ കരാറുകളുടെ വിപരീത പ്രത്യാഘാതങ്ങൾ സഹിക്കേണ്ടിവരുന്ന വിളകളേയും, കൃഷിക്കാരെയും, തൊഴിലാളികളെയും ഉചിതമായ നഷ്ടപരിഹാരം നൽകി സഹായിക്കാൻ ബന്ധപ്പെട്ട വകുപ്പുകളെ വിശേഷിച്ചും കേന്ദ്രവാണിജ്യ വകുപ്പിനെ പ്രേരിപ്പിക്കുകയും വേണം. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതും കഴിവുകൾക്ക് ഉള്ളിൽ നിന്നും ചെയ്യാവുന്നതുമായ കാര്യങ്ങൾ കണ്ടെത്തി നടപ്പിലാക്കാനും ശുഷ്കാന്തിയുണ്ടാവണം.

## ഭക്ഷ്യസുരക്ഷ

കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യ ആവശ്യത്തിന്റെ ഇരുപത് ശതമാനം പോലും തികച്ചു ഉല്പാദിപ്പിക്കാൻ കഴിയാത്ത ഇന്നത്തെ അവസ്ഥയിൽ നിന്നും സമ്പൂർണ്ണ ഭക്ഷ്യസ്വയംപര്യാപ്തത യിലേക്കുള്ള ദൂരം പെട്ടന്നു താണ്ടാവുന്നതല്ല എന്ന കാര്യം വ്യക്തമാണ്. പക്ഷെ ഭക്ഷ്യക്കമ്മി ക്രമേണെ കുറച്ചു കൊണ്ടുവന്നു ഭക്ഷ്യസുരക്ഷ ഒരു പരിധിവരെയെങ്കിലും ഉറപ്പാക്കാനാവശ്യ മായ ഊർജിത പരിശ്രമം ആവശ്യമാണ്. സാർവദേശീയ, ദേശീയ തലങ്ങളിൽ പോലും ഭാവിയിലെ ഭക്ഷ്യസ്ഥിതിയെക്കുറിച്ചു ആശങ്കകൾ ഉയരുന്ന പശ്ചാത്തലത്തിൽ ഇത് പ്രത്യേകിച്ചും പ്രധാനമാണ്. പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം പോലുള്ള അനുപൂരക സാമ്പത്തിക മേഖലകളുടെ നിലനിൽപ്, സാമൂഹ്യനീതി, ദാരിദ്ര്യ നിർമ്മാർജനം തുടങ്ങിയ പരിഗണന കളുടെ അടിസ്ഥാനത്തിൽ നോക്കിയാലും ഭക്ഷ്യസുരക്ഷയ്ക്ക് മുൻഗണന നൽകേണ്ടതുണ്ട് എന്നു വ്യക്തമാവും. സ്വകാര്യവ്യക്തികളുടെ ലാഭ-നഷ്ട കണക്കുകളല്ല ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ആധാരമാകേണ്ടത്. ഭക്ഷ്യവിളകൾ കൃഷിചെയ്യുമ്പോൾ സമൂഹത്തിനാകെ ഉണ്ടാകുന്ന നേട്ടങ്ങൾ പരിഗണിക്കപ്പെടണം. സാമൂഹ്യനന്മയെ കരുതി കൃഷിക്കാരന്റെ നഷ്ടം നികത്തികൊടുക്കാൻ സമൂഹം തയ്യാറാവണം.

(i) കൃഷി-അനുബന്ധമേഖലകളുടെ വികസനത്തിന് ഭരണകൂടത്തിന്റെ നേതൃത്വവും ഇടപെടലുകളും ഒഴിച്ചുകൂടാനാവാത്തതാണ്. കൃഷിക്കാര്യത്തിൽ വിശേഷിച്ചു നിയോലിബറലിസത്തിന്റെയും കമ്പോളമൗലികവാദത്തിന്റെയും പ്രത്യയശാസ്ത്ര അന്ധത ഉപേക്ഷിച്ചേ മതിയാവൂ. ഭരണകൂടത്തിന്റെ വികസനപരവും, നിയന്ത്രണപരവുമായ ഇടപെടൽ ഈ മേഖലയുടെ വികസനത്തിനു അത്യന്താപേക്ഷിതമാണ്. നിയന്ത്രണപരമായ ഇടപെടലിനു ഉത്തമ ഉദാഹരണമാണ് കേരള സർക്കാർ കൊണ്ടുവന്ന നെൽവയൽ സംരക്ഷണനിയമം. നെൽവയലുകളും തണ്ണീർ തടങ്ങളും സംരക്ഷിക്കണോ വേണ്ടയോ എന്ന ചോദ്യം സ്വകാര്യ വ്യക്തികളുടെ ഇഷ്ടത്തിനും തീരുമാനത്തിനും വിടാൻ കഴിയുന്ന കാര്യമല്ല. സമൂഹത്തിന്റെ പൊതുനന്മയ്ക്കു അവ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അപകടകരമായ ഭൂവിനിയോഗം തടയുകയും ആശാസ്യമായവയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ കൂടുതൽ കർശനമായ നിയന്ത്രണമാണ് ഭാവിയിൽ ആവശ്യം. എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ നിരോധിക്കുന്നതിലും പരിസ്ഥിതിനാശം വരുത്താത്ത കാർഷികരീതികളും പ്രയോഗങ്ങളും പ്രോൽസാഹിപ്പിക്കുന്നതിലും സർക്കാർ അതിന്റെപങ്ക് നിർവഹിക്കണം. നിയന്ത്രണ അധികാരങ്ങൾ പ്രയോഗിക്കുന്നതിനോടൊപ്പം പശ്ചാത്തല സൗകര്യവികസനം, ക്ഷേമം തുടങ്ങിയ രംഗങ്ങളിലെ വികസനോന്മുഖ ഇടപെടലും പ്രധാനമാണ്. ഇതിനു മുഖ്യമായും വേണ്ടത് പദ്ധതി-പദ്ധതിയേതര ചെലവുകളിൽ ഈ മേഖലയ്ക്കു അർഹിക്കുന്ന മുൻഗണന നൽകുക എന്നതാണ്. സംസ്ഥാനസർക്കാർ തദ്ദേശഭരണസ്ഥാപനങ്ങൾക്കു നൽകുന്ന പദ്ധതിസഹായത്തിന്റെ 40 ശതമാനം ഉത്പാദനമേഖലയ്ക്കു നീക്കിവെക്കണം എന്ന നിബന്ധന പുന:സ്ഥാപിച്ചത് സംസ്ഥാനസർക്കാരിനു നിയന്ത്രണാധികാരമുള്ള മേഖലകളിൽ ഏറെ സഹായകരമായി എന്ന വസ്തുത ഇവിടെ ഓർക്കേണ്ടതുണ്ട്. ഭക്ഷ്യോൽപാദനരംഗത്ത് ദീർഘകാലമായി അനുഭവപ്പെട്ടിരുന്ന തകർച്ച അവസാനിപ്പിച്ച് വീണ്ടെടുപ്പിന്റെ പുതുതരംഗത്തിന് തുടക്കമിടാൻ സാധിച്ചതിന്റെ മുഖ്യകാരണം പദ്ധതി വകയിരുത്തലിൽ വലിയ വർധനവ് ഉണ്ടായതും പണം നിർലോഭമായി ലഭ്യമാക്കിയതുമാണ് എന്നതും കാണണം. സംസ്ഥാനത്തിന്റെ പന്ത്രണ്ടാം പദ്ധതിയിലും അനുഭാവപൂർണമായ ഈ സമീപനം തുടരണം.

(ii) ഭരണകൂട ഇടപെടലുകളുടെ സംഘാടനവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ്

വിവിധ വകുപ്പുകളുടെയും, ഏജൻസികളുടെയും ഏകോപനം. കൃഷിസ്ഥലത്തെ പ്രവർത്തനങ്ങൾ വകുപ്പുകളും, ഏജൻസികളും നോക്കി തരംതിരിച്ചല്ല നടക്കുന്നത്. എല്ലാ ഏജൻസികളേയും, സേവനങ്ങളേയും ഏകോപിപ്പിച്ചു കൃഷി- അനുബന്ധ പ്രവർത്തനങ്ങളേയും കൃഷിക്കാരനേയും സഹായിക്കുകയാണ് വേണ്ടത്. ഇത്തരമൊരു ഏകോപനമാണ് ഭക്ഷ്യസുരക്ഷാപരിപാടിയിലൂടെ ലക്ഷ്യമിട്ടത്. പ്രാദേശികതലത്തിൽ ഈ ഏകോപനം നടക്കേണ്ടത് സ്വാഭാവികമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ്. സംസ്ഥാനതലത്തിലും ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം ആവശ്യമാണ്. ഇക്കാര്യത്തിൽ മുന്നണിഭരണത്തിന്റെ ചട്ടക്കൂട് ഒരു തടസ്സമാവാൻ പാടില്ല.

(iii) ഉത്പാദന വളർച്ചയും ഉത്പാദനബന്ധങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കേരളത്തിൽ നടന്ന ഭൂപരിഷ്കരണം എങ്ങനെ ആധുനിക കേരളത്തിന്റെ സൃഷ്ടിക്കും കേരളവികസന മാതൃകയ്ക്കും കാരണമായി എന്നത് ഇവിടെ വിശദീകരിക്കേണ്ടതില്ല. ഭൂപരിഷ്കരണം കാർഷികോൽപാദനരംഗത്തെ വളർത്തുകയാണ് തളർത്തുകയല്ല ചെയ്തത് എന്ന കാര്യത്തിലും ഇപ്പോൾ വ്യക്തതയുണ്ട്. എന്നാൽ ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട രണ്ടാം തലമുറ പ്രശ്നങ്ങൾ പിന്നീടുണ്ടായ രാഷ്ട്രീയ അനിശ്ചിതത്വം കാരണം വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ല. ഭൂപരിഷ്കരണത്തെ തുടർന്നു കൃഷി ഭൂമി ലഭിച്ച ചെറുകിട, നാമമാത്ര കൃഷിക്കാർക്കു കൃഷിയിലെ വലുപ്പനേട്ടങ്ങൾ അന്യമാണ്. ജനസംഖ്യാപരിണാമത്തിന്റെ ഭാഗമായി നടന്ന കുടുംബവിഭജനം കൃഷിഭൂമി കൂടുതൽ തുണ്ടുവൽക്കരിക്കപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. കൃഷിക്കാരുടേയും, കർഷകത്തൊഴിലാളികളുടേയും വിവിധതരം കൂട്ടായ്മകൾ വളർത്തിക്കൊണ്ട് കൂട്ടനേട്ടങ്ങൾ സൃഷ്ടിക്കാനും വലുപ്പനേട്ടങ്ങളുടെ അഭാവം പരിഹരിക്കാനും കഴിയും. വിത്തും, വളവും, യന്ത്രങ്ങളും മറ്റും വാങ്ങുന്നതിനും, ഉൽപന്നങ്ങളുടെ മൂല്യവർധനവിനും, വിപണനത്തിനും ഇത്തരം കൂട്ടായ്മകൾ തുണയാകും. മുൻപു വിജയകരമായി പരീക്ഷിക്കപ്പെട്ടതും ഇപ്പോഴും ചില സ്ഥലങ്ങളിലെങ്കിലും നടപ്പുള്ളതുമായ ഗ്രൂപ്പു ഫാമിംഗ്, 'ഗാലസ' മാതൃകകളും, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കർഷകചന്തകളും അനുകരണീയമായ മാതൃകകളാണ്.

(iv) ഉത്പാദനബന്ധങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നം ഉപജീവനത്തിനായി കൃഷി ചെയ്യാൻ താൽപര്യമുള്ള ഒട്ടേറെ പേർക്കു ആവശ്യത്തിനു കൃഷിഭൂമി ഇല്ലാത്തതും ഭൂവുടമസ്ഥരിൽ നല്ലൊരു പങ്കിന് കൃഷി ചെയ്യാൻ കഴിയാത്തതുമാണ്. ഈ പ്രശ്നം കാരണം നെൽവയലുകളും പുരയിടങ്ങളും തരിശിടുന്ന അവസ്ഥ വ്യാപകമാണ്. ഇത് ഒഴിവാക്കപ്പെടണം. കുടുംബശ്രീ സംഘങ്ങൾ ഇത്തരം ഭൂമി ഏറ്റെടുത്തു വ്യാപകമായി കൃഷി ചെയ്യുന്നത് ഇക്കാര്യത്തിൽ മാതൃകയാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ മധ്യസ്ഥതയിൽ ഇപ്രകാരം തരിശുഭൂമി കൃഷി ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാവുന്നതാണ്. ഭൂമി നഷ്ടപ്പെടുമോ എന്ന ഉടമസ്ഥന്റെ ഭീതി പൂർണമായും ഒഴിവാക്കിക്കൊണ്ടുതന്നെ കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്ക് അതിനവസരം നൽകുന്ന സംവിധാനമാണ് വരേണ്ടത്. ഇങ്ങനെ കൃഷി ചെയ്യാൻ തയ്യാറാകുന്നവർക്ക് സർക്കാറിന്റെ ആനുകൂല്യങ്ങളും, വായ്പകളും മറ്റും ലഭ്യമാവുന്നതിനുള്ള ഏർപാടും വേണം.

(v) ഉത്പാദനബന്ധങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന പ്രശ്നം കർഷകത്തൊഴിലാളികളുടെ അഭാവമാണ്. വൈദഗ്ധ്യമുള്ള തൊഴിലാളികളെ ലഭ്യമല്ലാത്തതിന്റെ പ്രശ്നം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നുണ്ട്. നെൽകൃഷിയും, പുരയിടകൃഷിയും അനാദായകരമാവുകയും ഇല്ലാതാവുകയും ചെയ്തമുറയ്ക്കു ആവശ്യത്തിനു തൊഴിൽ ദിനങ്ങൾകിട്ടാതെയും വന്നതോടെ തൊഴിലാളികൾ കാർഷികേതര മേഖലകളിലേക്കും സംസ്ഥാനത്തിനു പുറത്തുള്ള തൊഴിലിടങ്ങളിലേക്കും ചേക്കേറി. കായികാധ്വാനത്തോടു സമൂഹം പൊതുവിൽ പുലർത്തുന്ന അവജ്ഞയുടെ മുദ്ര യുവതലമുറയെ അകറ്റുകയും ചെയ്തു. മെച്ചപ്പെട്ട കൂലിയും, മിനിമം തൊഴിൽദിനങ്ങളുടെ ലഭ്യതയും, സാമൂഹ്യസുരക്ഷയും, ശാസ്ത്രീയമായ ട്രെയിനിംഗും, സർവ്വോപരി മാന്യതയും ഉറപ്പാക്കി മാത്രമേ ഈ മേഖലയിലേക്കു ചെറുപ്പക്കാരെ ആകർഷിക്കാൻ കഴിയൂ. അതിനുള്ള ആസൂത്രിത ഇടപെടൽ ഉണ്ടാവണം. അതിനോടൊപ്പം തൊഴിലാളികൾക്കുകൂടി സ്വീകാര്യമായ യന്ത്രവൽക്കരണവും വ്യാപകമായി നടപ്പിലാക്കണം. ഇന്നു കാർഷികവൃത്തി വളരെ വേഗം യന്ത്രവൽകരിക്കപ്പെടുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കൃഷിക്കാരും, തൊഴിലാളികളും ഒരുപോലെ യന്ത്രവൽക്കരണത്തെ സ്വാഗതം ചെയ്യുന്ന സ്ഥിതിയും ഉണ്ട്. ഇപ്പോൾ യന്ത്രവൽക്കരണത്തിനു വഴങ്ങാത്ത മേഖലകളിൽ കൂടി അനുയോജ്യമായ യന്ത്രങ്ങൾ കണ്ടെത്തണം. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, അവയുടെ കേടുപാടുകൾ തീർത്തു സംരക്ഷിക്കുന്നതിനും, ഫലപ്രദമായ

സംഘടനാ സംവിധാനം ഉണ്ടാവണം. ഇക്കാര്യത്തിൽ തൊഴിലാളികളുടെ പങ്കാളിത്തവും, പരിശീലനവും ഉറപ്പാക്കണം.

(vi) നടീൽ വസ്തുക്കളുടെ ഗുണമേന്മയാണ് ഉത് പാദനത്തെയും, ഉത്പാദനവളർച്ചയെയും നിർ ണയിക്കുന്ന മറ്റൊരു ഘടകം. ഇക്കാര്യത്തിൽ കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും, സീഡ്ഫാമുകളും, കൃഷിക്കാരും ഇതര ഏജൻസികളും ചേർന്നുള്ള സംയോജിത പ്രവർത്തനം ആവശ്യമാണ്. നടീൽ വസ്തുക്കളുടെ കാര്യത്തിൽ അടുത്ത കാലത്ത് ചെറിയ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഏറെ മെച്ചപ്പെടലിനു സാധ്യതയുള്ള ഒരു രംഗമാണിത്.

(vii) കേരളത്തിലെ ജലസേചന സംവിധാനത്തിന്റെ പോരായ്മ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. വൻകിട ജലസേചനപദ്ധതികൾ കേരളത്തിന്റെ ഭൂപ്രകൃതിയ്ക്ക് ഇണങ്ങുന്നതല്ല എന്നു കണ്ടെത്താൻ വൈകി. കൃഷിഭൂമിയ്ക്കും വിളകൾക്കും ചേർന്ന ജലസേചന സംവിധാനമാണ് ഒരുക്കേണ്ടത്. കൃഷിക്കാരനേയും, കൃഷിഭൂമിയേയും കേന്ദ്രസ്ഥാനത്തു നിർത്തിക്കൊണ്ടു ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങൾ പുന:സംഘടിപ്പിക്കണം. ചെറുകിട പദ്ധതികളും, പ്രിസിഷൻ ഫാമിംഗ് പോലുള്ള സംവിധാനങ്ങളും പ്രോൽസാഹനം അർഹിക്കുന്നു.

(viii) മണ്ണറിഞ്ഞുള്ള കൃഷിയാണു നന്നാവുക. മണ്ണു പരിശോധനയ്ക്കുള്ള സംവിധാനം അടുത്ത കാലത്ത് സംസ്ഥാനത്ത് കൂടുതൽ ശക്തമായിട്ടുണ്ട്. മണ്ണു പരിശോധനയുടെ ഫലങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടുവേണം വിളയും, വളവും മറ്റു പരിപാലനക്രമങ്ങളും തെരഞ്ഞെടുക്കാൻ. ഇക്കാര്യത്തിൽ മുൻകൈയ്യെടുക്കാൻ ബന്ധപ്പെട്ട വകുപ്പുകളും കൃഷിക്കാരുടെ സംഘടനകളും തയ്യാറാവണം.

(ix) ശാസ്ത്രീയമായ കൃഷിരീതികളും, നാട്ടറിവുകളും പുതിയ തലമുറയിലെ കൃഷിക്കാർക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഫലപ്രദമാകുന്നില്ല എന്ന പരാതി നിലവിലുണ്ട്. പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട ഭരണച്ചുമതലകളുടെ ബാഹുല്യം കാരണം കൃഷി ഉദ്യോഗസ്ഥൻമാർക്കു എക്സ്റ്റെൻഷൻ ജോലിയിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാത്ത നിലയുണ്ട്. കൃഷിവിദഗ്ധരുടെയും കാർഷികസർവ്വകലാശാലയുടെയും പ്രാഥമിക ചുമതലകളിൽ ഒന്നു കൃഷിവിജ്ഞാനനീയത്തിന്റെ പാഠങ്ങൾ കൃഷിക്കാരിലേക്കു എത്തിക്കുക എന്നതാണ്. ഭരണപരമായ ക്രമീകരണങ്ങളിലൂടെ ഇതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തിയേ മതിയാവൂ.

(x) നെല്ലിന്റെയും, പച്ചക്കറിയുടെയും, പാലിന്റെയും മറ്റും കാര്യത്തിൽ സമീപകാലത്ത് കേരളത്തിൽ ഉണ്ടായ ഉത്പാദനവർദ്ധനവിന്റെ ഒരു കാരണം കൃഷിക്കാർക്കു ആദായവില ലഭിക്കാൻ സർക്കാർ കമ്പോളത്തിൽ ഇറങ്ങി നടത്തിയ ഇടപെടലുകളാണ്. പൊതുവിലക്കയറ്റം കണക്കിലെടുത്ത് ഓരോ സീസണിലും നെല്ലിന്റെ സംഭരണവില ഉയർത്തുകയും, സംഭരണം കാര്യക്ഷമമാക്കുകയും ചെയ്ത നടപടി കൃഷിക്കാർ നിറഞ്ഞ മനസ്സോടെ അംഗീകരിച്ചിട്ടുള്ളതാണ്. കേരളത്തിലെ നെൽവയലുകൾക്ക് പുതുജീവൻ നൽകിയ ഈ നടപടി അവശേഷി ക്കുന്ന കുറ്റങ്ങളും, കുറവുകളും തീർത്ത് ശക്തിപ്പെടുത്തേണ്ടതാണ്. നെല്ലിന്റെ സംഭരണം പ്രധാന ഉത്പാദനകേന്ദ്രങ്ങളിൽ ഒതുക്കി നിർത്താതെ എല്ലാ ജില്ലകളിലേക്കും സഹകരണസംഘങ്ങൾ വഴി വ്യാപിപ്പിക്കാൻ സർക്കാർ എടുത്ത തീരുമാനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണം. വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കർഷകച്ചന്തകൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണം.

(xi) കാർഷിക വിളകൾക്കുള്ള ഇൻഷുറൻസ് പദ്ധതികൾ ഇപ്പോഴും രാജ്യത്ത് അതിന്റെ ശൈശവദശ പിന്നിട്ടിട്ടില്ല. വിള നാശത്തിന്റെ അനിശ്ചിതത്വം കൃഷിചിലവിലെ വർധനവുകാരണവും കാലാവസ്ഥാ വ്യതിയാനം കാരണവും, പുതിയ ഇനങ്ങളുടെ രോഗാതുരത കാരണവും, വർധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇൻഷുറൻസ് സംരംക്ഷണം കൂടുതൽ പ്രധാനമാണ്. ഇൻഷുറൻസ് സംരക്ഷണവും മറ്റു നഷ്ടപരിഹാര പരിപാടികളും കാര്യക്ഷമമാക്കാൻ സർക്കാർ കൈകൊണ്ട നടപടികൾ സ്വാഗതാർഹമാണ്. എന്നാൽ ഈ പദ്ധതികൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള സാധ്യത ഉണ്ട്. ഇൻഷുറൻസ് കമ്പനികളെ കേരളത്തിലെ വിളകളുടെ പ്രത്യേകതകൾക്കനുസരിച്ച് അവരുടെ ഇൻഷുറൻസ് പരിപാടികൾ വികസിപ്പിക്കാൻ പ്രേരിപ്പിക്കണം. കൂടാതെ സർക്കാരിന്റെ നഷ്ടപരിഹാര പദ്ധതികളും കൂടുതൽ മെച്ചപ്പെടുത്തണം.

(xii) കേരളത്തിലെ തനതു നെല്ലിനങ്ങളിൽ പലതും കൃഷി ചെയ്യാതാവുകയും അപ്രത്യക്ഷമാവുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രചാരത്തിലുള്ളതും അല്ലാത്തതുമായ നെല്ലിനങ്ങളെ സംരക്ഷിക്കുന്നതിനു കഴിയണം. ജീരകശാല, ഗന്ധകശാല തുടങ്ങിയ ഇനങ്ങൾ കൃഷിചെയ്ത് സംരക്ഷിക്കണം. ഈ വിത്തിനങ്ങൾ കൃഷി ചെയ്ത് സംരംക്ഷിക്കുന്ന കൃഷിക്കാ ർക്ക് നഷ്ടപരിഹാരവും സംരക്ഷണവും നൽകണം

(xiii) കേരളത്തിൽ ജൈവകൃഷിക്കുള്ള സാധ്യതകൾ ഇപ്പോൾ വ്യാപകമായി തിരിച്ചറിയപ്പെടുന്നുണ്ട്. ഇപ്പോൾ ശൈശവ ദശയിലുള്ള ജൈവകൃഷി പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി വളർത്താൻ സർക്കാർ ശക്തമായ സഹായം നൽകണം. ജൈവകൃഷിയിലേക്കുള്ള പരിവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായേക്കാവുന്ന നഷ്ടം നികത്തികൊടുക്കാൻ പദ്ധതിയുണ്ടാവണം. ജൈവകൃഷി സമ്പ്രദായങ്ങളും പ്രയോഗങ്ങളും വികസിപ്പിക്കാനും, പ്രചരിപ്പിക്കാനും സർക്കാർ വകുപ്പുകളും, സർവ്വകലാശാലയും മുന്നിട്ടിറങ്ങണം. ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള അസൗകര്യങ്ങൾ നീക്കണം .

(xiv) നവഉദാരവൽക്കരണ നയങ്ങളുടെ വരവോടെ കൃഷിക്കു ലഭിച്ചിരുന്ന മുൻഗണനാ വായ്പകൾ വെട്ടിക്കുറയ്ക്കപ്പെട്ട തിനെക്കു റിച്ചും, വായ്പാ വ്യവസ്ഥകളിലെ പ്രത്യേക പരിഗണനകൾ അപ്രത്യക്ഷമായതിനേക്കു റിച്ചും നേരത്തെ സൂചിപ്പിച്ചല്ലോ. ഈ മാറ്റം കാരണം കൃഷിക്കാർ കൊള്ളപ്പലിശ ഈടാ ക്കുന്ന സ്വകാര്യ ഏജൻസികളെ സമീപിക്കുന്നതാണ് ഈ രംഗത്തെ കടക്കെണിക്കു കാരണം. കാർഷിക മേഖലയ്ക്കു അർഹിക്കുന്ന പരിഗണന വായ്പാമേഖലയിൽ ലഭ്യമാക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. സഹകരണപ്രസ്ഥാനം ഈ മേഖലയിൽ കൂടുതൽ സമർപ്പണ മനോഭാവത്തോടുകൂടിയ ഇടപെടൽ നടത്തണം. കേരളസർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പലിശരഹിത വായ്പകളുടെ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കണം. കേരളത്തിലെ കടാശ്വാസനിയമം ഇന്ത്യയ്ക്കാകെ മാതൃകയായതും കേന്ദ്രസർക്കാർ ഈ പദ്ധതി ഏറ്റെടുക്കാൻ തയ്യാറായതും അഭിമാനകരമാണ്.

(xv) കർഷകത്തൊഴിലാളികളുടെയും കൃഷിക്കാരുടെയും ക്ഷേമവും, സുരക്ഷയുമാണ് സർക്കാരിന്റെ ശ്രദ്ധ കൂടുതലായി പതിയേണ്ട മറ്റൊരു കാര്യം. ഇദംപ്രഥമമായി കർഷകത്തൊഴിലാളി പെൻഷനും, കർഷക പെൻഷനും മറ്റും ഏർ പ്പെടുത്തിയ കേരളം ഇക്കാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാണ്. എന്നാൽ ക്ഷേമനിധിയും പെൻഷൻ പദ്ധതികളും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. അനർ ഹരെ അംഗത്വത്തിൽ നിന്നും ഒഴിവാക്കുകയും അർഹതയുള്ളവർക്കു കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കുകയും വേണം.

(xvi) രാഷ്ട്രീയ കൃഷിവികാസ് യോജന, ഗ്രാമീണതൊഴിൽദാനപദ്ധതി, വിവധ നീർത്തട വികസനപദ്ധതികൾ എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം ഏറ്റവും കൂടുതൽ ലഭ്യമാക്കാവുന്ന രംഗമാണ് കാർഷിക മേഖല. കേന്ദ്രവും സംസ്ഥാനവും ചേർന്നു നടപ്പിലാക്കേണ്ട ഇത്തരം പദ്ധതികളുടെ ഗണത്തിലാണ് കുട്ടനാട്-ഇടുക്കി വികസന പദ്ധതികളും പെടുക. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ കാര്യത്തിൽ സമീപകാലത്ത് സംസ്ഥാനത്തുണ്ടായ പുരോഗതി കേന്ദ്രത്തിന്റെ പോലും പ്രശംസ പിടിച്ചുപറ്റുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തിയോടെയുള്ള പ്രവർ ത്തനം ആവശ്യമാണ്. കേരളത്തിനു ഒരു തരത്തിലും യോജിക്കാത്ത കേന്ദ്ര നിബന്ധനകൾ മാറ്റിയെടുക്കുന്നതിനു കൂട്ടായ പരിശ്രമം ഉണ്ടാവണം.

(xvii) കൃഷിയുടെ മാഹാത്മ്യം പുനസ്ഥാപിക്കുന്നതിനു സാംസ്കാരികരംഗത്തും ഫലപ്രദമായ ഇടപെടൽ ഉണ്ടാവണം. സ്കൂളിലും കോളേജിലും കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കാനും കഴിയണം.

## പുരയിടകൃഷി

കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രത്യേകതയാണ് ദീർഘകാല-ഹ്രസ്വകാല വിളകൾ, കോഴി, പശു, മത്സ്യം തുടങ്ങിയ കൃഷി അനുബന്ധമേഖലകൾ, ജൈവവള ഉല്പാദന പ്രവർത്തനങ്ങൾ എന്നിവ സംയോജിപ്പിക്കപ്പെടുന്ന പുരയിട കൃഷി സമ്പ്രദായം. നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യവും ഒരു നിശ്ചിത ഭൂമിയിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയുന്ന ഈ സമ്പ്രദായം നിലവിൽ ഗുരുതരമായ പ്രതിസന്ധിയിലാണ്. തെങ്ങ് പ്രധാന വിളയായും മറ്റു ഇടവിള-സമ്മിശ്രകൃഷികളുമായിരുന്നു നമ്മുടെ പുരയിട കൃഷിയുടെ അടിസ്ഥാനം. കേരം തിങ്ങും കേരള നാട്ടിലെ കേരകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ ദശാബ്ദങ്ങളായി വലിയ മാറ്റം ഇല്ലാതെ തുടരുകയാണ്. ഉത്പാദനക്ഷമതയിലെ പിന്നോക്കാവസ്ഥയാണ് ഇതിൽ ഏറ്റവും പ്രമുഖം. ഉത്പാദനക്ഷമതയെ ബാധിക്കുന്ന കാറ്റുവീഴ്ച, മണ്ഡരി തുടങ്ങിയ രോഗങ്ങൾക്ക് ഇനിയും ഫലപ്രദമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്തെ കാർഷിക പ്രവർത്തനങ്ങളുടെ തീവ്രതയിലും വലിയ കുറവുണ്ടായിട്ടുണ്ട്. ശാസ്ത്രീയമായ വളപ്രയോഗം, വേനൽക്കാലത്തെ ജലസേചനം, ഇതര പരിചാരണമുറകൾ ഇവയൊന്നും വേണ്ടപോലെ നിർവ്വഹിക്കാൻ താൽപ്പര്യമില്ലാത്ത കൃഷിക്കാരുടെ എണ്ണം കൂടിയിട്ടുണ്ട്. തൊഴിലാളികളുടെ അഭാവം, കൂലിക്കൂടുതൽ, വിലകളിലെ അസ്ഥിരത, കൃഷിഭൂമിയുടെ വിലക്കയറ്റവും, ഊഹക്കച്ചവടവും

തുടങ്ങിയ കാരണങ്ങൾ പരിചരണമുറകളേയും തീവ്രതയേയും ബാധിക്കുന്നു. മേൽപ്പറഞ്ഞ കാരണങ്ങളിൽ ഏറ്റവും പ്രധാനം നാളികേരത്തിന്റേയും, നാളികേര ഉത്പന്നങ്ങളുടേയും വിലയിലെ അസ്ഥിരതയാണ് എന്നു പറയാം. വിലകളിലെ കയറ്റിറക്കങ്ങൾ ഒരു പുതിയ പ്രതിഭാസമല്ല. എന്നാൽ സ്വതന്ത്ര വ്യാപാര കരാറുകൾ വിലകളിലെ അനിശ്ചിതത്വം കൂടുതൽ വഷളാക്കിയിരിക്കുന്നു. വെളിച്ചെണ്ണകളുടേയും, ബദൽ ഉത്പന്നങ്ങളായ പാമോയിൽ ഉൾപ്പെടെയുള്ള സസ്യഎണ്ണകളുടേയും ഇറക്കുമതി ഉദാരവത്കരിക്കപ്പെട്ടതോടെയാണ് ഈ സ്ഥിതി വിശേഷം സംജാതമായത്. ലോകവിപണിയിൽ ഏറ്റവും കൂടുതൽ അസ്ഥിരത അനുഭവപ്പെടുന്ന ഉൽപന്ന ഗ്രൂപ്പുകളിൽ ഒന്നാണ് സസ്യ എണ്ണകളുടേത്. ലോകവിപണിയിൽ സസ്യഎണ്ണകളുടെ വിലകൾ കയറുന്നതിനും ഇറങ്ങുന്നതിനും അനുസരിച്ച് നാളികേര ഉൽപന്നങ്ങളുടെ വിപണിയിലും ഉയർച്ച താഴ്ചകൾ ഉണ്ടാവുകയാണ്. വില കയറുമ്പോൾ അതിന്റെ മെച്ചം കൃഷിക്കാർക്കു ലഭ്യമാകാത്തതിന്റെയും വിലയിടിയിമ്പോൾ ഭാരം മുഴുവൻ അവർ പേറേണ്ടി വരുന്നതിന്റെയും പ്രശ്നവുമുണ്ട്.

റബ്ബർകൃഷി വലിയ രീതിയിൽ നമ്മുടെ പുരയിടകൃഷി മേഖലയിൽ കടന്നുവന്നിട്ടുണ്ടെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ഇത് നമ്മുടെ ആവാസ വ്യവസ്ഥയിലും, ജലലഭ്യതയിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ പഠന വിധേയമാക്കേണ്ടതാണ്. റബ്ബർ കൃഷിയിൽ ഇടവിള കൃഷികൾ ചെയ്യുന്നതിനുള്ള പരിമിതി ഭക്ഷ്യവിളകളുടെ ഉല്പാദനക്ഷമതയെ ദോഷകരമായി ബാധിക്കുന്നു. പുരയിടകൃഷി നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി ഇടവിള കൃഷികളുടെ കുറഞ്ഞ ഉല്പാദനക്ഷമതയാണ്.

സംസ്ഥാന സർക്കാരിന്റെ കൃഷിവകുപ്പും നാളികേര വികസന ബോർഡും ചേർന്ന് രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വളർത്തുന്നതിനു ബൃഹത്തായ ഒരു പരിപാടി ആവിഷ്കരിച്ചു നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിൽ ആരംഭിച്ച ഈ പരിപാടി മറ്റു ജില്ലകളിലും നടപ്പാക്കണം.

മുൻകാലങ്ങളെപോലെ തെങ്ങു കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു പുരയിട കൃഷി സമ്പ്രദായമായിരിക്കും നമുക്കു അനുയോജ്യം. പുരയിട കൃഷിയുടെ ഭാഗമായി നിൽക്കുന്ന തെങ്ങിന്റെയും ഇടവിളകൃഷികളുടെയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ചെറിയ കൃഷിയിടങ്ങളിലാണ് പുരയിടകൃഷി ചെയ്തുവരുന്നത് എന്നതുകൊണ്ടു തന്നെ കർഷകരുടെ കൂട്ടായപ്രവർത്തനം ഈ മേഖലയിൽ അനിവാര്യമാണ്. അതോടൊപ്പം തന്നെ കൃഷി അനുബന്ധമേഖലകളുമായി ബന്ധിപ്പിക്കേണ്ടതിന്റെ പ്രധാന്യവും വലുതാണ്. നെൽ കൃഷി മേഖലയിലെപോലെ കർഷക-കർഷകതൊഴിലാളി കൂട്ടായ്മകൾ പുരയിട കൃഷി മേഖലയിലും ഉണ്ടാകണം.

നൂതനമായ സാങ്കേതിക വിവരങ്ങൾ കൃഷിക്കാരിൽ എത്തിച്ചുകൊണ്ടുമാത്രമേ പുരയിടകൃഷി മേഖലയിലെ വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വിവിധ ഏജൻസികളെയും പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. അഭ്യസ്തവിദ്യരായ യുവതി-യുവാക്കളെ വിജ്ഞാപനവ്യാപന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം. ഗുണമേന്മയുള്ള ഉല്പാദന ഉപാധികൾ കൃത്യസമയത്തു കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ മുൻകൈയ്യെടുക്കണം.

നമ്മുടെ പ്രധാന വിളകളുടെ വില ദേശീയ നയങ്ങളുമായി ബന്ധപ്പെട്ടാണ് നിർണ്ണയിക്കപ്പെടുന്നത്. ഇതു പലപ്പോഴും വിലയിൽ വലിയ വ്യതിയാനങ്ങൾക്ക് കാരണമാകുന്നു. ഇത്തരം വില വ്യത്യാസങ്ങളിൽ നിന്നും കർഷകരരെ സംരക്ഷിച്ചുകൊണ്ട് ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ വലിയ പങ്ക് വഹിക്കുവാൻ കഴിയുന്ന കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി, ഫലവൃക്ഷങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ബോധപൂർവ്വം ശ്രമിക്കണം. കുടുംബശ്രീ പോലുള്ള സംവിധാനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശ്രമഫലമായി പച്ചക്കറി-ഫലവൃക്ഷകൃഷി എന്നീ മേഖലകളിൽ വനിതകളുടെ ഇടപെടൽ നല്ല രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. ഈ രംഗത്തേയ്ക്ക് സ്ത്രീകൾ കൂടുതൽ കടന്നുവരുന്നതിനാവശ്യമായ പ്രോത്സാഹനം നൽകണം. അതോടൊപ്പംതന്നെ വനിതകൾക്ക് കൂടുതൽ വരുമാന സാദ്ധ്യതയുള്ള കൂൺകൃഷി, പുഷ്പകൃഷി എന്നിവയുടെ വ്യാപനം ശക്തിപ്പെടുത്തണം. ഗുണമേന്മയുള്ള ഉല്പാദന ഉപാധികൾ, സാങ്കേതിക വിവരം, കൃത്യമായ വിപണന സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കണം. പുരയിട കൃഷി രംഗത്ത് ഔഷധകൃഷി സാദ്ധ്യതകൾ പരിശോധിക്കുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും വേണം

## തോട്ടവിളകൾ

സാമ്രാജ്യത്വ ആഗോളവൽക്കരണ നയങ്ങളുടെ, വിശേഷിച്ചും അതിന്റെ മൂർത്ത രൂപമായ നവ-ആഗോളവൽക്കരണ നയങ്ങളുടെ വിപരീത പ്രത്യാഘാതം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് വാണിജ്യവിളകളുടെ മേഖലയിലാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭ വർഷങ്ങളിലുണ്ടായ വിലയിടിവിന്റെ ആഘാതം വാണിജ്യ വിളകളെയാണല്ലൊ കൂടുതൽ ബാധിച്ച

ത്. അന്നത്തെ വിലയിടിവിന്റെ ഫലമായുണ്ടായ ക്ഷീണത്തിന്റെ ഫലമായി ഏറെ വർഷങ്ങൾക്കു ശേഷവും, വിലകൾ മെച്ചപ്പെട്ടതിനു ശേഷവും ഈ വിളകളുടെ ഭൗതിക ഉത്പാദനത്തിൽ കുറവുണ്ടാവുന്നതിനെ കുറിച്ച് നേരത്തെ സൂചിപ്പിച്ചല്ലോ. സമീപകാലത്ത് കേരളത്തിലെ കാർഷികോൽപാദനം നേരിട്ട തിരിച്ചടിക്ക് കാരണവും ഈ വൈകി അനുഭവപ്പെടുന്ന(lagged) പ്രത്യാഘാതമാണ്. വാണിജ്യവിളകൾ ഏറിയകുറും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിലാണ് ഉള്ളതെങ്കിലും ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ സംസ്ഥാന സർക്കാരിനും ഉദാസീന ഭാവം സ്വീകരിക്കാനാവില്ല.

സാമ്പത്തിക പരിഷ്കരണങ്ങളുടെ ഭാഗമായി തോട്ടവിളകൾ ഏതാണ്ട് പൂർണമായും കമ്പോളത്തിന്റെ സമ്പൂർണ നിയന്ത്രണത്തിൻ കീഴിലേക്കു മാറ്റപ്പെട്ടിരിക്കുകയാണ്. കയറ്റിറക്കുമതി നിയന്ത്രണങ്ങൾ ഏതാണ്ട് പൂർണ്ണമായി നീക്കം ചെയ്തിരിക്കുന്നു. ആഭ്യന്തരവിപണിയിൽ ഭരണകൂടം ഇടപെടുന്ന കീഴ്വഴക്കവും അവസാനിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ഇന്ത്യയുടെ തോട്ടവിളവിപണി ഇപ്പോൾ ഏതാണ്ട് പൂർണ്ണമായും അവയുടെ ആഗോളവിപണിയുമായി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുകയാണ്. ചുരുക്കത്തിൽ സാർവ്വദേശീയ വിപണിയിലെ ഉയർച്ച-താഴ്ച്ചകൾ അപ്പോൾതന്നെ ഇന്ത്യയിലും, കേരളത്തിലും പ്രതിഫലിക്കും എന്ന് സാരം. ആഭ്യന്തര വിലകളും അന്തർദ്ദേശീയ വിലകളും താരതമ്യപ്പെടുത്തി നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നത് ഇരുവിപണികളും തമ്മിലുള്ള അന്തരം ഗണ്യമായി കുറഞ്ഞുവെന്നാണ്.

തോട്ടവിളകളുടെ സാർവ്വദേശീയ വിപണിയിലെ വിലകൾ നിലയില്ലാത്ത ഉയർച്ച-താഴ്ച്ചകൾക്കു കുപ്രസിദ്ധമാണ്. ഈ ഉയർച്ച-താഴ്ച്ചകൾ കർഷകരുടെയും, തൊഴിലാളികളുടെയും, ആശ്രിത ജനവിഭാഗങ്ങളുടെയും ജീവനോപാധിയേയും ജീവിതത്തെ തന്നെയും തത്തുല്ല്യമായ കയറ്റിറക്കങ്ങൾക്കു വിധേയമാക്കും എന്നത് ചരിത്രപാഠമാണ് ഈ രംഗത്ത് കൂടുതൽ ഇടപെടലുകളും, നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ മുൻപ് സർ ക്കാരുകളെ പ്രേരിപ്പിച്ചിരുന്നത്. ഇപ്പോൾ അത്തരം നിയന്ത്രണങ്ങളാണ് ഇല്ലാതായിരിക്കുന്നത്. ഈ നയംമാറ്റത്തിന്റെ ദൂഷ്യവശം അനുഭവപ്പെടുക ലോകവിപണിയിൽ വിലത്തകർച്ച ഉണ്ടാവുമ്പോഴാണ്. ഇത്തരം വിലത്തകർച്ചയിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ ഇറക്കുമതി നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം ഇപ്പോൾ ഇന്ത്യയിലെ സർക്കാരിനു ഇല്ല എന്നതാണ് സത്യം. സ്വതന്ത്ര വ്യാപാരക്കരാറുകൾ അത്തരം അധികാരങ്ങൾ ഇല്ലാതാക്കിയിരിക്കുന്നു. ആകെ അവശേഷിക്കുന്നത് വിലത്തകർച്ചയുടെ ഘട്ടത്തിൽ പ്രത്യേക സേഫ്ഗാർഡ് ഡ്യൂട്ടി ഏർപെടുത്താനുള്ള അവകാശമാണ്. അതുകൊണ്ട് തോട്ടവിളകളുടെ കാര്യത്തിൽ ആദ്യം വേണ്ടത് സേഫ് ഗാർഡ് ഡ്യൂട്ടി ഏർപെടുത്താനുള്ള അധികാരം സംരക്ഷിക്കുകയും, സാർവ്വദേശീയ-ഉഭയകക്ഷി കരാറുകൾ പുനർചർച്ചയ്ക്കു വിധേയമാക്കുകയുമാണ്. ആകർഷകമായ മറ്റു ആസ്തികൾ ആഗോളസാമ്പത്തിക തകർച്ചയെ തുടർന്ന് ഇല്ലാതായതിന്റെ ഫലമായി ഊഹക്കച്ചവട മൂലധനം പ്രാഥമിക ഉൽപന്നങ്ങളിലേയ്ക്കു തള്ളിക്കയറുന്നതു മൂലം ഈ രംഗത്തു താൽക്കാലികമായി ഉണ്ടായിരിക്കുന്ന വിലകളിലെ കയറ്റം ഇക്കാര്യത്തിൽ ഉദാസീന മനോഭാവം സ്വീകരിക്കാൻ നമ്മെ പ്രേരിപ്പിക്കരുത്. കൃഷിയുടെ സംരക്ഷണം ആരുടെയും ഔദാര്യമല്ല എന്ന തിരിച്ചറിവു പ്രധാനമാണ്. എല്ലാ വികസിത രാജ്യങ്ങളും ഈ മേഖലയ്ക്കു വിപുലമായ സംരക്ഷണം നൽകുന്നുണ്ട് എന്നതും കാണാം. കൃഷിക്കാരുടെയും കൃഷിയുടെയും താൽപര്യങ്ങൾ സംരക്ഷിക്കാൻ അതിശക്തമായ ജനകീയ ഇടപെടലുകളും സമരങ്ങളും ആവശ്യമായി വരും.

സ്വതന്ത്രവ്യാപരക്കരാറുകൾ ന്യായികരിക്കപ്പെടുന്നത് അവ ഇന്ത്യയുടെ വ്യവസായമേഖലയ്ക്കു പുതിയ വിപണിസൗകര്യം തുറന്നുതരും എന്ന പേരിലാണ്. എന്നാൽ ഇതിന്റെ പ്രതികൂല പ്രത്യാഘാതം നേരിടുന്ന കാർഷികമേഖലയോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാൻ കേന്ദ്രസർക്കാർ തയ്യാറാവുന്നില്ല. ഇക്കാര്യത്തിൽ കേന്ദ്രം അടിയന്തിരമായി ചെയ്യേണ്ടത് കുറ്റമറ്റ വിലസ്ഥിരതാ സംവിധാനം ഏർപ്പെടുത്തുകയാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന കമ്മോഡിറ്റി ബോർഡുകൾക്ക് ഇക്കാര്യത്തിൽ ശക്തമായി ഇടപെടാൻ കഴിയും.

വാണിജ്യ വിളകളെ ആഗോളമൽസരത്തിന് തുറന്നുകൊടുക്കുന്നതിനോടൊപ്പം അവയെ അത്തരം മൽസരത്തിന് തയ്യാറെടുക്കാൻ സഹായിക്കുന്നില്ല എന്ന പരാതിയുണ്ട്. ഉദാഹരണത്തിന് മിക്ക തോട്ടവിളകളും ഏറെ പ്രായം ചെന്ന മരങ്ങളും/ചെടികളും സമയത്തിന്നു റീപ്ലാന്റു / പുനർകൃഷി ചെയ്യാത്തതിൻെറ പ്രശ്നം നേരിടുന്നുണ്ട്. തോട്ടങ്ങളുമായി ബന്ധപ്പെട്ട ഇത്തരം നവീകരണപ്രവർത്തനങ്ങൾ വലിയ നിക്ഷേപം ആവശ്യപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ സബ്സിഡിയും, ഉദാരമായ വായ്പകളും ലഭ്യമാക്കി കൃഷിക്കാരെ സഹായിക്കാനുള്ള ബാദ്ധ്യത കേന്ദ്രസർക്കാരിനുണ്ട്. കേരളത്തിലെ തോട്ടമുടമകളിൽ സിംഹഭാഗവും ചെറുകിടക്കാരാണെന്ന കാര്യവും ഇവിടെ പരിഗണിക്കപ്പെടണം. കേരളത്തിലെ വാണിജ്യവിളകളിൽ ഏറിയ പങ്കും ദീർഘകാല വിളകളാണെന്നതും നടീലിനു ശേഷം വിളവെടുപ്പിനു കാലവിളംബം ഉണ്ട് എന്നതും പലപ്പോഴും വിസ്മരിക്കപ്പെടുകയാണ്. ആദ്യവിളവിനു കാത്തിരക്കുന്ന കാലത്തു കൃഷിക്കാർക്കു സഹായം ആവശ്യമാണ്. മൂലധന നിക്ഷേപത്തിനായി പണം കണ്ടെ

ത്തുന്നതിനും കുറഞ്ഞ ചെലവിൽ വായ്പ ലഭ്യമാകണം. ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാകാതെ കൃഷിക്കാർ റീപ്ലാന്റിംഗിനും മറ്റു വികസന പ്രവർത്തനങ്ങൾക്കും പണം മുടക്കാൻ മടിക്കും. പ്രത്യേകിച്ചും വിലകൾ അസ്ഥിരമാകുമ്പോൾ. ഇതാണ് തോട്ടങ്ങളിൽ പുതിയ മരങ്ങളുടെ അനുപാതം കുറഞ്ഞിരിക്കുന്നതിനു മുഖ്യകാരണം.

ആഗോളമത്സരത്തിൽ വിജയിക്കാൻ വേണ്ട മറ്റൊരു കാര്യം ശാസ്ത്ര-സാങ്കേതിക വിജ്ഞാനത്തിന്റെ സൃഷ്ടിയും വ്യാപനവുമാണ്. ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത് റബ്ബർ പോലുള്ള ചില വിളകളുടെ കാര്യത്തിൽ മാത്രമാണ്. എല്ലാ വാണിജ്യവിളകൾക്കും ഈ സേവനങ്ങൾ ലഭ്യമാക്കണം.

അന്തിമ ഉത്പന്നത്തിനു ഉപഭോക്താക്കൾ നൽകേണ്ടിവരുന്ന വിലയുടെ ഒരംശം മാത്രമേ കൃഷിക്കാർക്കു ലഭ്യമാകുന്നുള്ളു എന്ന പ്രശ്നം തോട്ടം മേഖലയിൽ രൂക്ഷമാണ്. ഈ മേഖലയിലെ മൂല്യചങ്ങലയുടെ സംവിധാനം അത്രമാത്രം അസമമാണ്. ഇത് പുനഃക്രമീകരിക്കുന്നതിനുള്ള വിവധതരം ഇടപെടലുകൾ ആവശ്യമാണ്. ഈ ഉത്പന്നങ്ങളുടെ വിലനിർണയരീതികൾ സൂക്ഷ്മമായ പഠനത്തിനും പരിഷ്ക്കാരത്തിനും വിധേയമാക്കണം.

തോട്ടവിളകളുടെ മേഖലയിലും തൊഴിലാളികളുടെ ക്ഷാമം ഇപ്പോൾ രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഈ തൊഴിൽമേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കണമെങ്കിൽ കൂലിയിലും മറ്റു ആനുകൂല്യങ്ങളിലും, സാമൂഹ്യക്ഷേമ നടപടികളിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവന്നെ മതിയാവൂ. അതോടൊപ്പം അനുയോജ്യമായ യന്ത്രവൽക്കരണ പരിപാടികളും ഊർജിതമായി നടപ്പിലാക്കണം. പ്രതിസന്ധിവരുമ്പോൾ തൊഴിലാളികളെ അനാഥരാക്കിയും അവരുടെ ആനുകൂല്യങ്ങൾ നിഷേധിച്ചും കുടിശ്ശികകൾ പോലും നൽകാതെയും തോട്ടമുടമകൾ അപ്രത്യക്ഷരായ അനുഭവം ഈ മേഖലയിൽ ഉണ്ട്. നിയമപരമായി തൊഴിലാളികൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാവാൻ പാടില്ല. നിലവിലുള്ള സർ ക്കാരിന്റെ കാലത്ത് പൂട്ടിയിട്ട തോട്ടങ്ങൾ തുറക്കാനും തൊഴിലാളികൾക്ക് ആശ്വാസം പകരാനും സംസ്ഥാനം സ്വീകരിച്ച നടപടികൾ മാതൃകാപരമാണ്.

കേരളത്തിലെ തോട്ടംമേഖലയിലെ അർഹതയുള്ള കൃഷിക്കാർക്കു കൈവശാവകാശരേഖകളും, പട്ടയവും മറ്റും ലഭ്യമാവാത്തതു കൃഷിയെ തടസ്സപ്പെടുത്തുന്ന ഘടകമാണ്. വായ്പയും, സബ്സിഡിയും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കിട്ടാനും ഇത് തടസ്സമാകുന്നുണ്ട്. അർഹതയുള്ള കൃഷിക്കാർക്കു പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

**കാർഷികോത്പന്ന സംസ്ക്കരണം**

കേരളത്തിലെ വികസനപദ്ധതികൾ അർഹിക്കുന്ന പരിഗണന ഇനിയും നൽകിയിട്ടില്ലാത്ത മേഖലയാണ് കാർഷികോത്പന്ന സംസ്ക്കരണം. വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധേയമായ ഇടപെടൽ ഉണ്ടായിട്ടില്ല. വിളവെടുപ്പു വരെയുള്ള കാര്യങ്ങളിലായിരുന്നു സർക്കാർ ഇടപെടലുകളുടെ മുഖ്യശ്രദ്ധ. എന്നാൽ അടുത്തകാലത്ത് കാർഷികോൽപന്ന വിപണനത്തിന്റെ കാര്യത്തിൽ ഫലപ്രദമായ ചില പുതിയ ഇടപെടലുകൾ ഉണ്ടായതായി നേരത്തെ സൂചിപ്പിച്ചു. നെല്ലിന്റെയും പച്ചക്കറിയുടെയും കാര്യത്തിൽ ആദായകരമായ വില കൃഷിക്കാർക്കു ലഭ്യമാക്കാൻ ഈ ഇടപെടലുകൾ ഒരുപരിധിവരെ സഹായിക്കുകയുണ്ടായി. നാളികേരത്തിന്റെ കാര്യത്തിലും താങ്ങുവില പ്രഖ്യാപിക്കുന്നതിലും പച്ചത്തേങ്ങ സംഭരിക്കുന്നതിലും സമീപകാലത്ത് കൂടുതൽ ശ്രദ്ധ ഉണ്ടായിട്ടുണ്ട്. കാർഷികോത്പന്ന സംസ്ക്കരണവും മൂല്യവർ ദ്ധനവുമാണ് കൂടുതൽ പരിഗണന ആവശ്യപ്പെടുന്ന രംഗം.

കേരളത്തിലെ കാർഷികോത്പന്ന സംസ്ക്കരണ രംഗത്ത് അടുത്തകാലത്ത് ശ്രദ്ധേയമായ പുരോഗതി സർക്കാരിന്റെ ഇടപെടലിന്റെ ഫലമായും അല്ലാതെയും ഉണ്ടായിട്ടുണ്ട് എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. കാലടി മേഖലയിലെ അരിമില്ലുകളുടെ ക്ലസ്റ്റർ ഇതിനു നല്ല ഉദാഹരണമാണ്. കറിപ്പൊടിയും അച്ചാറുമുൾപ്പെടെയുള്ള കറിവിഭവങ്ങളുടെ കയറ്റുമതിയും വളർച്ചയും മറ്റൊരു ഉദാഹരണമാണ്. മലയാളികൾ ചെന്നുവസിക്കുന്ന മറുനാടൻകേന്ദ്രങ്ങളിലെല്ലാം തന്നെ കേരള ബ്രാൻഡുകൾക്കു നല്ല ഡിമാന്റുണ്ട്. ഈ രംഗത്തു വലിയ പ്രചാരമുള്ള പല പുതിയ ബ്രാൻഡുകളും ഉയർന്നുവരികയുണ്ടായി. കാർഷികോത്പന്ന സംസ്ക്കരണ രംഗത്തു വലിയ സാധ്യതകളുണ്ട് എന്നാണ് ഈ വിജയങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

കാർഷികോൽപന്നങ്ങളുടെ വിലകളിലെ ചാഞ്ചാട്ടം സംസ്ക്കരണവ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. വിലകൾ നിയന്ത്രണം വിട്ടുയരുന്ന സന്ദർഭ ങ്ങളിൽ സംസ്ക്കരണ വ്യവസായം കടുത്ത പ്രതിസന്ധി അഭിമുഖീകരിക്കാറുണ്ട്. ഉദാഹരണത്തിനു റബ്ബറിന്റെ വില അസാധാരണ നിലയിൽ ഉയരുമ്പോൾ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ വിശേഷിച്ചു ചെറുകിടക്കാർ രൂക്ഷമായ പ്രതിസന്ധി നേരിടാറുണ്ട്. കാർഷികോത്പന്നങ്ങളെ ആധാരമാക്കി വളരുന്ന വ്യവസായികൾ കുത്തകകളായി വികസിക്കുകയും കാർട്ടലുകൾ രൂപപ്പെടുത്തുകയും ചെയ്യുമ്പോൾ കൃഷിക്കാർക്കു ന്യായവില ലഭ്യമാകാത്ത സ്ഥിതിയും സംജാതമാകാറുണ്ട്. കൃഷി

ക്കാർക്കു ന്യായവില ലഭ്യമാക്കാൻ കഴിയുന്ന തരത്തിലുള്ള സംസ്ക്കരണ സംരംഭങ്ങളെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്. കൃഷിക്കാരുടെ സഹകരണസംഘങ്ങൾ വഴി ഏറ്റെടുക്കുന്ന വിപണന സംസ്ക്കരണ സംരംഭങ്ങൾ ഏറെ സഹായകരമാകും.

പുതിയ സംരംഭകരെയും സംഘങ്ങളെയും ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനു സംരംഭകത്വ പരിശീലന പരിപാടികളും ഉദാരമായ വ്യവസ്ഥകളോടു കൂടിയ വായ്പാ പദ്ധതിയും ഉണ്ടാകണം. പ്രാദേശിക തനിമയുള്ള ഉൽപന്നങ്ങൾക്ക് *ഭൂസൂചി*കകളും ജൈവകൃഷിയെ ആധാരമാക്കിയുള്ള ഉൽപന്നങ്ങൾക്ക് ജൈവ സർട്ടിഫിക്കേഷനും ലഭ്യമാക്കണം. രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണ കേന്ദ്രങ്ങൾ കണ്ടെത്തുന്ന സംസ്ക്കരണ രംഗത്തെ പുതിയ സാങ്കേതികവിദ്യകൾ ഈ രംഗത്തെ സംരംഭകർക്ക് ലഭ്യമാക്കുന്നതിനു ശ്രമിക്കണം.

കാർഷികോത്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനും സംസ്ക്കരണ വിപണന കേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും കോൾഡ് ചെയിൻ ഉൾപ്പടെയുള്ള സൗകര്യങ്ങൾ ഒരുക്കണം. കൃഷിക്കാർക്ക് ഉത്തേജകമാകുന്ന സംസ്ക്കരണ സംരംഭങ്ങളിൽ മുതൽമുടക്കാൻ തയ്യാറുള്ള സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കണം.

## മൃഗസംരക്ഷണ വികസന മേഖല

കേരളത്തിന്റെ മൃഗസംരക്ഷണ മേഖല ഒരു കാലത്ത് ഇന്ത്യയ്ക്കാകെ മാതൃകയായിരുന്നു. അൻപതുകളിലും, അറുപതുകളിലും കേരളത്തിലെ പാലുൽപാദനത്തിന്റെ വളർച്ചാനിരക്ക് ദേശീയ ശരാശരിയെക്കാൾ ഉയർന്നതായിരുന്നു. എഴുപതുകളിലും എൺപതുകളിലും സംസ്ഥാനത്തെ പാലുൽപാദനത്തിന്റെ വളർച്ചാനിരക്ക് പല മടങ്ങു വർദ്ധിക്കുകയും ദേശീയ ശരാശരിയെ ഏറെ പിന്നിലാക്കുകയും ചെയ്തു. ഭൂപരിഷ്ക്കരണം ഉത്പാദന ബന്ധങ്ങളിൽ വരുത്തിയ മാറ്റവും ആധുനിക സാങ്കേതികവിദ്യയുടെ പ്രചാരവും ഈ കുതിച്ചു ചാട്ടത്തിനു കാരണമായി. അത്യുൽപാദന ശേഷിയുള്ള ഇനങ്ങളേയും, കൃത്രിമ ബീജധാനം പോലുള്ള സാങ്കേതിക വിദ്യകളേയും പ്രചരിപ്പി ക്കാൻ സർക്കാർ മുന്നോട്ടു വരുകയും സ്വീകരിക്കാൻ കൃഷിക്കാർ വ്യാപകമായി തയ്യാറാവുകയും ചെയ്തു. ക്ഷീരോൽപാദനത്തിലുണ്ടായ അഭിവൃദ്ധിക്കു സമാനമായ ഉണർവ് മൃഗസംരക്ഷണ ത്തിന്റെ മറ്റു ഉപമേഖലകളിലും ദൃശ്യമായിരുന്നു. ഉദാഹരണത്തിന് എൺപതുകളിൽ കേരളത്തിലെ മുട്ടയുൽപാദന ത്തിന്റെ ശരാശരി പ്രതിവർഷ വളർച്ചാ നിരക്ക് ഏകദേശം 5 ശതമാനമായിരുന്നു. എന്നാൽ ഈ മേഖലയിലെ വളർച്ചാനിരക്കുകൾ പിന്നീടു കുറയാനാരംഭിച്ചു. പത്താം പദ്ധതിക്കാ ലത്ത് (2001-02 മുതൽ 2006-07 വരെ) ഇത് ദയ നീയമായ തകർച്ചയായി മാറി. പത്താം പദ്ധതിക്കാലത്ത് സംസ്ഥാനത്തെ പാലുൽപാദനത്തിന്റെ പ്രതിവർഷ വളർച്ചാ നിരക്ക് -4.86 ശതമാനമായി രുന്നു. ഇന്ത്യയുടെ ദേശീയ ക്ഷീരോൽപാദനം പ്രതിവർഷം 3.64 ശതമാനം കണ്ട് വളരുമ്പോ ഴാണ് കേരളത്തിൽ ഈ ന്യൂന വളർച്ച രേഖപ്പെടു ത്തിയത്. പത്താം പദ്ധതിക്കാലത്ത് സംസ്ഥാ നത്തെ മുട്ടയുൽപാദനം പ്രതിവർഷം 9.75 ശത മാനം കണ്ടു കുറയുകയാണ് വളരുകയല്ല ചെയ്തത്. കന്നുകാലികളുടെയും കോഴികളുടെയും, മറ്റു വളർത്തു മൃഗങ്ങളുടെയും എണ്ണം ഇതേ കാലയളവിൽ കേരളത്തിൽ ഗണ്യമായി കുറഞ്ഞു. കൃഷിക്കാരും കർഷകത്തൊഴിലാളികളും പിടിച്ചു നിൽക്കാനാവാതെ രംഗം വിടുന്ന സ്ഥിതിയും വ്യാപകമായി റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു.

അതിരൂക്ഷമായ ഈ പ്രതിസന്ധിയുടെ മൂർദ്ധന്യത്തിലാണ് രണ്ടാം കേരള പഠന കോൺഗ്രസ് ചേർന്നത്. കേരളത്തിന്റെ മൃഗസംരക്ഷണ മേഖല പത്താം പദ്ധതിയുടെ കാലത്ത് നേരിട്ട പ്രതിസന്ധിയുടെ കാരണങ്ങൾ അന്വേഷിക്കുന്നതിനും പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനും രണ്ടാം പഠനകോൺഗ്രസിന്റെ രേഖയിലും, കോൺഗ്രസിൽ നടന്ന ചർച്ചകളിലും ശ്രമമുണ്ടായി. ഇത്തരം പങ്കാളിത്ത ചർച്ചകളുടെ സന്ദേശം ഉൾക്കൊണ്ടു കൊണ്ടാണ് സംസ്ഥാനത്തിന്റെ പതിനൊന്നാം പദ്ധതി ആവിഷ്ക്കരിച്ചതും പുതിയ സംസ്ഥാന സർക്കാരിന്റെ ഈ രംഗത്തെ ഇട പെടലുകൾക്കു രൂപം നൽകിയതും. കഴിഞ്ഞ നാലര വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ ഫലമായി മൃഗസംരക്ഷണ-വികസന രംഗത്തെ അത് നേരിട്ട പ്രതിസന്ധിയിൽ നിന്നും മോചിപ്പി ക്കുന്നതിനും വളർച്ചയുടെ പാതയിലേക്ക് തിരിച്ചു കൊണ്ടു വരുന്നതിനും കഴിഞ്ഞിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ കാണിക്കുന്നത്. പാലുൽപാദനവും മുട്ടയുൽപാദ നവും, മാംസോൽപാദനവും ന്യൂനവളർച്ചയുടെ കാലം പിന്നിട്ട് അധിക വളർച്ചയുടെ പാതയിലേക്ക് തിരിച്ചു വന്നിരിക്കുന്നു. 2005-06ൽ 20.63 ലക്ഷം ടണ്ണായിരുന്ന പാലുൽപാദനം 2006-07ൽ 21.19 ലക്ഷം ടണ്ണായും 2007-08ൽ 22.47 ലക്ഷം ടണ്ണായും, 2008-09ൽ 24.63 ലക്ഷം ടണ്ണായും ഉയർന്നു. 2009-10ൽ ഇത് 25 ലക്ഷം ടൺ കവിയും എന്ന കാര്യം ഇപ്പോൾ തന്നെ വ്യക്തമാണ്. 2005-06ൽ 1196 ദശലക്ഷം എണ്ണമായിരുന്ന മുട്ടയുൽപാദനം പിന്നീടുള്ള വർഷങ്ങളിൽ ക്രമമായി വർധിക്കുകയും 2008-09ൽ 1507 ദശലക്ഷമായി ഉയരുകയും ചെയ്തു. 2006-07ൽ 16,184 ടണ്ണായിരുന്ന കോഴിയിറച്ചിയുടെ ഉൽപാദനം 2008-09ൽ 19,268 ടണ്ണായി ഉയർന്നു. ആട്, താറാവ്, കാട തുടങ്ങിയവയുടെ മേഖലയിലും സമാനമായ പുരോഗതി ദൃശ്യവുമാണ്. ഉത്പാദനത്തിലെ വളർച്ച കൃഷിക്കാരുടെയും തൊഴിലാളികളുടെയും വരുമാന

ത്തിലും പ്രകടമായ വർധനവുണ്ടാക്കിയി ട്ടുണ്ട് എന്ന കാര്യം പ്രത്യേകിച്ച് എടുത്തു പറയേണ്ടതില്ല. ഉത്പാദനവർധനവിന്റെ ഫലമായുണ്ടായ അധിക വരുമാനത്തിനു പുറമെ വൈവിധ്യ മാർന്ന ക്ഷേമ പദ്ധതികളുടെയും പ്രയോജനവും ഈ രംഗത്തെ ആശ്രയിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങൾക്ക് ലഭ്യമാവുകയുണ്ടായി. മൃഗസംര ക്ഷണ-വികസന മേഖലയെ തകർച്ചയിൽ നിന്നും കൈപിടിച്ചുയർത്തിയ ഈ നയസമീപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഈ മേഖലയെ മറ്റേതൊരു ആധുനിക മേഖലയോടും വരുമാനത്തിലും വളർച്ചയിലും കിട പിടിക്കുന്ന മേഖലയാക്കി വളർത്തുന്നതിനുമുള്ള വികസന തന്ത്രങ്ങളാണ് മൂന്നാം കേരള പഠന കോൺഗ്രസിൽ ചർച്ച ചെയ്യേണ്ടത്.

**1) വിഭവവിന്യാസത്തിൽ മുന്തിയ പരിഗണന നൽകുക**

എഴുപതുകളിലും എൺപതുകളിലും മൃഗസംര ക്ഷണ മേഖല കണ്ട ഉത്കർഷം പിന്നീട് ഇല്ലാതായതിലും, പത്താം പദ്ധതിക്കാലത്ത് വലിയ തകർച്ച നേരിട്ടതിനും വിദഗ്ധന്മാർ ഒട്ടേറെ കാരണങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നു സർക്കാർ മുതൽമുടക്കിൽ വന്ന കുറവാണ്. നവ ഉദാരവൽക്കരണ നയങ്ങൾ ഇത്തരം മേഖലകളിൽ നിന്നും ഭരണകൂടം പിൻമാറണം എന്ന സമീപനമായിരുന്നല്ലോ സ്വീകരിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ നാലര വർഷക്കാലത്ത് ഭരണ കൂടത്തിന്റെ വികസന മുൻഗണനകളിൽ വലിയ ജനോന്മുഖമാറ്റ ങ്ങളാണ് ദൃശ്യമായത്. തദ്ദേശ ഭരണ സ്ഥാപനങ്ങ ൾക്ക് നൽകുന്ന പദ്ധതി സഹായത്തിൽ നിന്നും നിശ്ചിത ശതമാനം തുക ഉൽപാദന മേഖലയ്ക്കു നീക്കിവെയ്ക്കണം എന്ന നിബന്ധന പുനഃസ്ഥാപി ച്ചതോടുകൂടി പ്രാദേശിക തലത്തിൽ ഈ മേഖലയിലേക്കു കൂടുതൽ പണം ഒഴുകിയെത്തി. പ്രാദേശിക തലത്തിൽ ഒട്ടേറെ മാതൃകകൾ സൃഷ്ടി ക്കപ്പെട്ടു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ കാര്യത്തിലാവട്ടെ ഈ രംഗത്ത് അഭൂത പൂർവമായ വർധനവാണ് ഉണ്ടായത്. സംസ്ഥാനത്തെ ഏറ്റവും ദരിദ്രരായ ജനങ്ങളുടെ ജീവനോപാധി എന്ന നിലയിലും ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാന മേഖല എന്ന നിലയിലും കേരളത്തിന്റെ ബജറ്റുകൾ കൂടുതൽ വിഹിതം ഈ മേഖലയ്ക്കു നീക്കി വെച്ചു. പന്ത്രണ്ടാം പദ്ധതിക്കാലത്തും ഈ മേഖലയ്ക്കു നൽകിയ മുൻഗണന തുടരണം.

**2) പ്രജനന നയം**

ഈ രംഗത്തെ ഉത്പാദന വളർച്ചയെ നിർണായകമായി സ്വാധീനിക്കുന്ന ഒരു ഘടകം വളർത്തു മൃഗങ്ങൾ എത് ഇനത്തിലും ജനുസ്സിലും പെടുന്നവയാണ് എന്നതാണ്. എഴുപതുകളിൽ പാലുൽ പാദനത്തിൽ ഉണ്ടായ കുതിച്ചു ചാട്ടത്തിന്റെ കാരണം അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ വ്യാപനമായിരുന്നു എന്നു നേരത്തെ കണ്ടല്ലോ. എന്നാൽ പിന്നീട് ഉത്പാദനക്ഷമത യിലെ ഈ വർധനവ് നിലനിർത്താനായില്ല. അത്യു ൽപാദന ശേഷിയുള്ള ബീജം ഉൽപാദിപ്പിച്ചു നൽ കുന്ന ഏജൻസികൾ അവകാശപ്പെടുന്ന തരത്തി ലുള്ള കറവ കിട്ടുന്നില്ല എന്ന പരാതി കൃഷിക്കാർ ക്കിടയിൽ ഉണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള ചില ശ്രമങ്ങൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. ഈ രംഗത്ത് ഇനിയും കൂടുതൽ സൂക്ഷ്മതയോ ടുകൂടിയ ഇടപെടൽ ആവശ്യമാണ്. സംസ്ഥാനത്തിന്റെ പ്രജനന നയം സൂഷ്മമായ വിദഗ്ധ പരിശോധനയ്ക്കും, കൃഷിക്കാരെ കൂടി പങ്കെടുപ്പിച്ചു കൊണ്ടുള്ള ഓഡിറ്റിംഗിനും വിധേയമാക്കി നിരന്തരം നവീകരിക്കേണ്ടതാണ്. വംശനാശം സംഭവിക്കാനിടയുള്ള വെച്ചൂർ പശുക്കളെപ്പോലുള്ള നാടൻ ഇനങ്ങളെ ഭാവിയെക്കരുതി സംരക്ഷിക്കുന്നതിനും തുല്യപ്രാധാന്യം നൽകേണ്ടതുണ്ട്.

3) നല്ല ഇനം കന്നുകാലികളെ പ്രചരിപ്പിക്കുന്ന തോടൊപ്പം ശാസ്ത്രീയമായ പരിപാലന രീതി കളും പ്രാവർത്തികമാക്കേണ്ടതുണ്ട്. കന്നുകുട്ടികൾ വേണ്ടവിധം സംരക്ഷിക്കപ്പെടാതെ പോകുന്നത് സംസ്ഥാനത്തെ പാലുൽപാദനത്തെ മുൻകാലത്ത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കന്നുകുട്ടി പരി പാലന പരിപാടി ഈ കാര്യത്തിൽ കൃഷിക്കാർക്ക് വലിയ അനുഗ്രഹമായി മാറിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെകൂടി പങ്കാളിത്തത്തോ ടുകൂടി ഈ പദ്ധതിയുടെ പ്രയോജനം എല്ലാ കൃഷിക്കാർക്കും കന്നുകുട്ടികൾക്കും എത്തിക്കാൻ കഴിയണം.

4) കേരളത്തിലെ കന്നുകാലികളുടെ സംഖ്യയിൽ മുൻകാലത്ത് വലിയ കുറവുണ്ടായി എന്ന കാര്യം നേരത്തെ സൂചിപ്പിച്ചുവല്ലോ. സംസ്ഥാനത്തെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ദരിദ്ര കൃഷിക്കാർക്കു ജീവനോപാധി നൽകുന്നതിനും വേണ്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിവിധ പദ്ധതികളിൽ പെടുത്തി മൃഗങ്ങളെ വാങ്ങി കൃഷിക്കാർക്ക് വിതരണം ചെയ്യുകയുണ്ടായി. 4500 പശുക്കൾ, 9000 ആടുകൾ, 2360 എരുമകൾ 56,100 കോഴികൾ, 12,500 താറാവുകൾ 2200 ടർക്കികൾ എന്നിവ ഇപ്രകാരം കർഷകരുടെ കൈകളിലെത്തി. കേരളത്തിന്റെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന മൃഗങ്ങളെ പുറത്തു നിന്നും ലഭ്യമാക്കുന്ന നയം പൂർണമായും ഉപേക്ഷിക്കാനാവില്ല. നല്ല ഇനം കിടാരികളെ വാങ്ങി കൃഷിക്കാർക്ക് നൽകുകയും അവയ്ക്ക് പ്രസവം വരെയുള്ള സമയത്ത് സൗജന്യ നിരക്കിൽ സമീകൃത തീറ്റ ലഭ്യമാക്കുകയും ചെയ്യണം.

5) ഇടക്കാലത്ത് കേരളത്തിലെ പാലുൽപാദന ത്തിൽ വലിയ ഇടിവ് സംഭവിച്ചതിനുള്ള കാരണ ങ്ങളിൽ ഒന്ന് കന്നുകാലിത്തീറ്റയുടെ ക്ഷാമമായിരുന്നു. നെൽകൃഷി യിൽ ഉണ്ടായ കുറവും വാണിജ്യവിളകൾക്ക് അനു കൂലമായി സംസ്ഥാനത്തെ വിളക്രമത്തിൽ ഉണ്ടായ മാറ്റവും കന്നുകാലിത്തീ റ്റയുടെ പ്രശ്നം രൂക്ഷമാക്കി. പതിനൊന്നാം പദ്ധതിക്കാലത്ത് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്ന തിനും, കാലിത്തീറ്റ ഉൽപാദനം വർദ്ധിപ്പിക്കുന്ന തിനും ഊന്നൽ നൽകപ്പെട്ടതിന്റെ പശ്ചാത്തലം ഇതാണ്. ഈ രണ്ട് രംഗങ്ങൾക്കും നൽകിയ മുൻഗണന വരും വർഷങ്ങളിലും തുടരു കയും ഈ രംഗത്ത് സ്വയം പര്യാപ്തത നേടുകയും ചെയ്യണം. പൊതുമേഖലയിലെ കന്നു കാലിത്തീറ്റ ഫാക്ടറികളുടെ ഇടപെടലിലൂടെ കന്നുകാലി ത്തീറ്റയുടെ കമ്പോള വിലയെ ഫലപ്രദമായി നിയ ന്ത്രിക്കാൻ കഴിയണം. വേനൽക്കാലത്ത് ലഭ്യമാക്കിയ കാലിത്തീറ്റ സബ്സിഡി ഈ രംഗത്തെ കൃഷിക്കാർക്കു ഏറെ ആശ്വാസമായ നടപടിയാണ്. ഇത് കൂടുതൽ ഫലപ്രദമായി സംസ്ഥാന വ്യാപകമായി നടപ്പാക്കണം. തീറ്റപ്പുൽകൃഷിയിൽ ഏർപ്പെടുന്നവർക്ക് ഫലപ്രദമായ വിപണന സംവിധാനം ഏർപ്പെടുത്തണം. നെല്ലിന്റെ വിളവെടുപ്പുക്കാലത്ത് വൈക്കോൽ സംഭരിച്ച് പെല്ലറ്റുകൾ ഉണ്ടാക്കി സൂക്ഷിച്ച് കൃഷിക്കാർക്കു ലഭ്യമാക്കുന്നതിനായി ആരംഭിച്ച പരിപാടി കൂടുതൽ ശക്തിപ്പെടുത്തണം.

6) മൃഗസംരക്ഷണ-ഡയറിവകുപ്പുകളുടെയും പൊതുമേഖലാ സംരംഭങ്ങളുടെയും നേതൃത്വ ത്തിൽ പ്രവർത്തിക്കുന്ന ആശുപത്രികളും, മറ്റു ഫീൽഡ് ഓഫീസുകളും നൽകുന്ന വിവിധതരം എക്സ്റ്റൻ ഷൻ സേവനങ്ങൾ ഈ മേഖലയുടെ വികസന ത്തിനു നിർണായകമാണ്. രോഗ പ്രതിരോധത്തിനും ചികിത്സക്കും ആവശ്യമായ മരുന്നുകളുടെ ദൗർല ഭ്യവും, ഉയർന്ന വിലയും കൃഷി ക്കാരെ മുൻകാലത്ത് പ്രതികൂലമായി ബാധിച്ചിരുന്നു. ഇക്കാര്യത്തിൽ സമീപകാലത്ത് ഉണ്ടാക്കാൻ കഴിഞ്ഞ മാറ്റങ്ങൾ കൂടുതൽ ശക്തമാക്കണം. ഈ രംഗത്തെ വകുപ്പുക ളുടെയും, സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ ഊന്നൽ ഉത്പാദനത്തിലേക്കും കൃഷിക്കാരുടെ വിജയത്തിലേക്കും മാറണം. ഉത്പാദന വളർച്ചയു ടെയും, കൃഷിക്കാരുടെ തൃപ്തിയുടെയും അടിസ്ഥാന ത്തിൽ ഫീൽഡ് ഓഫീസുകളും, ഉദ്യോഗസ്ഥന്മാരും വിലയിരുത്തപ്പെടുന്ന സ്ഥിതി ഉണ്ടാവണം. ഈ രംഗത്തെ വിദഗ്ധരുടെ സേവനം കൃഷിക്കാരെയും, കൃഷിസ്ഥലത്തേയും തേടി എത്തുന്ന സ്ഥിതി ഉണ്ടാവണം.

7) കഴിഞ്ഞ പഠന കോൺഗ്രസിന്റെ രേഖ മൃഗസംര ക്ഷണത്തിന്റെ സംഘടനാ ചട്ടക്കൂട് നേരിടുന്ന കടുത്ത സമ്മർദ്ദത്തെക്കുറിച്ചു സൂചിപ്പിച്ചിരുന്നു. കേരളത്തിൽ ഒരുകാലത്ത് ഏതാണ്ട് എല്ലാ കുടുംബങ്ങളും പശു ക്കളെ വളർത്തുകയോ, വളർത്താൻ ആഗ്രഹിക്കുകയോ ചെയ്തിരുന്നു. അണുകുടുംബ വ്യവസ്ഥ വന്നതോടെ ധാരാളം കുടുംബങ്ങൾ എരുത്തിലിന്റെയും പശു വളർത്തലിന്റെയും സംസ്കാരം ഉപേക്ഷിച്ചിരിക്കുക യാണ്. എന്നിരുന്നാലും ഇന്നും വീട്ടുവളപ്പിൽ ചെറുകിട ഇടത്തരം കർഷകർ വളർത്തുന്നവയാണ് കേരള ത്തിലെ കറവമാടുകളിൽ ഏറിയ പങ്കും. ഈ കൃഷി ക്കാർക്കു വലുപ്പ നേട്ടങ്ങളും, കൂട്ടനേട്ടങ്ങളും അന്യമാണെന്ന കാര്യം വ്യക്തമാണ്. വീട്ടുവള പ്പിൽ ഒന്നോ രണ്ടോ കന്നുകാലികളെ വളർ ത്തുന്ന സാധാരണ കൃഷിക്കാരെ മുഖ്യസ്ഥാനത്ത് നിർത്തി ക്കൊണ്ടുവേണം ഈ മേഖലയിലെ ഇടപെടലുകൾ ആസൂത്രണം ചെയ്യാൻ. പക്ഷെ, വലുപ്പനേട്ടങ്ങളു ടെയും കൂട്ടനേട്ടങ്ങളുടെയും അഭാവം സൃഷ്ടിക്കുന്ന ന്യൂനതകളെ മറികടക്കാൻ കൃഷിക്കാരെ സഹായി ക്കുന്ന ഇടപെടലുകൾ ആവശ്യമാണ്. ഇതിന് കർഷകരുടെ വിവിധ തരത്തിലുള്ള കൂട്ടായ്മകളെ പ്രോൽസാഹിപ്പിക്കുന്നത് നന്നാവും. ഉദാഹരണ ത്തിന് ഈ മേഖലയിലെ സഹകരണ സംഘങ്ങൽക്ക് തീറ്റ പ്പുല്ല്, കാലിത്തീറ്റ, മരുന്നുകൾ, മൃഗസംരക്ഷണ സേവനങ്ങൾ, വിപണനം, ഇൻഷുറൻസ്, വായ്പ, ക്ഷേമം തുടങ്ങിയ കാര്യങ്ങളിലെല്ലാം കൃഷിക്കാ രുടെ കൂട്ടായ പ്രവർത്തനങ്ങളുടെ മുഖ്യ ഉപകര ണമായി മാറാവുന്നതാണ്. ഒപ്പം കൂടുതൽ പശു ക്കളെ പരിപാലിക്കുന്ന ചെറുകിട, ഇടത്തരം ഡയറിഫാമുകളെ പ്രോത്സാഹിപ്പിക്കുന്ന സമീപ നവും സ്വീകരിക്കണം. ഇതിലേക്കായി പതി നൊന്നാം പദ്ധതിയിൽ കൈക്കൊണ്ട നടപടികൾ നല്ല ഫലവുമുണ്ടാക്കി എന്നാണ് കാണുന്നത്. കൂടുതൽ പശുക്കളെ വളർത്തുന്ന കൃഷിക്കാർക്ക് വലുപ്പ നേട്ടങ്ങൾ കുറെയൊക്കെ സ്വന്തം നില യ്ക്കു തന്നെ സൃഷ്ടിക്കാനാവും. നിലവിലെ സർ ക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ മാതൃകാ ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കുന്നതിനു മുൻകൈ എടുക്കുകയുണ്ടായി. ഇതിന്റെ ഉദ്ദേശ്യം ആധുനിക സാങ്കേതികവിദ്യയുടെയും സംഘാട നമികവിന്റെയും പ്രദർശനവും പ്രചാരണവുമാണ്. പൊതു ഖജനാവിൽ നിന്നും സഹായം നൽകി സ്വകാര്യ കോർപ്പറേറ്റ് മേഖലയിൽ ഹൈടെക് ഡയറി ഫാമു കൾ തുടങ്ങുന്നത് സ്വീകാര്യമായ സമീപനമല്ല. പൊതുവിഭവങ്ങൾ ഉപയോഗപ്പെടുത്തേണ്ടത് മഹാഭൂരിപക്ഷം വരുന്ന ചെറുകിട, ഇടത്തരം കൃഷിക്കാരെ കേന്ദ്ര സ്ഥാനത്ത് നിർത്തുന്ന വികസന പരിപാടികൾക്കു വേണ്ടിയാകണം.

8) ഇന്ത്യയിലെ കൃഷിക്കാർ പ്രത്യേകിച്ചും കാർ ഷികമേഖല പൊതുവിലും നേരിടുന്ന ഏറ്റവും വലിയ ശാപം ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത

താണ്. ലക്ഷോപലക്ഷം വരുന്ന കൃഷിക്കാർ തമ്മിലുള്ള ഏകോപനമില്ലായ്മയും പരസ്പര മത്സരവും കാർഷികോൽപന്നങ്ങളുടെ വില മറ്റുവിലകളെ അപേക്ഷിച്ച് ഇടിയാൻ കാരണമാവുന്നു. എന്നുമാത്രമല്ല, ഉപഭോക്താക്കൾ ഉയർന്ന വിലകൾ നൽകുമ്പോൾപോലും അത് യഥാർഥ കൃഷിക്കാർക്ക് എത്തിച്ചേരാത്ത സ്ഥിതിയും ഉണ്ടാകുന്നു. ഈ പ്രശ്നം കേരളത്തിലെ ക്ഷീരകർഷകരേയും നിരന്തരം വീർപ്പുമുട്ടിയ്ക്കുന്ന ഒന്നാണ്. പാലിനും ഇതര ഉത്പന്നങ്ങൾക്കും ആകർഷകമായ വില നൽകിക്കൊണ്ടും, അത് ചോരാതെ കൃഷിക്കാരിലേക്ക് എത്തിച്ചുകൊണ്ടുമല്ലാതെ ഈ രംഗത്ത് വളർച്ച അസാധ്യമാണ്. പൊതുവിലസൂചകങ്ങളുടെയും, കാലിത്തീറ്റയുടെ വിലയുടെയും നിലവാരത്തിലെ മാറ്റങ്ങൾ പരിശോധിച്ചു ഈ രംഗത്തെ ഉത്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിന് സ്ഥിരം സംവിധാനം വേണം. കൃഷിക്കാർക്കു ന്യായവില നൽകാൻ ശ്രമിച്ചതിന്റെ ഫലമായി ഈ രംഗത്തുണ്ടായ മുന്നേറ്റവും വളർച്ചയും വരും വർഷങ്ങളിലെ നയരൂപീകരണത്തിന് വെളിച്ചം പകരേണ്ടതാണ്. ഉപഭോക്താക്കൾ നൽകുന്ന വിലയും, കൃഷിക്കാർക്ക് ലഭ്യമാകുന്ന വിലയും തമ്മിലുള്ള വ്യത്യാസം – അതായത് ഇട നില ഏജൻസികളുടെ വിഹിതം– ഒരു കാരണവശാലും അന്യായമായി വർധിക്കാൻ അനുവദിക്കരുത്.

9) ന്യായവിലയും, വരുമാനസ്ഥിരതയും ഉറപ്പാക്കുന്നതോടൊപ്പം പ്രധാനമാണ് കൃഷിക്കാർക്കു ലഭ്യമാക്കേണ്ട ഇൻഷുറൻസ് പരിരക്ഷയും. കന്നുകാലികളുടെ വില വർധനവും, രോഗാതുരതയും, കാലാവസ്ഥാ വ്യതിയാനവും, ഉത്പന്ന വിലകളിലെ ചാഞ്ചാട്ടവും, വായ്പാ– ആശ്രിതത്വവും മറ്റും ചേർന്നു ഈ രംഗത്തെ ഏറെ അനിശ്ചിതത്വം ഉള്ളതാക്കി മാറ്റുന്നുണ്ട്. കുറ്റമറ്റ ഇൻഷുറൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടു മാത്രമെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. നിലവിലെ ഇൻഷുറൻസ് പദ്ധതികൾ കൂടുതൽ സമ ഗ്രവും വ്യാപകവുമാക്കാൻ ആസൂത്രിതമായ ഇടപെടലുകൾ ആവശ്യമാണ്. മൃഗങ്ങൾ ഇൻഷുർ ചെയ്യപ്പെടുന്നതോടൊപ്പം കർഷക കുടുംബാംഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കണം. ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പോലുള്ള പരിപാടികൾ ഈ രംഗത്തെ കൃഷിക്കാർക്കും, തൊഴിലാളികൾക്കും ഇപ്പോൾ തന്നെ ആശ്വാസം പകരുന്നുണ്ട് എന്ന കാര്യം ശ്രദ്ധേയമാണ്.

10) കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായിക്കൊണ്ട് സമഗ്ര സാമൂഹ്യ സുരക്ഷയിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മൃഗസംര ക്ഷണ മേഖലയിലെ കൃഷിക്കാർക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയും, പെൻഷനും അടക്കമുള്ള സാമൂഹ്യ സുരക്ഷാ നടപടികൾ കൂടുതൽ വിശാലമായ കാഴ്ചപ്പാടോടുകൂടി വിപുലമാക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ക്ഷീര കർഷകരുടെയും തൊഴിലാളികളുടെയും സേവനം അംഗീകരിക്കപ്പെടുകയും, ആദരിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയുണ്ടാവണം.

11) കോഴി വളർത്തൽ, താറാവ്, കാട, പന്നി, മുയൽ, ടർക്കി, ആടു വളർത്തൽ തുടങ്ങിയ മേഖലകളിൽ അടുത്ത കാലത്തുണ്ടായ അഭൂതപൂർവമായ പുരോഗതി ഈ ഉപമേഖലകളുടെ അനന്തമായ സാധ്യതകൾ വിളിച്ചോതുന്നുണ്ട്. ഇതിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ നേതൃത്വ ത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു. ഇറച്ചിക്കും മുട്ടയ്ക്കു മുള്ള കേരളത്തിന്റെ ആഭ്യന്തര വിപണി വളരെ വലുതാണ്. സംസ്ഥാനത്തിന്റെ ആവശ്യത്തിന്റെ ചെറിയൊരു ശതമാനം പോലും ഇവിടെ ഉത്പാ ദിപ്പിക്കാൻ നമുക്കു കഴിയുന്നില്ല. അതുകൊണ്ട് ഈ രംഗത്ത് ചോദനം അഥവാ ഡിമാന്റ് ഒരു പരിമി തിയെ അല്ല. അതേ സമയം ഈ രംഗത്തെ വളർച്ച കൃഷിക്കാർക്കും, തൊഴിലാളികൾക്കും, വിശേഷിച്ച് സ്ത്രീകൾക്കും, കുട്ടികൾക്കും ഒരു അനുപൂരക വരുമാന സ്രോതസ്സായി മാറാവുന്നതാണ്. പരമാ വധി കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുകയും, മുട്ടയും, ഇറച്ചിയും കൃഷിക്കാരിൽ നിന്നും ശേഖരിച്ച് സംഘടിതമായി വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്താൽ അത് അവശേഷിക്കുന്ന ദാരിദ്ര്യത്തിന്റെ തുരുത്തുകൾ നിർമാർജനം ചെയ്യാൻ ഏറെ സഹായിക്കും.

12) ശാസ്ത്ര–സാങ്കേതിക വിദ്യയുടെ വളർച്ചയും, പ്രചാരവും, ഉപയോഗവും ഏത് രംഗത്തിന്റെയും വളർച്ചയുടെ അടിസ്ഥാന ഘടകമാണ്. ഈ രംഗത്തെ വിജ്ഞാനോൽപാദനവും, വിജ്ഞാനപ്രദാനവും കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ വെറ്റിനറി സർവകലാശാലയ്ക്ക് രൂപം നൽകുന്നത്. പ്രത്യേക സർവകലാശാലയുടെ രൂപീകരണം കേന്ദ്രത്തിൽ നിന്നും ഇതര ഏജൻസികളിൽ നിന്നും കൂടുതൽ പണം ലഭ്യമാകും എന്ന് പ്രതീക്ഷിക്കപ്പെടുന്നുണ്ട്, അതെന്തായാലും, പുതിയ സർവകലാശാലയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം ഈ രംഗത്തെ കൃഷി ആദായകരമാക്കുക സംസ്ഥാനത്തിന്റെ ഉത്പാദനം വർധിപ്പിക്കുക എന്നതായിരിക്കണം. വിജ്ഞാനത്തിനുവേണ്ടി വിജ്ഞാനം എന്നതു മാത്രമായിരിക്കരുത് സമീപനം. കൃഷിയും കൃഷിക്കാരും, തൊഴി ലാളികളും അഭിവൃദ്ധിപ്പെടാതെ ഇത്തരം സർവകലാശാലകളുടെ നിലനിൽപും വളർച്ചയും ഉറപ്പാക്കാനാവില്ല തന്നെ.

## മത്സ്യമേഖലാ വികസനം

കേരളത്തിന്റെ തീരക്കടൽ ലോകത്തിലെ ഏറ്റവും ഉൽപാദനക്ഷമമായ മത്സ്യബന്ധന മേഖലകളിൽ ഒന്നാണ്. 8 ലക്ഷത്തോളം വരുന്ന കടൽ മത്സ്യത്തൊഴിലാളികൾ ഈ വിഭവ ശേഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. പ്രതിവർഷം ശരാശരി 6.2 ലക്ഷം ടൺ മത്സ്യം ഉത്പാദിപ്പിക്കുന്നു. മത്സ്യോത്പന്നങ്ങളുടെ കയറ്റുമതിയിലൂടെ ഏകദേശം 1500 കോടി രൂപയുടെ വിദേശ നാണ്യമാണ് നേടുന്നത്. കേരളത്തിൽ നിന്നുള്ള കടൽ മത്സ്യ ഉല്പാദനം ദേശീയോത്പാദനത്തിന്റെ ഇരുപത് ശതമാനത്തോളം വരും. പ്രാഥമിക മേഖലയിൽ നിന്നുള്ള മൊത്തം ഉത്പാദനത്തിന്റെ 9 മുതൽ 10 ശതമാനം വരെ മത്സ്യ മേഖലയുടെ സംഭാവനയാണ്. മലയാളികളുടെ ഭക്ഷ്യ സുരക്ഷയും പ്രോട്ടീൻ സുരക്ഷയും ഉറപ്പാക്കുന്നതിന് മത്സ്യമേഖല സുപ്രധാന പങ്കാണ് വഹിക്കുന്നത്. മത്സ്യ വൈവിദ്ധ്യത്താൽ സമ്പന്നമായിരുന്ന കേരളത്തിന്റെ കടൽ ഇന്ന് ശോഷിച്ചു വരികയാണ്. പല ഇനങ്ങളും വംശനാശ ഭീഷണിയിലുമാണ്. വിഭവ പരിരക്ഷ ലാക്കാക്കിയുള്ള നിയന്ത്രണങ്ങൾ ഒരളവു സഹായിക്കുന്നുണ്ടെങ്കിലും അമിത മത്സ്യബന്ധന സമ്മർദ്ദം കേരളത്തിന്റെ തീരക്കടലിൽ അനുഭവിക്കുന്നു. കേരളത്തിന്റെ ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ മത്സ്യം ലഭ്യമാക്കത്തതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് വലിയ തോതിൽ കേരളത്തിലേയ്ക്ക് മത്സ്യം എത്തുന്നുണ്ട്. ഇത് ഗുണനിലവാരത്തെ ബാധിക്കുന്നതോടൊപ്പം ഇറക്കുമതി ബന്ധങ്ങൾ ശക്തിപ്പെട്ടു വരുന്നത് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താൽപര്യത്തിന് ദോഷകരമാകാൻ ഇടയുണ്ട്. ഈ മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജന വിഭാഗങ്ങളിലൊന്നാണ്. പൊതു സമൂഹത്തിന്റെ വരുമാനത്തിന്റെ പകുതിയിലും താഴെയാണ് മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം എന്നാണ് കണക്കുകൾ കാണിക്കുന്നത്. പ്രതിശീർഷ വരുമാനത്തിലെ ഈ കുറവ് മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ കുടുക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാകുന്നതിനും കാരണമാകുന്നു എന്നതിനു പുറമെ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന വികസന സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഗുണഫലങ്ങളെ വലിയ തോതിൽ പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ആദിവാസികോളനികൾ കഴിഞ്ഞാൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളാണ് ഭൂരാഹിത്യത്തിന്റേയും പാർപ്പിടം, കുടിവെള്ളം, കക്കൂസ് തുടങ്ങിയ സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെയും അപര്യാപ്തത മൂലമുള്ള പ്രശ്നങ്ങൾ ഏറ്റവും അധികം നേരിടുന്നത്.

ഈ സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. 1961-62 ൽ 28 ശതമാനം കുടുംബങ്ങൾക്ക് ഈ അവകാശം ഉണ്ടായിരുന്നു എങ്കിൽ 2005 ൽ അത് 20 ശതമാനം ആയി കുറഞ്ഞു. മത്സ്യത്തൊഴിലാളികളിൽ അധികം പേരും സ്വന്തമായ തൊഴിലുപകരണങ്ങൾ ഇല്ലാത്തവരും മധ്യവർത്തികളുടെ ബോട്ടുകളിലും വള്ളങ്ങളിലും കൂലിവേലക്കാരുമാണ്. മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളാക്കി മാറ്റുന്നതിന് സമഗ്രമായ ജല പരിഷ്കരണ നിയമം അനിവാര്യമാണെന്നാണ് ഇത് കാണിക്കുന്നത്. വിഭവ പരിരക്ഷയ്ക്ക് അനിവാര്യമായ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് കടുത്ത സമ്മർദ്ദം അനുഭവപ്പെടുന്നു.

പാരിസ്ഥിതിക പ്രശ്നങ്ങൾ, വിദേശ മത്സ്യബന്ധന ട്രോളറുകളുടെ കടന്നുകയറ്റം, അമിത മത്സ്യബന്ധനം എന്നിവ മത്സ്യവിഭവ ശോഷണത്തിലേയ്ക്ക് നയിക്കുന്ന പ്രശ്നങ്ങളാണ്. തീരക്കടലിൽ ലഭ്യമായ മത്സ്യവിഭവങ്ങൾ കൊയ്തെടുക്കാനുള്ള കിടമത്സരത്തിനായി വള്ളത്തിന്റെ യും വലയുടെയും വലിപ്പവും എൻജിനുകളുടെ കുതിരശക്തിയും വർദ്ധിപ്പിക്കുന്ന പ്രവണത ഏറി വരുന്നു. ഇതിനായി വേണ്ടിവരുന്ന അധിക മൂലധന മുടക്കും പ്രവർത്തനച്ചെലവുകളും കടൽ മത്സ്യബന്ധനം പൊതുവിൽ ലാഭകരമല്ലാതാക്കി മാറ്റിയിരിക്കുന്നു. ഒരു വശത്ത് ഉൽപാദനച്ചെലവ് കൂടുമ്പോൾ തന്നെ ആനുപാതിക വരുമാന വർദ്ധനവ് ലഭിക്കുന്നില്ല എന്നത് പ്രശ്നം ഗുരുതരമാക്കുന്നു. ആഴക്കടൽ മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വലിയ മുതൽ മുടക്കുള്ള പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുകയോ നടപ്പാക്കപ്പെടുകയോ ചെയ്തിട്ടില്ല. മത്സ്യവിപണന മേഖല മധ്യവർത്തികളുടെ നിയന്ത്രണത്തിലാണ്. മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് വില നിശ്ചയിക്കുവാൻ കഴിയുന്നില്ല. മത്സ്യമാർക്കറ്റുകളിലും മത്സ്യബന്ധന തുറമുഖങ്ങളിലും സൗകര്യങ്ങൾ അപര്യാപ്തമാണ്. ഉൾനാടൻ മേഖലയിലെ ജലവിഭവശേഷി പ്രയോജനപ്പെടുത്തി മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യകേരളം പോലുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും ഗണ്യമായ തോതിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. പാരിസ്ഥിതിക തകർച്ച, തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം എന്നിവ പ്രതിസന്ധികളായി മാറുന്നുണ്ട്. മത്സ്യമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുമ്പോൾ തന്നെ സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂടുന്നില്ല.

കേരളത്തിന്റെ പ്രകൃതി സമ്പത്തുകളിൽ ഏറ്റവും സമ്പന്നമായത് അതിന്റെ ഉൾനാടൻ ജലവിഭവം തന്നെ. ഏകദേശം 158000 ഹെക്ടർ വരുന്ന വൈവിധ്യമാർന്ന ശുദ്ധജല വിഭവമാണ് നമുക്കുള്ളത്. ഇതിൽ 22000 ഹെക്ടറോളം കുളങ്ങളും 42,000 ഹെക്ടറിലധികം റിസർവോയറുമാണ്. ഇതിനു പുറമെ 65,200 ഹെക്ടറിലധികം വരുന്ന കായൽ പ്രദേശങ്ങളും, ഉൾനാടൻ മത്സ്യസമ്പത്തിന്റെ പരിപോഷണത്തിനായി നമുക്ക് ലഭ്യമാണ്. എങ്കിലും ഈ രംഗത്ത് നിർണ്ണായകമായ വളർച്ച നേടാൻ ഇനിയും നമുക്ക് ആയിട്ടില്ല. കേരളത്തിൽ ഉൾനാടൻ ജലസമ്പത്തും അതിന്റെ മത്സ്യം ഉൾപ്പെടെയുള്ള ജൈവവൈവിധ്യവും, പാരിസ്ഥി തിക പ്രശ്നങ്ങൾ, മലിനീകരണം, അമിത ചൂഷണം എന്നിവയാൽ തകർച്ചയെ നേരിടുകയാണ്. കേരളത്തിലെ ഉൾനാടൻ ജല സമ്പത്തിൽ വൈവിധ്യമാർന്ന മത്സ്യകൃഷി സാധ്യതകൾ ഉണ്ടെങ്കിലും ചെറിയ അളവിൽ മാത്രമേ അവ പ്രയോജന പ്പെടുത്തിയിട്ടുള്ളൂ. പ്രകൃതിക്കിണങ്ങുന്ന കൃഷി സമ്പ്രദായങ്ങളിലൂടെ തന്നെ നമ്മുടെ ഉൽപ്പാദനം ഇന്നുള്ളതിന്റെ ഇരട്ടിയിലധികം വർദ്ധിപ്പിക്കാ നാവും. ചെമ്മീൻ, ഞണ്ട്, കരിമീൻ, കക്ക തുടങ്ങിയ ഉയർന്ന വിപണി മൂല്യമുള്ള ഇനങ്ങൾ ഇവിടെ കൃഷി വ്യാപിപ്പിക്കുന്നതിന് സമഗ്രവും, ആസൂത്രിത വുമായ പദ്ധതികളിലൂടെ കഴിയും.

**കഴിഞ്ഞ നാലുവർഷങ്ങൾ**

അടിസ്ഥാന പ്രശ്നങ്ങളെ കണ്ടറിഞ്ഞ് കഴിഞ്ഞ അന്താരാഷ്ട്ര പഠന കോൺഗ്രസ് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ ഒന്നൊന്നായി നടപ്പാക്കുന്നതിനും നിയമ നിർമ്മാണങ്ങളിലൂടെ മത്സ്യ മേഖലയിലെ കാതലായ പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുമുള്ള പരിശ്രമങ്ങളാണ് പ്രധാനമായും നടന്നത്.

കേരളത്തിന്റെ മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ ഫിഷറീസ് മാസ്റ്റർ പ്ലാനിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മത്സ്യ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചത്. മത്സ്യമേഖലയ്ക്കു വേണ്ടിയുള്ള സംസ്ഥാന പദ്ധതി വിഹിതം ഈ കാലയളവിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിന് മത്സ്യബന്ധനാവകാശം ഉറപ്പു വരുത്തുന്ന ഉപരിതല മത്സ്യബന്ധന സംരക്ഷണ നിയമം, മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സെസ്സ് നിയമം, മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനുള്ള കേരള മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം എന്നിവയും പുറമെ ഏകീകൃത ഉൾനാടൻ മത്സ്യബന്ധന ബില്ലും പാസ്സാക്കി; അടിസ്ഥാന മാറ്റങ്ങൾ ഉറപ്പു വരുത്തുന്ന സമഗ്ര ജലപരിഷ്കരണ ബിൽ (Aquarian reforms) ആവിഷ്കരിച്ച് നിയമമാക്കുന്നതിന് ഈ കാലയളവിൽ നടപടി സ്വീകരിച്ചു തുടങ്ങി.

ഇടത്തട്ടുകാരുടെ ചൂഷണത്തിലും കടബാധ്യതയിലുംപെട്ട് ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസ നടപടികൾ ക്കൊപ്പം മത്സ്യത്തൊഴിലാളികൾ വീണ്ടും കടക്കെണിയിൽ വീഴാതിരിക്കാൻ പലിശരഹിത വായ്പാ പദ്ധതിയും മത്സ്യത്തൊഴിലാളികൾക്ക് ഉദാരമായ വ്യവസ്ഥയിൽ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയും നടപ്പിലാക്കിയതിലൂടെയും മത്സ്യത്തൊഴിലാളികളെ ഔപചാരിക പണമിടപാടു സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഒപ്പം സാമൂഹ്യ നിയന്ത്രണങ്ങളോടു കൂടിയ ഒരു ധന വിതരണ സംവിധാനത്തിന്റെ സാധ്യത പരിശോധിക്കുന്നതിനും കഴിഞ്ഞു. മാത്രമല്ല മിനിമം കൂലി സമ്പ്രദായം ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത മത്സ്യ മേഖലയിൽ അനൗപചാരികമായി ഒരു മിനിമം കൂലി സമ്പ്രദായം പരീക്ഷിക്കുന്നതിനും വിജയിപ്പിക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞു.

വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് പട്ടികജാതി പട്ടികവർക്ഷ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്വാശ്രയ കോളേജുകളിൽ ഉൾപ്പെടെ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും ലഭ്യമായിട്ടുണ്ട്.

അനിശ്ചിതത്വങ്ങളും അപകടങ്ങളും നിറഞ്ഞ തൊഴിൽ മേഖലയുടെ പരിരക്ഷക്കുതകുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളും കടൽ സുരക്ഷ പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിൽ ഈ കാലയളവിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ ജീവനും തൊഴിലുപകരണങ്ങൾക്കും അർഹമായ ഇൻഷുറൻസ് സംരക്ഷണം, ആശ്രിതർക്കുള്ള സഹായധനം, മത്സ്യത്തൊഴിലാളി പെൻഷൻ എന്നിവ ഗണ്യമായി വർദ്ധിപ്പിച്ചത് വഴി പൊതുവിൽ ഇത്തരം സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ സ്വീകരിക്കുന്നതിൽ വിമുഖരായ മത്സ്യത്തൊഴിലാളി സമൂഹത്തെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ലോകത്തെ മത്സ്യ ഉത്പാദക രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും മത്സ്യോത്പാദനത്തിലെ നല്ലൊരു പങ്ക് മത്സ്യകൃഷിയിലൂടെ നേടുന്നുണ്ട്. നമ്മുടെ ജല സമ്പത്തും സൗകര്യങ്ങളും പരിഗണിക്കുമ്പോൾ കേരളത്തിന്റെ നേട്ടം പരിമിതമാണ്. ഭ ക്ഷ്യസുരക്ഷയുടെ ഭ ഭാഗമായി മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാ

ക്കുന്ന മത്സ്യകേരളം പദ്ധതി വഴി ഉൾനാടൻ മത്സ്യോത്പാദനം നിലവിലുള്ള മുക്കാൽ ലക്ഷം ടണ്ണിൽ നിന്നും 2 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട 538 മത്സ്യ കർഷക ക്ലബ്ബുകൾ വഴി പദ്ധതി നിർവ്വഹണത്തിൽ കർഷക പങ്കാളിത്തം ഉറപ്പാക്കുന്നതിന് കഴിഞ്ഞതിലൂടെ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിച്ചിട്ടുണ്ട്. മത്സ്യകൃഷി വികസനത്തിനാവശ്യമായ നിവേശങ്ങളുടെ സമയം പര്യാപ്തതയും ഗുണമേന്മയും ഈ രംഗത്തെ പ്രധാന പരിമിതികളായി തുടരുന്നത് ഈ രംഗത്തെ വളർച്ചയെ പരിമിതപ്പെടുത്തുന്നുണ്ട്. അലങ്കാര മത്സ്യകൃഷി യിൽ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനായി ആരംഭിച്ചിട്ടുള്ള കാവിൽ എന്ന സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയുടെ പ്രവർത്തനങ്ങൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. വംശനാശം നേരിടുന്ന തദ്ദേശീയ മത്സ്യയിനങ്ങളുടെ സംരക്ഷണവും, വംശവർദ്ധനവിനുള്ള പദ്ധതി കളും അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്.

1950 കളുടെ പകുതിയിൽ തുടങ്ങിവച്ചതും പിന്നീട് ഉപേക്ഷിച്ചതുമായ സമഗ്രവും സംയോജിതവുമായ തീരമേഖല വികസനം എന്ന ആശയത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും കർമ്മ പരിപാടികളാക്കി മാറ്റുന്നതിനും കഴിഞ്ഞു. തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിഭവ സമാഹരണവും ഏകോപനവും സാധ്യമാക്കാൻ തീരദേശ വികസന കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതോടെ ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് ആക്കം കൂടി. ആഴക്കടൽ മേഖലയിൽ ചൂര പിടുത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചത് ശൈശവാവസ്ഥ മറികടക്കേണ്ടതുണ്ട്.

ഈ കാലയളവിൽ മുഴുവൻ മത്സ്യബന്ധന യാനങ്ങളുടെയും രജിസ്ട്രേഷൻ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്ത് കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി. മത്സ്യത്തിന്റെ മൂല്യവർദ്ധനവിനുള്ള സാധ്യതകൾ വളരെ പരിമിതമായി മാത്രമെ കേരളത്തിൽ നാം പ്രയോജനപ്പെടുത്തിയിട്ടുള്ളൂ. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹായമാകുന്ന തരത്തിൽ ഈ കാലയളവിൽ ആരംഭിച്ച ഡ്രൈ ഫിഷ് കോംപ്ലക്സ് പോലുള്ള മൂല്യ വർദ്ധനവിനുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ വഴി ഇവരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് ബോധ്യമായിട്ടുണ്ട്. ഇത്തരം സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട പഠന ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ കേരളത്തിനൊരു മുൻകൈ നേടാനായിട്ടുണ്ടെങ്കിലും കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഓഷ്യനേറിയം, മറൈൻ ബയോളജിക്കൽ സ്റ്റേഷൻ, ഫിഷറീസ് & ഓഷ്യൻ സയൻസ് സർവ്വകലാശാല എന്നിവ ഈ രംഗത്ത് പുതിയ വളർച്ച കൈവരിക്കാൻ സഹായകമാക്കും.

മത്സ്യ ജൈവ വൈവിദ്ധ്യത്താൽ സമൃദ്ധമായ കേരളത്തിന് വലിയ വളർച്ച നേടാൻ കഴിയുന്നതും വനിതാ സംരംഭകർക്ക് ഏറെ വരുമാന സാധ്യതയുള്ളതുമായ അലങ്കാര മത്സ്യ മേഖലയുടെ വളർച്ചയ്ക്കായി നാളിതു വരെ കാര്യമായ ഒരു ശ്രമങ്ങളും നടന്നിരുന്നില്ല. എന്നാൽ കേരളാ അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന പേരിൽ സർക്കാർ പ്രത്യേക കമ്പനി രൂപീകരിക്കുകയും ഗ്രാമപഞ്ചായത്ത്തലത്തിൽ സ്ത്രീകളുടെ സ്വാശ്രയ ഗ്രൂപ്പുകൾക്കായി അടിസ്ഥാന സൗകര്യങ്ങൾ നൽകി ഉൽപാദനം നടത്തുന്നതിനും അവ ശേഖരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള ശ്രമങ്ങൾക്ക് ഫലം കണ്ടു തുടങ്ങിയിരിക്കുന്നു.

ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും പരിശീലനം നൽകിയ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയും ആവിഷ്കരിച്ച സമഗ്ര കടൽ സുരക്ഷാ പദ്ധതി ഈ രംഗത്തെ പുതിയ കാൽവയ്പ്പാണ്.

അനുബന്ധ തൊഴിലുകളിലും മത്സ്യബന്ധനേതര മേഖലകളിലുമുള്ള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ആസൂത്രിതമായ ശ്രമങ്ങൾ തീരമൈത്രീ പദ്ധതിയിലൂടെ തുടങ്ങിവയ്ക്കാൻ കഴിഞ്ഞു. വനിതകളുടെ വലിയ തോതിലുള്ള പങ്കാളിത്തം ഇതിന് ഉറപ്പാക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി വിജയകരമായി സംയോജിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിലും സാമൂഹ്യ സേവനരംഗങ്ങളിലും കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും വളർച്ചയും ഉയർച്ചയും ദൃശ്യമാണ്. സ്ത്രീകളുടെ ഇടയിൽ തൊഴിൽജന്യ രോഗങ്ങൾ, രോഗാതുരത, വൃത്തിഹീനമായ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരങ്ങൾ ആയിട്ടില്ല. ഈ കാലയളവിൽ സ്വന്തമായി വാസയോഗ്യമായ വീടുള്ളവരുടെ എണ്ണം 68 ശതമാനമായും വൈദ്യുതീകിച്ച വീടുകളുടെ എണ്ണം 93 ശതമാനമായും വർദ്ധിച്ചു. 60 ശതമാനം വീടുകളിൽ ശുചിത്വമുള്ള കക്കൂസുകളും 40 ശതമാനം വീടുകളിൽ സ്വന്തമായ കുടിവെള്ള സ്രോതസ്സുകളുമുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികളുടെ സ്ഥിതി കേരളത്തിലെ പൊതു സമൂഹത്തെ അപേക്ഷിച്ച് ഇപ്പോഴും പുറകിലാണ്. സാമൂഹിക വളർച്ചയുടെ സൂചകങ്ങളായി കണക്കാക്കുന്ന സ്ത്രീ – പുരുഷാനുപാതവും ആയുർദൈർഘ്യവും മത്സ്യ മേഖലയിൽ കേരളത്തിന്റെ പൊതു

സ്ഥിതിയിൽ നിന്നും താഴെയാണ്. ശിശുമരണ നിരക്കും ജനന നിരക്കും സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്.

ആഗോളവൽക്കരണ നയങ്ങളുടെയും പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളുടെയും ഭ ഭാഗമായി നിലവിൽ വന്ന അന്താരാഷ്ട്ര കരാറുകളും സബ്സിഡി നിരോധനങ്ങളും പുതിയ കേന്ദ്ര നിയമങ്ങളും മത്സ്യമേഖലയിൽ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അടുത്ത കാലത്തായി ഒപ്പു വച്ച ആസിയാൻ കരാർ ഉൾപ്പെയുള്ള സ്വതന്ത്ര വ്യാപാര കരാറുകളും പുതുതായി ചർച്ച ചെയ്യപ്പെടുന്ന കരാറുകളും മത്സ്യമേഖലയ്ക്ക് പ്രത്യേകിച്ചും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷയ്ക്ക് വെല്ലുവിളി ഉയർത്തുന്നവയാണ്. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള തീരദേശ നിയന്ത്രണ നിയമം മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത അവകാശങ്ങളെ അംഗീകരിക്കുകയോ അവർക്ക് കടപ്പുറത്ത് പുതിയ വീട് വെയ്ക്കുവാനുള്ള അവകാശം അനുവദിക്കുകയോ ചെയ്യുന്നതല്ല. അതേ സമയം തന്നെ തീരദേശ മേഖലയിൽ സ്വതന്ത്ര വ്യാപാര മേഖലയുൾപ്പെടെ വ്യാപകമായ തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. ഒരു ഫെഡറൽ വ്യവസ്ഥയിൽ സംസ്ഥാനത്തിനും തദ്ദേശഭ രണ സ്ഥാപനങ്ങളുടെയും അധികാരവകാശങ്ങളിലേയ്ക്കും ഇത് വലിയ തോതിൽ കടന്നു വരുന്നതിലൂടെ നാളിതുവരെയില്ലാത്ത പുതിയ പ്രശ്നങ്ങൾക്കും ഇത് വഴിയൊരുക്കും. ആഗോള താപനവും അതിനെത്തുടർന്നുള്ള കാലാവസ്ഥാ വ്യതിയാനവും മത്സ്യമേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങളും ആവശ്യമായ കർമ്മ പദ്ധതികളും അനിവാര്യമാണ്.

**ഭാവി വികസന തന്ത്രങ്ങളും സമീപനങ്ങളും**

കഴിഞ്ഞ നാലു വർഷക്കാലയളവിൽ, മത്സ്യമേഖലയിലെ വികസനത്തിനായി തുടങ്ങിവച്ച വിവിധ പദ്ധതികൾ വികസിപ്പിക്കുകയും അവയുടെ പ്രയോജനം മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുകയും അവരുടെ സാമൂഹിക-സാമ്പത്തിക വളർച്ച പൊതു സമൂഹത്തോടൊപ്പം എത്തിക്കുകയും ചെയ്യുക എന്നതാവണം പ്രധാന ഊന്നൽ.

**വിഭവ പരിപാലനം, ഉപജീവന സുരക്ഷ**

കടൽ മത്സ്യ വിഭവ പരിപാലനവും ഉത്തരവാദിത്ത മത്സ്യബന്ധനവും പ്രോത്സാഹിപ്പിക്കേണ്ടത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെയും നിലനിൽപ്പിനുള്ള നടപടികളായി കാണേണ്ടതുണ്ട്.

തീരക്കടൽ വിഭവശേഷി പരിപാലിക്കുന്നതിന് മത്സ്യബന്ധന യാനങ്ങളുടെ എണ്ണത്തിൽ മത്സ്യ വിഭവ ശേഷിയുടെ അടിസ്ഥാനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയും തീരക്കടലിൽ മത്സ്യബന്ധന മേഖലകൾ വേർതിരിച്ച് അത്തരം മേഖലകളിൽ വിവിധതരം യാനങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുകയും ചെയ്യണം. മത്സ്യ ബന്ധന യാനങ്ങൾക്ക് സംസ്ഥാന രജിസ്ട്രേഷനും ഇൻ ഷുറൻസും ഉറപ്പാക്കണം. കടലിൽ മത്സബന്ധനത്തിനുള്ള അവകാശം, മത്സ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം, ആദ്യ വിൽപ്പനയ്ക്കുള്ള അവകാശം, എന്നിവ മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്ര ജലപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടത് അനിവാര്യമാണ്. കേരളത്തിന്റെ മത്സ്യബന്ധന മേഖലയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് വഴി ഒരുക്കുന്നതിന് അക്വേറിയൻ റിഫോംസ് നിയമമാക്കേണ്ടതുണ്ട്. സ്വന്തം അദ്ധ്വാനത്തിന്റെ ഫലമായി പിടിച്ചെടുക്കപ്പെടുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കാനും ആദ്യ വിപണനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുക എന്നതും ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യമാണ്. യന്ത്രവൽക്കരണത്തിലൂടെ വൻതോതിലുള്ള മൂലധന മുടക്ക് ഉണ്ടായ മത്സ്യമേഖലയിൽ, മത്സ്യത്തൊഴിലാളികളിൽ നിന്ന് മത്സ്യബന്ധന യാനങ്ങളുടെ അവകാശം കൈവിട്ട് പോയിക്കൊണ്ടിരിക്കുന്നു, ഒപ്പം അനിയന്ത്രിതമായ എണ്ണപ്പെരുക്കവും. ഈ അവസ്ഥക്ക് ശാശ്വത പരിഹാരമാക്കുന്നതിന് മത്സ്യ ബന്ധനയാനങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കായി ഉറപ്പാക്കേണ്ടതുണ്ട്.

**വിപണിയിലെ ഇടപെടലുകൾ**

മത്സ്യത്തിന്റെ കടപ്പുറത്തെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കായിരിക്കണം. ഉപഭോക്താവ് മത്സ്യത്തിന് നൽ കുന്ന വിലയുടെ ചെറുശതമാനം മാത്രമാണ് ഉല് പാദകരായ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാവുന്നത്. മത്സ്യത്തൊഴിലാളികളുടെയും ഉപഭോക്താക്കളുടേയും താല്പര്യം മുൻനിർത്തി മത്സ്യമേഖലയിൽ നിയന്ത്രിത മത്സ്യവിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമങ്ങൾ ആവശ്യമാണ്. മത്സ്യം എന്ന ഉത്പന്നതിന്റെ സവിശേഷമായ പ്രശ്നങ്ങൾ കണക്കിലെടുത്ത് സംഭരണ സൗകര്യങ്ങൾ ഒരുക്കി താങ്ങുവില ലഭ്യമാക്കുക എന്നത് ആവശ്യമാണ്.

മത്സ്യ വിപണനരംഗത്ത് ആധുനികവൽക്കരണവും, വിപണനരീതികളിൽ കാലാനുസൃതമായ മാറ്റവും അനിവാര്യമാണ്. മുനിസിപ്പൽ – കോർപ്പറേഷൻ പരിധിയിലും ഗ്രാമ പഞ്ചായത്തുകളിലും ആധുനിക മത്സ്യമാർക്കറ്റുകൾ, ശുചിയായ മത്സ്യ ബൂത്തുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത

ഉറപ്പാക്കുന്നതിനും കഴിയണം. മത്സ്യ ബൂത്തുകളെ മത്സ്യബന്ധന തുറമുഖങ്ങളുമായും മാർക്കറ്റുകളുമായും ബന്ധിപ്പിക്കുന്ന ശീതശൃംഖല യാഥാർത്ഥ്യമാക്കണം.

## പുതിയ മേഖലകളിലേയ്ക്ക്

ആഴക്കടൽ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ ആ മേഖലയുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ഈ രംഗത്ത് മത്സ്യത്തൊഴിലാളികളുടെ കഴിവ് വികസിപ്പിക്കുന്നതിനുള്ള പരിശീലന സൗകര്യങ്ങൾ അനിവാര്യമാണ്. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ മുടക്കം കൂടാതെ നടക്കണം.

കടലിൽ നിന്നുള്ള മത്സ്യോത്പാദനത്തിൽ പരിമിതികളുള്ള സാഹചര്യം കണക്കിലെടുത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അതിന്റെ പുതു മൂല്യ സൃഷ്ടിയുടെ പ്രയോജനം മത്സ്യത്തൊഴിലാളി സമൂഹത്തിന് ലഭ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പാക്കണം. ഇതിനാവശ്യമായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ഇവ പ്രയോജനപ്പെടുത്താനുള്ള തൊഴിൽ വൈദഗ്ധ്യ പരിശീലനങ്ങൾ ഇവർക്ക് ലഭ്യമാക്കുകയും വേണം.

ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം അവയുടെ ഗുണമേന്മയും ശുചിത്വ നിലവാരവും വർദ്ധിപ്പിക്കുന്നതിനും പരിപാലന സംവിധാനങ്ങളിൽ മത്സ്യത്തൊഴിലാളികളുടേയും മറ്റും പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

## ക്ഷേമം - സമാശ്വാസം - കടൽ സുരക്ഷ

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് കയറ്റുമതിക്കാരിൽ നിന്ന് വിഹിതം പിരിക്കുന്നതിന് നിയമ നിർമ്മാണം നടത്തിയെങ്കിലും പിരിച്ചെടുക്കാൻ കഴിയുന്നില്ല എന്ന വസ്തുത തിരിച്ചറിഞ്ഞ് സെസ്സ് പിരിച്ചെടുക്കുന്നതിന് നടപടി ക്രമങ്ങൾ കുറ്റമറ്റതാക്കേണ്ടതുണ്ട്. സമാശ്വാസപദ്ധതികൾ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കും ലഭ്യമാക്കുകയും വിതരണം കാര്യക്ഷമമാക്കാൻ ബാങ്കുകളുമായി ബന്ധിപ്പിക്കുകയും വേണം.

മത്സ്യമേഖലയിൽ എല്ലാവർക്കും വീട്, ശുചിത്വമുള്ള കക്കൂസ്, വൈദ്യുതി, കുടിവെള്ളം, ആരോഗ്യകരമായ പരിസരം എന്നിവ ലക്ഷ്യം വെയ്ക്കുന്ന സമഗ്രമായ പാർപ്പിട പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. സമഗ്ര മത്സ്യ ഗ്രാമ വികസന പദ്ധതികളും ഇതിനായി ആവിഷ്കരിക്കേണ്ടതുണ്ട്. ആരോഗ്യ, വിദ്യാഭ്യാസരംഗങ്ങളിൽ മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് പ്രത്യേക തീരദേശ പാക്കേജുകൾ ആവശ്യമാണ്.

കടാശ്വാസ നടപടികളിലൂടെ മോചിതരാവുന്ന മത്സ്യത്തൊഴിലാളികൾ വീണ്ടും കടകെണിയിൽ കുടുങ്ങാതിരിക്കാൻ ഔപചാരിക പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും പണലഭ്യത ഉറപ്പാക്കാനും അത് ഉപജീവന മാർക്ഷങ്ങൾക്ക് പ്രയോജനപ്പെടുത്താനും കഴിയുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം. വർക്കിംഗ് ക്യാപ്പിറ്റൽ ഫോർ റിവോൾവിംഗ് ഫണ്ട്, പലിശരഹിതവായ്പ, തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കുകയും മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അതിന്റെ പ്രയോജനം ലഭ്യമാക്കുകയും വേണം.

മുഴുവൻ മത്സ്യത്തൊഴിലാളികളെയും സമഗ്ര കടൽസുരക്ഷാ പദ്ധതിയുടെ കീഴിൽ കൊണ്ടു വരണം. കടൽ സുരക്ഷാ പ്രവർത്തനത്തിൽ മത്സ്യത്തൊഴിലാളികളെ പങ്കാളികളാക്കണം. മത്സ്യമേഖലാ വികസന പദ്ധതികളെ ക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് മത്സ്യ വിജ്ഞാന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തണം. സമഗ്രമായ വിധത്തിൽ മത്സ്യമേഖലാ വിഭവ വിവരങ്ങളുടെ ശേഖരണം നടക്കണം.

## പുതിയ തൊഴിലവസര സാധ്യതകൾ

മത്സ്യത്തൊഴിലാളി സമൂഹത്തിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് തൊഴിൽ മേഖലയുടെ വൈവിദ്ധ്യവൽക്കരണം നടക്കണം. അതിനാവശ്യമായ സ്ഥാപനപരവും സംഘടനാപരവുമായ സംവിധാനങ്ങൾ രൂപപ്പെടുത്തണം, കൂടാതെ തീരപരിസ്ഥിതി പരിപാലനം, ശുചിത്വ പരിപാലനം, പൊതുജലാശയങ്ങളുടെ ശുദ്ധീകരണം, ബണ്ടുനിർമ്മാണം, വീടു നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളെ NREGS-മായി ബന്ധിപ്പിക്കുകയും മത്സ്യത്തൊഴിലാളികൾക്കുള്ള തൊഴിലുറപ്പുപദ്ധതിയാക്കി മാറ്റുകയും ചെയ്യണം. ഇത്തരം സംരംഭങ്ങളിൽ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുകയും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് പര്യാപ്തമായ പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം.

## ഉൾനാടൻ മത്സ്യ മേഖല

മത്സ്യകൃഷി വ്യാപനം, മത്സ്യ വിത്തുത്പാദനവും, മത്സ്യകേരളം ശക്തിപ്പെടുത്തൽ, സമഗ്ര മത്സ്യ ഗ്രാമ പദ്ധതികളുടെ വ്യാപനം, ജലസംഭരണികളിലെ മത്സ്യകൃഷി, ഏകീകൃത ഉൾനാടൻ ബിൽ, നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഫലപ്രദമായ നടപ്പാക്കൽ സംവിധാനങ്ങൾ, പുതിയ മത്സ്യകൃഷിരീതികളുടെ പ്രചരണം, വ്യാപനം, ജലപരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര പരിപാലനം എല്ലാം തന്നെ വിശദമായ പ്രവർത്തന പദ്ധതിയുടെ അടിസ്ഥാനത്തിൽ വികസിപ്പിച്ചെടു

ക്കേണ്ട മേഖലകളാണ്. നൂതന സാങ്കേതിക വിദ്യയുടെ സഹായം പുതിയ കൃഷി രീതികൾ അവലംബിക്കുന്നതിനും പുതിയ മത്സ്യ ഇനങ്ങളെ കൃഷി ചെയ്യുന്നതിനും വേണ്ടുന്ന സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്. കർഷകർക്ക് യഥാസമയം മത്സ്യവിത്ത് ലഭ്യമാക്കു ന്നതിനുവേണ്ടി സർക്കാർ മേഖലയിലുള്ള മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവി ഷ്ക്കരിച്ച് നടപ്പാക്കുന്നതിനും മത്സ്യ/കൊഞ്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പി.സി.ആർ ലാബുകൾ ആരംഭിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രകൃതിക്ഷോഭവും മത്സ്യ രോഗങ്ങളും മൂലം മത്സ്യ കൃഷിക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് ഇൻ ഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തുവാൻ കഴി ഞ്ഞിട്ടുണ്ട്. മത്സ്യരോഗ നിർണ്ണയത്തിനും മത്സ്യ ത്തീറ്റ, മരുന്നുകൾ എന്നിവയുടെ ഗുണനിലവാര പരിശോധന, ജല പരിശോധന, മണ്ണു പരിശോധന എന്നിവയ്ക്കായി സംസ്ഥാന തലത്തിൽ ഒരു ലബോറട്ടറി സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

## സാമൂഹ്യ സംവിധാനങ്ങൾ

മത്സ്യത്തൊഴിലാളികളുടെ സഹകരണപ്രസ്ഥാ നം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും സഹകരണസംഘങ്ങ ളിൽ അംഗത്വം ലഭ്യമാക്കണം. ആഴക്കടൽ മത്സ്യബ ന്ധനത്തിന് മത്സ്യത്തൊഴിലാളി സഹകരണ സംഘ ങ്ങളെ പ്രാപ്തമാക്കണം.

സർക്കാർ സംവിധാനങ്ങളുടെ ഏകോപനം പഞ്ചായത്തുതല മത്സ്യഭ വനുകളിലൂടെ സാധ്യമാ ക്കുന്ന തരത്തിൽ ഒരു പുനഃസംഘടനയുടെ ആവശ്യം അംഗീകരിക്കപ്പെട്ടെങ്കിലും നടപടികൾ പൂർത്തീകരി ച്ചിട്ടില്ല. ഇത് അടിയന്തരമായി പ്രവർത്തിപഥത്തിലെ ത്തണം.

മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥ പരിഗ ണിച്ചു കൊണ്ട് തദ്ദേശഭ രണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിശ്ചിത അളവ് മാറ്റിവച്ചു കൊണ്ട് മത്സ്യമേഖല ഘടക പദ്ധതിക്ക് തുടക്കമിട ണം. വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളെ തദ്ദേശഭരണതലത്തിലുള്ള ഏകോപന ത്തിലൂടെ കൂടുതൽ ഫലപ്രദവും സുതാ ര്യവുമാക്കാൻ കഴിയണം.

## വനം

ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതി - കാലാ വസ്ഥാ സ്വഭാവങ്ങൾക്കനുസരിച്ച് മനുഷ്യന്റെ കാര്യമായ ഇടപെടലുകളൊന്നുമില്ലെങ്കിൽ, ജൈവ സമൂഹം പരിണമിച്ചെത്തിച്ചേരുന്ന ഉച്ചസ്ഥായി യാണ് വനം എന്ന പ്രതിഭാസം. ഒരു സാങ്കേതിക വിദ്യകൊണ്ടും മനുഷ്യന് പുനഃസൃഷ്ടിക്കാവു ന്നതല്ല വനം. തലമുറകൾ അവകാശികളായ ഈ സമ്പത്ത് സംരക്ഷിക്കുക ഇന്നത്തെ ഏറ്റവും വലിയ മനുഷ്യാ വകാശമാണ്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട 34 ജൈവ വൈവിധ്യ മേഖല കളിലൊന്നായ നമ്മുടെ പശ്ചിമഘട്ടമലനിരകളെ ലോകഹെറിറ്റേജ് ആയി പ്രഖ്യാപിക്കാന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. വൈവിധ്യങ്ങളുടെ കലവറയായ കേരളത്തിലെ മഴക്കാടുകൾ, കേരളത്തിന്റെ ജീവനാഡികളായ 44 നദികൾ ലോകത്തിലെ ഏറ്റവും പഴക്കമേറിയ തേക്ക് തോട്ടങ്ങൾ, ഇൻഡ്യയിലെ ആദ്യകാല റിസർച്ച് വന ങ്ങൾ ഇവയെല്ലാം നമ്മുടെ സംസ്ഥാനത്താണുള്ളത്. കേരള ത്തിന്റെ സമ്പദ്ഘടനയെ കാര്യമായി സ്വാധീനി ക്കുന്ന തോട്ടവിളകളായ ഏലം, റബ്ബർ, കാപ്പി, തേയില തുടങ്ങിയവയുടെ ഉൽപ്പാദനത്തിലും വനങ്ങൾ നൽകുന്ന പങ്ക് വളരെ വലുതാണ്. ടൂറിസം മേഖല യുടെ വളർച്ചയ്ക്കും വനത്തിന്റെ പങ്ക് ചെറുതല്ല. വനങ്ങൾ പോലെ അങ്ങേയറ്റം പ്രാധാന്യമുള്ളതും, എന്നാൽ വേണ്ടത്ര പരിഗണനകൾ ലഭിക്കാത്ത തുമായ ആവാസ വ്യവസ്ഥകളായ ചതുപ്പുനിലങ്ങൾ, തണ്ണീർ തടങ്ങൾ, കണ്ടൽ വനങ്ങൾ, കാവുകൾ, കായലുകൾ, അഴിമുഖങ്ങൾ എന്നിവിടങ്ങളും ജൈവ വൈവിധ്യങ്ങ ളുടെ വമ്പൻ ശേഖരമാണ്.

നമ്മുടെ നാളത്തെ ആവശ്യങ്ങൾക്കു മാത്ര മല്ല ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനു തന്നെ വനങ്ങളെ പരിരക്ഷിച്ചേ പറ്റു. ആഗോളതാപനത്തിന്റെ കെടുതി കൾ ലോകത്തിന്റെ പല ഭാഗങ്ങളിലും രൂക്ഷമായി അനുഭവപ്പെട്ടു തുടങ്ങി യിരിക്കുന്നു. താളം തെറ്റിയ കാലാവസ്ഥയുടെ വിളയാട്ടം നമ്മുടെ രാജ്യവും അഭിമുഖീകരിക്കുക യാണ്. പശ്ചിമഘട്ടനിരകൾ വൻദുരന്തത്തിനിരയാ വുമെന്ന സൂചനകൾ അതീവ ഗൗരവത്തോടെ കാണേണ്ടതുണ്ട്. മണ്ണൊലിപ്പിനും നീർവാഴ്ചയ്ക്കും സാധ്യത കൂടിയ ചരിവുള്ള കേരളത്തിൽ, പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് ഈ പ്രദേശത്തിന്റെ വ്യാപ്തി കൂടുതലായിരിക്കണം. വനങ്ങൾ തീരുമാനിച്ച കാലാവസ്ഥയിലാണ് ഇവി ടത്തെ ജനജീവിതവും കൃഷിയും ഇതുവരെ നില നിൽക്കുന്നത്. ഈ സത്യങ്ങൾ ഉൾക്കൊണ്ടു കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വനസംരക്ഷണത്തിനായി വിട്ടുവീഴ്ചയി ല്ലാതെ നിലകൊള്ളുന്നത്. ഈ സർക്കാറിന്റെ കീഴിൽ കേരളത്തിലെ റിസർവ്വ് വനവിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായി. കൂടുതൽ സംരക്ഷിത പ്രദേ ശങ്ങൾ നിലവിൽ വന്നു. സോഷ്യൽ ഫോറസ്ട്രി സങ്കൽപ്പങ്ങൾ പൊളിച്ചെഴുതി. *എന്റെ മരവും, ഹരിത തീരവും വഴിയോരത്തണലും* അതിന്റെ അടയാള വാക്യങ്ങ ളാണ്. തടിയിതര വനവിഭാഗങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വനശ്രീ പദ്ധതിയും തുടങ്ങുകയുണ്ടായി. അങ്ങനെ ജനങ്ങൾക്കും രാജ്യതാത്പര്യത്തിനും ഹിതകര

മാക്കുന്ന ഒരു വനസംരക്ഷണ -പരിസ്ഥിതിക സമീപനം മുന്നോട്ടു വയ്ക്കുക യാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെയ്തിട്ടുള്ളത്. സംസ്ഥാന ചരിത്രത്തിൽ ആദ്യ മായി സമഗ്ര വനനയം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ സർക്കാർ നടപടികൾ കൈക്കൊണ്ടു. സംസ്ഥാനത്തെ സ്വാഭാവിക വനങ്ങൾ ഭാവി തലമുറയ്ക്കുവേണ്ടി സംരക്ഷിക്കുക, ആദിവാസികളേയും വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മറ്റുവിഭാഗങ്ങളുടേയും ജീവിതവൃത്തി നിറവേറ്റുക, ഫോറസ്റ്റ് പ്ലാന്റേഷനുക ളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക, വനഭൂമിയിലും പുറത്തും വൃക്ഷങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക, പാരിസ്ഥിത പ്രാധാന്യമുള്ള പ്രദേശങ്ങൾ സംരക്ഷി ക്കുക എന്നിവയാണ് വനനയത്തിന്റെ പ്രധാന ലക്ഷ്യ ങ്ങൾ.

ഒരിഞ്ചു കാടും ഇനി കൈയ്യേറ്റം ചെയ്യപ്പെടരു തെന്നും ഒരു മരവും ഇനി കൊള്ളക്കാർ വീഴ്ത്ത രുതെന്നും ആഗ്രഹിക്കുന്ന ഒരു ജനതയുടെ നില പാടാണ് ഈ സർക്കാർ നിറവേറ്റിയിട്ടുള്ളത്. കാടിന്റേയും പരിസ്ഥിതിയുടേയും സംരക്ഷണം സർക്കാർ നടപടികൾകൊണ്ടു മാത്രം സാധ്യമാ കുന്ന ഒന്നല്ല. ആദിവാസികളേയും കർഷകരേയും വന സംരക്ഷണശ്രമങ്ങളുമായി ചേർത്തു നിറു ത്തുന്നതിന് വനംവകുപ്പ് ശ്രമിക്കുകയാണ്. അഴി മതിയുടെ കഴിഞ്ഞ കാലത്തിന് മാറ്റം വരുത്തു വാൻ സർക്കാർ തുടക്കം മുതലേ ശ്രമിച്ചിരുന്നു സംരക്ഷിത പ്രദേശങ്ങളുടെ വിസ്തൃതി കൂടി വരുന്നു. നീലക്കുറിഞ്ഞി സാങ്ച്വറിയുടെ രൂപീകരണത്തി ലൂടെ ഈ പ്രദേശത്തെ പുൽമേടുകളിൽ കാണ പ്പെടുന്ന എണ്ണമറ്റ ജൈവ സമ്പത്തിനെ തകർക്കുന്ന അനധികൃത കൈയേറ്റങ്ങൾക്ക് തടയിടാൻ സാധിച്ചു. സൈലന്റ് വാലി ദേശീയോദ്യാ നത്തിന്റെ ചുറ്റുമുള്ള 148 ച.കി.മി വനമേഖലയെ അതിന്റെ ബഫർ സോണായി പ്രഖ്യാപിക്കുവാൻ സർക്കാറിനു കഴിഞ്ഞു. സൈലന്റ്‌വാലിയെ ബാഹ്യ ഇടപെടലു കളിൽ നിന്നും രക്ഷിക്കണമെന്നുള്ള അഭ്യർത്ഥന യാണ് ഇതുവഴി നടപ്പിലാക്കിയത്. ഇന്ത്യയുടെ വിവിധ മേഖലകളിൽ നമ്മുടെ ദേശീയമൃഗമായ കടുവകളുടെ എണ്ണം ഗണ്യമായി കുറയുമ്പോഴും കേരളത്തിലെ ഏക കടുവാ സങ്കേതമായ പെരിയാർ കടുവാസങ്കേതത്തിൽ അത് വർദ്ധിക്കുകയാണ്. കടുവാ സംരക്ഷണത്തിൽ കേരളം കാട്ടുന്ന മാതൃകാ പരമായ ഈ ശുഷ്കാന്തിക്കുള്ള അംഗീകാരമാണ് വന്യജീവി കളുടെ വിഹാരഭൂമിയായ പറമ്പിക്കുളം കേന്ദ്രമായി ആരംഭിക്കുവാൻ പോകുന്ന സംസ്ഥാ നത്തെ രണ്ടാമത്തെ കടുവ സങ്കേതം.

ശാസ്ത്രീയമായ വനപരിപാലനനയം ആവി ഷ്ക്കരിച്ചു നടപ്പാക്കേണ്ടത് കാർഷിക അഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനഭൂമി ചെറു ചെറു തുണ്ടങ്ങളായി മുറിഞ്ഞു കിടക്കുന്നതി നാൽ അതിവേഗം സങ്കോചിച്ചുവരികയാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ കാടുകളെ അഞ്ചു പ്രാദേശിക ഇക്കോവ്യൂഹങ്ങളായി സംയോജിപ്പിക്കേ ണ്ടതാണ്.

| | |
|---|---|
| അഷാംബു കുന്നു മുതൽ ചെങ്കോട്ട വരെ | ഏകദേശം 1000 ച.കി.മീ |
| ചെങ്കോട്ട മുതൽ കുമളി കമ്പം ചുരം വരെ | ഏകദേശം 2000 ച.കി.മീ |
| കുമളി മുതൽ നേര്യമംഗലം- ആലുവ റോഡുവരെ | ഏകദേശം 2000 ച.കി.മീ |
| നേര്യമംഗലം ആലുവ റോഡുമുതൽ പാലക്കാട് ചുരം വരെ | ഏകദേശം 1500 ച.കി.മീ |
| പാലാക്കാട് ചുരം മുതൽ വയനാടു വരെ | ഏകദേശം 2000 ച.കി.മീ |

ഈ ഓരോ വ്യൂഹത്തേയും 3 മേഖലകളായി തിരിക്കാം. ഏറ്റവും ഉളളിൽ ഒരു കാതൽ. ഇത് അസ്പൃശ്യമാക്കണം. ഒരു തരത്തിലുള്ള ചൂഷണവും ഇവിടെ പാടില്ല. ആൾതാമസവും ഇവിടെ പാടില്ല. ഉള്ളവരെ പൂർണ നഷ്ടപരിഹാരം നൽകി പുനരധി വസിപ്പിക്കണം. ഇതിനു ചുറ്റും ഒരു ശാസ്ത്രീയ ചൂഷ ണമേഖല. ഇവിടെ നിന്നു മാത്രമാണ്, വാർഷികോ ല്പാദനത്തിൽ കവിയാത്ത രീതിയിൽ, തടിവെട്ടു നട ത്തുക. ഇതിനു ചുറ്റുമായി ഒരു കുഷൻ മേഖല. ഇവിടെയുള്ള കാടുകൾ ചുറ്റുമുള്ള ജനങ്ങളുടെ വീട്ടാ വശ്യങ്ങൾക്ക് വിറകിനും മറ്റും കൂടി ഉപകരിക്കണം. ഇടയ്ക്കിടക്ക് ആൾപാർപ്പുമുണ്ടാകാം.

വനങ്ങളെപ്പോലെ പരിസ്ഥിതിസമ്പന്നമായ ജൈവ മേഖലകളാണ് കണ്ടൽക്കാടും നീർപക്ഷിക ളുമുള്ള അഴിമുഖങ്ങളും. മലപ്പുറം, കോഴിക്കോട് ജില്ലകളിൽപ്പെടുന്ന കടലുണ്ടിപ്പുഴയുടെ ഇത്തര ത്തിൽ സമൃദ്ധമായ നദിയോര ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും ഒപ്പം തദ്ദേശ വാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടാണ് സർക്കാർ വള്ളിക്കുന്ന് കമമ്യൂണിറ്റി റിസർവ്വ് രൂപീകരിച്ചത്.

സമൂഹം തന്നെ പരിസ്ഥിതിയുടെ രക്ഷകരാകുന്ന കമ്മ്യൂണിറ്റി റിസർവ്വ് എന്ന കാഴ്ചപ്പാട് ആദ്യമായാണ് രാജ്യത്ത് ആരംഭിക്കുന്നത്.

ജനവാസ മേഖലകളുടെ ശ്വാസകോശങ്ങളായി നിലകൊള്ളുന്ന കാവുകളെ സംരക്ഷിക്കാനും സർക്കാർ നടപടികളെടുത്തുവരികയാണ്. പാരിസ്ഥിതികമായും സാമ്പത്തിക മൂല്യം കൊണ്ടും സുപ്രധാനമായ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനും അവ കൂടുതൽ സ്ഥലങ്ങളിൽ വ്യാപിക്കുന്നനിനും നടപടികളാരംഭിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം തുടർച്ചയെന്നോളം താഴെപറയുന്ന പ്രവർത്തനങ്ങൾ ഭാവി പ്രവർത്തനങ്ങളിൽ പരിഗണിക്കപ്പെടണം.

വനഭൂമിയിലും പുറത്തും തനത് വൃക്ഷങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും വളരെ പ്രാധാന്യമേറിയതുമായ കണ്ടൽ വനങ്ങൾ, തണ്ണീർ തടങ്ങൾ, കാവുകൾ തുടങ്ങിയവ സുസ്ഥിരമായി പരിരക്ഷിക്കപ്പെടുകയും ചെയ്യുക.

ജീൻ പൂളുകൾ സംരക്ഷിക്കുകയും, പരിപാലിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.

ആദിവാസികൾ, പ്രാദേശിക വാസികൾ എന്നിവരുമായി മികച്ച ബന്ധം കെട്ടിപ്പടുത്തു കൊണ്ട് പഴുതുകളില്ലാതെ വനസംരക്ഷണത്തിന് പ്രാദേശിക വാസികളുടെ സഹായം കൂടി തേടുക.

പശ്ചിമഘട്ടത്തിലെ *"green gold"* ആയ ഔഷധ സസ്യങ്ങളുടെ മൂല്യം തിരിച്ചറിഞ്ഞ് ഗവേഷണം നടത്തുകയും ആദിവാസികളുടെ അറിവുകളെ ശാസ്ത്രീയമായി വികസിപ്പിച്ച് പേറ്റന്റ് ചെയ്യുന്ന പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.

കേരളത്തിലെ വനങ്ങളിലും വനങ്ങൾക്ക് പുറത്തുമുള്ള അപൂർവ്വ വൃക്ഷങ്ങളും വംശനാശം സംഭവിക്കാൻ സാധ്യതയുള്ള സഹജീവജാലങ്ങളെ കണ്ടെത്തി അവയെ മുൻഗണനാക്രമം നൽകി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക.

സർക്കാർ അധീനതയിലുള്ള തരിശുനിലങ്ങളിലും വനവൽക്കരണം നടത്തുന്നതിന്റെ സാധ്യത പരിശോധിക്കുക.

ദേശാടനപക്ഷികളുടേയും അവയുടെ ആവാസ കേന്ദ്രങ്ങളേയും സംരക്ഷിക്കുക.

ആദിവാസി പൈതൃക ഗ്രാമങ്ങൾ (Tribal Heritage Village) സ്ഥാപിക്കുക.

ഈറ്റ, ചൂരൽ തുടങ്ങിയ തടിയിതര വനോൽപന്നങ്ങളുടെ ഉൽപാദനം കുറഞ്ഞ സാഹചര്യത്തിൽ ഇവയുടെ വർദ്ധനയ്ക്കായി പദ്ധതികളാവിഷ്കരിക്കുക.

## ജലവിഭവപരിപാലനവും വികസനവും

കേരളം ജലവിഭവസാന്നിദ്ധ്യത്താൽ അനുഗ്രഹീതമായ ഭൂപ്രദേശമാണ്. എന്നാൽ ജലലഭ്യതയുടെ കാര്യത്തിൽ സംസ്ഥാനം അതിസമ്പന്നമാണ് എന്ന ധാരാണ തെറ്റാണ്. എണ്ണമറ്റ ജലാശയങ്ങളുടെയും, 44 നദികളുടെയും സാന്നിദ്ധ്യം, ദേശീയ ശരാശരിയുടെ മൂന്നു ഇരട്ടിയോളം വരുന്ന മഴ ലഭ്യത (3000 mm), എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും കാണുന്ന പച്ചപ്പു തുടങ്ങിയവയാണ് ജലലഭ്യതയുടെ കാര്യത്തിൽ കേരളം അതിസമ്പന്നമാണ് അഥവാ മിച്ച ജലസംസ്ഥാനമാണ് എന്ന തെറ്റിധാരണ സംസ്ഥാനത്തിനു പുറത്തും അകത്തും പ്രചരിക്കാൻ കാരണം. പക്ഷെ കേരളത്തെ ജലവിഭവങ്ങളുടെ കാര്യത്തിൽ ഞെരുക്കം (Stress) അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ കൂട്ടത്തിലാണ് ഇതുസംബന്ധിച്ച വിദഗ്ധ പഠനങ്ങൾ ഉൾപ്പെടുത്തുന്നത്. കേരളത്തിന്റെ ആളോഹരി ജല ലഭ്യത 12,500 lpcd) അഖിലേന്ത്യാ ശരാശരിയേക്കാൾ (15,600 lpcd) വളരെ താഴ്ന്നതാണ് എന്നാണ് ഇതു സംബന്ധിച്ച കണക്കുകൾ കാണിക്കുന്നത്. പ്രതിശീർഷ ജലലഭ്യതയുടെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം രാജസ്ഥാനെക്കാൾ (16,000 lpcd) താഴ്ന്നതാണ് എന്നു പറഞ്ഞാൽ പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാവും. മഴ ലഭ്യത കൂടുതലാണെങ്കിലും കേരളത്തിന്റെ ജനസാന്ദ്രത ദേശീയ ശരാശരിയുടെ രണ്ടര ഇരട്ടിയിലധികമാണ് തുടങ്ങിയ ഘടകങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള പഠനങ്ങളാണ് ജലലഭ്യത സംബന്ധിച്ചു കൂടുതൽ യാഥാർത്ഥ്യബോധമുള്ള ചിത്രം പുറത്തുകൊണ്ടു വന്നത്. കേരളത്തിലെ നദികളിലെ സ്വാഭാവികമായ ഒഴുക്കിന്റെ നാൽപ്പതു ശതമാനമെങ്കിലും നിലനിർത്തിയില്ലെങ്കിൽ കടൽ വെള്ളം നദികളിലേക്കു കയറുന്നതുമൂലമുള്ള പ്രശ്നം രൂക്ഷമാവും എന്നാണ് വിദഗ്ധമതം. നദികളിലെ വെള്ളം മറ്റ് ആവശ്യങ്ങൾക്കു തിരിച്ചുവിടുന്നതിന് പരിമിതിയുണ്ട് എന്നർത്ഥം. ഇതുപോലെയുള്ള മറ്റു നിരീക്ഷണങ്ങളും ജലസുഭിക്ഷത സംബന്ധിച്ച വീണ്ടുവിചാരത്തിന് കാരണമായിട്ടുണ്ട്. ജലലഭ്യതയുടെ കണക്കുകൾ സംബന്ധിച്ച വിശദാംശങ്ങളും, തർക്കങ്ങളും എന്തുതന്നെ ആയിരുന്നാലും ഒരു കാര്യം വ്യക്തമാണ്: അങ്ങേയറ്റം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഭവവിശേഷമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ജലം. ഏതാണ്ട് എല്ലാ വേനൽകാലത്തും കേരളത്തിൽ പരക്കെ അനുഭവപ്പെടുന്ന വരൾച്ച, കുടിവെള്ളക്ഷാമം, ഓരുകയറ്റം, ജലമലിനീകരണം, ദിനംപ്രതിയെന്നോണം വർദ്ധിക്കുന്ന ഉപയോഗം തുടങ്ങിയവയൊക്കെ കൂടുതൽ ആസൂത്രിതമായ ഒരു സമീപനത്തിന്റെ പ്രാധാന്യം അടിവരയിടുന്നു. ഈ ലക്ഷ്യം മുൻനിർത്തികൊണ്ടാണ് 2008

ലെ ജലനയത്തിനു രൂപം നൽകിയത്. ശാസ്ത്രീയമായ ജലവിനിയോഗവും, ജലസംരക്ഷണവും ഉറപ്പു വരുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നയസമീപനങ്ങളുമാണ് ഈ ജലനയത്തിന്റെ ഉള്ളടക്കം. ജലത്തെ കമ്പോളവത്കരിക്കുന്നതിനു എതിരായ സമീപനം കൈക്കൊള്ളുന്നു എന്നതാണ് കേരളത്തിന്റെ ജലനയത്തിന്റെ പ്രധാന സവിശേഷതകളിൽ ഒന്ന്.

ശാസ്ത്രീയമായ ജലവിഭവ സംരക്ഷണവും വിനിയോഗവും നിലവിലുള്ള സ്ഥാപന – ഭരണ സംവിധാനങ്ങളിലും വികസന പരിപാടികളിലും അവയുടെ നടത്തിപ്പിലും വലിയ മാറ്റം ആവശ്യപ്പെടുന്നുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന സംവിധാനമാണ് ഇത്തരം മാറ്റം ആവശ്യപ്പെടുന്ന ഒരു പ്രധാന മേഖല.

**ജലസേചനം**

കേരളത്തിലെ ജലസേചന നയം മുൻകാലത്ത് വൻകിട പദ്ധതികൾക്കാണ് മുൻതൂക്കം നൽകിയിരുന്നത്. വൻകിട പദ്ധതികൾ കേരളത്തിന്റെ ഭൂപ്രകൃതിയ്ക്കും, വിളക്രമത്തിനും, കൃഷിരീതികൾക്കും യോജിച്ചതല്ല എന്നത് ഇപ്പോൾ തർക്കങ്ങൾക്ക് അതീതമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാര്യമാണ്. വൻകിട പദ്ധതികളുടെയും കനാൽ സമ്പ്രദായത്തിന്റെയും അസ്വീകാര്യത സംബന്ധിച്ച് ഒരു തർക്കത്തിനും ഇനി പ്രസക്തിയില്ല. ഈ വൻകിട പദ്ധതികൾ വേണ്ട എന്ന തീരുമാനത്തിലേക്കു കേരളം ഒൻപതാം പദ്ധതി മുതൽ എത്തിച്ചേർന്നതിന്റെ പശ്ചാത്തലം മേൽപ്പറഞ്ഞതാണ്. കാലാകാലങ്ങളിൽ കൃഷിയുമായിയാതൊരു ബന്ധവുമില്ലാത്ത താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ വൻകിട പദ്ധതികൾക്കുവേണ്ടി സമ്മർദ്ദം ഉയരാറുണ്ട്. ഇതു പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. പുതിയ വൻകിട പദ്ധതികൾക്കു വേണ്ടി മുൻകാലത്തു നടത്തിയ സർവ്വേ നടപടികളും, ഇൻവെസ്റ്റിഗേഷനും, കേന്ദ്ര ഫണ്ടിന്റെ ലഭ്യതയും മറ്റും അനാവശ്യപദ്ധതികൾ തുടങ്ങാനുള്ള ന്യായീകരണം ആവരുത്.

മുൻകാലത്ത് തുടങ്ങിപ്പോയതും ഇപ്പോഴും പണി പൂർത്തിയാകാത്തതുമായ പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനു പ്രത്യേക പരിഗണന വേണം. പൂർത്തിയാവാതെ പണി ഇപ്പോഴും തുടരുന്ന മൂവാറ്റുപുഴ, കാരാപ്പുഴ, ചമ്രവട്ടം എന്നീ പദ്ധതികൾ എല്ലാം തന്നെ ഏതാണ്ടു മുപ്പതു വർഷങ്ങൾക്കു മുൻപു തുടങ്ങിയവയാണ്. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കി പണിതീരാതെ കിടക്കുന്നവയിലേക്കു പണം കൂടുതൽ നൽകിയതു വഴി ഈ പ്രോജക്ടുകളുടെ പണി ഏറെ പുരോഗമിച്ചിട്ടുണ്ട്. അവ പൂർത്തീകരിച്ചു എത്രയും വേഗം കമ്മീഷൻ ചെയ്യാൻ കഴിയണം. തുടക്കത്തിൽ വിഭാവനം ചെയ്യാത്ത സബ് കനാലുകളും, റോഡും മറ്റും ഏറ്റെടുത്ത് പ്രവർത്തികൾ വൈകിപ്പിക്കുന്ന സമീപനം അവസാനിപ്പിക്കണം. വിളക്രമത്തിൽ വന്ന മാറ്റത്തിന്റെ ഫലമായി വലിയ പ്രയോജനം ചെയ്യില്ല എന്ന വ്യക്തമായ സബ് കനാലുകളും മറ്റും ഉപേക്ഷിക്കുന്ന കാര്യത്തിലും അഭിപ്രായ ഐക്യം ഉണ്ടാക്കാൻ ശ്രമിക്കാവുന്നതാണ്.

പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പദ്ധതികളുടെയും കനാലുകളുടെയും ജലസേചന ക്ഷമതയും ഉപയോഗവും ഉയർത്തുന്നതിനും ഭാവി പരിപാടികളിൽ മുൻഗണന ലഭിയ്ക്കണം. സംസ്ഥാനത്തെ ജലസേചന പദ്ധതികളിൽ ഏറിയ കൂറും നെൽകൃഷിയെ ലക്ഷ്യമാക്കി ആസൂത്രണം ചെയ്തവയാണ്. പല പദ്ധതികളുടെയും അയക്കെട്ട് പ്രദേശത്ത് ഉണ്ടായിരുന്ന നെൽവയലുകൾ കാലക്രമത്തിൽ അപ്രത്യക്ഷമായി. അവശേഷിക്കുന്ന ഏലകളിൽ നെൽകൃഷിയ്ക്ക് വെള്ളം എത്തിക്കുന്നതോടൊപ്പം ഇതര വിളകൾക്കും വെള്ളം നൽകാൻ കഴിയുന്ന തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാവണം. ഇപ്പോൾ ആരംഭിച്ചിട്ടുള്ള ബഞ്ച് മാർക്കിംഗ് പ്രവൃത്തികൾ താമസംവിനാ എല്ലാ പദ്ധതികളിലും നടപ്പിലാക്കണം.

നിലവിലുള്ള ജലസേചനപദ്ധതികളും കനാലുകളും ഇന്നു ജലസേചനത്തിനു ഉപരിയായോ ജലസേചനത്തിനോടൊപ്പമോ കുടിവെള്ള ആവശ്യങ്ങൾക്കു ഉപയോഗിക്കപ്പെടുന്നുണ്ട്. വേനൽക്കാലത്ത് കനാലുകൾ വഴി വെള്ളം തുറന്നുവിടുമ്പോൾ കിണറുകൾ നിറയുന്ന അനുഭവം വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കുടിവെള്ളത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ജലസേചന പദ്ധതികളിലെ വെള്ളം കുടിവെള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നതിനേക്കുറിച്ച് പഠനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

വൻകിട പദ്ധതികളെ അപേക്ഷിച്ചു വളരെ കുറച്ച് മൂലധനനിക്ഷേപം മാത്രമെ കേരളത്തിൽ ചെറുകിട പദ്ധതികൾക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ലഭിച്ചിരുന്നുള്ളൂ. എന്നാൽ കൃഷിയ്ക്കു വെള്ളം ലഭ്യമാക്കുന്ന കാര്യത്തിൽ ചെറുകിട പദ്ധതികൾ വൻകിട പ്രോജക്ടുകളെ അപേക്ഷിച്ചു ഒട്ടും പുറകിലല്ല. ഏഴാം പദ്ധതി മുതലാണ് ചെറുകിട പദ്ധതികൾക്കു പരിഗണന ലഭിച്ചു തുടങ്ങിയത്. ഒൻപതാം പദ്ധതിയും, ജനകീയാസൂത്രണവും വന്നതോടെ ചെറുകിട പദ്ധതികൾക്കു മുൻപില്ലാത്ത പ്രാധാന്യം കൈവന്നു. ഭാവിയിൽ ചെറുകിട പദ്ധതികൾക്കു മുൻഗണന നൽകാൻ കഴിയണം.

സംസ്ഥാനത്ത് ഇപ്പോൾ 418 ലിഫ്റ്റ് ഇറിഗേഷൻസ് സ്കീമുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികൾ കൃഷിക്കാർക്കു സ്വീകാര്യമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കാലപ്പഴക്കം കാരണം

ഇവയിൽ നല്ല പങ്കും നവീകരണത്തിനു സമയം അതിക്രമിച്ചവയാണ്. സംസ്ഥാന സർക്കാർ 103 കോടി രൂപ അടങ്കലുള്ള ഒരു നവീകരണ പരിപാടി ഇതിലേക്കായി നടപ്പിലാക്കി വരുകയാണ്. കൃഷിക്കാരുടെ കൂടി അറിവോടും പങ്കാളിത്തത്തോടും കൂടി ഈ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്.

ജലസേചനരംഗത്തെ പുതിയ പ്രവർത്തനങ്ങൾ നൂതനമായ കാഴ്ചപ്പാടോടുകൂടി ഏറ്റെടുക്കേണ്ടതുണ്ട് എന്നു നേരത്തെ സൂചിപ്പിച്ചു. ഇക്കാര്യത്തിൽ 2008 ലെ ജലനയമായിരിക്കണം അടിസ്ഥാന പ്രമാണം. ജലസേചനരംഗത്തു കൃഷിയും, കൃഷിക്കാരനുമായിരിക്കണം കേന്ദ്രസ്ഥാനം അലങ്കരിക്കുക. ജലസേചനപദ്ധതികൾ ഉള്ള സ്ഥലത്ത് കൃഷിയില്ല, കൃഷിയുള്ള സ്ഥലത്ത് ജലസേചനവുമില്ല എന്ന സ്ഥിതി ഇപ്പോൾ പല ജില്ലകളിലും ഉണ്ട്. കൃഷിയും, കൃഷിക്കാരനും ആവശ്യപ്പെടുന്ന സ്ഥലത്തും, സമയത്തും അളവിലും വെള്ളം ലഭ്യമാക്കുന്ന തരത്തിൽ ഈ രംഗത്തെ വികസന ഏജൻസികളുടെ പ്രവർത്തനം ക്രമീകരിക്കണം.

നദീതടങ്ങളേയും, നീർത്തടങ്ങളെയും അടിസ്ഥാനമാക്കി സ്ഥല-ജലപരിപാലനം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന തരത്തിലേക്കു ഈ രംഗത്തെ വികസന വകുപ്പുകളുടെയും, ഏജൻസികളുടെയും പ്രവർത്തനം പുനഃക്രമീകരയണം. നദീതടവികസനപദ്ധതികളിൽ മണ്ണുവാരലിൽ നിന്നും ഇതര പരിസ്ഥിതി വിരുദ്ധ ഇടപെടലുകളിൽ നിന്നും നദീ വ്യവസ്ഥകളെ സംരക്ഷിക്കുന്നതിനുള്ള പരിപാടി വേണം.

പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പ്രാദേശിക ഗവൺമെന്റുകളുടെയും, ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കണം. പുതിയ ജലനയത്തിന്റെ നടത്തിപ്പിന് ഉതകുന്ന തരത്തിൽ ജലസേചനവകുപ്പ് പുനഃസംഘടിപ്പിക്കണം. ജലസേചനവകുപ്പിലെ ഉദ്യോഗസ്ഥരെ കൃഷിക്കാരോടുള്ള ഉത്തരവാദിത്വം പാലിക്കുന്നതിനു നിർബന്ധിതമാക്കുന്ന തരത്തിലുള്ള ക്രമീകരണങ്ങൾ ആവശ്യമാണ്. ഓരോ ഏലായിലെയും കാർഷികപദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്കു പങ്കാളിത്തവും ഉത്തരവാദിത്വവും ഉണ്ടാവണം.

നീർത്തടാധിഷ്ഠിതവും നദീതടാധിഷ്ഠിതവുമായ വികസനപരിപാടികൾ ഏറ്റെടുക്കാനും ആസൂത്രണം ചെയ്ത് നടപ്പാക്കാനും തടസം നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് വികസന ഏജൻസികളുടെ ആധിക്യമാണ്. നീർത്തടാധിഷ്ഠിത വികസനത്തിന്റെ രംഗത്ത് തന്നെ ഏകദേശം അരഡസൻ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ ജലനയത്തിന്റെ ചട്ടക്കൂടിൽ നിന്നു വിവിധ ഏജൻസികളുടെയും പ്രവർത്തനങ്ങളുടെയും ഏകോപനം സാധ്യമാക്കുകയാണ് വേണ്ടത്. സ്ഥലജല വിഭവമാനേജുമെന്റിന്റെ കാര്യത്തിൽ ഉണ്ടാകേണ്ട ഈ പുതിയ സമീപനത്തിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയണമെങ്കിൽ വൻകിട പദ്ധതികളോട് അമിതമായ ആഭിമുഖ്യം പുലർത്തുന്ന ബന്ധപ്പെട്ട വകുപ്പുകളുടെ കാഴ്ചപ്പാടിൽ മാറ്റം വരണം.

വെള്ളപ്പൊക്കം തടയുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കപ്പെടേണ്ടതുണ്ട്. വെള്ളപ്പൊക്കം നേരിടുന്നതിനുള്ള പ്രവർത്തനങ്ങളും നദീതടവികസന പദ്ധതികളുമായി ഉദ്ഗ്രഥിക്കപ്പെടണം. വെള്ളപ്പൊക്ക സാദ്ധ്യത ശാസ്ത്രീയമായി പഠിക്കുന്നതിനു പ്രാദേശിക ഗവൺമെന്റുകളുടെ പങ്കാളിത്തത്തോടുകൂടി വെള്ളപ്പൊക്കമാപ്പിംഗ് നടത്തണം.

കേരളത്തിന്റെ തീരപ്രദേശം നേരിടുന്ന കടലാക്രമണ ഭീഷണിയെ അതിജീവിക്കുന്നതിനും പുതിയ സമീപനങ്ങൾ ആവശ്യമാണ്. കാലാവസ്ഥാ വ്യതിയാനവും, ആഗോള താപനവും, സുനാമി പോലുള്ള പ്രതിഭാസങ്ങളും തീരദേശസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ട്. തീരദേശ സംരക്ഷണരംഗത്തു കൂടുതൽ ഗവേഷണ - പഠനപ്രവർത്തനങ്ങൾ ഏറ്റെടുക്കപ്പെടേണ്ടതുണ്ട്. ഈ രംഗത്ത് ലോകത്തിന്റെ ഇതര പ്രദേശങ്ങളിൽ നടക്കുന്ന പഠനങ്ങളുടെയും പരീക്ഷണങ്ങളുടെയും അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ഇടപെടലുകൾ ആവശ്യമാണ്.

അന്തർസംസ്ഥാന നദീജല തർക്കങ്ങളിൽ കേരളത്തിന്റെ തത്വാധിഷ്ഠിതവും ജാഗ്രതയോടുകൂടിയതുമായ സമീപനം തുടരണം. ഈ രംഗത്ത് കഴിഞ്ഞ നാലുവർഷക്കാലം ഉണ്ടാക്കിയ നേട്ടങ്ങൾ തുടരാൻ കഴിയണം. അയൽ സംസ്ഥാനങ്ങളുടെ ന്യായമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളുടെ സുരക്ഷയും, കേരളത്തിന്റെ വികസന താൽപ്പര്യങ്ങളും അവഗണിക്കപ്പെടുന്നില്ല എന്നു ഉറപ്പുവരുത്തണം.

## കുടിവെള്ളം

കേരളത്തിലെ ശരാശരി മഴ ലഭ്യത (3000 മി.മീറ്റർ) വളരെ ഉയർന്നതാണെങ്കിലും മഴയുടെ സ്ഥലകാല വ്യതിയാനം, ജലവിനിയോഗരീതിയിലെ മാറ്റങ്ങൾ, ജലസ്ത്രോതസുകളുടെ നശീകരണം, ജലമലിനീകരണം തുടങ്ങിയ കാരണങ്ങളിൽ ശുദ്ധജലമേഖല വലിയ വെല്ലുവിളി നേരിടുകയാണ്. വർഷത്തിൽ 6 മാസം കൊണ്ട് 85 ശതമാനം മഴയും പെയ്തൊഴിയുന്ന സംസ്ഥാനത്തെ പ്രതികൂല സ്ഥിതിയെ കാലാവസ്ഥാ വ്യതിയാനമെന്ന സങ്കീർണത കൂടുതൽ രൂക്ഷമാക്കും. ഇത് കേരളത്തിലെ മാത്രം പ്രശ്നമല്ല. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും

സുരക്ഷിതമായ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. ഇപ്പോഴത്തെ നിലയിൽ കാര്യങ്ങൾ നീങ്ങിയാൽ 2025-ാംമാണ്ടോടെ ഭൂമിയിലെ ജലസമ്പത്തു മൂന്നിലൊന്നായി കുറയുമെന്നാണ് വിദഗ്ധപഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇത് ജലാവകാശങ്ങൾക്കു വേണ്ടിയുള്ള സംഘർഷങ്ങൾ വർദ്ധിപ്പിക്കുകയും സമാധാനം തന്നെ തകരുന്ന സ്ഥിതിക്ക് കാരണമാവുകയും ചെയ്യും.

പ്ലാച്ചിമടയിലും പുതുശ്ശേരിയിലുമുള്ള ജനങ്ങൾ അവരുടെ മണ്ണിൽ ഊറുന്ന വെള്ളത്തിനായി നിയമയുദ്ധങ്ങളും സമരപോരാട്ടങ്ങളും നടത്തുന്ന സ്ഥിതിയിലാണ് ഇടതുജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലെത്തിയത്. ഈ സമരങ്ങൾക്ക് കാരണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രീയവും ക്രിയാത്മകവുമായ സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറായി. പുരാതനമായ അണക്കെട്ടിന്റെ പേരിൽ കേരളത്തിലെ ഏറ്റവും വലിയ നദീതടങ്ങളിലൊന്നിലെ ജനങ്ങളാകെ ഭീതിയിലും ആശവെടിഞ്ഞ അവസ്ഥയിലുമായിരുന്നെങ്കിൽ, ഇടതുപക്ഷ സർക്കാരിന്റെ വളരെ പ്രായോഗികവും സമർത്ഥവുമായ ഇടപെടൽ ഇന്ന് ആ ജനങ്ങളുടെ ആശങ്കയകറ്റുന്ന സ്ഥിതിയിലേക്കെത്തിച്ചിരിക്കുന്നു. ഇതോടൊപ്പം ഇന്ത്യയിലെ ഏറ്റവും പുരോഗമനപരമെന്നു വിശേഷിപ്പിക്കാവുന്ന ജലനയത്തിന് രൂപം കൊടുത്തുകൊണ്ട് ജല മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഹ്രസ്വകാല ദീർഘകാല പരിപ്രേഷ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരം സാധ്യമാക്കുകയും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

ജലത്തെ പ്രാദേശിക പരിസ്ഥിതിവ്യൂഹത്തിന്റെ ഭാഗമായികണ്ടുകൊണ്ട് ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനൊരുപാധിയായാണ് ജലനയം തയാറാക്കിയിട്ടുള്ളത്. ജലം മനുഷ്യാവകാശമായി ഈ നയം അംഗീകരിച്ചു. ജലപരിപാലന ജലസംരംക്ഷണ പ്രവർത്തനങ്ങൾ ചെറുനീർത്തടാടിസ്ഥാനത്തിൽ നടത്തുന്നതിനും നദീതടത്തിന്റെ അടിസ്ഥാനത്തിൽ ജലവിനിയോഗം ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് ജല സുസ്ഥിരതക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കപ്പെട്ടു. കുടിവെള്ള ലഭ്യതയിലേയും വിതരണത്തിലേയും അസന്തുലിതാവസ്ഥ, പ്രാദേശിക സർക്കാരുകൾക്ക് ജലമേഖലയിലെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിലെ വീഴ്ചകൾ, ജല മലിനീകരണം, പരമ്പരാഗത ജലസ്ത്രോതസ്സുകളുടെ പാർശ്വവത്കരണം, കാർഷിക-ജലസേചന മേഖലകളിലെ പൊരുത്തമില്ലായ്മ, ഭൂപ്രകൃതിയനുസരിച്ച് ചെറുകിട ജലസേചന പദ്ധതികൾക്ക് നൽകേണ്ട പ്രാമുഖ്യം നൽകുന്നതിലുള്ള അപാകതകൾ, ജലമേഖലയിലെ സ്ഥാപന സംവിധാനങ്ങളിലെ പോരായ്മകൾ, അനുയോജ്യ സാങ്കേതിക വിദ്യകളുടെ പ്രയോഗം ഇവയെല്ലാം തന്നെ ജലനയത്തിൽ പരിഗണിക്കപ്പെട്ടു. ജലനയത്തിന്റെ കൂടുതൽ ശാസ്ത്രീയമായ സമീപനങ്ങളും പ്രവർത്തനങ്ങളും സംയോജിതമായി ഈ സർക്കാർ സ്വീകരിക്കുകയുണ്ടായി.

ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട് മൂന്ന് ഏജൻസികളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്; കേരള വാട്ടർ അതോറിറ്റി (KWA), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലനിധി (KRWSA), കൂടാതെ ഭൂഗർഭ ജലവകുപ്പിനും (GWD)ചെറുതെങ്കിലും നിർണ്ണായകമായ ഒരു സ്ഥാനം ഈ മേഖലയിലുണ്ട്. ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഏജൻസി വാട്ടർ അതോറിറ്റി തന്നെയാണ്. ഈ ഏജൻസികളുടെ പ്രവർത്തനഫലമായി ഇന്ന് ഏതാണ്ടെല്ലാ ജനങ്ങൾക്കും ഏതെങ്കിലുമൊരു മാർഗത്തിൽ ജലം ലഭ്യമാകുന്ന സ്ഥിതി നിലവിലുണ്ട്. 2009-ലെ ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ (NSSO) കണക്കനുസരിച്ച് കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ 78% വീടുകളിലും നഗര പ്രദേശങ്ങളിൽ 53% വീടുകളിലും കിണറുകളെയാണ് പ്രധാന കുടിവെള്ള സ്ത്രോതസായി ആശ്രയിക്കുന്നത്. ഇവയിൽ ഏതാണ്ട് പകുതിയോളം കിണറുകൾ സംരക്ഷിതമല്ല എന്ന സ്ഥിതിയും നിലനിൽക്കുന്നു. ഏതാണ്ട് 16% ഗ്രാമപ്രദേശങ്ങളിലും 42% നഗരപ്രദേശങ്ങളിലും പൈപ്പുവഴിയുള്ള ജലവിതരണത്തെയും 3-4% ജനങ്ങൾ കുഴൽകിണറുകളേയും കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിച്ചു വരുന്നു. ഇത് കാണിക്കുന്നത് ജലവിതരണശേഷി നഗര-ഗ്രാമങ്ങളിൽ യഥാക്രമം 84%, 65%, എന്നിങ്ങനെ ഉയർത്താനാവുമെങ്കിലും പൈപ്പുവഴിയുള്ള ജലം പ്രധാന സ്ത്രോതസായി ഉപയയോഗിക്കുന്നത് 42%വും 16%വും ജനങ്ങൾ മാത്രമേ ഉള്ളു എന്നതാണ്.

വാട്ടർ അതോറിറ്റി ദിനംപ്രതി വിതരണത്തിനായി 1811 ദശലക്ഷം ലിറ്റർ ജലം ലഭ്യമാക്കുമ്പോൾ യഥാർഥത്തിൽ ഉപഭോക്താക്കളിലെത്തുന്നത് 70% മാത്രമാണ്. 30% എന്ന വലിയ വിതരണ നഷ്ടം, ഒരു ലിറ്റർ ശുദ്ധജലത്തിന്റെ ഉത്പാദന ചെലവ് 1 രൂപയിൽ നിന്ന് 1 രൂപ 30 പൈസയായി വർദ്ധിപ്പിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ജലവിതരണ ശൃഖല വ്യാപിക്കുന്നതോടൊപ്പം ജലവിതരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകണമെന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ജെ ബി ഐ സി, സുനാമി പുനരധിവാസ പദ്ധതി, ലോകബാങ്ക്, നബാഡ്, കേന്ദ്ര നഗര മന്ത്രാലയം എന്നിവരുടേയും സംസ്ഥാന സർക്കാരിന്റേയും മുതൽമുടക്കിൽ ഒട്ടേറെ പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയിൽ പ്രോജക്ട് വിഭാഗവും, പ്രവർത്തിപരിപാലന വിഭാഗവും വാസ്കോൺ എന്ന കൺസൾട്ടൻസി സംവിധാനവും രൂപീകരിച്ചു. ഉപഭോക്താക്കൾക്കുള്ള

ശുദ്ധജല വിതരണ രംഗത്ത് രാജ്യത്തെ ഏറ്റവും പ്രമുഖ സ്ഥാപനമാണ് കേരള ജല അതോറിറ്റി. ഈ സർക്കാരിന്റെ കാലത്ത് ജല അതോറിറ്റിയുടെ കാര്യക്ഷമതയും പ്രൊഫഷണലിസവും വർദ്ധിപ്പിച്ചുകൊണ്ട് ഏകദേശം 10 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന 47 വൻകിട പദ്ധതികൾ ഉൾപ്പെടെ 237 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി. കൂടാതെ 823 ഗ്രമീണ സ്കൂളുകളിലും ജലവിതരണ സൗകര്യം സജ്ജമാക്കി. ഇതോടൊപ്പം ജലനിധിപദ്ധതിയുടെ ഭാഗമായി 4½ ലക്ഷം ജനങ്ങൾക്ക് ഉപകരിക്കപ്പെടുന്ന 5 വലിയ ശുദ്ധജലപദ്ധതിയും 1550 ചെറുകിട ജലപദ്ധതിയും നടപ്പിലാക്കുന്നതിനായി. ഇതിന്റെയൊക്കെ ഫലമായി ഗ്രാമപ്രദേശങ്ങളിൽ 75% ജനങ്ങൾക്കും നഗരപ്രദേശങ്ങളിൽ 81% ജനങ്ങൾക്കും സ്വന്തം വീട്ടുവളപ്പിൽ തന്നെ ജലം ലഭ്യമാകുന്ന സ്ഥിതി ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു എന്നാണ് 2009 ലെ കണക്കുകൾ കാണിക്കുന്നത്.കേരളത്തിൽ ശുദ്ധജലാവശ്യം നിറവേറ്റുന്നതിന് ഏറ്റവുമധികം പ്രയോജനപ്പെടുന്ന ഭൂഗർഭജല സംരക്ഷണത്തിനും ജനവിനിയോഗ നിയന്ത്രണത്തിനും സർക്കാർ പ്രത്യേക ശ്രദ്ധപതിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ ജലശുദ്ധി നിലനിർത്തുവാനും മലിനീകരണ സാധ്യതകൾ ഒഴിവാക്കുവാനുമായി 'സുജല' പദ്ധതി ആരംഭിച്ചു. ഇത്തരത്തിലുള്ള ഊർജിത പ്രവർത്തനം വഴിയായി ശുദ്ധജല വിതരണ കാര്യത്തിൽ ആശാവഹമായ പുരോഗതി ഉണ്ടാക്കാനായി എങ്കിലും ഇനിയും നിരവധി പ്രവർത്തനങ്ങൾ ഈ മേഖലയിൽ ചെയ്യേണ്ടിയിരിക്കുന്നു.

കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളമെത്തിക്കുന്നതിന് പ്രാദേശികസർക്കാരുകളുടെ ഇടപെടൽ ഒഴിവാക്കാനാവാത്തതാണ്. ഇതിനായി സാങ്കേതിക മേഖലയിൽ അവർക്കുള്ള പരിമിതികൾ ഒഴിവാക്കേണ്ടിയിരിക്കുന്നു. ജലമലിനീകരണം തടയുന്നതിനു മലിനീകരിക്കുന്നവർ ചിലവു വഹിക്കുക എന്ന തത്വത്തിൽ ഊന്നികൊണ്ടുള്ള ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ജലസുരക്ഷ ഉറപ്പാക്കുന്നതിനു കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരതയും ഗുണതയും നിലനിർത്തേണ്ടതുണ്ട്.ഇതിനായി എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലേയും കെമസ്ട്രി പരീക്ഷണശാലയിൽ ജലഗുണത പരിശോധിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതും അദ്ധ്യാപകരെ പരിഹാര നിർദ്ദശം നൽകുന്നതിന് പ്രാപ്തരാക്കുന്നതും ഉചിതമായിരിക്കും. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച മാതൃകാ പരിപാടി വിജയപ്രദമാകുന്നത് ശ്രദ്ധേയമാണ്.

കുടിവെള്ള പദ്ധതികളുടെ, പ്രത്യേകിച്ച് നഗര പ്രദേശങ്ങളിലെ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായിരിക്കുന്നു.നിലവിലുള്ള ഇടവിട്ട ജലവിതരണ രീതി വിതരണ സംവിധാന സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൗരവകാശ രേഖ പ്രസിദ്ധീകരിക്കുകയും, ബ്ല്യൂബ്രിഗേഡ്, ഹെൽപ്ഡെസ്ക്, ഇ-ടെണ്ടറിങ്, ഇ-പേയ്മെന്റ്, റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, നൂതനമായ സേവനരീതി പ്രയോഗത്തിൽ വരുത്തുന്നതിനുമുള്ള പ്രവർത്തനത്തിലൂടെ ഈ മേഖലയിൽ വലിയ മാറ്റം വരുത്തുന്നതിനായിട്ടുണ്ട്.ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ളത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിലൊതുങ്ങിനിൽക്കുന്ന ജലവിതരണപദ്ധതികളുടെ നടത്തിപ്പും പരിപാലനവും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്ന നയപരമായ തീരുമാനം മുൻപുതന്നെ സർക്കാർ കൈ കൊള്ളുകയുണ്ടായി.ഇതിന്റെ അടിസ്ഥാനത്തിൽ1500 ഓളം സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനു തീരുമാനിച്ചുവെങ്കിലും സാങ്കേതിക, സാമൂഹ്യ,സാമ്പത്തിക പ്രശ്നങ്ങളാൽ 400-ൽ താഴെ സ്കീമുകൾ മാത്രമാണ് കൈമാറ്റം ചെയ്യപ്പെട്ടത്. കൈമാറ്റം ചെയ്യപ്പെട്ടവയിൽ തന്നെ 140 ഓളം സ്കീമുകൾ മാത്രമാണ്പ്രവർത്തനക്ഷമമായുള്ളത്.പദ്ധതിയുടെ പുനഃസ്ഥാപനത്തിനു വേണ്ടി വരുന്ന വലിയ ചിലവാണ് ഇതിന് പ്രധാന തടസം. ആയതിനാൽ ഈ സ്കീമുകൾ പഠനവിധേയമാക്കി പ്രശ്നങ്ങൾ സാങ്കേതികമായി പരിഹരിച്ച് പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യുന്നതിനായാൽ അത് കുടിവെള്ള മേഖലയിൽ വലിയ മാറ്റം വരുത്തുമെന്നതിൽ സംശയമില്ല. ഇതു കൂടാതെ പഞ്ചായത്തുകൾ അവരുടെ സ്വന്തം നിലക്ക് 27500 ചെറിയ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്.

കുടിവെള്ള വിതരണം ആവശ്യാധിഷ്ടിതമാക്കുന്നതിനുള്ള നടപടിയെന്ന നിലയിലാണ് ജലനിധിപദ്ധതി ആരംഭിക്കുന്നത്. പദ്ധതിനിർമ്മാണ ചിലവിന്റെ ഒരുഭാഗവും ദൈനംദിന നടത്തിപ്പിന്റെ പൂർണ്ണ ചിലവും ഉപഭോക്താക്കൾ വഹിക്കുന്ന ഈ പദ്ധതിയിലൂടെ നിരവധി ചെറിയ പ്രാദേശിക പദ്ധതികൾ ഉയർന്നുവന്നു. ഇവ കൂടുതൽ പ്രദേശത്തേക്കു വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ടപ്രവർത്തനങ്ങളുടെ ആസൂത്രണവും പദ്ധതിരൂപീകരണവും ഏതാണ്ട് അവസാന ഘട്ടത്തിലാണെന്നുപറയാം. ജലനിധിപദ്ധതി വികസിപ്പിച്ചിട്ടുള്ളത് പ്രാദേശിക സ്രോതസ്സുകളെ അടിസ്ഥാനപ്പെടുത്തിയാണ്. പ്രാദേശിക ഭൂഗർഭ ജലസ്രോതസ്സുകളുടെ സംരക്ഷണം ഈ പദ്ധതിയുടെ പ്രധാന ഘടകമെന്നനിലയിൽ സ്രോതസ്സുകളുടെ സുസ്ഥിരത ഈ പദ്ധതിയിലൂടെ ഉറപ്പാക്കേണ്ടതുണ്ട്. ജലത്തെ മനുഷ്യാവകാശമായി കാണുന്ന സർക്കാർ നയം ജലനിധിയുടെ നടത്തിപ്പിലും പ്രതിഫലിക്കണം. ഉപഭോക്താക്കൾ വാങ്ങൽ കഴിവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കപ്പെടാൻ ഇടയാവരുത്.

ത്തിൽ പല പ്രശ്നങ്ങൾക്കും കാരണമാകുന്നു. പൈപ്പുപൊട്ടൽ, ജലമലിനീകരണം, ജലത്തിന്റെ പാഴ്ചിലവ് തുടങ്ങിയ പ്രശ്നങ്ങൾ വർദ്ധിച്ചുവരികയാണ്. ഇതിന്റെയടിസ്ഥാനത്തിൽ ജലവിതരണ സംവിധാനം ആധുനീകരിച്ചുകൊണ്ട് മുഴുവൻ സമയവും ഒരേ മർദ്ദത്തിൽ ജലം ലഭ്യമാക്കുവാൻ കൂടുതൽ ജലം ആവശ്യംവരികയില്ല എന്നതാണ് ശാസ്ത്രീയ ഉപദേശം. ഇത് പരിഗണിച്ചുകൊണ്ട് ജലവിതരണ പരിപാലനത്തിൽ മാറ്റം വരുത്തുന്നത് അഭിലഷണീയമാണ്.

ജലവിതരണ പദ്ധതികളുടെ സേവന ഗുണത പരിശോധിക്കപ്പെടേണ്ടതാണ്. ശാസ്ത്രീയമായ ചില പുനക്രമീകരണത്തിലൂടെ പല പദ്ധതികളുടേയും സേവനക്ഷമത ഉയർത്താനാവുമെന്ന് നിരവധി ഉദാഹരണങ്ങൾ നിലവിലുണ്ട്. ഇതുപരിഗണിച്ചുകൊണ്ട് കുടിവെള്ള പദ്ധതികളുടെ സേവന നില തിട്ടപ്പെടുത്തിക്കൊണ്ട് (Bench marking) പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി ആലോചിക്കണം.

ജലവുമായി ബന്ധപ്പെട്ട പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം പദ്ധതിചിലവ് അസാമാന്യമായി വർദ്ധിക്കുന്നതിനു കാരണമാകുന്നണ്ട്. കൃത്യമായ പദ്ധതി അവലോകനവും, പ്രക്രിയകളുടെ രേഖപ്പെടുത്തലും നടപടി ക്രമങ്ങളുടെ ലഘൂകരണവും സാമൂഹ്യ ഓഡിറ്റും വഴി ഈ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

ജലവിഭവ സംബന്ധിയായ നിലവിലുള്ള സ്ഥാപന വ്യവസ്ഥകൾ പുനഃക്രമീകരിക്കേണ്ടതുണ്ട്. നദീതടാടിസ്ഥാനത്തിലുള്ള സമീപനം അവലംബിക്കുന്നതിനും, അവയുടെ പരിരക്ഷക്കുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനും, നദികളുടെ സമഗ്രമായ വികസന സമീപനം പ്രാവർത്തികമാക്കുന്നതിനും ഈ സ്ഥാപനങ്ങളെ സജ്ജമാക്കേണ്ടതുണ്ട്. ഈ പുനക്രമീകരണത്തിലൂടെ ജലാശയങ്ങളുടെ സംരക്ഷണം, ജലവിനിയോഗത്തിന്റെ ഉത്തരവാദിത്വം, തദ്ദേശസ്ഥാപനങ്ങൾക്കുള്ള സാങ്കേതിക സഹായം ഇവയൊക്കെ ഉറപ്പാക്കുന്നതിനാകും.

നൂതനവും അനുയോജ്യവുമായ സാങ്കേതിക വിദ്യകൾ പ്രയോഗിച്ചുകൊണ്ട് മാത്രമേ ജലവിഭവവിതരണ സംവിധാനത്തിന്റെ മേന്മനേടുന്നതിനും നിലനിർത്താനും സാധിക്കുകയുള്ളു. ഇതിനായി ജലവിഭവമേഖലയിലെ ഗവേഷണവും പ്രവർത്തിപരീക്ഷണങ്ങളും പരിശീലനങ്ങളും കൂടുതൽ ഫലപ്രദമാക്കേണ്ടത് അനിവാര്യമാണ്.

നഗര– ഗ്രാമ പ്രദേശങ്ങളിൽ യഥാക്രമം 70 ശതമാനവും 53 ശതമാനവും ജനങ്ങൾകുടിവെള്ളത്തിനാശ്രയിക്കുന്നത് കിണറുകളെയാണ് അതുകൊണ്ടുതന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം കുടിവെള്ള ലഭ്യതയുടെ അടിസ്ഥാനഘടകം കിണറുകളാണ്.കിണറുകളുടെ ശുചീകരണവും പാരിസ്ഥിതിക സംരക്ഷണവും സമൂഹത്തിന്റേയും ഓരോ വ്യക്തിയുടേയും ഉത്തരവാദിത്വമായി മാറ്റിയെടുക്കുന്നതിനുള്ള ബൃഹത്തായ കാമ്പയിൽ ഉണ്ടാകേണ്ടതുണ്ട്.

ജലമലിനീകരണത്തിന്റെ വർദ്ധനയും ജലലഭ്യതയുടെ കുറവും പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കും എന്നതിന് സംശയമില്ല. ആയതിനാൽ സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് കുടിവെള്ള സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയുന്നതിനായി ജലനയം മുൻപോട്ടുവെക്കുന്ന ആശയങ്ങളും സമീപനങ്ങളും താമസംവിനാ നടപ്പിലാക്കുകയെന്നത് അത്യന്താപേക്ഷിതമാണ്.

# ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ

## പശ്ചാത്തല സൗകര്യങ്ങൾ
## ഗതാഗത സംവിധാനം

### റോഡ്

38863 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കേരള സംസ്ഥാനത്തിന്റെ (ഭാരതത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 1.2%) ജനസാന്ദ്രത (2010ലെ കണക്കുപ്രകാരം) ചതുരശ്രകിലോമീറ്ററിന് 883 പേരാണ്. ജനസാന്ദ്രതയുടെ ദേശീയ ശരാശരിയാകട്ടെ ചതുരശ്രകിലോമീറ്ററിന് 358 പേരു മാത്രമാണ്. ഇത്രയും ഉയർന്ന ജനസാന്ദ്രതയും വിതരിതമായ ജനവാസരീതിയും കേരളത്തിലെ റോഡു വികസനത്തിന്റെ പ്രാമുഖ്യം വർദ്ധിപ്പിക്കുന്നു. വീഥിസാന്ദ്രതയിൽ ഇന്ത്യയിൽ ഉയർന്ന സ്ഥാനമാണ് കേരളത്തിനുള്ളത്. വീഥിസാന്ദ്രതയുടെ ദേശീയ ശരാശരി 100 ചതുരശ്രകിലോമീറ്ററിന് 100.84 കിലോമീറ്ററായിരിക്കേ, കേരളത്തിലെ വീഥീസാന്ദ്രത 100 ച.കിമീറ്ററിന് 314.52 കി.മീ ആണ് (ഏതാണ്ട് മൂന്നു മടങ്ങ്). ജനസംഖ്യാനുപാതികമായ വീഥി ലഭ്യതയിലും കേരളം ഉയർന്ന സ്ഥാനത്താണ്. ഒരു ലക്ഷംപേർക്ക് 281.9 കിമീ റോഡ് എന്ന ദേശീയ ശരാശരിയുടെ സ്ഥാനത്ത് കേരളത്തിലെ റോഡ്സാന്നിദ്ധ്യം ഒരു ലക്ഷം പേർക്ക് 423.56 കിമീയാണ് (അതായത് ദേശീയ ശരാശരിയുടെ 1.5 മടങ്ങ്). ഒൻപതു ദേശീയ പാതകളാണ് കേരളത്തിലൂടെ കടന്നു പോകുന്നത് - NH-17 (തലപ്പാടി-ഇടപ്പള്ളി), NH-47 (വാളയാർ-കളിയിക്കാവിള), NH-47A (കുന്നൂർ- ഇടപ്പള്ളി), NH-47C (വല്ലാർപാടം-കളമശ്ശേരി), NH-49 (ബോഡിമേട്ട്-കൊച്ചി), NH-208 (കൊല്ലം-ചെങ്കോട്ട), NH–213 (കോഴിക്കോട്-പാലക്കാട്), NH212 (കോഴിക്കോട്-കൊള്ളിഗൽ), NH -220 (കൊല്ലം-തേനി). ഈ ദേശീയ പാതാശൃംഖലയുടെ സംസ്ഥാനത്തെ ആകെ ദൈർഘ്യം 1542 കിലോമീറ്ററാണ്. കേരളത്തിലെ പാതകളുടെ ആകെ ദൈർഘ്യം 4460.279 കിലോമീറ്ററും പ്രധാന ജില്ലാതല പാതകളുടെ ആകെ ദൈർഘ്യം 17117.928 കിലോമീറ്ററുമാണ്. സംസ്ഥാനത്തെ റോഡു ശൃംഖലയുടെ മുഖ്യ പങ്ക് ആയ, ആകെ (2008 ലെ കണക്കുപ്രകാരം) 122,232 കിലോമീറ്റർ ദൂരം വരുന്ന വിവിധ പാതകൾ പരിപാലിച്ചു പോരുന്നത് ഗ്രാമപ്പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ്.

സംസ്ഥാനത്തെ ആകെ വീഥികളിൽ 5% സിമന്റ് കോൺക്രീറ്റിലുള്ളവയും 32% ടാറിട്ട പാതകളും 14 ശതമാനം മെറ്റലിട്ടവയുമാണ്. 36% വീഥികൾ മൺപാതകളാണ്. സംസ്ഥാനത്തെ ആകെ വാഹനങ്ങളുടെ എണ്ണം 2009 ൽ 48,80,059 എന്നു കണക്കാക്കിയിരിക്കുന്നു. ഇതിൽ 60.02% വും ഇരുചക്രവാഹനങ്ങളും 10.73% മുച്ചക്രവാഹനങ്ങളുമാണ്. ബാക്കി 20.15% നാലുചക്ര വാഹനങ്ങളും, ചരക്കുവണ്ടികൾ, ബസ്സുകൾ ട്രാക്ടറുകൾ ടിപ്പറുകൾ ട്രെയ്ലറുകൾ തുടങ്ങിയവയെല്ലാം കൂടി 9.09% വുമാണ്. രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ ആകെ എണ്ണം 2001 ൽ 24,49,961 (100) ആയിരുന്നുവെങ്കിൽ 2009 ആയപ്പോഴേക്കും ഇത് 48,80,059(199.2) എണ്ണം ആയിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ ജില്ലാതല സൂചിക ആലപ്പുഴ (265), മലപ്പുറം (249.6), പത്തനംതിട്ട (243), തൃശ്ശൂർ (236.4) എന്നിങ്ങനെയാണ്.

വാഹന ഗതാഗത വ്യാപ്തിയിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവ് റോഡപകടങ്ങളുടെയും ഗതാഗത കുരുക്കുകളുടെയും അളവും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രതിവർഷ റോഡപകടങ്ങളുടെ എണ്ണം 2000ത്തിൽ 37072 ആയിരുന്നത് ക്രമാനുഗതമായി ഉയർന്ന് 2006 ൽ 42365 വരെയാവുകയും തുടർന്ന് കുറഞ്ഞ് 2009 ൽ 26424 എണ്ണത്തിലെത്തുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട വിവിധ ഏജൻസികളുടെ പ്രവർത്തന ഏകോപനത്തിലൂടെ നിർമ്മിതിയിലും ശാക്തീകരണത്തിലും നിയമനിർവ്വഹണത്തിലും കൃത്യത വരുത്തിയതിലൂടെയാണ് റോഡു സുരക്ഷയിൽ ഈ നേട്ടം കൈവരിക്കാനായിട്ടുള്ളത്.

ആകെ അപകടങ്ങളുടെ 72.58% ആണ് പകൽ സമയത്തെ റോഡപകടങ്ങൾ. ആകെ അപകടങ്ങളിൽ 38.67% ഇരുചക്രവാഹനങ്ങൾ മൂലമുള്ളവയും 13.31% ഓട്ടോറിക്ഷകളുണ്ടാക്കുന്നവയുമാണ്. 2009 ൽ റോഡപകടത്തിൽ മരിച്ചവരുടെ എണ്ണം 2804 ആണ്. പരിക്കേറ്റവരുടെ എണ്ണമാകട്ടെ 31161 ആണ്.

ദേശീയപാത വികസന പരിപാടി (NHDP)യുടെ ഭാഗമായി NH-17, NH-47 എന്നീ റോഡുകൾ നാലുവരിപാതയാക്കൽ പുരോഗമിച്ചു വരുന്നു. കേരളസംസ്ഥാന ഗതാഗത പദ്ധതി (KSTP) അതിന്റെ ആദ്യഘട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ സംസ്ഥാന

ത്തെ വീഥി ശൃംഖലയിലെ 1600 കി.മീ പാത മെച്ചപ്പെടുത്തുകയുണ്ടായി. രണ്ടാം ഘട്ടമായി 2800 കി.മീ പാതയാണ് പരിഗണിച്ചിട്ടുള്ളത്. 1000 കി.മീ സംസ്ഥാനപാതയുടെ മെച്ചപ്പെടുത്തലാണ് സംസ്ഥാന പദ്ധതിയിലെ സാമ്പത്തിക ഉത്തേജന പരിപാടിയുടെ ഭാഗമായി ഏറ്റെടുക്കപ്പെട്ടത്.

ബഹുവിധ വെല്ലുവിളികൾ മറികടന്നാണ് കേരളത്തിൽ റോഡുവികസനം നടപ്പാക്കേണ്ടത്. സംസ്ഥാനത്തെ വിതരിതമായ ജനവാസ വ്യവസ്ഥയ്ക്കനുസരിച്ച് വിന്യസിക്കപ്പെട്ടുവന്നവ യാണ് കേരളത്തിലെ റോഡുകൾ, ഇവയുടെ പലതിന്റെയും കൂടുതൽ മെച്ചപ്പെടുത്തലിനായി വീതികൂട്ടുന്നതിനുള്ള ഭൂമി ലഭ്യതയ്ക്കുള്ള തടസ്സമാണ് ഒരു പ്രധാന പ്രശ്നം; സംസ്ഥാനത്തെ ഉയർന്ന വർഷപാതനിരക്കിന് അനുസൃതമായി ശാസ്ത്രീയമായ നിർവാർച്ചാ സംവിധാനങ്ങളും ഉപരിതല നിർമ്മിതിയും ഉറപ്പാക്കുന്നതിനുള്ള ആവശ്യവും അതിലുണ്ടായിട്ടുള്ള പോരായ്മകളുമാണ് മറ്റൊന്ന്; ഭൂപ്രകൃതിയുടെ സവിശേഷതകളാണ്. അനിവാര്യമായ ഒട്ടേറെ കയറ്റിറക്കങ്ങളുടെയും വളവുകളുടെയും സാന്നിദ്ധ്യവും അവയുടെ ശാസ്ത്രീയമായ രൂപകൽപന ഉറപ്പാക്കേണ്ട ആവശ്യവുമാണ് അടുത്തത്; ഇതിനൊക്കെ പുറമേയാണ് എല്ലാ പ്രവചനങ്ങളേയും മറികടന്ന് അനുദിനം ഉയരുന്ന വാഹനഗതാഗത സാന്ദ്രത.

ശാസ്ത്രീയവും സാങ്കേതികഭദ്രവുമായ വീഥീരൂപകൽപ്പനയും നിർമ്മാണവും പരിപാലനവും ഉറപ്പാക്കിയേ ഈ വെല്ലുവിളികൾ നേരിട്ട് സുസജ്ജമായ നിരത്തുകൾ നിലനിർത്താനാകൂ. എന്നാൽ കേരളത്തിലെ നല്ലൊരുപങ്ക് റോഡുകളും നടപ്പാതകളായി ഉത്ഭവിച്ച് കാലക്രമേണ മണ്ണിട്ട നാട്ടുവഴികളായും പിന്നീട് മെറ്റലിട്ട പൊതുനിരത്തായും തുടർന്ന് ടാറിട്ട റോഡായും പരിണമിച്ചുവന്നവയാണ്. ഭാഗ്യവശാൽ അവയിൽ ചിലത് രണ്ടുവരിപ്പാതയായും നാലുവരിപ്പാതയായും വളർന്നിട്ടുമുണ്ടാകും. ഈ പരിണാമ രീതി കൊണ്ടുതന്നെ ശാസ്ത്രീയമായ രൂപകൽപനയോ സാങ്കേതിക ഭദ്രമായ നിർമ്മാണമോ ഇവയുടെ കാര്യത്തിലുണ്ടാവാൻ വഴിയില്ല. ഇടയ്ക്കിടെ വരുന്ന തകരാറുകളുടെ പരിഹാരത്തിനായി അവിടവിടെയായി മേൽപ്പാളിമാത്രം ചെത്തിയൊരുക്കി വീണ്ടും മെറ്റലും ടാറുമിട്ട് പുറംമേനി വെടിപ്പാക്കുന്ന രീതിമാത്രമാണ് പൊതുവേ റോഡുപരിപാലനം. വഴിയോര നീർവാർച്ചാ സംവിധാനങ്ങളും നടപ്പാതയും റോഡു പ്രതലത്തിലെ നീർവാർച്ചയും വാഹനഗതാഗതസുരക്ഷയും ഉറപ്പാക്കുന്നതിനാവശ്യമായ ചരിവുമൊന്നും മിക്കയിടത്തും അന്യവുമാണ്. ശക്തിയുള്ള മഴയും വർദ്ധിക്കുന്ന ഗതാഗതത്തിരക്കും ചെറുക്കാനുള്ള കരുത്തൊന്നുമില്ലാത്ത ഇത്തരം പാതകൾക്കുമേൽ ബഹുവിധ വികസന പദ്ധതികളുടെ ഭാഗമായ കുഴിക്കലും നികത്തലും കൂടി അടിക്കടിയുണ്ടാകുന്നതോടെ സ്ഥിതിഗതികൾ ദുരിതപൂർണ്ണവുമാകുന്നു.

എന്താണ് ഈ ദുരവസ്ഥയ്ക്കു പരിഹാരം? ശാസ്ത്രീയമായ വീഥീരൂപകൽപ്പനയും സാങ്കേതിക ഭദ്രമായ നിർമ്മിതിയും ഉറപ്പാക്കുകതന്നെയാണ് ശാശ്വത പരിഹാരം. ഉറപ്പുള്ള, നിലനിൽപ്പുള്ള റോഡിന് നന്നായി ഉറപ്പിച്ചും നിരപ്പാക്കിയുമെടുത്ത അസ്ഥിവാരം ഉണ്ടാകണം. ആവശ്യമെങ്കിൽ സ്റ്റെബിലൈസറുകൾ കൂട്ടിച്ചേർത്തു നന്നായി ഉറപ്പിച്ച ഈ അടിസ്ഥാനത്തിനു മേലെയാണ് ബൈൻഡർ ഫോഴ്സ് എന്നു പറയുന്ന അടിത്തട്ടു നിർമ്മിക്കേണ്ടത്. ചില സന്ദർഭങ്ങളിൽ അസ്ഥിവാരത്തിനും അടിത്തട്ടിനുമിടയ്ക്കു പ്രത്യേക അടിത്തട്ടായി ഒരു പാളി കൂടി തയ്യാറാക്കാറുണ്ട്. കുറഞ്ഞത് ഒരടി കനത്തിൽ ഉറപ്പുള്ള അടിത്തട്ടിനുമേൽ നിർമ്മിക്കുന്ന റോഡുകൾക്ക് പൊട്ടിപ്പൊളിഞ്ഞ് കുഴികളുണ്ടാകുന്നതിനെ ചെറുക്കാനാകും. ഇതിനുമേലാണ് മെറ്റലിട്ടുറപ്പിച്ച കീഴ്പ്രതലവും അതിനു പുറമേയായി ചെറിയ മെറ്റലും ടാറും ചേർത്തു നിർമ്മിക്കുന്ന പുറം പ്രതലവും ഒരുക്കേണ്ടത്. ഗതാഗതത്തിരക്കുമൂലമുണ്ടാകുന്ന തേയ്മാനം ചെറുക്കുന്ന ഈ പുറം പ്രതലത്തിന്റെ നവീകരണം മാത്രമായിരിക്കും നന്നായി പണിതീർത്ത നിരത്തുകൾക്ക് കാലാനുഗതമായി വേണ്ടിവരിക. നിരത്തിന്റെ നിലനിൽപ്പിന് ഈ ഘടകങ്ങൾമാത്രം മതിയാവുകയില്ല. നിരത്തിനുമേൽ പതിക്കുന്ന മഴവെള്ളം കെട്ടിനിന്നു പുറം പ്രതലം കേടാക്കാതെ വേഗത്തിൽ ഒഴിഞ്ഞു പോകാൻ സഹായകമായവിധം മധ്യഭാഗം ഉയർന്നും അരികുകൾ താണുമുള്ള ഉത്തല ഛേദതല രൂപകൽപനയും വളവുകളിലെ വാഹനഗതാഗത സുരക്ഷ ഉറപ്പാക്കുന്ന ഉൾവശത്തേക്കുള്ള ചരിവും മഴവെള്ളം കെട്ടിനിന്ന് റോഡുപ്രതലത്തെ വശങ്ങളിൽ നിന്നും ദുർബ്ബലപ്പെടുത്താതെ ഒഴുകിപോകാൻ സഹായകമായ പാതയോര ചാലുകളും പാതയുടെ നിലനിൽപ്പിനു സഹായകമായ ഘടകങ്ങളാണ്. ഇവയൊക്കെ നിർമ്മിതിയിൽ ശരിയായി രൂപകൽപന ചെയ്തു നിർമ്മിക്കാനാകണം. അരികുകളിൽ നിന്നും മേൽപ്പാളി പൊളിഞ്ഞിളകിത്തുടങ്ങുന്നതു തടയാനാവുന്ന വിധം നിർമ്മാണഘട്ടത്തിൽത്തന്നെ അരികുകൾ വൃത്തിയായും ഉറപ്പിലും സജ്ജമാക്കണം.

കേരളത്തിലെ എല്ലാ റോഡുകളും ഇത്തരത്തിൽ ഒറ്റയടിക്കു സജ്ജീകരിക്കാനാവില്ല. എന്നാൽ പ്രധാന്യവും ജനകീയ ആവശ്യവും പരിഗണിച്ച് മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കുന്ന പാതകൾ ഓരോന്നായി ഇത്തരത്തിൽ മെച്ചപ്പെടുത്തിയെടുക്കാനാകണം. ഏറെ ഉയർന്ന ഗതാഗത സാന്ദ്രതയുള്ള പാതകൾ തെരഞ്ഞെടുത്ത് അവ അസ്ഥിവാരം മുതൽ ഉറപ്പിച്ച് കോൺക്രീറ്റ് പ്രതലം ഒരുക്കുന്നതും

ആകെയുള്ള പാതാ ശൃംഖലയുടെ മെച്ചപ്പെടുത്തലിന് ആവശ്യമാണ്. എന്നാൽ ഇത്തരം പാതനിർമ്മാണത്തിന് ഒരു കിലോമീറ്ററിന് ഏതാണ്ട് 90 ലക്ഷം രൂപയെങ്കിലും ചെലവു വരുമെന്നതിനാൽ മുൻഗണനാക്രമം നീതിയുക്തമായി തീരുമാനിക്കേണ്ടത് അത്യാവശ്യമാണ്.

മലയോരപാതകൾ, കുറുകേ നീരൊഴുക്കു സംവിധാനങ്ങൾ ഒരുക്കേണ്ട പാതകൾ, നാലുവരി പാതകൾ ആറുവരി പാതകൾ, അതിവേഗ പാതകൾ തുടങ്ങിയവയൊക്കെ തനതായ സവിശേഷതകൾക്കനുസൃതമായ ജ്യാമിതീയ രൂപകൽപനയും നിർമ്മാണസാങ്കേതങ്ങളും ആവശ്യമായവയാണ്. ഓരോന്നിനും അതിനനുസൃതമായ രൂപകൽപനാ നിർവ്വഹണ സംവിധാനങ്ങൾതന്നെ ഉറപ്പാക്കേണ്ടതുണ്ട്.

ഈ ഘടകങ്ങളെല്ലാം ഉറപ്പാക്കുകയും പാതയുടെ ആരോഗ്യസ്ഥിതിക്കു കോട്ടം വരുത്താവുന്ന മറ്റു വികസന ഇടപെടലുകൾക്ക് ഏകോപനാധിഷ്ഠിത നിയന്ത്രണം നടപ്പാക്കുകയും ചെയ്തുകൊണ്ടേ നമ്മുടെ നാടിന്റെ നാഡീവ്യൂഹങ്ങളായ വീഥീശൃംഖലയുടെ നേട്ടങ്ങൾ ജനോപകാരപ്രദവും സുസ്ഥിരവുമാക്കാനാകൂ.

സ്വകാര്യ ഗതാഗത സംവിധാനങ്ങളിലുള്ള അമിതമായ ഊന്നലും ചരക്കുകടത്തലിന് ജലഗതാഗത മാർഗങ്ങൾ ഉപയോഗിക്കുന്നതിന് വേണ്ടത്ര പരിഗണന ലഭിക്കാത്തതും ഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഉടൻ ശ്രദ്ധിക്കപ്പെടേണ്ട മേഖലകളാണ്. മിക്ക വികസിത രാജ്യങ്ങളിലും സ്വകാര്യവാഹനങ്ങളുടെ എണ്ണം വർധിക്കുമ്പോഴും യാത്രാസംവിധാനത്തിൽ പൊതുഗതാഗത സംവിധാനങ്ങൾക്കു തന്നെയാണ് മേൽക്കൈ. പലപ്രദേശങ്ങളും പൊതുഗതാഗത സംവിധാനങ്ങൾക്കു മാത്രമായി മാറ്റിവെയ്ക്കപ്പെടുന്നു. പൊതുവാഹനങ്ങൾക്കു പുറമെ സൈക്കിൾ യാത്രക്കാർക്കും കാൽനടക്കാർക്കും മാത്രമാണ് ഇത്തരം സോണുകളിൽ പ്രവേശനമുള്ളത്. കേരളത്തിലെ പൊതുഗതാഗത സംവിധാനം ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ പുറകിലാണ്. സംസ്ഥാനത്തെ റോഡുവഴിയുള്ള പൊതുഗതാഗത സംവിധാനം കൈകാര്യം ചെയ്യുന്നത് കെഎസ് ആർടിസി ആണ്. കേരള സംസ്ഥാനറോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (KSRTC) നിയന്ത്രണത്തിലുള്ള പൊതുഗതാഗത സംവിധാനത്തിന്റെ ശേഷി 2009 ൽ 5115 ബസ്സുകളും, 4370 ഷെഡ്യൂളുകളും, 12074 ലക്ഷം യാത്രികരും എന്ന നിലയിലേക്ക് ഉയർന്നിട്ടുണ്ട്. KSRTC യുടെ പ്രതി കിലോമീറ്റർ ബസ് യാത്രയിൽ നിന്നുള്ള ശരാശരി വരുമാനം 2008 ൽ ലഭിച്ചിരുന്ന 2070 പൈസയിൽ നിന്നും 2208 പൈസയായി 2009 ൽ ഉയർന്നിട്ടുണ്ട്. പ്രതിയാത്രിക വരുമാനം 2008 ൽ 732 പൈസ ആയിരുന്നത് 2009 ൽ 857 പൈസയായി ഉയർന്നു. ഇന്ധനവിലക്കയറ്റവും യാത്രാകൂലി ചുരുക്കലും ഉണ്ടായിരുന്നില്ലെങ്കിൽ 2008-09ൽ തന്നെ KSRTC പ്രവർത്തനലാഭം കൈവരിക്കുമായിരുന്നു. ഹ്രസ്വദൂര യാത്രകൾക്ക് ഉപയോഗപ്പെടുന്നവിധം റെയിൽവേ ശൃംഖല വിപുലീകരിക്കുകയും ചരക്കുകടത്തിന് ജലപാതയുടെ ഉപയോഗം വർദ്ധിപ്പിക്കുകയും ചെയ്യുന്നത് ഈ മേഖലയിലെ പ്രശ്നങ്ങൾ നല്ലൊരളവു പരിഹരിക്കും. നഗരപ്രദേശങ്ങളിൽ പൊതു ഗതാഗത സംവിധാനങ്ങൾക്കും, സൈക്കിളുകൾക്കും കാൽനടക്കാർക്കും മാത്രം അനുവാദമുള്ള മേഖലകൾ നിശ്ചയിച്ചു നടപ്പാക്കുന്നത് ഗതാഗത കുരുക്കുകൾ കുറയ്ക്കുന്നതിനു സഹായകമായ നടപടിയായിരിക്കും. മേൽപ്പാതകളും അടിപ്പാതകളും പ്രമുഖ സ്ഥാനങ്ങളിൽ നിർമ്മിക്കുന്നതും പലനിലകളായി വാഹനങ്ങൾ പാർക്കുചെയ്യാനാവുന്ന സ്ഥലങ്ങൾ പ്രധാന നഗര കേന്ദ്രങ്ങളിൽ നിർമ്മിക്കുന്നതും നഗരപ്രാന്തങ്ങളിൽ വിശാലമായ പാർക്കിങ്ങ് സ്ഥലങ്ങൾ നിർമ്മിക്കുന്നതുമൊക്കെ ഇതോടൊപ്പം ആവശ്യമായിവരും. ബന്ധപ്പെട്ട വിവിധ ഏജൻസികളുടെയും മറ്റു തത്പരകക്ഷികളുടെയും ഏകോപനത്തിലൂടെ രൂപീകരിക്കുന്ന സംയോജിത ആസൂത്രണ പദ്ധതിയിലൂടെയേ ഇത് സാക്ഷാത്ക്കരിക്കാനാവൂ.

പഞ്ചവത്സര പദ്ധതികളിൽ തുടർച്ചയായി ജലഗതാഗതത്തെ അവഗണിച്ചതും റെയിൽ ഗതാഗതം ആധുനീകരിക്കുന്നതിനും വികസിപ്പിക്കുന്നതിലും കാണിച്ച മെല്ലെപ്പോക്കും കേരളത്തിലെ ഏക ഗതാഗത സംവിധാനമെന്ന നിലയിൽ റോഡുഗതാഗതത്തെ എത്തിച്ചു. ജലഗതാഗതസംവിധാനം 1965 -66 ൽ ചരക്കു ഗതാഗതത്തിന്റെ 18 ശതമാനം കൈകാര്യം ചെയ്തിരുന്നുവെങ്കിൽ 1978-79ൽ അത് മൂന്നു ശതമാനമായി ചുരുങ്ങി. തുടർന്നുള്ള ദശകങ്ങളിൽ അത് നാമമാത്രമായി തീർന്നു. അതുപോലെ 1964 - 65ൽ 18 ശതമാനം ചരക്കുകൈമാറ്റം നടന്നിരുന്നത് റെയിൽവേയിലൂടെ ആയിരുന്നുവെങ്കിൽ 1978 - 79ൽ അത് 16.7 ശതമാനമായും ഇപ്പോൾ 10 ശതമാനമായും കുറഞ്ഞു.

## ഉൾനാടൻ ജല ഗതാഗതം

ഏറ്റവും ഊർജ്ജക്ഷമതയേറിയ ഗതാഗതമാർഗ്ഗമെന്ന നിലയ്ക്ക് സംസ്ഥാനത്തെ എല്ലാ ഉൾനാടൻ ജല ഗതാഗതമാർഗങ്ങളും അവയുടെ പൂർണ്ണശേഷിയിലേക്ക് വികസിപ്പിക്കുകയും തീരസമുദ്ര-നാവിക ഗതാഗതവുമായും മറ്റ് ഗതാഗതമാർഗ്ഗങ്ങളുമായും ബന്ധിപ്പിക്കുകയും ചെയ്യുന്നത് സാമ്പത്തിക നേട്ടമുണ്ടാക്കുന്ന ബദൽ ഗതാഗത സംവിധാനമായിരിക്കും. ഇന്ത്യൻ ഉൾനാടൻ ജലപാതാ അതോറിറ്റിയുടെ (IWWA) യുടെ പ്രഖ്യാപിതമായ മൂന്നു ജലപാത

കളിൽ ഒന്ന് - ദേശീയജലപാത 3 - കേരളത്തിലെയാണ്. NW1, NW 2 എന്നിവയുമായുള്ള താരതമ്യത്തിൽ ദൈർഘ്യം തീരെകുറഞ്ഞ ജലപാതയാണ് NW 3 എങ്കിലും വിശാലമായ കായൽ ശൃംഖലയുമായും പടിഞ്ഞാറേക്കൊഴുകുന്ന ഗതാഗതയോഗ്യമായ 41 നദികളുമായും ബന്ധപ്പെട്ടുകിടക്കുന്ന ഈ ജലപാതയുടെ ഉപയോഗ്യതാശേഷി വളരെ വലുതാണ്. കേരളത്തിലെ ജലപാതയുടെ ആകെ നീളം 1687 കി.മീയാണ്. കോവളം-കൊല്ലം (74കി.മീ) കൊല്ലം-കോട്ടപ്പുറം (168കി.മീ) കോട്ടപ്പുറം-നീലേശ്വരം (348കി.മീ) എന്നീ കനാലുകൾ അടക്കം ആകെ 590 കി.മീ ദൈർഘ്യമുള്ള പടിഞ്ഞാറൻ തീരകനാൽ ശൃംഖലയാണ് (ഇതിൽ വടകര മുതൽ അഴീക്കൽ വരെയുള്ള 47 കി.മീ ഇനിയും തുറക്കപ്പെടേണ്ടതാണ്) കേരളത്തിന്റെ ജലഗതാഗതമാർഗ്ഗത്തിന്റെ പ്രധാന ഭാഗം. ദേശീയജലപാത 3 യിൽ ഉൾപ്പെടുന്ന 205 കി.മീ ജലപാതയാകട്ടെ കോട്ടപ്പുറം-കൊച്ചി (33കി.മീ), കൊച്ചി-ആലപ്പുഴ (62കി.മീ), ആലപ്പുഴ-കൊല്ലം (73കി.മീ) ഉദ്യോഗമണ്ഡൽ കനാൽ (33കി.മീ), ചമ്പക്കരകനാൽ (13കി.മീ) എന്നീ ഭാഗങ്ങൾ ചേരുന്നതാണ്. വടക്കൻ കേരളത്തിൽ ജലപാതമുറിയുന്ന പ്രധാന ഭഗാങ്ങൾ വടകര-മാഹി (17.6കി.മീ), മാഹി-തലശ്ശേരി (10.15കി.മീ), തലശ്ശേരി-ധർമ്മടം (3.47കി.മീ) അഞ്ചരക്കല്ലി-കക്കാട് (16.8കി.മീ) എന്നിവയാണ്. ഈ ഭാഗങ്ങൾകൂടി തുറക്കപ്പെടുന്നതോടെ മാഹിപ്പുഴ, എരിഞ്ഞോളിപ്പുഴ, അഞ്ചരക്കല്ലി പുഴ, കാട്ടാമ്പള്ളി പുഴ, വളപട്ടണം പുഴ, കുപ്പംപുഴ, പാലക്കോടുപുഴ, പെരുവാമ്പപുഴ എന്നിവയുടെ ഗതാഗതയോഗ്യമായ ഭാഗങ്ങൾ കൂടിച്ചേർത്തുകൊണ്ട് പശ്ചിമ തീരകനാൽ (WCC) വികസിപ്പിക്കാനാകും. തെക്കൻ കേരളത്തിലാകട്ടെ കോവളം മുതൽ വിഴിഞ്ഞം വരെയും അവിടെ നിന്നും പൂവ്വാർവരെയും കനാൽശൃംഖല ദീർഘിപ്പിക്കുന്നതിലൂടെ പശ്ചിമ തീരകനാൽ അനന്ത-വിക്ടർ-മാർത്താണ്ഡം (AVM) കനാൽ അലൈൻമെന്റ് വഴിയായി തേങ്ങാപ്പട്ടണം വരെ എത്താനാകും.

കണ്ണൂർ ജില്ലയിലെ ഉൾനാടൻ ജലപാതയിലെ ഗതാഗതയോഗ്യമായഭാഗങ്ങളുടെ പണിപൂർത്തീകരിക്കാൻ 12-ാം ധനകാര്യ കമ്മീഷൻ അവാർഡിലൂടെ കഴിഞ്ഞിട്ടുണ്ട്. KSTP പ്രോജക്ടിൽ ഉൾപ്പെടുത്തി ആലപ്പുഴ-കോട്ടയം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-വൈക്കം എന്നീ ഭഗാങ്ങളുടെ വികസനം ഏറ്റെടുത്തിട്ടുണ്ട്. കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിലായുള്ള ചണ3 യുടെ പോഷക കനാൽ ശൃംഖലയുടെ നവീകരണം ഗ്രാമീണ പശ്ചാത്തല സൗകര്യ വികസനഫണ്ട് (RIDF) ഉപയോഗിച്ച് ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴ-ചങ്ങനാശ്ശേരി സെക്ടറിന്റെ ചേറുനീക്കൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പാലങ്ങളുടെ പുനർനിർമ്മാണം ഏറ്റെടുക്കാനായിട്ടില്ല. അതുപോലെതന്നെ ദേശീയ ജലപാത 3 ൽ ഉൾപ്പെട്ട കോവളം-കൊല്ലം ഭാഗത്തിന്റെ മെച്ചപ്പെടുത്തൽ ഗുരുതരമായ ഭൂമികയ്യേറ്റങ്ങളാൽ തടസ്സപ്പെട്ടിട്ടുണ്ട്.

കൊച്ചി-പൊന്നാനി, അലത്തോട്-ചേലാമ്പ്ര, ചേലാമ്പ്ര-വടകര, വടകര-നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളും നവീകരിക്കേണ്ടതുണ്ട്. വല്ലാർപാടത്ത് നിലവിൽ വരുന്ന ICTT പ്രവർത്ത നക്ഷമമാകുന്നതോടെ കൈകാര്യം ചെയ്യേണ്ടിവരുന്ന അധികഗതാഗതം മൂലം ഉണ്ടാകാവുന്ന പാതാഞെരുക്കം ഒഴിവാക്കുന്നതിനായി കപ്പൽ ചരക്കുനീക്കം കാസർഗോഡു വരെയുള്ള ഉൾനാടൻ ജലപാതയിലൂടെ തിരിച്ചുവിടാൻ കഴിയുന്നതിന്, NW-3യിൽ കാസർഗോഡുവരെയുള്ള 408 കി.മീ കൂടി കൂട്ടിച്ചേർത്ത് വിപുലീകരിക്കേണ്ടതും പ്രധാനമാണ്. എന്നാൽ പതിമ്മൂന്നാം ധനകാര്യകമ്മീഷൻ വകയിരുത്തിയിട്ടുള്ള അപര്യാപ്തമായ സാമ്പത്തിക വിഹിതം ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾക്കെല്ലാം തടസ്സമുണ്ടാക്കുന്നതാണ്.

സംസ്ഥാനത്തെ ഉൾനാടൻ ജലപാതാവികസനം നേരിടുന്ന പ്രധാന തടസങ്ങൾ താഴെപറയുന്നവയാണ്.

ജലപാതയുടെ ആഴക്കുറവും, കനാൽ വീതിയും ആഴവും കൂട്ടുന്നതിന് ആവശ്യമായി വരുന്ന മണ്ണുനീക്കലും.

കുറഞ്ഞ ദൂരപരിധിപാലിക്കാതെ കനാലിനോടു ചേർത്ത് സ്ഥാപിച്ചിട്ടുള്ള ജലവിതരണകുഴലുകളും പാലങ്ങളും

ജലപാതയിലുണ്ടായിട്ടുള്ള ഭൂമികയ്യേറ്റങ്ങളും തന്മൂലമുണ്ടാകുന്ന പുനരധിവാസ ആവശ്യവും

ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങൾ

തീരസംരക്ഷണ സംവിധാനങ്ങളുടെ അപര്യാപ്തതയും കുളവാഴയുടെ അധികമായ ആക്രമണവും.

ജലപാതയിലൂടെ നീളമുള്ള മത്സ്യബന്ധന വലകളും മറ്റു സംവിധാനങ്ങളും

ജലലോക്കുകളുടെയും ബെട്ടുജെട്ടികളുടെയും പരിപാലനത്തിലും അറ്റകുറ്റപണിയിലുമുള്ള പോരായ്മകൾ

ഖരമാലിന്യങ്ങളും മലിനജലവും ഓടകളും സംസ്ക്കരിക്കാതെ കനാലുകളിലേക്കു തുറന്നുവിടുന്നത് തടയാൻ സംവിധാനമില്ലാത്തത്.

ജലപാതകളുടെ വികസനത്തോടൊപ്പം സംസ്ഥാനത്ത് കൈകാര്യം ചെയ്യപ്പെടുന്ന ചരക്കുകളിൽ ഗണ്യമായഭാഗം ഇവയിലൂടെ നീക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനും സംവിധാനം ഉണ്ടാവണം.

വ്യവസായശാലകളുടെ ചരക്കുകടത്തൽ സംവിധാനങ്ങൾ ഇതിനനുസരിച്ച് പുനഃക്രമീകരിക്കപ്പെടണം. കേരളാ ഷിപ്പിങ് ആൻഡ് നാവിഗേഷൻ കോർപ്പറേഷൻ ഇത് കൈകാര്യം ചെയ്യാൻ സജ്ജമാകണം.

2008-09 ൽ സംസ്ഥാനജല ഗതാഗതസംവിധാനം കൈകാര്യം ചെയ്ത യാത്രികരുടെ എണ്ണം 160.77 ലക്ഷമായിരുന്നു. 47 ബോട്ടുകളാണ് ഈ ഗതാഗതസംവിധാനത്തിലുള്ളത്. ഇവയുടെ ഗുണനിലവാരമുയർത്തുന്നതിനും സുരക്ഷാസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുപ്രധാന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വിനോദസഞ്ചാര മേഖലയാണ് പ്രധാനമായും കായൽ ശൃംഖലാടിസ്ഥാനമായ ജലപാതയുടെ മറ്റൊരു ഗുണഭോക്താവ്. എന്നാൽ കർശനമായ പരിസ്ഥിതി സംരക്ഷണ നടപടികളും ജലഗുണനിലവാര സംരക്ഷണനടപടികളും ഉറപ്പാക്കിക്കൊണ്ടു മാത്രമേ ജലപാതകളിലൂടെയുള്ള വിനോദസഞ്ചാരം വർദ്ധിപ്പിക്കാനാകൂ. അതുകൊണ്ടുതന്നെ ജലഗുണനിലവാരം ഉയർത്തുകയും നിയമ-ബോധവത്ക്കരണ നടപടികളിലൂടെ അതു നിലനിർത്തുകയും ചെയ്യേണ്ടത് ഉൾനാടൻ ജലപാതാശൃംഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രധാനമായ നടപടികളിൽ ഒന്നാകുന്നു.

## റെയിൽ ഗതാഗതം

സംസ്ഥാനത്തെ റെയിൽ ഗതാഗതത്തെ സംബ ന്ധിച്ച പൊതു രൂപരേഖ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

*കേരളത്തിലെ റെയിൽ ഗതാഗതം (2008)*

| നമ്പർ | | വിവരണം | അളവ് |
|---|---|---|---|
| | | കേരളം | ഇന്ത്യ |
| 1 | പാതയുടെ നീളം (കിലോമീറ്ററിൽ) | 1050 | 63,376.7 |
| 2 | പാതയുടെ സാന്ദ്രത (1000 ച.കി.മി) | 27.02 | 19.25 |
| 3 | ബ്രോഡ് ഗേജ് റെയിൽപാത നീളം | 933.31 കി.മി | 49819.44 കി.മി |
| 4 | മീറ്റർ ഗേജ് റെയിൽ പാത നീളം | 116.89 കി.മി | 10621.38 കി.മി |
| 5 | നാരോ ഗേജ് റെയിൽ പാത നീളം | 0 | 2885.87 കി.മി |

റെയിൽ യാത്രാസൗകര്യം പരമാവധി ഉപ യോഗപ്പെടുത്തുന്ന സംസ്ഥാനമാണ് കേരളം. മാത്ര മല്ല, കേരളത്തിന്റെ പലഭാഗങ്ങളിലും, പ്രത്യേകിച്ച് വടക്കൻ മേഖലകളിൽ യാത്രാസൗകര്യം ഇനിയും വർദ്ധിപ്പിക്കാൻ സാധ്യമല്ലാത്ത അവസ്ഥയിൽ എത്തി യിരിക്കയാണ്. ഹ്രസ്വദൂരയാത്രക്കാരുടെയും, ചരക്ക് ഗതാഗതത്തിന്റേയും ആവശ്യങ്ങൾ പരിഗണിക്കുന്ന തിന് റെയിൽവേ ലൈനുകളുടെ ഇരട്ടിപ്പിക്കൽ അത്യന്താപേക്ഷിതമാണ്. താഴെ പറയുന്ന ലൈനുകളുടെ ഇരട്ടിപ്പിക്കൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

| നമ്പർ | ലൈൻ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | തിരുവനന്തപുരം-കന്യാകുമാരി | അനുമതി ലഭിച്ചിട്ടില്ല |
| 2 | എറണാകുളം-ആലപ്പുഴ-കായംകുളം | അമ്പലപ്പുഴ-കമ്പളങ്ങി ഭാഗത്തേക്കുള്ള അനുമതി ഇനിയും കിട്ടിയിട്ടില്ല |

ആലപ്പുഴയിലെ കേരളസ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡും, റെയിൽവേയും ചേർന്നുള്ള ഒരു ജോയിന്റ് വെഞ്ചർ കമ്പനിയായി കേരളത്തിൽ വാഗൺ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വന്നിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ ഇതുവരെ കേന്ദ്രഗവൺമെന്റ് തയ്യാറായിട്ടില്ല.

മെയിൻ ലൈൻ ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റ് (എം.ഇ.എം.യു) സംവിധാനം ഉപയോഗിച്ച് നെയ്യാറ്റിൻകര-കൊല്ലം, കൊല്ലം-കോട്ടയം, കൊല്ലം-ആലപ്പുഴ, ആലപ്പുഴ-എറണാകുളം, എറണാകുളം-തൃശ്ശൂർ, തൃശ്ശൂർ-പാലക്കാട് എന്നീ സ്റ്റേഷനുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള സബ് അർബൻ സർവ്വീസുകൾ സ്ഥാപിച്ചതാണ് കേരളത്തിലെ റെയിൽ മേഖലയിൽ ഉണ്ടായ ഗണ്യമായ പുരോഗതി. വർധിച്ചുവരുന്ന യാത്രക്കാരുടെ, പ്രത്യേകിച്ച് ഹ്രസ്വദൂര യാത്രാക്കാരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് എം.ഇ.എം.യു സംവിധാനത്തിന് കഴിയും. സാധാരണയായി ഉപയോഗിച്ചുവരുന്ന കോച്ചുകളിൽ നിന്ന് വ്യത്യസ്തമായി ഇലക്ട്രിക് ന്യൂമാറ്റിക് ബ്രേക്കുകൾ ഉപയോഗിക്കുന്നതുകൊണ്ട് മെച്ചപ്പെട്ട ബ്രേക്കിങ് സംവിധാനവും, 40 സെക്കന്റിനുള്ളിൽ 60 മുതൽ 90 കിലോമീറ്റർ വരെ സ്പീഡ് എടുക്കു

വാനുള്ള സൗകര്യവും ഇത്തരം കോച്ചുകൾക്കുണ്ട്. ചെന്നൈ, മുബൈ നഗരങ്ങളിലെ സബർബൻ വണ്ടികളിൽ ഉള്ള സീറ്റിംഗ് സംവിധാനങ്ങളോടെ 9 കോച്ചുകളിലായി പ്രതിദിനം 3000 യാത്രക്കാരെ വഹിക്കുവാനുള്ള കഴിവ് മെമു ട്രെയിനുകൾക്ക് ഉണ്ടാകും. കൊല്ലത്തുള്ള വർക്ക് ഷോപ്പിന് ആവശ്യമായ 122 സെന്റ് ഭൂമി റെയിൽവേക്കായി കൊല്ലം കോർപ്പറേഷൻ നൽകിയിട്ടുണ്ട്. എം.ഇ.എം.യു കോച്ചുകളുടെ ലഭ്യതക്കുറവും എറണാകുളം- കോട്ടയം- കായംകുളം പാതയുടെയും എറണാകുളം- ആലപ്പുഴ- കായംകുളം പാതയുടെയും ഇരട്ടിപ്പിക്കലുമാണ് ഈ രംഗത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നം.

കൊച്ചിയിൽ ഒരു മെട്രോ റെയിൽ സംവിധാനത്തിനുള്ള നിർദ്ദേശം സംസ്ഥാനം മുന്നോട്ട് വച്ചിട്ടുണ്ട്. തൃപ്പൂണിത്തറയിൽ നിന്ന് ആലുവയിലേക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്ക് എക്സ്റ്റൻഷനോടെയുള്ള പാതയുടെ എഗ്രിമെന്റ് ഡെൻഹി മെട്രോ റെയിൽ കോർപ്പറേഷൻ (ഡി.എം.ആർ.സി) തയ്യാറാക്കിയിട്ടുണ്ട്. 4427 കോടി ചെലവ് പ്രതീക്ഷിക്കുന്ന പി.എം.ആർ.സി രൂപത്തിൽ ഇത് നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ നിർദ്ദേശം വച്ചിരിക്കയാണ്. ഇതിനിടെ പ്ലാനിംഗ് കമ്മീഷൻ ഒരു പൊതു-സ്വകാര്യ പങ്കാളിത്ത മാതൃക നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശം കേന്ദ്ര കാബിനറ്റ് മാറ്റിവച്ചിരിക്കയാണ്.

ഇതേ സമയത്തുതന്നെ കേരളത്തിന്റെ വടക്ക് തെക്ക് ഭാഗങ്ങളെ യോജിപ്പിച്ചുകൊണ്ടുള്ള ഒരു അതിവേഗ പാത വികസിപ്പിച്ചെടുക്കുന്നതിനുള്ള സാധ്യതകൾ കേരള സർക്കാർ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഒരു അതിവേഗ റെയിൽ ഇടനാഴി പരിഗണനയിൽ വരികയും ഇത് തയ്യാറാക്കി നടപ്പിലാക്കുന്നതിനായി റെയിൽ വികസനകോർപ്പറേഷൻ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിർദ്ദേശിക്കപ്പെട്ട അതിവേഗ റെയിൽ ഇടനാഴികൾ കാസർഗോഡിനെ തിരുവനന്തപുരവുമായും കൊച്ചിയെ പാലക്കാടുമായും ബന്ധിപ്പിക്കും. രണ്ട് റെയിൽ ഇടനാഴികളുടെ മൊത്തം നീളം 900 കിലോമീറ്ററായിരിക്കും. ഡെൽഹി മെട്രോറെയിൽ പ്രോജക്ടിലുള്ളപോലെ സ്റ്റാൻഡേർഡ് ഗേജ് സിസ്റ്റത്തിലുള്ള രണ്ട് സമാന്തര ട്രാക്കുകളും ഈ ഇടനാഴികളിൽ ഉണ്ടായിരിക്കും. നിലവിൽ സംസ്ഥാനത്തുള്ള റെയിൽ സംവിധാനത്തിൽ നിന്നും സ്വതന്ത്രമായ ഒരു അലയ്മെന്റായിരിക്കും നിർദ്ദിഷ്ട അതിവേഗ റെയിൽ ഇടനാഴികൾക്ക് ഉണ്ടായിരിക്കുക. എന്തായാലും നിലവിലുള്ള ബസ് ടെർമിനലുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയിൽ നിന്നും അതിവേഗ റെയിൽ ഇടനാഴികളിലുള്ള സ്റ്റേഷനുകളിലേക്ക് യാത്രക്കാരെ കൊണ്ടു പോകുന്നതിനായി റെയിൽ/ റോഡ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ് കൊള്ളാവുന്ന സ്വകാര്യ സംരംഭകരോട് ചേർന്ന് സംസ്ഥാന സർക്കാരിന്റെ കൂട്ട് സംരംഭമായാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത കൂട്ടു സംരംഭകമ്പനി റെയിൽ ഇടനാഴിക്ക് ഉടമസ്ഥത വഹിക്കുകയും നടത്തിക്കൊണ്ട് പോകുകയും ചെയ്യും. ആവശ്യമായിടത്ത് ഇന്ത്യൻ റെയിൽവേയുടെ സഹായവും സഹകരണവും തേടുന്നതാണ്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നോഡൽ ഏജൻസി കെ.എസ്.ഐ.ഡി.സി ആയിരിക്കും.

അധികമായി വേണ്ടതായ പുതിയ പാതകൾക്കും, ചെറിയ റെയിൽവേ സ്റ്റേഷനുകളെ വലിയ സ്റ്റേഷനുകളായി ഉയർത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും വച്ചിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഷനായി ഉയർത്തുന്നതിനുള്ള ജോലികൾ തുടങ്ങിയിട്ടുണ്ട്. ഇത് ഊർജ്ജിതമായി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

## തുറമുഖ വിഭാഗം

585 കിലോമീറ്റർ ദൈർഘ്യമുള്ള സുമദ്രതീരമാണ് കേരളത്തിനുള്ളത്. ഒരു പ്രധാന തുറമുഖവും 3 ഇടത്തരം തുറമുഖങ്ങളും 14 ചെറുകിട തുറമുഖങ്ങളുമാണ് സംസ്ഥാനത്തുള്ളത്. കൊച്ചിയാണ് പ്രധാന തുറമുഖം; നീണ്ടകര, ആലപ്പുഴ, ബേപ്പൂർ എന്നിവ ഇടത്തരം തുറമുഖങ്ങളും വിഴിഞ്ഞം, വലിയതുറ, തങ്കശ്ശേരി, മുനമ്പം, കായംകുളം, മനക്കോടം, പൊന്നാനി, വടകര, തലശ്ശേരി, കണ്ണൂർ, അഴിക്കൽ, നീലേശ്വരം, മഞ്ചേശ്വരം, കാസറഗോഡ് എന്നിവ ചെറുകിട തുറമുഖങ്ങളുമാണ്.

ഇന്ത്യാ ഗേറ്റ്വേ ടെർമിനൽ എന്നു പരാമർശിക്കപ്പെടുന്ന അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ (ICTT) നിലവിൽ വരുന്നതോടെ സംസ്ഥാനത്തിന്റെ തുറമുഖ വിഭാഗത്തിന്റെ പ്രകൃതം തന്നെ മാറ്റിക്കുറിക്കപ്പെടുകയാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ (CoPT) ആഭിമുഖ്യത്തിൽ ദുബായ് പോർട്ട്സ് വേൾഡുമായി ചേർന്ന് സംയുക്തമായി നടപ്പാക്കുന്ന ഒരു പൊതുമേഖല-സ്വകാര്യ പങ്കാളിത്ത സംരംഭമായാണ് ICTT വികസിപ്പിക്കപ്പെട്ടത്. ആദ്യഘട്ടമായി ഒരു ദശലക്ഷം TEU ശേഷിയുള്ള പുതിയ ടെർമിനലിന് 600 മീറ്റർ ദൈർഘ്യമുള്ള ക്വേയും ആറ് സൂപ്പർപോർട്ട് പാനമാക്സ് ക്വേ ക്രെയിനുകളും റെയിൽ മൗണ്ടഡ് ആയ റബർടയറുള്ള ഗാൻട്രി ക്രെയ്നുകളിൽ ചലിക്കുന്ന ഓൺഡോക് റെയിൽ ഹെഡ് സംവിധാനവും ഇവടെയുണ്ട്.

പുതിയ നാലുവരി പാലവും സുവർണ്ണ ചതുഷ്ക്കോണ വീഥീശൃംഖലയിലേക്ക് ഹൈവേ ബന്ധവും സ്ഥാപിക്കാനുള്ള പണികൾ നടന്നുവരുന്നു. അന്തിമമായി 1.8കി.മീ ദൈർഘ്യമുള്ള ക്വേയും വലിയകപ്പലുകളിൽ നിന്നുതന്നെയുള്ള ചരക്കു കൈകാര്യം ചെയ്യാനാകുന്നതരം കുറഞ്ഞത് 16 ക്വേ ക്രെയ്നു

കളും മറ്റ് അനുബന്ധ ചരക്കു കൈകാര്യ ഉപകരണ സംവിധാനങ്ങളും സഹിതം ആകെ 3 ദശലക്ഷം TEU ചരക്കു നീക്കത്തിനു കഴിയുന്ന ടർമിനലായാണ് വല്ലാർപ്പാടം വികസിപ്പിക്കപ്പെടുക.

9 ഡിഗ്രി കപ്പൽപാതയിൽ നിന്നും 76 നോട്ടിക്കൽ മൈൽ ദൂരം മാത്രമേയുള്ളൂ എന്ന മറ്റാർക്കും അവകാശപ്പെടാനാകാത്ത ഭൂപ്രകൃതി സവിശേഷതയുടെ നേട്ടം പരമാവധി ഉപയോഗപ്പെടുത്തുകയാണ് വല്ലാർപ്പാടം ടെർമിനൽ വികസനത്തിന്റെ ലക്ഷ്യം.

| തുറമുഖത്തിന്റെ പേര് | 9 ഡിഗ്രി കപ്പൽ പാതയിൽ നിന്നുള്ള ദൂരം (നോട്ടിക്കൽ മൈലിൽ) |
|---|---|
| കൽക്കത്ത | 740 |
| മുംബൈ | 454 |
| കൊച്ചി | 76 |
| കൊളംബോ | 33 |
| ചെന്നൈ | 608 |

ഇന്ത്യയുടെ കയറ്റുമതി/ഇറക്കുമതി ചരക്കുനീക്കങ്ങളുടെ 65% വും അയൽ രാജ്യങ്ങളായ യമനിലെ ഏദൻ, കുവൈറ്റിലെ മിന അൽ അഹമ്മദി, ഒമാനിലെ സലാഹ്, സിംഗപ്പൂർ എന്നീ തുറമുഖങ്ങൾ വഴിയാണ് ഇന്നു കൈകാര്യംചെയ്യപ്പെടുന്നത്. കൊച്ചി സുവർണ്ണ ചതുഷ്ക്കോണ വീഥിയുമായി ബന്ധപ്പെടുത്തപ്പെടുന്നതോടെ ഇന്നുള്ള ഡൽഹി-ചെന്നൈ പാതയേക്കാൾ ദൂരം കുറഞ്ഞ ഡൽഹി-കൊച്ചി പാതയാണ് നിലവിൽ വരിക. കൊച്ചി തുറമുഖത്തിന് NH-17, NH-47, NH-49 എന്നിവ വഴിയായ ഭൂതല ഗതാഗത ബന്ധം സാദ്ധ്യമാണ്. കൊങ്കൺ റെയിൽ പാതവഴിയും സതേൺ റെയിൽവേ വഴിയും റെയിൽ ഗതാഗതബന്ധവും കൊച്ചിക്ക് ലഭ്യമാക്കാനാകും. ഇന്ത്യൻ ഉൾനാടൻ ജലപാത അഥോറിറ്റി കേരളത്തിലെ NW3 ജലപാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

ദ്രവീകൃത പ്രകൃതിവാതക ടെർമിനലും പുനർവാതകീകരണ പ്ലാന്റും GAIL ലക്ഷ്യമിട്ടിട്ടുള്ള ഇന്ധന വാതക പൈപ്പ്ലൈനും കയറ്റുമതി ലക്ഷ്യമായ യൂണിറ്റുകളും തുറമുഖത്തിന്റെ ലോജിസ്റ്റിക് ശൃംഖല പൂർണ്ണമാക്കുന്നു. ദേശീയ നാവിക പരിപാടിയുടെ ഭാഗമായി ബന്ധപ്പെട്ട ഭൗമഘടക ങ്ങളുടെ വികസന പരിപാടികളും ലക്ഷ്യമിട്ടിട്ടുണ്ട്.

## വിഴിഞ്ഞം അന്തർദേശീയ തുറമുഖം

കേരളത്തിന്റെ മുൻഗണനാപദ്ധതികളിലൊന്നാണ് വിഴിഞ്ഞം അന്തർദേശീയ തുറമുഖം. മൂന്നുഘട്ടമായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ തുറമുഖം 2.8 ദശലക്ഷം TEU ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി ലക്ഷ്യമാക്കുന്നതാണ്. 6000 കോടി രൂപയുടെ മുതൽ മുടക്കാണ് ഇതിനാവശ്യമായുള്ളത്. തുറമുഖ സൗകര്യങ്ങൾ സർക്കാർ ചുമതലയിൽ പണികഴിപ്പിക്കുന്നു സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു ലാൻഡ് ലോർഡ് പോർട്ട് എന്നനിലയ്ക്കാണിത് സ്ഥാപിക്കപ്പെടുന്നത്. ആദ്യഘട്ട നിർമ്മാണച്ചെലവ് 1637 കോടി രൂപയാണ് ഇതിൽ ആയിരംകോടി രൂപ ചെലവുവരുന്ന തുറമുഖ സൂപ്പർ സ്ട്രക്ചർ നിർമ്മിതിക്കും പ്രവർത്തനത്തിനുമായി അടുത്തുതന്നെ സർക്കാർ ആഗോള ടെൻഡർ പുറപ്പെടുവിക്കുന്നതാണ്. തുറമുഖനിർമ്മിതിയും വിനിമയ ബന്ധങ്ങളും അടിയന്തിര നടപടികളായി ഏറ്റെടുക്കപ്പെടുകയാണ്. പശ്ചാത്തല സൗകര്യവികസനത്തിനും വിനിമയബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമായി 6000 കോടിയുടെ നിക്ഷേപമാണുണ്ടാവുക. ഇതിൽ റോഡ് നിർമ്മിതിക്കുള്ള ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചുവരുന്നു.

## ചെറുകിട തുറമുഖങ്ങളുടെ വികസനവും തീരസമുദ്ര ഷിപ്പിങ്ങും

തീരസമുദ്ര ചരക്കുനീക്കൽ സംവിധാനത്തിന്റെ വികസനം ഉയർന്നപ്രാധാന്യം അർഹിക്കുന്ന മേഖലയാണ്. ഇതിനായി കനാലുകളുടെ ചേറുനീക്കി ഗതാഗതയോഗ്യമാക്കലും ബേപ്പൂർ, കൊല്ലം, അഴിക്കൽ തുറമുഖങ്ങളുടെ പശ്ചാത്തല സൗകര്യവികസനവും ഏറ്റെടുക്കപ്പെട്ടിട്ടുണ്ട്.

അഴിക്കൽ തുറമുഖം: ഗുജറാത്തിലെ മുന്ദ്രാ പോർട്ട്സ് SEZ ലിമിറ്റഡുമായി ചേർന്ന് പൊതുമേഖലാ-സ്വകാര്യപങ്കാളിത്ത പദ്ധതിയായിട്ടാണ് അഴിക്കൽ തുറമുഖവികസന പ്രവർത്തനം നടത്തുക. 3000 കോടിരൂപ നിക്ഷേപം ആവശ്യമുള്ള ഈ പദ്ധതി നിർവ്വഹണം 2011 ന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കും.

300 കോടി രൂപ നിക്ഷേപം ആവശ്യമുള്ള പൊന്നാനി തുറമുഖവികസവും ഇതേപ്പോലെ സ്വിസ് ചലഞ്ച് രീതിയിൽ സ്വകാര്യപങ്കാളിത്തത്തോടെയാണ് ഏറ്റെടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

ബേപ്പൂർ തുറമുഖവികസനത്തിന് രണ്ടു ഭാഗങ്ങളാണുള്ളത്.

1. 200 മീറ്റർ ദൈർഘ്യമുള്ള ബർത്തിന്റെ നിർമ്മാണം ലക്ഷദ്വീപിലേക്കുള്ള ഗതാഗതം കൈകാര്യം ചെയ്യുന്നതിലേക്കു മാത്രമായി നീക്കി വയ്ക്കുന്നതാണ്. ഇതിന്റെ വികസനം പൂർണ്ണമായും ലക്ഷദ്വീപു ഭരണകൂടം വഹിക്കുന്നതാണ്. ഇതിനുള്ള പരസ്പര ധാരണാപത്രം ഉടനെ ഒപ്പുവയ്ക്കപ്പെടും
2. തുടർന്നുള്ള 400 മീറ്റർ ബർത്ത് വികസനത്തിനും

ചേറുനീക്കലിനുമായി 177.7 കോടി നിക്ഷേപം ആവശ്യമായ നിർമ്മാണ പ്രവർത്തനം പൊതുമേഖലാ-സൗകര്യപങ്കാളിത്തപദ്ധതിയായി നടപ്പാക്കും ഇതിനുള്ള ടെൻഡർ നടപടികൾ ഉടനെ നടത്തുന്നതാണ്

ആലപ്പുഴ തുറമുഖം ഒരു മറീന-കം-കാർഗോ ഹാർബറായി വികസിപ്പിക്കുന്നതിനുള്ള പൊതുമേഖല-സ്വകാര്യപങ്കാളിത്ത പദ്ധതിക്ക് വിശദാംശപഠന രേഖ തയ്യാറായിട്ടുണ്ട്.

കൊല്ലത്തെ തങ്കശ്ശേരി തുറമുഖ വികസനത്തിനായി 20 കോടിരൂപ ചെലവിൽ ചേറുനീക്കലും വിനിമയ ബന്ധം സ്ഥാപിക്കലും വാർഫിന്റെയും യാർഡിന്റെയും വികസനവും നടത്തിയിട്ടുണ്ട്. തുറമുഖ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് പൊതു മേഖലാ സ്വകാര്യ പങ്കാളിത്ത പദ്ധതി രൂപീകരിക്കാൻ ലക്ഷ്യമിടുന്നു. 160 കോടിരൂപ മുതൽ മുടക്കാണ് ഇതിനു പ്രതീക്ഷിക്കുന്നത്.

പൊന്നാനി തുറമുഖവികസനത്തിന് 763 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കപ്പെടുന്നത് ഇതിന് സ്വിസ് ചലഞ്ച് മാതൃകയിലുള്ള ടെൻഡറാണ് നടത്തുന്നത് ഈ വർഷം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാവുമെന്നു കരുതുന്നു.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനായി പുതിയ വാർഫും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കാനായിട്ടുണ്ട്.

## വ്യോമഗതാഗതം

ഇന്ത്യയിലെ സ്വകാര്യ മേഖലയിലുള്ള ആദ്യത്തെ ഗ്രീൻഫീൽഡ് വിമാനത്താവള മെന്നനിലയ്ക്ക് കൊച്ചി അന്തർദേശീയ വിമാനത്താവളം ദേശീയ തലത്തിൽ വിമാനത്താവള സ്വകാര്യവത്ക്കരണത്തിനുള്ള ബദൽ മാതൃകയായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. മധ്യപൂർവ്വ രാജ്യങ്ങൾ, യൂറോപ്പ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾക്ക് അന്തർദേശീയ വിനിമയബന്ധം നൽകുന്നതിലൂടെ തെക്കേ ഇന്ത്യയിലെ സുപ്രധാന വിമാനത്താവളമായി ഇതുമാറുകയാണ്. ഇന്ത്യയിലെ വിവിധ നഗരങ്ങളിലുള്ള വിമാനത്താവളങ്ങൾ സാമ്പത്തിക മാന്ദ്യം നേരിടുമ്പോഴും തുടർച്ചയായി ലാഭം നേടിക്കൊണ്ടിരിക്കുന്ന വിമാനത്താവളമാണ് കൊച്ചി വിമാനത്താവളം.

ഇന്ത്യയിലെ, ഏതുകാലാവസ്ഥയിലും പ്രവർത്തിക്കാനാകുന്ന ഏക വിമാനത്താവളമാണ് തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളം. എയർപ്പോർട്ട് അതോറട്ടി ഓഫ് ഇന്ത്യ ഇവിടെ പണികഴിപ്പിച്ചിട്ടുള്ള പുതിയ ടെർമിനൽ നിലവിൽ വന്നതോടെ ഇവിടെ ഒരേ സമയം കൈകാര്യം ചെയ്യുന്ന അന്തർദേശീയ സഞ്ചാരികളുടെ എണ്ണം മൂന്നുമടങ്ങായിട്ടുണ്ട്.

മലബാറിലെ പ്രവാസിമലയാളികളുടെ യാത്രാ ആവശ്യങ്ങൾക്ക് ഉതകുന്ന പ്രധാന വിമാനത്താവളമാണ് കോഴിക്കോട് വിമാനത്താവളം എയർപ്പോർട്ട് അതോറട്ടി ഓഫ് ഇന്ത്യ ഇവിടെ പണികഴിപ്പിക്കാനുദ്ദേശിക്കുന്ന പുതിയ ടെർമിനൽ കെട്ടിടം യാത്രക്കാർക്ക് ഇവിടെ ലഭ്യമാകുന്ന സൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കും.

കണ്ണൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാങ്കേതിക സാമ്പത്തിക സാദ്ധ്യതാ റിപ്പോർട്ടിന് കേന്ദ്ര വ്യോമഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനായി 1287 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. കണ്ണൂർ ഇന്റർനാഷ്ണൽ എയർപോർട്ട് ലിമിറ്റഡിന് പദ്ധതി ആസൂത്രണം മുതൽ പ്രവർത്തനക്ഷമമാകുന്ന ഘട്ടംവരെ കൈത്താങ്ങൽ സഹായം നൽകുന്നതിന് ഒരു സമഗ്ര വിമാനത്താവള പദ്ധതി കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങളും 2010 നവംബറോടെ പൂർത്തിയായിട്ടുണ്ട്.

## പശ്ചാത്തല സൗകര്യങ്ങൾ പ്രകൃതി വാതക വിനിമയ ശൃംഖല

സ്വാഭാവികമായ പരിസ്ഥിതി സൗഹാർദ്ദതയും ഉയർന്ന ഊർജ്ജ ക്ഷമതയും ചെലവിനൊത്ത നേട്ടങ്ങളും ഒരു ഇന്ധനമെന്ന നിലയ്ക്ക് പ്രകൃതി വാതകത്തിന്റെ സ്വീകാര്യത ഏറെ വർദ്ധിപ്പിച്ചിട്ടുണ്ട്. രണ്ട് സുപ്രധാന മുന്നേറ്റങ്ങളാണ് ദേശീയ പ്രകൃതി വാതക വിനിമയ ശൃംഖലയിൽ കേരളത്തിന് ശ്രദ്ധേയമായ സ്ഥാനം നൽകിയിട്ടുള്ളത്. ഒന്നാമത്തേത് കൊച്ചിയിൽ സ്ഥാപിക്കപ്പെടുന്ന ദ്രവീകൃത പ്രകൃതി വാതക സ്വീകരണ - സംഭരണ - പുനർവാതകീകരണ ടെർമിനലും അതിലൂടെ 2012 മാർച്ചോടെ ലഭ്യമാകാവുന്ന പുനർവാതകീകൃത ദ്രവപ്രകൃതി വാതക(R-LNG)വുമാണ്. ആദ്യഘട്ടത്തിൽ, പ്രതിവർഷം 2.5 ദശലക്ഷം മെട്രിക്ക് ടൺ (MMTPA) ശേഷിയും തുടർന്ന് പ്രതിവർഷം 5 ദശലക്ഷം മെട്രിക്ക് ടൺ (MMTPA) ആയുള്ള ശേഷി വർദ്ധനവുമാണ് ഈ ടെർമിനലിന്റെ ലക്ഷ്യം. രണ്ടാമത്തേത്, കൊച്ചി - കൂറ്റനാട് - കൊയമ്പത്തൂർ - ബംഗളൂരു ഭൂഗർഭ വാതകപൈപ്പ്ലൈനും, കൊച്ചി - കൂറ്റനാട് - കോഴിക്കോട് - മാംഗളൂർ ഭൂഗർഭ വാതകപൈപ്പ്ലൈനും, കൊച്ചി മുതൽ കായംകുളം വരെയുള്ള തീരസമുദ്രാന്തര വാതകപൈപ്പ്ലൈനും സ്ഥാപിക്കുന്നതിന് ഗ്യാസ് അഥോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (GAIL) സ്വീകരിച്ചിട്ടുള്ള തീരുമാനമാണ്.

സംസ്ഥാനത്ത് ഊർജ്ജ സുരക്ഷ കൈവരിക്കുന്നതിന്, ഗണ്യമായ സാദ്ധ്യതകളാണ് ഈ നടപടികൾ തുറന്നുതന്നിട്ടുള്ളത്. നാഷ്ണൽ തെർമൽ പവർ

കോർപ്പറേഷന്റെ, കായംകുളത്തുള്ള 350 മെഗാവാട്ട് നാഫ്ത അധിഷ്ഠിത താപ വൈദ്യുത നിലയത്തിന്റെ പരിവർത്തനവും 1050 മെഗാവാട്ട് അധികശേഷി ആർജ്ജിക്കലുമാണ് (ആകെ 1.4 MMTPA) R-LNG വാതക ശൃംഖലാബന്ധത്തിന്റെ പ്രാഥമിക ലക്ഷ്യം. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിന് (FACT) രാസവള നിർമാണത്തിനായി ട്ടുള്ള 0.275 MMTPA വാതക ആവശ്യവും ഇതോടൊപ്പം പരിഗണിച്ചിട്ടുണ്ട്, എന്നാലിതിന് നിലവിലുള്ള നാഫ്തവിഘടന സംവിധാനത്തെ വാതകവിഘടന സംവിധാനമായി മാറ്റേണ്ടതുണ്ട്. ഇവയ്ക്കു പുറമേ R-LNG വാതക ശൃംഖലാബന്ധത്തിന്റെ ആദ്യഘട്ട ശേഷി, സംസ്ഥാന വൈദ്യുതി ബോർഡ് ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന 1026 മെഗാവാട്ട് വാതക അധിഷ്ഠിത താപ വൈദ്യുത നിലയത്തിന്റെ പ്രാഥമിക പ്രവർത്തനാവശ്യത്തിനു കൂടി (1.3 MMTPA) ഏകദേശം മതിയാവുന്നതാണ്.

രണ്ടാം ഘട്ട ശേഷി വികസനത്തിലൂടെ കൊച്ചി കളമശ്ശേരിയി ഇപ്പോൾ നാഫ്ത അധിഷ്ഠിതമായി പ്രവർത്തിക്കുന്ന 120 മെഗാവാട്ട് റിലയൻസ് താപ വൈദ്യുത നിലയത്തിന്റെ വാതകപരിവർത്തനത്തിനും (0.25 MMTPA), കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) കാസറഗോഡ് സ്ഥാപിക്കുന്ന, കൽക്കരി-പ്രകൃതി വാതക അധിഷ്ഠിത (1200 മെഗാവാട്ട്) ചീമേനി താപ വൈദ്യുതനിലയത്തിന്റെ പ്രവർത്തനാവശ്യത്തിനും (600 മെഗാവാട്ടിന് 1.35 MMPTA) പ്രകൃതി വാതക ലഭ്യത ഉറപ്പിക്കാനാകും.

GAIL -ന്റെ 2000 കിലോ മീറ്റർ ധാബോൾ - ബംഗളൂരു വാതകപൈപ്പ്ലൈൻ പ്രോജക്ട് പൂർത്തിയാകുകയും (പ്രതീക്ഷിത പൂർത്തീകരണ ലക്ഷ്യം 2013) കൊച്ചി - ബംഗളൂരു വാതക ട്രങ്ക് പൈപ്പ്ലൈൻ നിലവിൽ വരികയും ചെയ്യുന്നതോടെ കേരളത്തിന്റെ ആഭ്യന്തര വാതക ശൃംഖലാബന്ധത്തിന്റെ പ്രാഥമിക പശ്ചാത്തല സൗകര്യങ്ങളാണ് സാക്ഷാത് ക്കരിക്കപ്പെടുന്നത്. ഇത് റിലയൻസിന്റെ കൃഷ്ണാ ഗോദാവരി വാതക ശൃംഖലയിൽ നിന്നോ ONGCയുടെ വാതക ശൃംഖലയിൽ നിന്നോ ആഭ്യന്തര വാതക ലഭ്യത ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിനു മേൽ സമ്മർദ്ദം ചെലുത്താൻ സാധ്യത നൽകുന്നു.

ആഭ്യന്തര വാതക ശൃംഖലാബന്ധം സാക്ഷാത്ക്കരിക്കുകയും R-LNG വാതക ശൃംഖലാബന്ധം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിനു തുടർച്ചയായി, KSIDC യുടെയും GAIL -ന്റെയും സംയുക്ത സംരംഭമായി ഒരു സപ്ലിമെന്ററി വാതക വിനിമയ ശൃംഖല സംസ്ഥാനത്ത് സ്ഥാപിക്കാനാകും. എല്ലാ ജില്ലകളിലും എത്തുന്ന ഒരു നഗര വാതക വിതരണ പദ്ധതി എന്ന സുപ്രധാന പ്രവർത്തനത്തിന് ഇത് തുടക്കം കുറിക്കും. നഗര വാതക വിതരണ പദ്ധതിയുടെ ആകെ വാതക ആവശ്യം ഏതാണ്ട് 1.52 MMTPA വരും. പെട്രോളിയം പ്രകൃതിവാതക റഗുലേറ്ററി ബോർഡ് (PNGRB), എറണാകുളം ജ്യോഗ്രാഫിക് ഏരിയയിൽ ഒരു നഗര വാതക വിതരണ സംവിധാനം സെപ്തംബർ 2010-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. മധ്യകേരളത്തിലും വടക്കൻ കേരളത്തിലുമായി മറ്റ് ഏഴ് നഗര വാതക വിതരണ പദ്ധതികൾ രൂപീകരണത്തിലുമാണ്. GAILന്റെ കൊച്ചി - കായംകുളം വാതക പൈപ്പ്ലൈൻ തിരുവനന്തപുരം വരെ നീട്ടുന്നതോടെ തെക്കൻ കേരളത്തിലെ നഗര വാതക വിതരണ പദ്ധതിയ്ക്കും തുടക്കം കുറിക്കാനാകും. ഗാർഹിക വാണിജ്യ ഗുണഭോക്താക്കൾക്കും ചെറുകിട ഇടത്തരം വ്യാവസായിക സംരംഭങ്ങൾക്കും ഇന്ധന വാതക ലഭ്യത ഉറപ്പാക്കുകയായിരിക്കും നഗര വാതക വിതരണ പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ FACT ഒഴികെയുള്ള മറ്റ് പ്രമുഖ വ്യാവസായിക ഗുണഭോക്താക്കളായ, അപ്പോളോ ടയേഴ്സ്, കൊച്ചി റിഫൈനറീസ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കേരള മെറ്റൽസ് ആൻഡ് മിനറൽസ് ലിമിറ്റഡ് (KMML), ഹിൻഡാൽകൊ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (TCC), എക്സൽ ഗ്ലാസസ്, കേരള കൊ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ്ങ് ഫെഡറേഷൻ ലിമിറ്റഡ് (Milma), ശ്രീ ശക്തി പേപ്പർ മിൽസ്, കാർബറണ്ടം യൂണിവേഴ്സൽ, മെർച്ചം ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് (TELK), സ്റ്റീൽ കോംപ്ലക്സ്, കേരള സ്റ്റേറ്റ് റബർ കൊ-ഓപ്പറേറ്റീവ് ലിമിറ്റഡ് (Rubco), കേരള സെറാമിക്സ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ് (TTPL), ഇംഗ്ലീഷ് ഇന്ത്യാ ക്ലേസ്, ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് (HLL), കേരള ഫീഡ്സ്, കൊച്ചിൻ സ്പെഷ്യൽ എക്ണോമിക് സോൺ, റബർ പാർക്ക്- ഇരവിപുരം, പാലക്കാട് സ്റ്റീൽ ക്ലസ്റ്ററിലെ സ്റ്റീൽ യൂണിറ്റുകൾ തുടങ്ങിയവയും അവയുടെ പ്രവർത്തനത്തിന് ഇന്ധന വാതകം ആവശ്യമുള്ളവയാണ്. ഇവയുടെ ആകെ ഡിമാൻഡ് ഏതാണ്ട് 0.25 MMPTA വരും.

സമ്മർദ്ദിത പ്രകൃതി വാതക (CNG) സ്റ്റേഷനുകളിലൂടെ മോട്ടോർ വാഹനങ്ങൾക്കും വാതക ശൃംഖലയുടെ നേട്ടങ്ങൾ ഉപയോഗപ്പെടുത്താം. സ്വകാര്യ വാഹനങ്ങൾക്കായുള്ള CNG സ്റ്റേഷനുകൾക്കു പുറമേ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (KSRTC) വാഹനങ്ങൾക്കായി നാലും കപ്പലുകൾക്കും ബോട്ടുകൾക്കുമായി രണ്ടും CNG സ്റ്റേഷനുകൾ കൂടി വിഭാവന ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ മത്സ്യ സംസ്കരണ മേഖലയ്ക്കും, പഴം പച്ചക്കറി ശീതീകൃത സംഭരണ സംവിധാനങ്ങൾക്കും, ഓൺ ബോർഡ് മത്സ്യ ബന്ധന

ബോട്ടുകൾക്കും ഇന്ധന വാതക ലഭ്യത ഉറപ്പാക്കുന്നതിനും ശ്രമിക്കേണ്ടതുണ്ട്.

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെയും (KINFRA) KSIDCയുടെയും നേതൃത്തത്തിൽ രൂപീകരിക്കപ്പെടുന്ന വ്യാവസായിക ഹബ്ബിൽ ഉൾപ്പെടുന്നവയാണ് കണ്ണൂരിലെ ടെക്സ്റ്റൈൽ സെന്റർ, പത്തനംതിട്ടയിലെ ഫുഡ് പ്രോസസിങ്ങ് പാർക്ക്, പത്തനംതിട്ടയിലെ ചെറുകിട വ്യവസായ പാർക്ക്, കഞ്ചിക്കോട്ടെ സംയോജിത ടെക്സ്റ്റൈൽ പാർക്ക്, വയനാട്ടിലെ മെഗാ ഫുഡ് പാർക്ക്, ഇടുക്കിയിലെ സ്പൈസസ് പാർക്ക്, തൃശ്ശൂരിലെയും കോഴിക്കോട്ടെയും വിജ്ഞാന പാർക്കുകൾ, പത്തനംതിട്ടയിലെ റബർ പാർക്ക്, കൊച്ചിയിലെ ഇലക്ട്രോണിക് ഹബ്ബ്, തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്ക്, എറണാകുളത്തെ ജനറൽ പർപ്പസ് പാർക്ക് തുടങ്ങിയവ. ഇവയുടെ ഇന്ധന വാതക ആവശ്യം നിറവേറ്റുന്നതിനും ഈ വാതക വിനിമയ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

KSIDC- KINFRA വ്യാവസായിക ഹബ്ബിലെ വിവിധ വ്യാവസായിക ക്ലസ്റ്ററുകൾക്ക് വേണ്ടി ആകെ 173.5 മെഗാവാട്ട് ശേഷി വരുന്ന (കണ്ണൂർ 5.9 മെഗാവാട്ട്, കോഴിക്കോട് 2.2 മെഗാവാട്ട്, തൃശ്ശൂർ 10 മെഗാവാട്ട്, പാലക്കാട് 25 മെഗാവാട്ട്, കൊച്ചി 111 മെഗാവാട്ട്, കോട്ടയം 6.6 മെഗാവാട്ട്, ആലപ്പുഴ 3.1 മെഗാവാട്ട്, കൊല്ലം 1.9 മെഗാവാട്ട്, തിരുവനന്തപുരം 7.8 മെഗാവാട്ട്) വികേന്ദ്രീകൃത വൈദ്യുതോത്പാദന പദ്ധതികളും നടപ്പാക്കാനാകുന്നവയാണ്.

ഇറക്കുമതി ചെയ്യപ്പെടുന്ന LNG അടിസ്ഥാനമാക്കുന്ന സപ്ലിമെന്ററി വാതക വിനിമയ ശൃംഖലയിലുള്ള ആശ്രിതത്തം വിലയിലും വിദേശ നാണ്യ വിനിമയ നിരക്കിലുമുണ്ടാകുന്ന ചാഞ്ചാട്ടങ്ങളുടെ ചെറുതല്ലാത്ത പ്രശ്നങ്ങൾ നേരിടേണ്ടി വരും. ആഭ്യന്തര വാതക ലഭ്യതാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടേ ഇത് പരിഹരിക്കാനാകു. എന്നാൽ സുസജ്ജമായ ഒരു വാതക വിനിമയ പശ്ചാത്തല സൗകര്യവും ന്യായമായ ഇന്ധന വാതക ഡിമാൻഡും മുൻനിർത്തിക്കൊണ്ടു മാത്രമേ ഒരു ആഭ്യന്തര വാതക ലഭ്യതാ സംവിധാനം സംസ്ഥാനത്തിന് നേടിയെടുക്കാനാവുകയുമുള്ളു.

## പശ്ചാത്തല സൗകര്യങ്ങൾ : നിർമ്മാണ മേഖല

സാമ്പത്തിക വളർച്ചയുടെ ഘടന സംബന്ധിച്ച് ആമുഖ അധ്യായത്തിലെ പരിശോധനയിൽ സംസ്ഥാനം സമീപകാലത്തു നേടിയ ഉയർന്ന വളർച്ചയിൽ നിർമ്മാണമേഖല വഹിച്ച വലിയ പങ്കിനെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാന ത്തിന്റെ ആഭ്യന്തര ഉൽപാദനത്തിൽ പ്രാഥമിക മേഖലയുടെ, വിശേഷിച്ചും കൃഷി അനുബന്ധമേഖലയുടെ പങ്കുവൻതോതിൽ കുറഞ്ഞതിനു സമാന്തരമായി നേട്ടമുണ്ടാക്കിയ മേഖലകളിൽ ഒന്നാണ് നിർമ്മാണം. ആഭ്യന്തര ഉൽപാദനത്തിൽ 2004-05 ൽ 11.1 ശതമാനം ആയിരുന്ന നിർമ്മാണമേഖലയുടെ പങ്ക് 2008-09 ആയപ്പോഴേയ്ക്കും 15.87 ശതമാനമായി ഉയർന്നു. കൃഷി അനുബന്ധ മേഖലകളുടെ പങ്ക് കേവലം 9.7 ശതമാനമാണ് എന്നതുകൂടി ഇവിടെ പരിഗണിക്കണം. നിർമ്മാണ മേഖലയുടെ അസാമാന്യമായ ഈ വളർച്ചയുടെ തുടക്കം എഴുപതുകളുടെ മധ്യത്തിലാണ്. ഗൾഫിൽ നിന്നുള്ള വരുമാനപ്രവാഹം തുടങ്ങിയതു മുതൽ കേരളത്തിലെ നിർമ്മാണ മേഖലയിൽ അഭിവൃദ്ധിയുടെ കാലം ആരംഭിച്ചു. ഗൾഫ് വരുമാനത്തിന്റ പ്രഭാവം ഏറെയും അനുഭവപ്പെട്ടത് തുടക്കത്തിൽ പാർപ്പിടമേഖലയിലാണ്. എന്നാൽ പിന്നീടു ഗൾഫിൽ നിന്നുള്ളവരുടെയും മറ്റുള്ളവരുടെയും പണം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിലേയ്ക്കും ഒഴുകിയെത്താൻ തുടങ്ങി. കല്യാണ മണ്ഡപങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കു വേണ്ടിയുള്ള കെട്ടിട സമുച്ചയങ്ങൾ തുടങ്ങി നാനാജാതി ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടു. സമീപകാലത്ത് കെട്ടിട-ഇതര മേഖലകളിലും നിർമ്മാണ പ്രവർത്തനങ്ങൾ അതിദ്രുതം വികസിക്കുകയുണ്ടായി. മുൻകാലത്തെ യാഥാസ്ഥിതിക ധനനയം ഉപേക്ഷിച്ചു സംസ്ഥാന സർക്കാർ വികസനരംഗത്തു കൈയയച്ചു നിക്ഷേപം നടത്താൻ തുടങ്ങിയതു റോഡുകളുടെയും പാലങ്ങളുടെയും ഇതര പശ്ചാത്തല ആസ്തികളുടെയും നിർമ്മാണം ഏറെ പ്രോത്സാഹിപ്പിച്ചു. ആഗോള സാമ്പത്തിക മാന്ദ്യം വന്നപ്പോൾ അതിന്റെ വിപരീത പ്രത്യാഘാതത്തിൽ നിന്നും സംസ്ഥാനത്തെ രക്ഷപെടുത്താൻ പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായും ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കപ്പെട്ടു. ഇതെല്ലാം നിർമ്മാണരംഗത്ത് അതിശയിപ്പിക്കുന്ന വളർച്ചയ്ക്കു കാരണമായിട്ടുണ്ട്.

നിർമ്മാണരംഗത്തെ ഈ അഭിവൃദ്ധി പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന പല പ്രത്യാഘാതങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. അവയിൽ ചിലത് അനുകൂലമാണെങ്കിൽ മറ്റുചിലത് അത്ര ആരോഗ്യകരമല്ല. നിർമ്മാണരംഗത്തെ നല്ലതും തീയതുമായ പ്രവണതകളെ വിശകലനം ചെയ്തുകൊണ്ടുവേണം ഈ രംഗത്തെ ഭാവി നയങ്ങൾ കരുപ്പിടിപ്പിക്കാൻ.

നിർമ്മാണരംഗത്തെ അഭിവൃദ്ധിയുടെ ഒരുഫലം പാർപ്പിടക്ഷാമത്തിന്റെ തീവ്രത കുറയ്ക്കാൻ കഴിഞ്ഞു എന്നതാണ്. ഇതിനു സാമൂഹ്യ അസമത്വത്തിന് എതിരായ ഒരുവശം കൂടിയുണ്ട്. ആദ്യകാലത്ത് ഗൾഫിലേയ്ക്കു പോയവരിൽ ഏറിയകൂറും

വിദഗ്ധ അവിദഗ്ധ തൊഴിലാളികളായിരുന്നു. അവർ പാർപ്പിടരംഗത്തു നടത്തിയ മുതൽമുടക്ക് പാർപ്പിട ക്ഷാമം പരിഹരിക്കാൻ ഒരളവുവരെ സഹായകരമായി. ഗൾഫ് പ്രതിഭാസത്തിന്റെ അഭാവത്തിൽ ഇതു സാധ്യമാകുമായിരുന്നില്ല. നിർമ്മാണ മേഖലയിൽ നിന്നുള്ള വിദഗ്ധ തൊഴിലാളികളുടെ കുടിയേറ്റവും അവർ നാട്ടിൽ നടത്തിയ നിക്ഷേപവും ഈ രംഗത്തേയ്ക്കു പുതിയ സാങ്കേതിക വിദ്യകളും യന്ത്ര സാമഗ്രികളും കൊണ്ടുവരുന്നതിനും പരിചയപ്പെടുത്തുന്നതിനും സഹായകരമായി. നിർമ്മാണ അഭിവൃദ്ധിയുടെ മറ്റൊരു നേട്ടം കാർഷികരംഗത്തു നിന്നും മറ്റു പരമ്പരാഗത മേഖലകളിൽ നിന്നും പുറന്തള്ളപ്പെടുന്ന തൊഴിലാളികൾക്ക് പകരം തൊഴിൽ നൽകാനായി എന്നതാണ്. ഉദാഹരണത്തിനു നെൽകൃഷിയിലെ തൊഴിൽനഷ്ടം പരിഹരിക്കാൻ നിർമ്മാണ വളർച്ച സഹായകരമായി. എടുത്തു പറയത്തക്ക മറ്റൊരു നേട്ടം ഈ രംഗത്തു തൊഴിലാളികൾക്കു ലഭിച്ച കൂലി വർദ്ധനയും വരുമാനനേട്ടവുമാണ്. തൊഴിലാളി സമരങ്ങളുടെ വേലിയേറ്റം ഇല്ലാതെ തന്നെ മെച്ചപ്പെട്ട കൂലി ലഭ്യമാകുന്ന സാഹചര്യം ഉണ്ടായി എന്നു മാത്രമല്ല, അത് മറ്റു മേഖലകളിലും തൊഴിലാളികൾക്കു മെച്ചപ്പെട്ട കൂലി ലഭിക്കാൻ കാരണമായി.

കഴിഞ്ഞ മൂന്നു നാലു ദശാബ്ദമായി കേരളത്തിന്റെ വളർച്ചയുടെ മുൻനിരയിൽ വിരാജിച്ചിരുന്ന നിർമ്മാണ മേഖല പക്ഷേ, ഇപ്പോൾ പ്രതിസന്ധി നേരിടുകയാണ്. ഡിമാൻഡില്ലാത്തതോ കെട്ടിടം പണിയാൻ ആളുകൾ മുന്നോട്ടു വരാത്തതോ അല്ല പ്രതിസന്ധിയുടെ കാരണം. കെട്ടിടവും മറ്റ് ആസ്തികളും നിർമ്മിക്കുന്നതിനു നിർമ്മാണ സാമഗ്രികളും തൊഴിലാളികളും ലഭ്യമല്ല എന്നതാണ് പ്രശ്നം. മണൽ, പാറ, ഇഷ്ടിക, സിമന്റ്, കമ്പി തുടങ്ങി ഏതാണ്ട് എല്ലാ കെട്ടിട നിർമ്മാണ സാമഗ്രികൾക്കും ക്ഷാമം അനുഭവപ്പെടുന്ന സ്ഥിതിയുണ്ട്. ഇനി അഥവാ ലഭ്യമായാൽ തന്നെ കഴുത്തറുപ്പൻ വില നൽകേണ്ടി വരുന്നു. കഴിഞ്ഞ നാലു ദശാബ്ദമായി തുടരുന്ന നിർമ്മാണ അഭിവൃദ്ധി മണലിന്റെയും മെറ്റലിന്റെയും പാറയുടെയും മറ്റും സ്രോതസുകളെ അമിതചൂഷണത്തിനു വിധേയമാക്കിയിരിക്കുന്നു. തടിയുടെ സ്ഥിതിയും വ്യത്യസ്തമല്ല. സിമന്റിന്റെയും കമ്പിയുടെയും മറ്റും കാര്യത്തിൽ ക്ഷാമവും വിലക്കയറ്റവും ഉണ്ടാകാനുള്ള കാരണം കേന്ദ്രസർക്കാർ ഇവയുടെ ഉൽപാദകരായ കുത്തകകളെ കയറൂരി വിട്ടിരിക്കുന്നു എന്നതാണ്. ഉൽപാദന ചെലവിൽ ഒരു വർദ്ധനയുമില്ലെങ്കിലും ഈ കുത്തകകൾ കാർട്ടലുകളുണ്ടാക്കി വില അന്യായമായി ഉയർത്തുന്നത് പതിവാക്കിയിരിക്കുകയാണ്.

നിർമ്മാണരംഗത്തെ തൊഴിലാളിക്ഷാമത്തിനു എഴുപതുകളോളം പഴക്കമുണ്ട്. എഴുപതുകളിലും എൺപതുകളിലുമാണ് ഈ രംഗത്ത് തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ ധാരാളമായി കടന്നുവരാനാരംഭിച്ചത്. കഴിഞ്ഞ ഒന്നൊന്നര ദശാബ്ദങ്ങളായി ബീഹാർ, ബംഗാൾ, ഒറീസ, അസം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ വലിയതോതിൽ കേരളത്തിലേയ്ക്കു കടന്നുവരാൻ ആരംഭിച്ചു. നിർമ്മാണ രംഗത്തെ വളർച്ച നദികളെയും തോടുകളെയും കുന്നുകളെയും മറ്റും ബാധിച്ചു എന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. കൃഷിഭൂമിയുടെ നഷ്ടത്തിനും ഇതു വലിയതോതിൽ കാരണമായിട്ടുണ്ട്. മണലിനും പാറയ്ക്കും ഇഷ്ടികയ്ക്കും മറ്റും ബദലായി ഉപയോഗിക്കാൻ കഴിയുന്ന വിഭവങ്ങളുടെ സ്രോതസിനെയും ഇതു സമീപഭാവിയിൽ ബാധിച്ചു തുടങ്ങും എന്നതും വ്യക്തമാണ്.

ഈ മേഖലയിൽ സമീപകാലത്തുണ്ടായ മറ്റൊരു മാറ്റം വൻകിട മൂലധനത്തിന്റെയും ബഹുരാഷ്ട്ര കമ്പനികളുടെയും കടന്നു വരവാണ്. ഭീമൻ പശ്ചാത്തല സൗകര്യ പ്രോജക്ടുകളും ആഗോള ടെൻഡറിംഗ് സമ്പ്രദായവുമാണ് വലിയ മൂലധന ശക്തികളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നത്. കേരളത്തിനു പുറത്തും വിദേശത്തും നിന്നുള്ള വൻകിട മൂലധനത്തിന്റെ കടന്നുവരവ് ഈ രംഗത്തെ ഉൽപാദന ബന്ധങ്ങളെയും തൊഴിൽ ബന്ധങ്ങളെയും കൂടുതൽ സങ്കീർണമാക്കിയിട്ടുണ്ട്.

നിർമ്മാണരംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തരമായി വേണ്ടത് നിർമ്മാണ സാമഗ്രികളുടെ ക്ഷാമം പരിഹരിക്കുകയാണ്. ഇതിനു ഹ്രസ്വകാല ദീർഘകാല പരിഹാരങ്ങൾ ആരായേണ്ടതുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ലോറികളുടെ മേലുള്ള അനാവശ്യപരിശോധനയും നിയന്ത്രണവും ഒഴിവാക്കുക തുടങ്ങിയവ ഹ്രസ്വകാല നടപടികളാണ്. റിസർവോയറിലെ മണൽ വാരുന്നതും ദീർഘകാല പരിഹാരമല്ല. പരിസ്ഥിതിയ്ക്കു അപരിഹാര്യമായ കോട്ടം വരാത്ത ബദലുകളാണ് ദീർഘകാലാടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടത്. ഈ രംഗത്ത് ഇതര സംസ്ഥാന ങ്ങളിലും ഇതരരാജ്യങ്ങളിലും നടക്കുന്ന പരീക്ഷണങ്ങളുടെ പാഠം നമുക്കും ഉപയോഗിക്കാൻ കഴിയണം.

പുഴ മണ്ണിന്റെയും തടിയുടെയും മറ്റും ഉപയോഗം നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള സർക്കാർ ഇടപെടലുകൾ വികസിപ്പിച്ചെടുക്കണം. ഊർജ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ഗ്രീൻ നിർമ്മാണ സാങ്കേതിക വിദ്യകൾക്കു പ്രോത്സാഹനം നൽകണം.

വൈദഗ്ധ്യവും നൈപുണിയുമുള്ള ആധുനിക തൊഴിൽസേനയെ വാർത്തെടുക്കാൻ ഫലപ്രദമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കണം. തൊഴിലാളികൾക്കു കൂടി സ്വീകാര്യമായ യന്ത്രവത്കരണം

സർവോപരി സിമന്റ്, കമ്പി, പെയിന്റുകൾ തുടങ്ങിയവയുടെ വിലകൾ ഉൽപാദന ചെലവുമായി ബന്ധപ്പെടുത്താതെ ഏകപക്ഷീയമായി ഉയർത്തുന്ന കുത്തകകളുടെ നടപടിയ്ക്കെതിരെ തൊഴിലാളികളുടെയും ഇതര ജനവിഭാഗങ്ങളുടെയും ശക്തമായ ചെറുത്തുനിൽപ്പ് ഉയർത്തിക്കൊണ്ടുവരണം. കുത്തകകളെ പ്രീണിപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ നയം തുറന്നുകാട്ടുകയും പരാജയപ്പെടുത്തുകയും ചെയ്യണം നടപ്പാക്കണം. തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് ആരംഭിച്ച നടപടികൾ ശക്തിപ്പെടുത്തണം.

അന്യസംസ്ഥാന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തണം.

# ഭരണപരിഷ്ക്കാരം

ഇതുവരെ ഈ രേഖയിൽ പരിശോധിച്ച വികസനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു നിർണായകമായ സ്ഥാനം സർക്കാരിനുണ്ട്. എന്നാൽ ഈ ചുമതല ഏറ്റെടുക്കാൻ കഴിയാത്ത വിധം കേരളത്തിലെ ഭരണയന്ത്രം തുരുമ്പിച്ചിരിക്കുന്നു. ആസൂത്രണത്തെക്കാൾ നിർവഹണരംഗത്താണ് നമ്മുടെ ദൗർബല്യം. പണിതീരാതെ നീണ്ടുപോകുന്ന പദ്ധതികൾ, ചെലവാകാതെ ലാപ്സാകുന്ന തുകകൾ, സേവനങ്ങളുടെ ഇടിയുന്ന ഗുണനിലവാരം, ഭൗതികനേട്ടത്തിനു പകരം പദ്ധതിച്ചെലവിന്റെ കണക്കിൽ അഭിരമിക്കുന്ന അവലോകനരീതി തുടങ്ങിയവയൊക്കെ ഇതിലേയ്ക്കാണ് വിരൽചൂണ്ടുന്നത്.

ഏറ്റവും ഞെട്ടിക്കുന്ന ഉദാഹരണം കേരളത്തിലെ ജലസേചന പദ്ധതികളാണ്. സമയത്തിനുള്ളിൽ തീർത്ത ഒറ്റ പദ്ധതിപോലുമില്ല. സിൽവർ ജൂബിലി ആഘോഷിച്ച ശേഷം പൂർത്തിയാക്കിയതാണ് ഏതാണ്ട് എല്ലാം. കുപ്രസിദ്ധിയിൽ കല്ലട പദ്ധതിയെ വെല്ലാൻ മറ്റൊന്നിനും കഴിയില്ല. 1961 ത്തിൽ 13.28 കോടി രൂപ മതിപ്പു ചെലവ് കണക്കാക്കിയാണ് ഈ പദ്ധതി തുടങ്ങിയത്. ഇന്നേവരെ പൂർത്തിയാക്കിയിട്ടില്ല. പൂർത്തിയായടത്തോളം മതിയെന്ന് പറഞ്ഞ് കഴിഞ്ഞ വർഷം അവസാനിപ്പിച്ചു. മൊത്തം ചെലവാക്കിയത് 763 കോടി രൂപ. ലക്ഷ്യമിട്ട നേട്ടങ്ങളുടെ പകുതിപോലും കൈവരിക്കാനും കഴിഞ്ഞില്ല. ഒട്ടുമിക്ക വൻകിട ജലസേചന പദ്ധതികളുടെയും സ്ഥിതി ഏതാണ്ട് ഇതുതന്നെയാണ്. വൻകിട പ്രോജക്ടുകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ല നമ്മുടെ ഭരണസംവിധാനം. ലോകബാങ്ക് റോഡു പദ്ധതി, ജപ്പാൻ കുടിവെള്ള പദ്ധതി എന്നിവയുടെയെല്ലാം നിർവഹണത്തിലുണ്ടായ കാലതാമസം വലിയ ധനനഷ്ടമാണു വരുത്തിയിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ടു പ്രകാരം തീർക്കേണ്ട കാലം കഴിഞ്ഞാണ് ജപ്പാൻ കുടിവെള്ള പദ്ധതി തുടങ്ങിയത് തന്നെ.

റോഡ്, പാലം, കെട്ടിടം തുടങ്ങിയ മരാമത്ത് പണികൾ താരതമ്യേനെ ചെറിയ നിർമ്മാണ പ്രവൃത്തികളാണ്. പക്ഷേ, ഇവയും സമയത്ത് തീരാറില്ല. പണി തീരാതെ ദശാബ്ദങ്ങളായി കിടക്കുന്ന പാലങ്ങളും കെട്ടിടങ്ങളും കേരളത്തിലുണ്ട്. സമയത്ത് ഭൂമിയെടുത്തു കൊടുക്കാത്തതാണ് റോഡിനെ സംബന്ധിച്ച മുഖ്യപ്രശ്നം. പല വൻകിട പദ്ധതികളും പൂർത്തീകരിക്കേണ്ട കാലം കഴിഞ്ഞിട്ടാണ് സ്ഥലം ഏറ്റെടുത്തു തീരുന്നത്. ഇങ്ങനെ പദ്ധതികൾ നീളുന്നതിന്റെ ഫലമായി പദ്ധതിച്ചെലവ് ഏറുന്നു. അതോടൊപ്പം അതുവരെ നടത്തിയിട്ടുള്ളഭീമമായ മുതൽമുടക്ക് വ്യഥാവിലായി കിടക്കുന്നു. പാലം പണി തീർത്താലും അപ്രോച്ച്റോഡിന്റെ പണി തീർത്തില്ലെങ്കിൽ ഗതാഗതം സാധ്യമല്ലല്ലോ.

വ്യവസായ വികസനത്തെക്കുറിച്ചുള്ള പരിശോധന വ്യവസായ വികസന ഏജൻസികളുടെ ദൗർബല്യങ്ങളിലേയ്ക്കു വിരൽചൂണ്ടിയല്ലോ. വിദേശ ധനസഹായ ഏജൻസികളും വൻകിട വ്യവസായ സംരംഭകരും മറ്റുമായി പ്രോജക്ടുകൾക്കോ സംയുക്തസംരംഭങ്ങൾക്കോ ഫലപ്രദമായ ചർച്ചകൾ നടത്തുന്നതിനു നമുക്കു കൺസൾട്ടന്റുമാരെ ആശ്രയിക്കേണ്ടി വരുന്നു. വ്യവസായ വികസനോന്മുഖ ഭരണസംവിധാനമല്ല നമുക്കുള്ളത്.

വിദ്യാഭ്യാസ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ പൊതുസേവനങ്ങളിൽ ഉണ്ടായിട്ടുള്ള ഗുണനിലവാരത്തകർച്ചയാണ് സ്വകാര്യ മേഖലയുടെ വളർച്ചയുടെ പ്രധാന കാരണം. പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ, വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് തുടങ്ങിയ ഓഫീസുകൾ എന്നിവയിൽ നാനാവിധത്തിലുള്ള സേവനങ്ങൾ ജനങ്ങൾക്കു ലഭിക്കേണ്ടതുണ്ട്. അവ തക്കസമയത്തും അർഹതപ്പെട്ടതോതിലും ലഭിക്കാതിരിക്കുക, ലഭിക്കണമെങ്കിൽ കൈക്കൂലി കൊടുക്കേണ്ടി വരിക ഇവയൊക്കെ സാധാരണമാണ്. ഇത് ഭരണയന്ത്രത്തിന്റെ വിശ്വാസ്യത ഇല്ലാതാക്കുന്നു.

ബജറ്റിൽ വകയിരുത്തിയിരിക്കുന്ന പണം മിക്കപ്പോഴും ധനകാര്യ വർഷത്തിന്റെ അവസാനമായ മാർച്ചിലാണ് ചെലവഴിച്ചു തീർക്കുന്നത്. മാർച്ച് 31നകം ചെലവഴിക്കാത്ത പണം അടുത്ത വർഷത്തേയ്ക്ക് നീക്കിവെയ്ക്കാനാവില്ല. വിശേഷാൽസാഹചര്യങ്ങളുണ്ടെങ്കിൽ മാത്രമേ ഇത് അനുവദിക്കാറുള്ളൂ. അതുകൊണ്ട് മാർച്ചിൽ പണം എങ്ങനെയെങ്കിലും ചെലവിട്ട് തീർക്കാനുള്ള വെപ്രാളമാണ്. ഇത് നിർവഹണത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. പണം ചെലവിട്ട് തീർത്താലും ലക്ഷ്യമിട്ട കാര്യങ്ങൾ യഥാർത്ഥത്തിൽ നടന്നിരിക്കില്ല. ആദ്യപാദത്തിൽ പദ്ധതിയുടെ പത്തുശതമാനവും

രണ്ടാംപാദത്തിൽ 20 ശതമാനവും മൂന്നാംപാദത്തിൽ 30 ശതമാനവും നാലാം പാദത്തിൽ 40 ശതമാനവും ചെലവഴിക്കണമെന്നാണ് പുതിയ ചിട്ട. പക്ഷേ, കഴിഞ്ഞ വർഷം പോലും 70 ശതമാനം പണവും അവസാനപാദത്തിലാണ് ചെലവാക്കിയത്. അതിന്റെ സിംഹഭാഗവും മാർച്ചു മാസത്തിലും.

ചെലവഴിക്കപ്പെടാതെ പോകുന്നതു സർക്കാരിന്റെ പണമാണെങ്കിൽ അതു ഖജനാവിൽ തന്നെ കിടക്കും. അടുത്ത വർഷം മറ്റെന്തെങ്കിലും പദ്ധതിയ്ക്ക് അതുപയോഗിക്കാം. എന്നാൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരുകൾ വഴി നടപ്പാക്കുന്ന ഒട്ടേറെ സ്കീമുകൾ ഉണ്ട്. അവയിൽ പലതിനും തന്ന പണം ചെലവഴിച്ചാലേ അടുത്ത ഗഡു ലഭിക്കു എന്നാണു ചട്ടം. ചില സ്കീമുകൾക്ക് സമയത്ത് ചെലവഴിക്കാത്ത പണം നഷ്ടപ്പെടുകയും ചെയ്യും. മറ്റു ചില സ്കീമുകൾ സംസ്ഥാന സർക്കാർ പണം ചെലവഴിച്ച ശേഷം കേന്ദ്രത്തിൽ നിന്നു തിരികെ വാങ്ങേണ്ടതാണ്. ചെലവഴിച്ചില്ലെങ്കിൽ പണം കിട്ടില്ല. പലപ്പോഴും ചെലവഴിച്ച പണത്തിന്റെ രേഖകൾ കേന്ദ്രത്തിൽ ഹാജരാക്കി വാങ്ങാനും മറക്കുന്നു. കഴിഞ്ഞ വർഷം ഇതിന്റെ കണക്കെടുത്തപ്പോൾ ഇപ്രകാരം 800 കോടി രൂപയാണു കിട്ടേണ്ടിയിരുന്നത്. സമയപരിധി കഴിഞ്ഞതിനാൽ അർഹത നഷ്ടപ്പെട്ട തുകയും ചെറുതായിരുന്നില്ല.

ഇന്ത്യയിൽ താരതമ്യേനെ അഴിമതി കുറഞ്ഞതും കാര്യക്ഷമത കൂടിയതും ഉയർന്ന പ്രതിബദ്ധതയുള്ളതുമായ ഒരുഭരണയന്ത്രമാണു കേരളത്തിൽ ഉണ്ടായിരുന്നത്. പൊതുമേഖലയെ അടിസ്ഥാനമാക്കിയായിരുന്നു കേരളത്തിലെ വിദ്യാഭ്യാസ ആരോഗ്യ സംവിധാനത്തിന്റെ വിപുലീകരണം. ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനു താരതമ്യേനെ കാര്യക്ഷമമായി സർക്കാർ പ്രവർത്തിച്ചിരുന്നു. ഭൂപരിഷ്കരണം പോലെ അടിസ്ഥാനപരമായ പല നിയമനിർമ്മാണങ്ങളും ഈ ഭരണയന്ത്രം വഴിയാണു നടപ്പാക്കിയത്. പരിമിതികൾ ഉണ്ടായിരുന്നില്ല എന്നല്ല, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു സ്ഥിതിഗതികൾ താരതമ്യേന മെച്ചമായിരുന്നു. വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലുമുള്ള സംവരണത്തിലൂടെ കീഴാളർക്കും ഉദ്യോഗസ്ഥവൃന്ദത്തിൽ സ്ഥാനം ലഭിച്ചത്, മാറിമാറി വന്ന ഇടതുപക്ഷ സർക്കാരുകൾ, കീഴ്ത്തട്ടിൽ നിന്നുള്ള ബഹുജനപ്രസ്ഥാനങ്ങളുടെ സമ്മർദ്ദം, കേരളത്തിലെ പൊതു പുരോഗമന അന്തരീക്ഷം, ജീവനക്കാരുടെ പ്രസ്ഥാനങ്ങൾ എന്നിവയൊക്കെ ഈ സ്ഥിതിയ്ക്കു സംഭാവന ചെയ്തിട്ടുണ്ട്.

ഈ സ്വഭാവം അതിവേഗം മാറുകയാണ്. കഴിഞ്ഞ രണ്ടുദശാബ്ദത്തിനിടെയാണ് സ്ഥിതിഗതികൾ ഇത്രയ്ക്ക് മോശമായത്. അഴിമതി, കെടുകാര്യസ്ഥത, ജനങ്ങളിൽ നിന്നുള്ള അന്യവത്കരണം എന്നിവ ഭരണസംവിധാനത്തിന്റെ മുഖമുദ്രകളായി തീർന്നുകൊണ്ടിരിക്കുന്നു. ഈ അധപതനത്തിന്റെ പ്രധാന കാരണങ്ങൾ അതിരുകവിഞ്ഞ കേന്ദ്രീകരണം, ഡിപ്പാർട്ട്മെന്റലിസം, പ്രൊഫഷണലിസമില്ലായ്മ, ചുവപ്പുനാട തുടങ്ങിയവയാണ്. പൊതുവെ സമൂഹത്തിനുണ്ടാകുന്ന മൂല്യച്യുതിയിൽ നിന്ന് ഭരണസംവിധാനത്തിന് മാത്രമായി മാറിനിൽക്കാനുമാവില്ല.

എന്നിരുന്നാലും ഭരണപരിഷ്കാരം മാറ്റി നിർത്തി വികസന അജണ്ടയെക്കുറിച്ചു ആലോചിക്കാനേ കഴിയില്ല. ഭരണപരിഷ്കാരത്തിനായി കേരളത്തിൽ നടത്തിയിട്ടുള്ള പരിശ്രമങ്ങളെ പഠനകോൺഗ്രസുകൾ സാമാന്യം സമഗ്രമായി അവലോകനം ചെയ്തിട്ടുണ്ട്. എന്തുവേണം എന്നതിന് പുതിയൊരന്വേഷണം ആവശ്യമില്ല. ഭരണപരിഷ്കാര കമ്മിഷനുകളുടെ സമഗ്രമായ റിപ്പോർട്ടുകൾ നമ്മുടെ മുന്നിലുണ്ട്.

## ഭരണപരിഷ്കാര കമ്മിഷൻ റിപ്പോർട്ടുകൾ

സംസ്ഥാന രൂപീകരണത്തെ തുടർന്നു കേരളത്തിലെ പ്രഥമ മുഖ്യമന്ത്രി ഇഎംഎസിന്റെ നേതൃത്വത്തിലാണു ആദ്യത്തെ ഭരണപരിഷ്കാര കമ്മിഷനെ നിയോഗിച്ചത്. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്ന മൂന്നു വ്യത്യസ്ത ഭരണമേഖലകളിലെ സംവിധാനങ്ങൾ സംയോജിപ്പിക്കേണ്ടതുണ്ടായിരുന്നു. ഈ ഭരണസംവിധാനങ്ങളാകട്ടെ, കൊളോണിയൽ കാലഘട്ടത്തിൽ രൂപം കൊണ്ടവയായിരുന്നു. ഭരണശൈലിക്കു മാറ്റം വരുത്തി കൂടുതൽ ജനകീയവും വികസനോന്മുഖവുമായ സമീപനം കൈക്കൊള്ളേണ്ടിയിരുന്നു.

ഒന്നാം ഭരണപരിഷ്കാര കമ്മിഷന്റെ പൊതുകാഴ്ചപ്പാട് താഴെ പറയുന്ന ഉദ്ധരണിയിൽ സംക്ഷേപിക്കാം: *കാര്യക്ഷമമായ ഭരണസംവിധാനത്തിനു അത്യന്താപേക്ഷിതമായ ഒരുകാര്യം താഴെത്തലങ്ങളിലേയ്ക്ക് അധികാരം വിന്യസിക്കുകയാണ്.... വികേന്ദ്രീകരണത്തിന്റെ അവശ്യപൂരകമാണ് ജനാധിപത്യവത്കരണം... എന്നാൽ അധികാരവികേന്ദ്രീകരണമോ ജനാധിപത്യവത്കരണമോ അതുകൊണ്ടു മാത്രം ഭരണം കാര്യക്ഷമമാക്കുകയും ജനകീയാവശ്യങ്ങളോടുള്ള പ്രതികരണശേഷി സൃഷ്ടിക്കുകയും ചെയ്യണമെന്നില്ല... ഭരണം കൂടുതൽ സങ്കീർണമാവുകയാണ്... ഡിപ്പാർട്ട്മെന്റലിസത്തിനും ഡിപ്പാർട്ട്മെന്റൽ കിടമത്സരങ്ങൾക്കും സ്ഥാനമില്ലാത്ത രീതിയിൽ വേണം ഭരണസംവിധാനം ചിട്ടപ്പെടുത്തേണ്ടത്... ജനങ്ങളും സർക്കാരും മറുവശത്ത് സർക്കാർ ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധത്തിൽ അടിസ്ഥാനപരമായ ഒരു മാറ്റം വേണ്ടതുണ്ട്... സർക്കാരുദ്യോഗം ജനങ്ങളോടുള്ള ചുമതല നിർവഹിക്കുന്നതിന് ഒരവസരമായിട്ടാണ് കാണേണ്ടത്... സിവിൽ*

*സർവീസ് പ്രൊഫഷണലാക്കിക്കൊണ്ട് മാത്രമേ രാജ്യമിന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടാനാകൂ. സാമൂഹ്യബോധവും ദേശാഭിമാനവും ഉൾക്കൊണ്ടു ചലിക്കുന്ന ഒരു സിവിൽസർവീസാണ് വേണ്ടത്* (ഭരണപരിഷ്കാര കമ്മിഷന്റെ റിപ്പോർട്ടിൽ നിന്ന്).

വിമോചന സമരത്തിലൂടെ സർക്കാരിനെ പിരിച്ചുവിട്ടതുകൊണ്ട് ഭരണപരിഷ്കാര കമ്മിഷന്റെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ കഴിഞ്ഞില്ല. സമഗ്രമായ അധികാരവികേന്ദ്രീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള നിയമനിർമ്മാണം അവസാനഘട്ടത്തിലെത്തിയ വേളയിലാണ് സർക്കാരിനെ പിരിച്ചുവിട്ടത്. അങ്ങനെ, ഇന്ത്യയിലുണ്ടായ ഏറ്റവും പുരോഗനമപരമായ നിയമനിർമ്മാണം അട്ടിമറിക്കപ്പെട്ടു.

പ്രഗത്ഭ ഐസിഎസ് ഉദ്യോഗസ്ഥനായിരുന്ന വെള്ളോടിയുടെ നേതൃത്വത്തിലാണ് 1965–ൽ രണ്ടാം ഭരണപരിഷ്കാര കമ്മിഷൻ നിയോഗിക്കപ്പെട്ടത്. അദ്ദേഹം ഓരോ ഡിപ്പാർട്ട്മെന്റിന്റെയും പ്രവർത്തനങ്ങളിലേയ്ക്ക് ആഴത്തിൽ പോവുകയും ഡിപ്പാർട്ട്മെന്റുകൾ പുനസംവിധാനം ചെയ്യുന്നതിന് വിശദമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഐഎഎസ് പോലെ ഉന്നത ഉദ്യോഗങ്ങൾക്ക് കേരളത്തിൽ പ്രത്യേക സിവിൽസർവീസ് വേണമെന്ന നിർദ്ദേശം ഈ കമ്മിഷന്റേതായിരുന്നു. ഈ സുപ്രധാനമായ നിർദ്ദേശം ഇന്നും നടപ്പായിട്ടില്ല.

1997ൽ മുഖ്യമന്ത്രി ഇ കെ നായനാർ അധ്യക്ഷനായി മൂന്നാം ഭരണപരിഷ്കാര കമ്മിഷൻ നിലവിൽ വന്നു. അധികാരവികേന്ദ്രീകരണത്തിനു വേണ്ടി കേരളത്തിൽ നടന്നുകൊണ്ടിരുന്ന വിപുലമായ ജനകീയ കാമ്പയിന്റെ പശ്ചാത്തലത്തിലാണ് ഈ കമ്മിഷൻ രൂപീകൃതമായത്. താഴെ തട്ടിൽ വന്നുകൊണ്ടിരുന്ന മാറ്റങ്ങൾക്ക് അനുസൃതമായി സർക്കാർ ഡിപ്പാർട്ട്മെന്റിലും സെക്രട്ടറിയേറ്റിലും എന്തെന്ത് മാറ്റങ്ങൾ വരുത്തണമെന്നതായിരുന്നു കമ്മിഷന്റെ പ്രധാന പരിഗണനാവിഷയം. നാലു വാല്യങ്ങളിലായി 15 റിപ്പോർട്ടുകൾ പ്രസ്തുത കമ്മീഷൻ സമർച്ചിട്ടുണ്ട്.

ഇതിൽ പൗരാവകാശം, സുതാര്യതയും വിവരാവകാശവും, ജനങ്ങളുടെ പരാതി പരിഹാരം ഇവ എങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്താം എന്ന് വ്യക്തമാക്കി. പൗരാവകാശത്തെക്കുറിച്ചാണെങ്കിൽ, അടിസ്ഥാന ആശയം തയ്യാറാക്കി എന്നു മാത്രമല്ല പൗരാവകാശരേഖ തയ്യാറാക്കാനാവശ്യമായ മുഴുവൻ നടപടികളും വിശദാംശത്തിൽ തന്നെ തയ്യാറാക്കി. വിവരാവകാശ നിയമം തന്നെ ആവശ്യമായിരുന്നുവെങ്കിലും, ഒരു തുടക്കമെന്ന നിലയിൽ സർക്കാർ ഉത്തരവുകൾ ഇറക്കുകയുണ്ടായി. പരാതി പരിഹാരത്തിന് വകുപ്പു തിരിച്ച് ഒട്ടേറെ നടപടികൾ സ്വീകരിക്കുകയുണ്ടായി. റിട്ടയർ ചെയ്ത ജഡ്ജി അധ്യക്ഷനായി ഒരു മന്ത്രിയും പ്രതിപക്ഷനേതാവും പ്രശസ്തരായ മറ്റുദ്യോഗസ്ഥരും അടങ്ങുന്ന സാമൂഹ്യ ഓഡിറ്റ് പാനൽ സംസ്ഥാനതലത്തിൽ രൂപീകരിക്കാനും നിർദ്ദേശിക്കുകയുണ്ടായി.

എ.ആർ.സി.യുടെ രണ്ടാം വാല്യം ഹാജർ, ഫയലുകളുടെ നീക്കം, ഭരണരംഗത്തെ വിവരസാങ്കേതികവിദ്യാ ഉപയോഗം എന്നിവയാണ് പരാമർശിക്കപ്പെട്ടത്. ഉദ്യോഗസ്ഥരുടെ ഹാജർ പരിശോധനാ സമ്പ്രദായം ആദ്യഘട്ടം സെക്രട്ടേറിയറ്റിലും, പിന്നീട് ജനങ്ങൾ കൂടുതൽ ബന്ധപ്പെടുന്ന ജില്ലാതല ഓഫീസുകളിലും ജില്ലാതല വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലും നടപ്പാക്കണം. ഉദ്യോഗസ്ഥരുടെ ജോലിഭാരം കണക്കാക്കുന്നതിനും ഫയലുകൾ കണ്ടുപിടിക്കുന്നതിനും അവയിൽ തീരുമാനങ്ങളെടുക്കുന്നതിലുള്ള കാലതാമസം പരിശോധിക്കുന്നതിനും കമ്പ്യൂട്ടർ സംവിധാനം നടപ്പാക്കണം. അന്വേഷണ കൗണ്ടറുകളുമായി ഈ സംവിധാനത്തെ ബന്ധപ്പെടുത്താം.

ധനകാര്യ വകുപ്പിനെ സംബന്ധിച്ച് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിഷയീഭവിച്ചത് താഴെപ്പറയുന്ന കാര്യങ്ങളാണ്. (1) ധനകാര്യ വകുപ്പ് നടത്തുന്ന കൂടിയാലോചനകൾ മെച്ചപ്പെടുത്തുന്നതിനും വേഗത്തിൽ അനുമതി നൽകുന്നതിനും സഹായകമായ നടപടിക്രമങ്ങൾ തയ്യാറാക്കുക. (2) പ്രത്യേക പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കാനാവശ്യമായ തോതിൽ ഭരണവകുപ്പുകൾക്കും വകുപ്പ് തലവന്മാർക്കും വർദ്ധിച്ച ചുമതലകൾ നൽകുക. (3) സംസ്ഥാനത്തിന്റെ സാമ്പത്തികം വിവേകപൂർവ്വം നിയന്ത്രിക്കുക (4) ധനകാര്യവകുപ്പും പൊതുഭരണ വകുപ്പും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക.

ഉദ്യോഗസ്ഥ സംവിധാനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോഴും ഉദ്യോഗക്കയറ്റ സമയത്തും ഓരോ വിഭാഗം ഉദ്യോഗസ്ഥർക്കും പരിശീലനം നൽകണം. പരിശീലനവുമായി ബന്ധപ്പെട്ട നയങ്ങളും നടപ്പിലാക്കാനാവശ്യമായ സംവിധാനങ്ങളും കമ്മിറ്റിയുടെ പരിഗണനാവിഷയമായി. നിയമനം, ഉദ്യോഗക്കയറ്റം, ഓഫീസ് അച്ചടക്കം തുടങ്ങിയ കാര്യങ്ങളും പരിഗണിക്കുകയുണ്ടായി.

ഇതുകൂടാതെ, വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയമിച്ച എസ്.ബി.സെൻ കമ്മിറ്റിയും വികേന്ദ്രീകൃത ഭരണസംവിധാനത്തെപ്പറ്റി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തമാക്കാനുള്ള നിർദ്ദേശങ്ങളാണ് സെൻ കമ്മിറ്റി റിപ്പോർട്ടിലുണ്ടായിരുന്നത്. തദനുസൃതമായി മറ്റു രംഗങ്ങളിൽ

കൈക്കൊള്ളേണ്ട നടപടികളാണ് എ.ആർ.സി നിർദ്ദേശിച്ചത്.

എ.ആർ.സി റിപ്പോർട്ടും സെൻ കമ്മിറ്റി നിർദ്ദേശങ്ങളും ഒരു പരിധിവരെ, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സമ്മർദ്ദത്താൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മൂന്നാം എ.ആർ.സി.യുടെ നിർദ്ദേശങ്ങൾ ചുരുക്കം ചില കാര്യങ്ങളൊഴിച്ച് നടപ്പാക്കിയതേ ഇല്ല. രണ്ടു കമ്മീഷനുകളും മുന്നോട്ടു വച്ച അടിസ്ഥാനപരമായ ഭരണസമ്പ്രദായ മാറ്റങ്ങൾ നടപ്പിൽ വരുത്താനായിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ നിയമത്തിന്റെ ചുവട് പിടിച്ച് റൂളുകളും മാന്വലുകളും തയ്യാറാക്കേണ്ടതുണ്ട്.

ഒന്നും രണ്ടും എ.ആർ.സി.കളുടെ നിർദ്ദേശങ്ങൾ പലതും നടപ്പിലാക്കാത്തതെന്തുകൊണ്ട് എന്ന് പരിശോധിച്ച് അതിനുള്ള കാരണങ്ങൾ മൂന്നാം എ.ആർ.സി കണ്ടെത്തിയിട്ടുണ്ട്. ഇവ തുടർന്നുള്ള എ.ആർ.സി.യുടെയും സെൻ കമ്മിറ്റിയുടെയും കാര്യത്തിലും ബാധകമാണ്. പ്രസ്തുത കാരണങ്ങൾ താഴെ പറയുന്നു.

1) ഭരണരംഗത്തുണ്ടാവേണ്ട മാറ്റങ്ങളെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാടാണ് എ.ആർ.സിയുടെ റിപ്പോർട്ടുകളിൽ ദർശിക്കുന്നത്. നിർദ്ദേശങ്ങളെല്ലാം പരസ്പര ബന്ധിതമാണെന്നതിനാൽ കഷണം കഷണമായുള്ള നടപ്പാക്കൽ ഉദ്ദേശിച്ച ഫലം കണ്ടെത്തിയില്ല.

2) റിപ്പോർട്ടുകൾ നൽകിയ ശേഷം കമ്മീഷനുകൾ പിരിച്ചുവിടപ്പെട്ടതിനാൽ ആവശ്യമായ വിശദീകരണങ്ങൾ ലഭിക്കുന്നതിനോ, നിർദ്ദേശങ്ങളുടെ നിർവ്വഹണം പരിശോധിക്കുന്നതിനോ ഉള്ള സംവിധാനങ്ങൾ ഇല്ലാതായി. പല കാര്യങ്ങളിലും വിവിധ തലങ്ങളിൽ ഒരേ സമയത്ത് തുടർ നടപടികൾ വേണ്ടിയിരുന്ന നിർദ്ദേശങ്ങൾ കാര്യമായി പ്രയോജനപ്പെടുത്തിയില്ല.

(3) കമ്മീഷന്റെ നിർദ്ദേശങ്ങൾ കണിശവും ഹ്രസ്വവുമായിരുന്നു. അതുകൊണ്ട് തന്നെ അവയുടെ കൂലങ്കഷമായ പരിശോധനയും വിവേചനവും ആവശ്യമായിരുന്നു. നിർദ്ദേശങ്ങളെ പ്രാവർത്തികമാക്കുന്ന രൂപത്തിൽ മാറ്റിയെടുക്കുന്നതിന് നല്ല അധ്വാനമുണ്ട്. ഉദ്യോഗസ്ഥ സംവിധാനം ഈ ഭാരം ഏറ്റെടുക്കുമെന്ന് സങ്കല്പിക്കുക വയ്യ. സുപ്രധാനമായ പല നിർദ്ദേശങ്ങളും ചുവപ്പുനാടയിൽ കുരുങ്ങിയും മാറ്റത്തിന് പ്രേരകമായിരുന്ന മറ്റു ചിലവ സാങ്കേതിക നൂലാമാലകളിൽപ്പെട്ടും പ്രയോഗത്തിലെത്താതെ അസ്തമിച്ചു.

(4) സർക്കാർ സ്വീകരിച്ച നിർദ്ദേശങ്ങളുടെ നിർവ്വഹണത്തിനും മേൽനോട്ടത്തിനുമുള്ള സംവിധാനങ്ങൾ ഫലപ്രദമായില്ല. സമയബന്ധിതമായി കാര്യങ്ങൾ നടപ്പിലാക്കാനോ നിർവ്വഹണ റിപ്പോർട്ട് തയ്യാറാക്കാനോ സർക്കാർ മുൻകൈ എടുക്കാത്തതിനാൽ, നിർദ്ദേശങ്ങളെ ഉദ്ദിഷ്ട രീതിയിൽ നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥവൃന്ദവും അനാസ്ഥ കാണിച്ചു.

(5) ഭരണരംഗത്ത് അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്ന നിർദ്ദേശങ്ങളാണ് രണ്ടു കമ്മീഷനുകളും മുന്നോട്ടു വച്ചത്. അധികാര വികേന്ദ്രീകരണം തുടങ്ങിവെച്ച പരിഷ്കാരങ്ങൾ നിക്ഷിപ്ത താല്പര്യക്കാരുടെ പ്രതിഷേധത്തിന് കാരണമാവാതെ വയ്യ. മാറ്റങ്ങളെ പ്രതിരോധിക്കുന്നതിന് സംഘടിതമായി തന്നെ ഈ വിഭാഗം നിലകൊണ്ടു.

## മൂന്നാം ഭരണപരിഷ്കാര കമ്മിഷനു ശേഷം

ഭരണപരിഷ്കാര കമ്മിഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ യു.ഡി.എഫ് സർക്കാർ തയ്യാറായില്ല. പകരം, ഭരണ നവീകരണത്തിന് (എം.ജി.പി) കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനാണ് അവർ താൽപര്യമെടുത്തത്. ആഗോളവത്കരണ സമീപനം പിൻപറ്റി സിവിൽ സർവീസിനെ ഡൗൺ സൈസ് ചെയ്യുവാനുള്ള നടപടികളായിരുന്നു മുൻ സർക്കാർ കൈക്കൊണ്ടത്. ഇതിന്റെ ഭാഗമായി 11658ത്തോളം തസ്തികകൾ വെട്ടിക്കുറയ്ക്കുകയും ഉദ്യോഗസ്ഥാനുകൂല്യങ്ങൾ പലതും നിർത്തലാക്കുകയും ചെയ്തു. ഭരണപരിഷ്ക്കാരമെന്നാൽ ഓഫീസ് മോടിപിടിപ്പിക്കൽ മാത്രമാണെന്ന ഉപരിപ്ലവസമീപനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എം.ജി.പി നടപ്പാക്കിയത്. ഫലമോ? സിവിൽ സർവ്വീസ് കൂടുതൽ പ്രശ്ന സങ്കുലിതമായ അവസ്ഥയിലെത്തി. വികേന്ദ്രീകരണപ്രക്രിയയും വ്യാപകമായി അട്ടിമറിക്കപ്പെട്ടു.

ഈ സമീപനങ്ങൾ നിലവിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഉപേക്ഷിച്ചു. മുപ്പതിനായിരത്തിൽപരം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. വിദ്യാഭ്യാസ മേഖലയിൽ അനുവദിച്ചിരുന്ന പുതിയ സ്ക്കൂളുകൾക്കും കോഴ്സുകൾക്കും ആവശ്യമായ തസ്തികകൾ അനുവദിച്ചിരുന്നില്ല. ദിവസക്കൂലിക്കാണ് അധ്യാപനം നടന്നുകൊണ്ടിരുന്നത്. ഈ സ്ഥിതിവിശേഷത്തിനു വിരാമമിട്ടു. സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ ആരോഗ്യ മേഖലയിൽ സൃഷ്ടിക്കപ്പെട്ടു. രണ്ടുപുതിയ ബറ്റാലിയനുകൾ പോലീസിൽ ആരംഭിച്ചു. തസ്തികകൾ സൃഷ്ടിക്കുന്നതിൽ കർശനമായ നിയന്ത്രണം ആവശ്യമാണ്. എന്നാൽ അത് കാര്യക്ഷമത തകർക്കുന്ന വിധത്തിലാകരുത്.

ഇ ഗവേണൻസ് മേഖലയിലാണ് വലിയ പരിഷ്കാരങ്ങൾ വന്നത്. ട്രഷറി, രജിസ്ട്രേഷൻ, ഗതാഗതം, തദ്ദേശഭരണം, വിദ്യാഭ്യാസം തുടങ്ങി ഏതാണ്ടെല്ലാ വകുപ്പുകളിലും കംപ്യൂട്ടർ വത്കരണം വലിയൊരളവോളം പൂർത്തീകരിച്ചു. ഐ.ടി.മിഷൻ വഴി അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ച

പ്പെടുത്തി. ശമ്പളവിതരണത്തിനുള്ള സ്പാർക്ക് സംവിധാനവും ഏർപ്പെടുത്തി. തുടർന്ന് എ.ടി.എം വഴി ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാവുന്നു. മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജനനസർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭിക്കാനും കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനിൽ നൽകാനും നടപടിയായി. പഞ്ചായത്തുകളിലെ കംപ്യൂട്ടർവത്കരണം വലിയതോതിൽ പൂർത്തിയാവുന്നു. ഗ്രാമപഞ്ചായത്തുകളെ തദ്ദേശഭരണവകുപ്പും പ്ലാനിംഗ്ബോർഡുമായി നെറ്റ്വർക്ക് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ വന്നുകഴിഞ്ഞു. ആർ.ടി.ഒ, രജിസ്ട്രേഷൻ, നികുതി തുടങ്ങിയ വകുപ്പുകളിൽ നിരവധി സേവനങ്ങൾ ഓൺലൈൻ വഴി നടത്താൻ സംവിധാനമായി. പി.എസ്.സി അപേക്ഷ അയയ്ക്കലും ഹാൾ ടിക്കറ്റ് സ്വീകരിക്കലും ഓൺലൈൻ വഴിയായി. ഹയർ സെക്കൻഡറി വിദ്യാർത്ഥി പ്രവേശനത്തിനും അപേക്ഷ അയയ്ക്കലിനും ഏകജാലകസംവിധാനം കൊണ്ടുവന്നു. ഫയലുകൾ സംബന്ധിച്ച വിവരം ജനങ്ങൾക്ക് അറിയുന്നതിനും ഫയൽ നീക്കം ചിട്ടപ്പെടുത്തുന്നതിനുമായി ഐഡിയാസ് എന്ന സോഫ്റ്റ് വെയർ സെക്രട്ടേറിയറ്റിലും മറ്റു ചില വകുപ്പുകളിലും നടപ്പാക്കിത്തുടങ്ങി. ഇ ഗവേണൻസിനു ഫ്രീ സോഫ്റ്റുവെയർ ആണ് മുഖ്യമായി ഉപയോഗപ്പെടുത്തിയത്. വിവരാവകാശ നിയമപ്രകാരം മിക്കവാറും വിവരങ്ങളും വിവരനിയമവും ലഭ്യമാകുന്നതിൽ സർക്കാർ വെബ്സൈറ്റുകൾ കുറെയേറെ മുന്നേറിക്കഴിഞ്ഞു.

സ്കൂൾ വിദ്യാഭ്യാസ മേഖലയിലും പ്രാഥമിക ആരോഗ്യസൗകര്യമേഖലയിലും നടപ്പാക്കിയ പരിഷ്കാരങ്ങൾ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനു സഹായിച്ചിട്ടുണ്ട്. സ്കൂളുകളിൽ പിടിഎ കമ്മിറ്റികളും ആശുപത്രികളിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികളും പുനസംഘടിപ്പിക്കപ്പെട്ടു. വികസന ഡിപ്പാർട്ടുമെന്റുകൾ മാത്രമല്ല, നിയന്ത്രണ വകുപ്പുകളിലും ഭരണപരിഷ്കാരം ഫലപ്രദമായി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ഇതിനേറ്റവും നല്ല ഉദാഹരണം ജനമൈത്രി പോലീസാണ്. ഇന്നും പരീക്ഷണദശയിലാണെങ്കിലും ഈ പരിഷ്കാരം അഖിലേന്ത്യാശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. ട്രഷറി വകുപ്പ് പൗരാവകാശരേഖ പ്രസിദ്ധീകരിച്ച് അതിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും സോഷ്യൽ ഓഡിറ്റ് നടപ്പാക്കി. ഇന്ത്യയിലാദ്യമാണ് ഇങ്ങനെയൊരു സംഭവം.

ഭരണത്തിന്റെ വേഗതകൂട്ടുന്നതിനു വകുപ്പുതലവന്മാർക്ക് കൂടുതൽ ധനകാര്യാധികാരങ്ങൾ നൽകി ഉത്തരവായി. പൊതുജനങ്ങളുടെ സൗകര്യാർത്ഥം പഞ്ചായത്ത്–മുൻസിപ്പൽ–കോർപ്പറേഷൻ ഓഫീസുകളിലും സെക്രട്ടേറിയറ്റിലും മറ്റു ചില വകുപ്പുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും റിസപ്ഷൻ കൗണ്ടറുകളും നിലവിൽവന്നു.

സംതൃപ്തമായ സിവിൽ സർവീസ് എന്ന ലക്ഷ്യം കൈവരിക്കാനായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെയും സമയബന്ധിതമായും നൽകുന്നതിനും സർക്കാർ ഏറെ ശ്രദ്ധിച്ചതും ഭരണ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്.

അഴിമതിരഹിത വാളയാർ പരിപാടിയുടെ വിജയം അഴിമതി ഒരിക്കലും ഒഴിവാക്കാനാവില്ല എന്നു കരുതിയിരുന്ന ഇടങ്ങളിൽ പോലും വേണമെങ്കിൽ അഴിമതിയെ കടപുഴക്കിയെറിയാമെന്നതിന് ഉദാഹരണമാണ്.

എന്നാൽ ജീവനക്കാരും മറ്റു ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് അത്യാവശ്യം കാലോചിതമായ ഭേദഗതികളോടെ ഭരണപരിഷ്ക്കാരം സംബന്ധിച്ച നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എംപവേഡ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് എന്ന നിർദ്ദേശം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഒട്ടേറെ കാര്യങ്ങൾ വിവിധ വകുപ്പുകളിൽ നടന്നെങ്കിലും അവയെല്ലാം ഏകോപിപ്പിച്ചു സമഗ്രമായ ഒരു ഭരണപരിഷ്കാര കാമ്പയിനാക്കി മാറ്റുന്നതിൽ വിജയിക്കുകയുണ്ടായില്ല.

## തുടർനടപടികൾ

ഈ നടപടികൾ സിവിൽ സർവീസിന്റെ കാര്യക്ഷമത ഉയർത്താനും അടിസ്ഥാനപരമായ ചില മുന്നേറ്റങ്ങൾ നടത്താനും വഴിയൊരുക്കിയിട്ടുണ്ടെങ്കിലും പൂർണമായും ജനോന്മുഖവും അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവീസ് എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ ഇനിയും ഏറെ നടപടികൾ ബാക്കിയുണ്ട്. പ്രധാനമായും വേണ്ടുന്ന ചില നടപടികൾ ചുവടെ ചേർക്കുന്നു.

1. ജനാധിപത്യ വികേന്ദ്രീകരണത്തെ തുടർന്ന് ഒട്ടേറെ അധികാരങ്ങൾ താഴേക്കു നൽകിയിട്ടുണ്ട്. പലവകുപ്പുകളിലും ഉദ്യോഗസ്ഥരെയും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കു വിന്യസിച്ചിട്ടുണ്ട്. എങ്കിലും അവ പൂർണമായിട്ടില്ല. അടിയന്തിരമായ പുനർവിന്യാസം പൂർണമാക്കുകയും ഉദ്യോഗസ്ഥരുടെ നിയന്ത്രണാധികാരം, ഡ്യുവൽ കൺട്രോൾ, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംവിധാനത്തിന്റെ പരസ്പരബന്ധം, കൂട്ടായ പ്രവർത്തനത്തിനുള്ള മാർഗനിർദ്ദേശങ്ങൾ എന്നിവയിൽ വ്യക്തത കൈവരുത്തുകയും വേണം. തദ്ദേശഭരണ സർവീസ് എന്നത് കൂടുതൽ സ്വയം സമ്പൂർണവും സുവ്യക്തവുമായ ഒന്നാക്കി പുനരാവിഷ്ക്കരിക്കണം.

2. സംസ്ഥാന സെക്രട്ടേറിയറ്റിൽ നിന്നും വകുപ്പുകളിലേക്കും വകുപ്പുകളിൽ നിന്നു താഴെത്തലങ്ങളിലേക്കും വികേന്ദ്രീകരിക്കേണ്ട അധികാരങ്ങൾ, ധനകാര്യ അധികാരങ്ങൾ ഉൾപ്പെടെ, അടിയന്തിര

മായി വികേന്ദ്രീകരിച്ചു നൽകണം. ഓരോ തട്ടിലും കൈകാര്യം ചെയ്യേണ്ട കാര്യങ്ങൾ അനിവാര്യമായ സാഹചര്യങ്ങളിലല്ലാതെ മുകൾ തട്ടിലേക്ക് പോകുന്നില്ലായെന്ന് ഉറപ്പുവരുത്തണം.

3. കാലഹരണപ്പെട്ട സർവീസ് നിയമങ്ങളും ചട്ടങ്ങളും മാനുവലുകളും, മാർഗനിർദ്ദേശങ്ങളും രീതി സമ്പ്രദായങ്ങളും കാലോചിതമായി പുതുക്കുന്നതിന് സമയബന്ധിതമായി പദ്ധതി ആവിഷ്കരിക്കണം.

4. മിഡിൽ മാനേജ്മെന്റ് ശക്തമാക്കുന്നതിന് സ്റ്റേറ്റ് സിവിൽ സർവീസ് രൂപീകരിക്കണമെന്ന ഭരണ പരിഷ്കാര കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കണം.

5. ഉദ്യോഗസ്ഥ പരിശീലനം തൃപ്തികരമാക്കണം.

6. പലവകുപ്പുകളിലും കാലഹരണപ്പെട്ട രീതികളും ഉദ്യോഗസ്ഥഘടനയുമൊക്കെ നിലനിൽക്കുന്നുണ്ട്. ഇത് പരിശോധിച്ച് വകുപ്പുകൾ കാലോചിതമായി പുനസംഘടിപ്പിക്കണം. ഏകോപിപ്പിക്കാനും കഴിയണം.

7. തട്ടുകൾ കുറച്ചുകൊണ്ട് സെക്രട്ടേറിയറ്റ് ഭരണ സംവിധാനത്തിൽ വേണ്ട പരിഷ്കാരങ്ങൾ പൂർത്തിയാക്കണം.

8. പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും പ്രൊഫഷണലിസം ഉറപ്പാക്കുന്നതരത്തിൽ ഉദ്യോഗസ്ഥരെയും സംവിധാനത്തെയും ശക്തിപ്പെടുത്തണം. പദ്ധതി നിർവ്വഹണച്ചട്ടങ്ങൾ പരിഷ്ക്കരിക്കുകയും പദ്ധതി നിർവഹണം കൃത്യമായി മോണിട്ടർ ചെയ്യുകയും വേണം.

9. അഴിമതി ഒഴിവാക്കാൻ കൂടുതൽ കർക്കശമായ പരിശോധനകളും നടപടികളും ആവശ്യമുണ്ട്.

10 കാര്യക്ഷമതയും ഉത്തരവാദിത്വവും കൂട്ടാൻ സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്താം. നിലവിലുള്ള ഓഡിറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുകയും വിപുലമാക്കുകകയും വേണം. ഓരോരോ വിഭാഗങ്ങളിലെയും പെർഫോർമൻസസും ഓഡിറ്റിനു വിധേയമാക്കുവുന്നതാണ്. നിർവഹണ-സാമൂഹ്യഓഡിറ്റ് നിരീക്ഷണങ്ങൾ കണക്കിലെടുത്ത് സമയബന്ധിത പരിഹാര നടപടി ഉറപ്പാക്കും വിധം നഷ്ടോത്തരവാദിത്വം ക്രമീകരിക്കണം.

11. ഇ.ഗവേണൻസ് മേഖലയിലെ പരിഷ്കാരങ്ങൾ വേഗത്തിലാക്കണം. ഭരണം കൂടുതൽ സുതാര്യമായും വേഗത്തിലും കാര്യക്ഷമമായും നടത്തുന്നതിന് അതുവഴിയൊരുക്കും. സാധ്യമാകുന്ന ഏതുമേഖലയിലും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കണം. ഇലക്ട്രോണിക് സിഗ്നേച്ചർ, ഇ.-പേയ്മെന്റ് എന്നിവ ആലോചിക്കണം. ഇവയെല്ലാം സ്വതന്ത്രസോഫ്റ്റ്വെയർ അധിഷ്ഠിതമാകണം.(ഇ.ഗവേണൻസിന്റെ പ്രത്യേക സെക്ഷനിൽ കൂടുതൽ വിശദാംശങ്ങൾ ചർച്ച ചെയ്യാം).

12. ധനകാര്യകർതൃത്വം ഭാരമേൽപിക്കപ്പെടുന്ന തലത്തിൽ നടപ്പാക്കുന്നുവെന്നും നിർദ്ദിഷ്ടപരിധിക്ക് ഉപരി ധനവകയിരുത്തലാവശ്യമാണെങ്കിൽമാത്രം ബന്ധപ്പെട്ട ഭരണ-വിഭവ അനുമതി തേടുകയെന്ന നിർബന്ധിത വ്യവസ്ഥ നടപ്പാക്കണം.

13. സെക്രട്ടേറിയറ്റ് പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പ് പുനഃസംഘടിപ്പിച്ച് സംസ്ഥാന-തദ്ദേശഭരണ വ്യവസ്ഥാപനാർത്ഥമുള്ള ഭരണപരിഷ്കരണ നടപടികളുടെ സാധൂകരണത്തിനും പ്രയോഗത്തിനും നേതൃത്വപരമായ ചുമതല വഹിക്കുന്ന ഉപാധിയാക്കി മാറ്റുകയും ആയതിന് സ്ഥിരം ക്രമീകരണം ഉറപ്പാക്കുകയും വേണം.

14. അഴിമതിരഹിതവും സംശുദ്ധവുമായ സിവിൽ സർവ്വീസ് മുൻനിർത്തി ലോകായുക്ത, ഓംബുഡ്സ്മാൻ, വിജിലൻസ് സംവിധാനങ്ങളെ ഫലപ്രദമാക്കാനുണ്ട്. സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓംബുഡ്സ് മാൻ പ്രാവർത്തികമാക്കുക.

മൂന്നാം ഭരണപരിഷ്കാര കമ്മിഷന്റെ നിർദ്ദേശങ്ങളുടെ സമയബന്ധിതമായ നടത്തിപ്പാണ് അടിയന്തരമായ ചുമതല. ഇതോടൊപ്പം ഇന്ത്യയിലെ ഭരണസംവിധാനത്തിന്റെ പരിഷ്ക്കരണത്തെപ്പറ്റി വീരപ്പമൊയ്‌ലി അധ്യക്ഷനായുള്ള കേന്ദ്രഭരണപരിഷ്കാരകമ്മീഷൻ റിപ്പോർട്ടും നമ്മുടെ മുൻപിലുണ്ട്. ആഗോളവത്കരണനയങ്ങളുടെ ചുവടുപിടിച്ച് ഗവൺമെന്റുകളെ ദുർബലപ്പെടുത്തുകയും ഭരണസംവിധാനത്തെ പരിമിതപ്പെടുത്തുകയും ചെയ്യുക എന്നതാണ് മൊയ്‌ലികമ്മിറ്റിയുടെ അടിസ്ഥാന സമീപനമെങ്കിലും സംസ്ഥാന സിവിൽ സർവ്വീസിനെപ്പറ്റിയും വികേന്ദ്രീകരണ സംവിധാനത്തെപ്പറ്റിയും പ്രായോഗികവും നമുക്ക് സ്വീകരിക്കാവുന്നതുമായ നിർദ്ദേശങ്ങളും അവയിലുണ്ടെന്നതു കാണാതിരുന്നുകൂടാ.

## വിവര സംവേദന സാങ്കേതിക വിദ്യയും ഇ-ഗവേണൻസും

പൗരസേവനങ്ങൾ കാര്യക്ഷമമായി ചിട്ടപ്പെടുത്തുവാനും സുഗമമായി നടപ്പാക്കാനും സർക്കാർ സംവിധാനം ഫലപ്രദമാക്കാനും ഇ-ഗവേർണൻസിന് നിർണായക പങ്കാണുള്ളത്. അഖിലേന്ത്യാതലത്തിൽ കേന്ദ്രസർക്കാരിന്റെ ഇ-ഗവേർണൻസ് പദ്ധതിയും ഇതിൽ വിലയിരുത്തപ്പെടണം.

പൗരസേവനങ്ങൾക്ക് മുഖ്യ ഊന്നൽ നല്കുന്ന നാഷണൽ ഇ - ഗവേർണൻസ് പ്രോഗ്രാം ഇതിൽ പ്രധാനമാണ്. നികുതി, പാസ്പോർട്ട് - വിസ, കമ്പനികാര്യങ്ങൾ, എക്സൈസ്, പെൻഷൻ, ഭൂരേഖ, ഗതാഗതം, രജിസ്ട്രേഷൻ, ലൈസൻസ്, തൊഴിൽ, തദ്ദേശഭരണം മുതലായവ ഇ - ഗവേണൻസ് പ്രോഗ്രാമിൽ ഉൾപ്പെടുന്നു. ഓൺലൈൻ സേവന

ങ്ങൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ബയോമെട്രിക് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഹാജർ രേഖപ്പെടുത്താനും ശമ്പളം നൽകുന്നതിനുമുള്ള പദ്ധതിയും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

കേന്ദ്രസർക്കാർ നടപ്പാക്കുന്ന യു.ഐ.ഡി.പദ്ധതിയാണ് മറ്റൊന്ന്. 5 വയസ്സിന് മേൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഏകീകൃത തിരിച്ചറിയൽ നമ്പർ നൽകുന്നതിനുള്ള അതിബൃഹത്തായ പദ്ധതിയാണിത്. ഇതുസംബന്ധിച്ചു ദേശീയതലത്തിൽ വിമർശനപരമായ ഒരു സംവാദം ഇന്നു നടക്കുന്നുണ്ട്. പദ്ധതി ഘടന, രീതി, വിവര ഉപയോഗം, സാങ്കേതികവിദ്യ മുതലായവയെല്ലാം ചർച്ച ചെയ്യപ്പെടണം.

സംസ്ഥാന തലത്തിലും ഇ –ഗവേർണൻസിനായി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ രേഖകളുടെ ഡിജിറ്റൽ രൂപം തയ്യാറാക്കൽ, ഇ–പേയ്മെന്റ് സംവിധാനം, ഇന്റഗ്രേറ്റഡ് ഗവൺമെന്റ് സർവ്വീസ് ഗവേർണൻസ്, കേരള ഇന്നവേഷൻ ഫൗണ്ടേഷൻ, തദ്ദേശ ഭരണസ്ഥാപന ഇ-ഗവേണൻസ് പരിപാടി മുതലായവ ഇതിൽപ്പെടുന്നു. വാണിജ്യനികുതി നടപടികൾ, വികസനപദ്ധതി രൂപീകരണം–അംഗീകരണം, നിർവ്വഹണം, ജനന–മരണ രജിസ്ട്രേഷൻ, ഭൂമി കൈമാറ്റ രജിസ്ട്രേഷൻ, ഹയർ സെക്കണ്ടറി ഏകജാലകപ്രവേശനം, പി.എസ്.സി. പരീക്ഷകരുടെ അപേക്ഷ നടപടികൾ മുതലായവയെല്ലാം ഇതിനകം ഇ-ഗവേണൻസ് ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത് വ്യാപിപ്പിക്കാനും പൊതുജനസേവന പ്രദാന നടപടിയിൽ പ്രസക്തമായ ഉപാധിയായി മാറ്റാനും തക്കതരത്തിൽ വികസന ചർച്ചയുടെ ഭാഗമാക്കേണ്ടുന്ന ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

1. വിവിധ വകുപ്പ് – സ്ഥാപനതലങ്ങളിൽ സഞ്ചയിക്കപ്പെട്ടിരിക്കുന്ന വിവരശേഖരം (ഡാറ്റാ ബേയ്സ്) ഉദ്ഗ്രഥനം. ഉദാഹരണമായി ഫ്രണ്ട്സ് മുഖേന നികുതി പിരിയ്ക്കുമ്പോൾ തന്നെ ബന്ധപ്പെട്ട തദ്ദേശ ഭരണ-വകുപ്പ് സ്ഥാപനങ്ങളിൽ ഈ വിവരം പുതുക്കി ചേർക്കപ്പെടുക എന്ന രീതി.

2. രജിസ്റ്ററുകളും ഫയലുകളും എഴുതിസൂക്ഷിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി ദ്രുതഗതിയിൽ വിവരവിനിമയം നടത്തി സേവനം ലഭ്യമാക്കുന്ന സംവിധാനം രൂപപ്പെടുത്തണം. ഇത്തരം വിവരമാറ്റം വരുത്തുമ്പോൾ അവയുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പുവരുത്താനും രേഖീകൃതവിവരങ്ങളുടെ പരസ്പരം കൈമാറ്റവും വിനിയോഗവും ഉറപ്പാക്കുന്നതിനും ഉള്ള നയവും നടപടി ക്രമവും അവയുടെ നിയമസുരക്ഷയ്ക്കായുള്ള ചട്ട വ്യവസ്ഥകളും ഉണ്ടാക്കണം.

3.ഭൂരേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാനും സർക്കാർ ആവശ്യങ്ങൾക്കും പൊതു ആവശ്യങ്ങൾക്കും അനുമതി തേടിക്കൊണ്ട് പരസ്പരം കൈമാറി ഉപയോഗിക്കാനും വ്യവസ്ഥപ്പെടുത്തണം.

4. വിവിധ പദ്ധതികളുടെ ആസൂത്രണം, ഗുണഭോക്തൃനിർണയം, തുടങ്ങിയവയ്ക്ക് പൗരരുടെ വിവരങ്ങൾ, ജനന–മരണവിവരങ്ങൾ, വിദ്യാർത്ഥി വിവരങ്ങൾ വോട്ടർ വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ പരസ്പരം കൈമാറ്റി വിനിയോഗിക്കാൻ വ്യവസ്ഥപ്പെടുത്തണം.

5. ദൈനംദിന ഭരണ പ്രവൃത്തികളിൽ ഇലക്ട്രോണിക് രേഖകളുടെയും ഡിജിറ്റൽ സിഗ്നേച്ചറിന്റെയും പ്രയോഗം സാധ്യമാക്കി സേവന നിർവ്വഹണം ദ്രുതഗതിയിലാക്കാൻ നടപടിയുണ്ടാകണം. വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും ഇതുപയോഗപ്പെടുത്തുന്നു.

6. ഈ–ഗവേണൻസ് പ്രാവർത്തികമാക്കാൻ സഹായകമായവിധം ഭരണനടപടിക്രമ ചട്ടങ്ങളിൽ ലഘുകരണവും പരിഷ്കരണവും വകുപ്പ്–സ്ഥാപന തലങ്ങളിൽ പ്രായോഗിക നിർദ്ദേശവും ഉണ്ടാകണം.

7. പ്രാദേശിക തലത്തിൽ വിവരസംവേദന സാങ്കേതികവിദ്യാസേവന ലഭ്യതയ്ക്കുതകുന്ന വിപുലവും ഉദ്ഗ്രഥിതവുമായ കിയോസ്കകൾ നടത്തുന്നതിന് സംവിധാനമുണ്ടാക്കണം.

8. യു.ഐ.സി പോലെയുള്ള പദ്ധതികൾ സംസ്ഥാന ഐ.ടി. നയത്തിന് അനുരോധമായി സ്വതന്ത്ര സോഫ്ട് വെയർ ഉപയോഗപ്പെടുത്തി നടപ്പാക്കാനാകണം. ഇതിന്റെ വിവരശേഖരം സംസ്ഥാനതലത്തിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യണം.

9. സാർവ്വത്രിക ഈ.സാക്ഷരത നടപ്പാക്കാനുള്ള തീവ്രയത്നം തദ്ദേശഭരണതലത്തിൽ ലീപ് കേരള മിഷൻ ഉൾപ്പെടെ ഉപയോഗപ്പെടുത്തി സാധിതമാക്കണം. ഇതിനായി നിലവിലുള്ള ഐ.ടി.മിഷൻ, ഐ.കെ.എം തുടങ്ങിയ ശൃംഖലാസംവിധാനങ്ങളെ പുനസംഘടിപ്പിച്ച് ഉപയോഗപ്പെടുത്തണം.

## അധികാരവികേന്ദ്രീകരണം

ജനകീയാസൂത്രണം ഒന്നാം പഠനകോൺഗ്രസ് തുടങ്ങിവെച്ച സംവാദത്തിലൂടെ രൂപപ്പെട്ട ഏറ്റവും സുപ്രധാന ഭരണപരിഷ്കാര നടപടിയായിരുന്നു. കോൺഗ്രസിന്റെ അധ്യക്ഷപ്രസംഗത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ പ്രധാന്യം ഇഎംഎസ് അടിവരയിട്ടു പറഞ്ഞു. ഒന്നാം ഭരണപരിഷ്കാര കമ്മിഷന്റെ നിർദ്ദേശപ്രകാരം സമഗ്രമായ അധികാരവികേന്ദ്രീകരണ നിയമത്തിനു രൂപം നൽകിയെങ്കിലും അതു നിയമമാക്കി മാറ്റുന്നതിനു മുമ്പു മന്ത്രിസഭ പിരിച്ചുവിടപ്പെട്ടു. അതിനുശേഷമുള്ള നാലു പതിറ്റാണ്ടു കാലം ഇതിനായി നടത്തിയ പരിശ്രമങ്ങൾ ഒന്നുപോലും ഫലവത്തായില്ല. 73, 74 ഭരണഘടനാഭേദഗ

തികളുടെ പശ്ചാത്തലത്തിൽ അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനു കേരളം സ്വീകരിച്ച തന്ത്രമായിരുന്നു ജനകീയാസൂത്രണം.

ഭൂപരിഷ്കരണം പോലൊരു അടിസ്ഥാനപരമായ പരിഷ്കാരം നടപ്പാക്കാൻ കഴിഞ്ഞത് അതിവിപുലമായ കർഷകപ്രസ്ഥാനത്തിന്റെ ജനകീയസമ്മർദ്ദത്തിന്റെ ഫലമാണ്. ഒരർത്ഥത്തിൽ ഭൂവുടമ ബന്ധങ്ങളിൽ ഭൂപരിഷ്കരണം എന്തു മാറ്റമാണോ വരുത്തിയത് അതിന് സമാനമായ മാറ്റമാണ് ഭരണസംവിധാനത്തിൽ അധികാരവികേന്ദ്രീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തി മാത്രമേ ഇതിനുള്ള രാഷ്ട്രീയ ഇച്ഛ സംസ്ഥാനത്തു സൃഷ്ടിക്കാനാവൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിനു രൂപം നൽകിയത്. സാഹചര്യങ്ങൾ എല്ലാം ഒരുക്കിയിട്ട് അധികാരം കൊടുക്കുക എന്നതിന് പകരം ആദ്യം അധികാരവും സമ്പത്തും താഴേയ്ക്ക് നൽകുക, അത് കയ്യാളാനുള്ള പ്രതിബന്ധങ്ങളെ ബഹുജനപിന്തുണയോടെ തട്ടിമാറ്റുക എന്ന സമീപനമാണ് സ്വീകരിച്ചത്. ഈ തന്ത്രത്തിന്റെ വിജയം കേരളത്തെ അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും മുൻപന്തിയിലെത്തിച്ചു. അന്യാദൃശ്യമായ രീതിയിൽ വികസന പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി. ഗ്രാമീണ വികസനത്തിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിച്ചു.

ലോകബാങ്കുമായി ബന്ധപ്പെടുത്തി പൊട്ടിപ്പുറപ്പെട്ട ജനകീയാസൂത്രണ വിവാദത്തിന്റെ പശ്ചാത്തലത്തിലാണ് രണ്ടാം പഠന കോൺഗ്രസ് നടന്നത്. എന്നാൽ ജനകീയാസൂത്രണം ഊർജം തേടുന്നത് ലോകബാങ്ക് നിർദ്ദേശങ്ങളിൽ നിന്നല്ല. മറിച്ച്, സമ്പന്നമായ നമ്മുടെ ദേശീയപാരമ്പര്യങ്ങളിൽ നിന്നാണെന്നു ഈ കോൺഗ്രസ് വിലയിരുത്തി. സർക്കാരിന്റെ പങ്ക് വെട്ടിച്ചുരുക്കാനല്ല പ്രാദേശിക സർക്കാരുകളെ കൂടുതൽ ജനായത്തപരമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാണ് ജനകീയാസൂത്രണം ശ്രമിച്ചത്. ജനകീയാസൂത്രണത്തിന്റെ അച്ചുതണ്ട് ആസൂത്രണമാണ്. ഓരോ പ്രദേശത്തും എന്തുവേണമെന്ന തീരുമാനം കമ്പോളത്തിന് മാത്രമായി വിട്ടുകൊടുക്കാതെ പ്രാദേശിക സമൂഹത്തെക്കൊണ്ട് കൂട്ടായി തീരുമാനിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ മേൽ ഭാരം അടിച്ചേൽപ്പിക്കുകയായിരുന്നില്ല, മറിച്ചു ചുമതലകളോടൊപ്പം പണവും താഴേയ്ക്കു നൽകി. സന്നദ്ധസംഘടനകളെ മാത്രമല്ല, വിവിധങ്ങളായ ട്രേഡ് യൂണിയനുകൾ, കർഷക സംഘം തുടങ്ങിയ ജനകീയസംഘടനകളെ ആസൂത്രണത്തിലും പ്രാദേശിക ഭരണത്തിലും പങ്കാളികളാക്കുന്നതിനാണ് ജനകീയാസൂത്രണം ലക്ഷ്യമിട്ടത്. ആഗോളവത്കരണത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിന് ജനകീയാസൂത്രണം സഹായകരമാകും എന്ന് പറയുമ്പോൾ അതൊരു ഒറ്റമൂലിയാണെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. ആഗോളവത്കരണത്തിനെതിരെയുള്ള ചെറുത്തുനിൽപ്പ് ആഗോളതലത്തിലും ദേശീയതലത്തിലും നടത്തേണ്ടതുണ്ട്. അവ പോഷിപ്പിക്കുന്നതിന് സമൂഹത്തെ സജ്ജമാക്കാൻ പ്രാദേശിക ആസൂത്രണത്തിന് കഴിയുമെന്നാണ് ഇവിടെ വിവക്ഷിക്കുന്നത്.

2001 ലെ ഭരണമാറ്റം ഈ പ്രക്രിയയെ പുറകോട്ടടിച്ചു. പ്രാദേശിക ഭരണത്തിൽ നിന്നു ജനകീയത ചോർത്തിക്കളഞ്ഞ് ആസൂത്രണം ഉദ്യോഗസ്ഥമേധാവിത്തപരമാക്കി. താഴേയ്ക്കുള്ള വിഭവങ്ങൾ വെട്ടിക്കുറച്ചു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നേട്ടങ്ങൾ വ്യവസ്ഥാപിതമാക്കുന്ന നടപടികൾ നിർത്തിവെച്ചു. ഈ സ്ഥിതി മറികടക്കാനും അധികാര – ആസൂത്രണവികേന്ദ്രീകരണത്തെ മുന്നോട്ടു നയിക്കാനുമുള്ള ശുപാർശകൾ രണ്ടാം കോൺഗ്രസിൽ ചർച്ച ചെയ്യപ്പെട്ടു.

- ജില്ലാപദ്ധതി രൂപീകരണവും പ്രാദേശികപദ്ധതി ഉദ്ഗ്രഥനവും സാധിതമാകുംവിധം ജില്ലാ പദ്ധതി തയ്യാറാക്കുക. ഇതിനായി ഗ്രാമനഗരാസൂത്രണവിഭാഗം, സ്ഥിതിവിവരവിഭാഗം എന്നിവ സംയോജിപ്പിച്ച് ജില്ലാ ആസൂത്രണസമിതി വ്യവസ്ഥാപിതമാക്കും.
- യുഡി.എഫ് തിരിച്ചുപിടിച്ച അധികാരങ്ങൾ പുന:സ്ഥാപിക്കുകയും ഡി.ആർ.ഡി.എ ഉൾപ്പെടെ ഉദ്യോഗസ്ഥ സമിതികൾ നിർത്തലാക്കുകയും സംസ്ഥാനവികസന കൗൺസിൽ – ജില്ലാ ആസൂത്രണ സമിതി എന്നിവയെ ശക്തിപ്പെടുത്തുകയും ചെയ്യുക. തദ്ദേശഭരണ – ഗ്രാമവികസന – നഗരാസൂത്രണ വകുപ്പുകൾ ഏകോപിക്കുകയും കേന്ദ്രസംസ്ഥാനാവിഷ്കൃത സ്കീമുകൾ തദ്ദേശഭരണസ്ഥാപനങ്ങളെ ഭാരമേൽപ്പിക്കുകയും ചെയ്യുക. തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളെ ഭരണമേൽപ്പിക്കുക
- വിവരസാങ്കേതിക സാധ്യതകൾ പ്രാവർത്തികമാക്കി ഭരണകാര്യക്ഷമത ഉയർത്തുകയും, സുതാര്യതയും ഉത്തരവാദിത്വവും, ഗുണമേന്മയും ഉറപ്പാക്കുകയും ചെയ്യുക. ജനസൗഹൃദ കൗണ്ടർ പ്രാവർത്തികമാക്കുക.
- ഉത്പാദനമേഖലയിലെ ഇടപെടൽ സമഗ്രവും കാര്യക്ഷമവുമാക്കി മുതൽമുടക്ക് ഗണ്യമായി ഉയർത്തുക. നീർത്തടാധിഷ്ഠിത വികസനപദ്ധതി തയ്യാറാക്കുകയും സൂക്ഷ്മനീർത്തട ഭൂപടങ്ങൾ രൂപപ്പെടുത്തുകയും ചെയ്തുകൊണ്ട് നീർത്തടകമ്മിറ്റികൾ സജീവമാക്കി നദീതട മാനേജ്മെന്റിലേക്ക് വിപുലപ്പെടുത്താനും കഴിയുക. കാർഷിക – സ്ഥലമാന

വികസനാസൂത്രണസാധ്യതകൾ പ്രയോജനപ്പെടുത്തി മണ്ണ് - ജല - വിളപരിപാലനം ഊർജ്ജിതമാക്കുക.

• പ്രാദേശിക ചെറുകിട സൂക്ഷ്മ സംരംഭക - വ്യവസായ - തൊഴിൽ സാധ്യത വികസിപ്പിച്ച് ജീവനോപാധികൾ സ്ഥായിയായി മെച്ചപ്പെടുത്തുക.

• കുടുംബശ്രീശാക്തീകരണം വഴി ദാരിദ്ര ദൂരീകരണ - അതിജീവനപദ്ധതി ഫലങ്ങൾ സ്ഥായീവത്കരിക്കുക.

• ഉദ്യോഗസ്ഥപുനർവിന്യാസവും സ്ഥാപനവിപുലീകരണവും സാധ്യമാക്കുക.

• കൈമാറിയ സ്ഥാപനങ്ങളുടെ സേവനക്ഷമതയും ഗുണനിലവാരവും ഉയർത്താൻ സദ്ഭരണ ഉപാധികൾ പ്രാപ്യമാക്കുക. ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുകയും, ഓംബുഡ്സ്മാൻ ശക്തിപ്പെടുത്തുകയും ചെയ്യുക. മേഖലാട്രൈബ്യൂണലുകൾ, പദ്ധതി നിരീക്ഷണസമിതികൾ എന്നിവ യാഥാർത്ഥ്യമാക്കുക.

• അഴിമതിയും, ദുർഭരണവും ഇല്ലാതാക്കി, വകുപ്പുതല ദ്വിമുഖനിയന്ത്രണം ഒഴിവാക്കി വികേന്ദ്രീകൃത ഭരണ - വികസന - ക്ഷേമപ്രവൃത്തികൾ സുസ്ഥിരവും വ്യവസ്ഥാപിതവുമാക്കുക. ഗുണഭോക്തൃനിർണയം, പദ്ധതി നടത്തിപ്പ് തുടങ്ങിയവയിൽ ബിനാമികളേയും കരാർ ഇടനിലക്കാരേയും ഒഴിവാക്കാനും കുറ്റമറ്റരീതിയിൽ ജനകീയ നിരീക്ഷണത്തോടെ നടപ്പാക്കാനും കഴിയുക.

• ഭരണ - പരിഷ്കരണ - അധികാരവികേന്ദ്രീകരണ പഠനസമിതികളുടെ ശുപാർശകൾ പ്രാവർത്തികമാക്കുക.

• പ്രത്യേകഘടകപദ്ധതി, പട്ടികവർഷ ഉപപദ്ധതി, വനിതാഘടകപദ്ധതി, ജീവിതവെല്ലുവിളി അഭിമുഖീകരിക്കുന്നവർക്കുള്ള പദ്ധതി മുതലായവയ്ക്ക് സവിശേഷ ഊന്നൽ കൽപ്പിച്ച് പ്രാവർത്തികമാക്കുക. പട്ടികവിഹിതത്തിൽ വെട്ടിക്കുറവ് വരുത്താതെ അർഹമായ മുഴുവൻ വിഭവവും ലഭ്യമാക്കുക.

• അധികവിഭവസമാഹരണം സഹകരണനിക്ഷേപസംരംഭക പങ്കാളിത്തം ധനവിഭവസംയോജനം എന്നിവയിലൂടെ ധനകാര്യസുസ്ഥിരത സാധ്യമാക്കുക.

• ആസൂത്രണവും നിർവഹണവും സമയബന്ധിതമായി പൂർത്തീകരിക്കണം.

• സമ്പൂർണ ശുചിത്വ പരിപാടി, തൊഴിലുറപ്പു പദ്ധതി, സമ്പൂർണ പാർപ്പിട പദ്ധതി എന്നിവ ജനകീയ പ്രസ്ഥാനങ്ങളായി വളർത്തിയെടുക്കണം.

തുടങ്ങിയ ആശയങ്ങളാണ് മുന്നോട്ട് വയ്ക്കപ്പെട്ടത്. ഇതിനുതകുന്ന തരത്തിൽ അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ, വികസനസമിതികൾ, ജനപ്രതിനിധി സഭകൾ, ജാഗ്രതാ സമിതികൾ, സ്ഥാപനമാനേജ്മെന്റ് കമ്മിറ്റികൾ, ഗുണഭോക്തൃസമിതികൾ തുടങ്ങിയവയെ ശാക്തീകരിക്കാനും അതിനാവശ്യമായ സമയബന്ധിതപരിശീലനവും, പുനപരിശീലനവും സാധ്യമാക്കാനും കഴിയണം. ഒപ്പം വിഭവിതരണ നീതി നടപ്പാക്കാനായി ധനകമ്മീഷൻ ശുപാർശകൾ നിർവ്വഹണക്ഷമമാക്കാനും നിർദ്ദേശിക്കപ്പെട്ടു.

## നേട്ടങ്ങളുടെ അവലോകനം

അധികാരവികേന്ദ്രീകരണത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം തുടർച്ചായി കേരളത്തിനാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും കൂടുതൽ പണം കൈമാറുന്നതും അതു ചെലവാക്കുന്നതിന് ഏറ്റവും കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യമുള്ളതും കേരളത്തിലാണ്. 1996ൽ രൂപം നൽകിയ ആസൂത്രണ ചിട്ടകൾ ഒന്നര പതിറ്റാണ്ടു കഴിഞ്ഞിട്ടും അടിസ്ഥാനപരമായി യാതൊരു മാറ്റവും ഇല്ലാതെ ഇന്നും തുടരുന്നു എന്നതു ജനകീയാസൂത്രണത്തിനു ലഭിച്ച ഏറ്റവും വലിയ അംഗീകാരമാണ്. രാഷ്ട്രത്തിനു തന്നെ മാതൃകയായി കേന്ദ്രസർക്കാരും ഈ സമ്പ്രദായത്തെ പ്രകീർത്തിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ടൊന്നും നൽകാൻ 1995 - 96 വർഷം യുഡി. എഫ് തയ്യാറായില്ല. 1996 - 97 ൽ ആകട്ടെ 212 കോടി രൂപയാണ് വകയിരുത്തിയത്. എന്നാൽ എൽ.ഡി. എഫ് സർക്കാർ 1997 - 98 ൽ ജനകീയാസൂത്രണാരംഭത്തിൽ ലഭ്യമാക്കിയത് 749 കോടി രൂപയാണ്. യുഡിഎഫ് കാലഘട്ടത്തിൽ (2001 - 2006) അഞ്ചു വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആകെ നൽകിയത് 5297 കോടി രൂപയാണ്. 2006 മുതൽ എൽ ഡിഎഫ് സർക്കാർ നൽകിയതാകട്ടെ 8462 കോടി രൂപയാണ്. ഇതോടൊപ്പം ഇഎംഎസ് പാർപ്പിട പദ്ധതിയ്ക്കായി ബാങ്കുകളിൽ നിന്നെടുത്ത 2000 കോടിയുടെ വായ്പ, ഗ്രാമീണ റോഡുകളുടെ പുനരദ്ധാരണത്തിനായി നൽകിയ 350 കോടി രൂപ തുടങ്ങിയവയെല്ലാം കണക്കിലെടുത്താൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിഞ്ഞ 5 വർഷം ലഭ്യമാക്കിയ പണത്തിനു സമാനതകളില്ല.

പട്ടികജാതി ഘടകപദ്ധതിയ്ക്കായി 2001 -06 ൽ യുഡിഎഫ് ഈ ഇനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആകെ വകയിരുത്തിയത് 1130 കോടി മാത്രമായിരുന്നു. ഇതിൽ 816 കോടി മാത്രമാണ് ചെലവഴിച്ചത്. 91 കോടി രൂപ ഇക്കാലയളവിൽ വകമാറ്റി ചെലവഴിച്ചു. എന്നാൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഈ തുക 1868 കോടി രൂപയായി വർധിച്ചു. ഇതിൽ 1735.04 കോടി ചെലവിട്ടു. നടപ്പുവർഷം ബഡ്ജറ്റ് വിഹിതമായി 590 കോടി നീക്കി വച്ചിരിക്കുന്നു. പട്ടികവർക്ഷവികസനരംഗത്താകട്ടെ 2001 - 06 കാലത്ത് അനുവദിച്ച 157 കോടി രൂപയിൽ 106 കോടി മാത്രമാണ് ചെലവിട്ടത്. 12 കോടി രൂപ വകമാറ്റി ചെല

വഴിക്കുകയും ചെയ്തു. 2006 – 10 കാലഘട്ടത്തിൽ പട്ടികവർക്ഷ ഉപപദ്ധതിക്കായി അനുവദിച്ചത് 282 കോടിയാണ്. അതിൽ 276 കോടി ചെലവഴിച്ചു. നടപ്പുവർഷത്തേക്ക് 88 കോടി വകയിരുത്തിയിരിക്കുന്നു.

ഗ്രാമീണ റോഡുകളുടെ വികസനത്തിലാണു ജനകീയാസൂത്രണത്തിന്റെ ഭൗതികനേട്ടങ്ങൾ ഏറ്റവും പ്രകടമായത്. ഐക്യകേരളം രൂപം കൊണ്ടതിനു ശേഷം നിർമ്മിച്ച റോഡുകളുടെ ദൈർഘ്യത്തേക്കാൾ അധികം ഗ്രാമീണ റോഡുകൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ടു. കേരളത്തിൽ ഏതാണ്ട് എല്ലാവർക്കും വീടു നൽകാൻ കഴിഞ്ഞതു മറ്റൊരു സുപ്രധാനനേട്ടമാണ്. ഏതാണ്ടു എല്ലാവീട്ടിലും കക്കൂസുമുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന്റെയും പ്രാഥമിക ആരോഗ്യസൗകര്യങ്ങളുടെയും ഗുണനിലവാരത്തിൽ സമീപകാലത്തുണ്ടായ ശ്രദ്ധേയമായ പുരോഗതി അധികാരവികേന്ദ്രീകരണത്തിന്റെ സംഭാവനയാണ്.

1.5 ലക്ഷം ഭൂരഹിത – ഭവന രഹിതർ ഉൾപ്പടെ 5 ലക്ഷം കുടുംബങ്ങൾക്ക് പാർപ്പിടം ഒരുക്കുന്നതിനായി ഇ.എം.എസ് വനപദ്ധതി വിജയലക്ഷ്യത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. പട്ടികവർക്ഷക്കാർക്ക് 1.25 ലക്ഷം, പട്ടികജാതിക്കാർക്ക് 1 ലക്ഷം, സാമാന്യവിഭാഗത്തിന് 75000 എന്നിങ്ങനെയാണ് സഹായമായി നൽകുന്നത്. എം.എൻ ലക്ഷം വീട് പുനരുദ്ധാരണം, കേന്ദ്രാവിഷ്കൃതപാർപ്പിടപദ്ധതി നിർവ്വഹണം എന്നിവയും ഇതിനൊപ്പം ചേർക്കാനാകും. 3.5 ലക്ഷം വീടുകളുടെ പണി പൂർത്തിയായി. 1.30 ലക്ഷം വീടുകളുടെ നിർമ്മാണം തുടരുന്നു. മൊത്തം 3558 കോടി രപയാണ് ഈ പദ്ധതിയുടെ ഇപ്പോഴത്തെ അടങ്കൽ.

ദേശീയ മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത് കേരളത്തിൽ വളരെയേറെ ശ്രമകരമാണ്. എന്നാൽ കാര്യക്ഷമത, അഴിമതിരാഹിത്യം, തൊഴിലാളി ആഭിമുഖ്യം, സുതാര്യത, നഷ്ടോത്തരവാദിത്വം എന്നിവയിലൂടെ തൊഴിലുറപ്പുപദ്ധതി പ്രാവർത്തികമാക്കിയതിലൂടെ കേരളം ഇന്ത്യക്കുതന്നെ മാതൃകയായി. പൂർണ്ണമായും പദ്ധതി രൂപീകരണവും നടത്തിപ്പും പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കി. ഇടനിലക്കാരെ ഒഴിവാക്കി, കരാർ പണി ഇല്ലാതാക്കി. നിർമ്മാണം കുടുംബശ്രീ വഴിയാക്കി. കൂലി തൊഴിലാളിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലൂടെയാക്കി. പൂർണ്ണമായും, സുതാര്യമായും അഴിമതിരഹിതവുമായി. കൃഷി, ജലവിഭവം, വനം മുതലായ വകുപ്പുകളുമായി സംയോജിപ്പിച്ചും നടപ്പാക്കി. 2006 മുതൽ ഇതുവരെ 19 ലക്ഷം കുടുംബങ്ങൾക്ക് 529.8 ലക്ഷം തൊഴിൽ ദിനം ഉറപ്പാക്കി. 802.8 കോടി രൂപ ചെലവിട്ടു. നടപ്പുവർഷം 6.75 ലക്ഷം കുടുംബങ്ങൾക്ക് 215.42 കോടി രൂപ ചെലവഴിച്ച് 130 ലക്ഷം തൊഴിൽദിനം ലഭ്യമാക്കിക്കഴിഞ്ഞു. നവംബർ മാസം മുതൽ പദ്ധതി നഗരങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാനായി അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയിൽ 20 കോടി രൂപ നീക്കി വെച്ചിരിക്കുന്നു.

കേന്ദ്രാവിഷ്കൃതപദ്ധതികൾ ആർജ്ജിക്കുന്നതിലും സർക്കാരുകൾക്കിടയിലെ അന്തരം കാണാം. 2001 – 02 കാലയളവിൽ 372 കി.മീ. റോഡ് 78 കോടി രൂപ ചെലവിൽ പൂർത്തിയാക്കി. ഇപ്പോഴത്തെ സർക്കാരിന്റെ കാലയളവിൽ 733 കി.മീ റോഡ് 311 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. യു.ഡി.എഫ് കാലത്ത് 168 കോടി മുതൽമുടക്കിൽ 708 കി.മീ റോഡിനുള്ള കേന്ദ്രാനുമതി ലഭിച്ചപ്പോൾ 771 കോടി രൂപായുടെ 1879 കി.മീ റോഡിനുള്ള കേന്ദ്രാനുമതി എൽ.ഡി.എഫ് സർക്കാർ നേടിയെടുത്തു. ഐ.എ.വൈ പദ്ധതിയുടെ കാര്യത്തിലും ഈ വ്യത്യാസം കാണാനാകും. 2001 –06 കാലഘട്ടത്തിൽ നേടാനായ കേന്ദ്രവിഹിതം 219 കോടി രൂപയായിരുന്നു. 2006 –10 വർഷങ്ങളിലിത് 543 കോടിയായി ഉയർന്നു. സംസ്ഥാനവിഹിതം അടക്കം യു.ഡി.എഫ് സർക്കാർ 300 കോടി ചെലവഴിച്ച് 109284 വീടുകൾ (1.2 ലക്ഷം പുതിയ വീടുകൾ) നിർമ്മിച്ച സ്ഥാനത്ത് 604 കോടി ചെലവഴിച്ച് 192494 വീടുകൾ (1.4 ലക്ഷം പുതിയ വീടുകൾ) കഴിഞ്ഞ നാലു വർഷം കൊണ്ട് പൂർത്തീകരിച്ചുകഴിഞ്ഞു. തദ്ദേശഭരണസ്ഥാപനങ്ങൾ ഈ കാലയളവിൽ ഈ പദ്ധതിക്കായി 800 കോടി രൂപ നീക്കി വെയ്ക്കുകയുണ്ടായി.

അംഗത്വം, നേതൃത്വം എന്നിവയിൽ വനിതാ പ്രാതിനിധ്യം അമ്പതു ശതമാനം ഉറപ്പാക്കി. എല്ലാ പഞ്ചായത്തിലും ഫ്രണ്ട് ഓഫീസ് സംവിധാനം, അക്കൗണ്ടന്റ് നിയമനം, എഞ്ചിനീയർ തസ്തിക, ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം എന്നിവ ഉറപ്പാക്കി. ലൈബ്രേറിയൻമാർ, നഴ്സറി അദ്ധ്യാപകർ മുതലായവരെ സ്ഥിരപ്പെടുത്തി, മാലിന്യസംസ്കരണം ഊർജ്ജിതമാക്കി, കെട്ടിടനിർമ്മാണചട്ടങ്ങൾ പരിഷ്കരിച്ചു, കെട്ടിടനികുതി നിരക്ക് പരിഷ്കരിച്ചു, ജനന – മരണ രജിസ്ട്രേഷൻ നടപടി ഓൺലൈനാക്കി ലളിതമാക്കി. ദത്തുമക്കളുടെ രക്ഷകർത്തൃരജിസ്ട്രേഷൻ ഉറപ്പാക്കി. പൊതുവിവാഹ രജിസ്ട്രേഷൻ നടപടി പ്രാവർത്തികമാക്കി. തദ്ദേശഭരണകാര്യക്ഷമത ഉറപ്പാക്കുന്നതിന് 4485 അധികതസ്തികകളിൽ നിയമനം നടത്തി. ജീവനക്കാരുടെ പരിശീലനം സമയബന്ധിതമാക്കി. മൂന്നാം ധനക്കമ്മീഷൻ അവാർഡ് പ്രകാരം ധനവിഭവം മുടക്കമില്ലാതെ വിതരണം നടത്തി. 4–ാം സംസ്ഥാനം ധനക്കമ്മീഷന്റെ നിയമനം നടത്തി.

ഏതാണ്ട് 20 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമഗ്രമായ ആസൂത്രണത്തിന്റെയും നൂതനമായ വികസന പരീക്ഷണങ്ങളുടെയും ജന

പങ്കാളിത്തത്തിന്റെയും മാതൃകകളാക്കി മാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഉണ്ടായിരുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ദൂർദർശൻ സംഘടിപ്പിച്ച *ഗ്രീൻ കേരള എക്സ്പ്രസ്* എന്ന റിയാലിറ്റി ഷോയ്ക്കു കഴിഞ്ഞു. ഈ പരിപാടിയിൽ പങ്കെടുത്ത മഹാഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പരിജ്ഞാനവും പ്രവർത്തനങ്ങളുടെ തനിമയും കാഴ്ചപ്പാടിന്റെ ഔന്നിത്യവും ആരിലും അഭിമാനം ഉണർത്താൻ പര്യാപ്തമായിരുന്നു. വികസന സംവേദന ചരിത്രത്തിൽ ഈ പരിപടി ഒരു നാഴികക്കല്ലാണ്.

## ദൗർബല്യങ്ങളും പരിഹാരവും

കൃഷി, വ്യവസായം തുടങ്ങിയ ഉൽപാദനമേഖലകളിൽ അധികാരവികേന്ദ്രീകരണത്തിന് അനുഭവവേദ്യമായ പുരോഗതി ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ആഗോളവത്കരണത്തിന്റെ പ്രതികൂലമായ പ്രവണതകൾ ഇതിലൊരു മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. എങ്കിലും നെൽകൃഷിയുടെയും പച്ചക്കറിയുടെയും പാലിന്റെയും സമീപകാല വർദ്ധനയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗണ്യമായ പങ്കുണ്ട്. സൂക്ഷ്മ തൊഴിൽസംരംഭങ്ങളുടെ വ്യാപനത്തിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സേവന പ്രദാനത്തിൽ ഇനിയും ഒട്ടേറെ മെച്ചപ്പെടാനുണ്ട്. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സംരക്ഷിക്കുന്നതിൽ പോരായ്മകളുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ സ്വജനപക്ഷപാതവും നിർമ്മാണ പ്രവൃത്തികളിലെയും മറ്റും അഴിമതിയും ജനകീയാസൂത്രണത്തിന്റെ ആദ്യഅഞ്ചുവർഷങ്ങളിൽ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞെങ്കിലും പിന്നീട് സ്ഥിതിഗതികൾ മോശമായി എന്നാണ് അനുഭവം. എങ്കിലും സംസ്ഥാനതല പരിപാടികളെ അപേക്ഷിച്ച് ഇന്നും സ്ഥിതി മെച്ചം തന്നെ.

വർഷാദ്യം തന്നെ പദ്ധതി രൂപീകരണം പൂർത്തിയാക്കാൻ ഇപ്പോഴും കഴിയുന്നില്ല. പദ്ധതിനിർവഹണത്തെ ഇത് വർഷാവസാനത്തിലേയ്ക്ക് തള്ളിനീക്കുന്നു. പണം ചെലവാക്കുന്നതിനുള്ള ധൃതി നിർവഹണത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. ആസൂത്രണത്തിന്റെ ഇന്നുള്ള മറ്റൊരു പോരായ്മ വിവിധ തട്ടുകൾ തമ്മിൽ ഇപ്പോഴും വേണ്ടത്ര ഏകോപനം ഉറപ്പുവരുത്താൻ കഴിയുന്നില്ല എന്നതാണ്. ജില്ലാപദ്ധതി രൂപീകരിക്കുന്നതിലുണ്ടായ വീഴ്ചയാണ് ഇതിനൊരു പ്രധാനകാരണം. ജില്ലയുടെ പൊതുവികസനത്തിനുള്ള കാഴ്ചപ്പാടും അതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പ്രാദേശിക പദ്ധതികൾക്കുണ്ടായ ദൗർബല്യങ്ങളും ഭാവിയിൽ വേണ്ട തിരുത്തലുകളും വ്യക്തമാക്കുന്ന രേഖയാണ് ജില്ലാപദ്ധതി. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജില്ലാ ആസൂത്രണസമിതിയാണ് ഈ രേഖ തയ്യാറാക്കേണ്ടത്.

അവലോകനവും മേൽനോട്ടവും വേണ്ടത്ര ഫലപ്രദമല്ല. അക്കൗണ്ടുകളുടെയും മറ്റും കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകാത്തതാണ് ഇതിനൊരു കാരണം. പെർഫോമൻസ് ഓഡിറ്റ് മാമൂലായി ചുരുങ്ങിയിരിക്കുന്നു. സോഷ്യൽ ഓഡിറ്റാകട്ടെ, തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് പരിമതിപ്പെടുകയും ചെയ്തു.

എല്ലാത്തിലുമുപരി ആശങ്കയുളവാക്കുന്നത് ആസൂത്രണത്തിലെയും നിർവഹണത്തിലെയും ജനപങ്കാളിത്തം ശുഷ്കിച്ചു വരുന്ന പ്രവണതയാണ്. കേരളത്തിലെ ഗ്രാമസഭകളുടെ വലിപ്പം പങ്കാളിത്തത്തെയും ചർച്ചകളുടെ ഗുണനിലവാരത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. അയൽക്കൂട്ടങ്ങളെ ഗ്രാമസഭകളുടെ ഉപഘടകങ്ങളായി മാറ്റിക്കൊണ്ടുമാത്രമേ ഈ സ്ഥിതിവിശേഷത്തിന് പ്രതിവിധി കാണാനാവൂ.

അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കലാണ് ഇന്നത്തെ ഒരു മുഖ്യകടമ. ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാക്കുക, ഉത്തരവുകൾ ചട്ടങ്ങളാക്കി മാറ്റുക, മാനുവലും മറ്റും പരിഷ്കരിക്കുക, ജില്ലാ ആസൂത്രണ കമ്മിറ്റി പുനസംവിധാനം ചെയ്യുക, കമ്പ്യൂട്ടറൈസേഷൻ ഫലപ്രദമാക്കുക, വിവിധങ്ങളായ ഓഡിറ്റുകൾ കർശനമാക്കുക തുടങ്ങിയ ചുമതലകൾ ഇനിയും വ്യവസ്ഥാപിതമാക്കാനുണ്ട്. 2001ലെ ഭരണമാറ്റത്തോടെ ജനകീയ പ്രസ്ഥാനം അവസാനിപ്പിച്ചത് ഈ പരിഷ്കാരങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛ വലിയ തോതിൽ ചോർത്തിക്കളഞ്ഞു. വിദഗ്ധസമിതികൾ സംബന്ധിച്ച വിവാദം പലരുടെയും മനസുമടുപ്പിച്ച് പിൻവാങ്ങുന്നതിന് ഇടയാക്കി. ഇത് സാങ്കേതികസമിതികളെ ഉദ്യോഗസ്ഥമേധാവിത്തപരം ആക്കിതീർത്തു. ജനപങ്കാളിത്തത്തിലും സുതാര്യതയിലും തിരിച്ചടിയുണ്ടായി. ഇവ പരിഹരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

ദൗർബല്യങ്ങളും പോരായ്മകളും ഉണ്ടാകുന്നത് സ്വാഭാവികമാണ്. മുൻമാതൃകകളേറെയില്ലാത്ത ഒരു പരീക്ഷണമായിരുന്നുവല്ലോ ജനകീയാസൂത്രണം. അതിലുപരി ഈ പരീക്ഷണം പൊടുന്നനെ നേടാൻ കഴിയാത്ത സാമൂഹ്യപരിവർത്തനമാണ് ലക്ഷ്യമിടുന്നത്. ഈ ഘട്ടത്തിൽ പുതിയ സമീപനത്തോടൊപ്പം പഴമയുടെ ചൊരുക്കും നിലനിൽക്കുക സ്വാഭാവികമാണ്. ഒരു പരിവർത്തന കാലഘട്ടത്തെ കേവലമായ ഒരുനിമിഷത്തിന്റെ പരിഛേദമെടുത്ത് കറുപ്പും വെളുപ്പും തിരിയ്ക്കാൻ ശ്രമിക്കുന്നത് ശരിയായ നിലയെ വെളിപ്പെടുത്തുന്നില്ല. മാറ്റത്തിന്റെ ദിശയാണ് പ്രധാനം. നാം എങ്ങോട്ടുനീങ്ങുന്നു എന്നതാണ് പ്രധാനം. ജനകീയാസൂത്രണത്തിന്റെ ദിശയുടെ ശരിയും സാധ്യതകളും അടിവരയിടുന്നതാണ് ഇതുവരെയുള്ള അനുഭവങ്ങൾ. കേരളത്തിലെ മാതൃകാ

പഞ്ചായത്തുകളുടെ നേട്ടങ്ങൾ മറ്റേതു പഞ്ചായത്തിലും വേണമെങ്കിൽ കൈവരിക്കാവുന്നതേയുള്ളൂ.

## അധികാരവികേന്ദ്രീകരണം സുസ്ഥിരമാക്കാൻ

പഞ്ചായത്ത് രാജ് – നഗരഭരണസംവിധാനം വ്യവസ്ഥാപിതവും സുസ്ഥിരവുമാക്കാൻ ഉചിതമായ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

- റവന്യൂ ജില്ലാതല ഭരണകൂടമെന്ന സങ്കല്പനം യാഥാർത്ഥ്യമാക്കുംവിധം ഫെഡറൽഘടനയിൽ കേന്ദ്ര – സംസ്ഥാന – ജില്ലാ അടിസ്ഥാനതലമെന്നവിധം തദ്ദേശ ഭരണക്രമം ഉറപ്പാക്കുക. ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിതയൂണിറ്റായികണ്ടും നഗര മുനിസിപ്പൽ – കോർപ്പറേഷനുകളെ മറ്റൊരു യൂണിറ്റായിക്കണ്ടും ജില്ലാ ഭരണ സംവിധാനത്തോട് ഉദ്ഗ്രഥിപ്പിക്കുക.
- ജില്ലാ ആസൂത്രണസമിതി കേരളത്തിന് അനുയോജ്യമായ വിധം പുനഃസംഘടിപ്പിക്കുകയും ജില്ലാ പ്ലാനിംഗ് - സ്റ്റാറ്റിസ്റ്റിക്സ് - ഗ്രാമാസൂത്രണ – നഗരാസൂത്രണ വിഭാഗങ്ങളേയും ദാരിദ്രദൂരീകരണ യൂണിറ്റിനേയും സംയോജിപ്പിച്ച് ഡി.പി.സി സെക്രട്ടേറിയറ്റ് രൂപീകൃതമാക്കുകയും ചെയ്ത് നിർവ്വഹണക്ഷമമാക്കുക. ജില്ലാ ആസൂത്രണസമിതിയുടെ നിലവിലുള്ള ഘടനയിൽ ഭൂരിപക്ഷം അംഗങ്ങളും ജില്ലാ പഞ്ചായത്തു ജനപ്രതിനിധികളാണ്. ബ്ലോക്കു ഗ്രാമ പഞ്ചായത്തുകൾക്കു പ്രാതിനിധ്യമില്ല. ഈ പോരായ്മ ഭരണഘടനാ ഭേദഗതിയിലൂടെയേ തിരുത്താനാവൂ.
- 2000 ൽ ഭേദഗതി വരുത്തിയ 35 നിയമങ്ങളുടെ ക്രോഡീകരണമായ അധികാരവികേന്ദ്രീകരണനിയമത്തിന് അനുപൂരകമായ ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ചെയ്ത് പ്രയോഗത്തിൽ വരുത്തുക.
- കൈമാറ്റപ്പെടുന്ന ജീവനക്കാരുടെ നിർവ്വഹണപരവും നിയന്ത്രണപരവുമായ മേൽനോട്ട അധികാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭോരമേൽപ്പിക്കുകയും വകുപ്പുതല ദ്വിമുഖനിയന്ത്രണം ഒഴിവാക്കുംവിധം കൃത്യനിർവ്വഹണക്രമീകരണം സാധിതമാക്കുകയും ചെയ്യുക. ഇതിനായി ലൈൻസി ഡിപ്പാർട്ടുമെന്റുകളുടെ അടിസ്ഥാനതല നിർവ്വഹണകൃത്യങ്ങൾ പൂർണ്ണമായും തദ്ദേശഭരണക്രമവുമായി ഏകോപിപ്പിക്കുക.
- എഞ്ചിനീയറിംഗ്, പ്ലാനിംഗ്, അക്കൗണ്ടിംഗ്, വിവരസംവേദനവിഭാഗ ജീവനക്കാരെ പൂൾ ചെയ്ത് കാര്യനിർവ്വഹണസംവിധാനം ശക്തമാക്കുക. ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാക്കുക. അതിനു കഴിയുന്നില്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുക.
- പഞ്ചായത്ത് – നഗര ഭരണ മാന്വൽ, ബജറ്റ് – അക്കൗണ്ട്സ്, ഓഡിറ്റ് മാന്വൽ എന്നിവ നിലവിലില്ല. താൽക്കാലിക വകുപ്പുതല ഉത്തരവുകളും മാർഗനിർദ്ദേശങ്ങളുമായാണ് 15 വർഷം പിന്നിടുന്നത്. ഒട്ടേറെ പ്രവർത്തനങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നു. നിയമങ്ങളുണ്ടായതല്ലാതെ മതിയായ ചട്ടങ്ങൾ രൂപപ്പെടുന്നില്ല. തദ്ദേശ ഭരണ മാന്വലുകൾ അടിയന്തരമായി രൂപപ്പെടുത്തണം. ഇതുസംബന്ധിച്ച നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണം.
- കേന്ദ്ര – സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശ പദ്ധതികളുമായി സംയോജിപ്പിക്കാൻ ഉതകുംവിധം പുനസംവിധാനം ചെയ്യുക.
- ഗ്രാമസഭകൾ ഫലപ്രദമാക്കുന്നതിനു അയൽക്കൂട്ടങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവ ഗ്രാമസഭകളുടെ ഉപഘടകങ്ങളാക്കി വളർത്തുക.
- സന്നദ്ധസാങ്കേതികപ്രവർത്തകർ അടങ്ങുന്ന കർമ്മ സമിതികൾ, സാമൂഹ്യനിയമകാര്യപ്രവർത്തകർ അടങ്ങുന്ന ജാഗ്രതാ സമിതികൾ, സദ്ഭരണഭാഗമായ പരാതി പരിഹാര സമിതികൾ, സാമൂഹ്യാവലോകനസമിതികൾ, സ്ഥാപനമാനേജ്മെന്റ് സമിതികൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ തിരുത്തലുകൾ വരുത്തുക.
- സ്റ്റാൻഡിംഗ് കമ്മിറ്റികളെ പ്രായോഗിക വികേന്ദ്രീകൃതാധികാര നിർവ്വഹണവേദികളായി ഉത്തരവാദിത്തപ്പെടുത്തുംവിധം നിയമ – ചട്ട ഭേദഗതികൾ നടപ്പാക്കി ശാക്തീകരിക്കുക.
- ഇ-ഗവേർണൻസ്, എം-ഗവേർണൻസ് എന്നിവ ഉപയോഗപ്പെടുത്തി വിവരസാങ്കേതികവിദ്യ ഉൾപ്പെടുത്തിക്കൊണ്ട് സുതാര്യത, കാര്യക്ഷമത, സേവനഗുണനിലവാരം, നഷ്ടോത്തരവാദിത്തം എന്നിവ സാധിതമാക്കുക.
- നിയമസേവന അതോറിറ്റികളുടെ പിൻബലത്തോടെ ഗ്രാമീണ തർക്കപരിഹാര – ന്യായാലയങ്ങൾക്ക് വ്യവസ്ഥാപനം നൽകുക.
- തദ്ദേശഭരണ ട്രൈബ്യൂണൽ – ഓംബുഡ്സ്മാൻ – ഓഡിറ്റ് കമ്മീഷൻ എന്നിവ ഉദ്ഗ്രഥിതമാക്കി ഭരണനിർവ്വഹണം കുറ്റമറ്റതും, ഉത്തരവാദിത്വപൂർണ്ണവും ആക്കുക. സോഷ്യൽ ഓഡിറ്റ് സാർവത്രികമാക്കുക.

കേരളത്തിലെ നഗരവത്കരണം പുതിയ ഗൗരവമായ പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. 2001 ലെ കാനേഷുമാരി പ്രകാരം 58 നിയമ്മക നഗരങ്ങളും 101 ജനസംഖ്യാനുപാതിക നഗരങ്ങളും ഉൾപ്പെടെ 159 നഗരങ്ങളാണ് സംസ്ഥാനത്തുള്ളത്. 26% ജനങ്ങൾ നഗര

ങ്ങളിൽ അധിവസിക്കുന്നു. ഗതാഗതം വാർത്താവിനിമയം, പൊതു പരിസരശുചിത്വം, ആരോഗ്യപരിപാലനം, പൊതുവിതരണം, ഊർജ്ജലഭ്യത, കുടിവെള്ളലഭ്യത പ്രശ്നങ്ങൾ തന്മൂലം അഭിമുഖീകരിക്കേണ്ടിവരുന്നു. ഭൂമി, വിളകൾ, പ്രകൃതിവിഭവങ്ങൾ, മനുഷ്യശേഷി മുതലായവയുടെ വിതരണം, വിനിയോഗം, ഉപഭോഗം എന്നിവയിലും ഗൗരവമായ പ്രശ്നങ്ങളുണ്ട്. പ്രായോഗികവും, സമഗ്രവും, സൂക്ഷ്മവുമായ നഗരപരിപാലന നയരൂപീകരണം അനുപേക്ഷണീയമാണ്.

മാറ്റങ്ങൾ കണക്കിലെടുത്ത് എല്ലാ നഗരങ്ങൾക്കും സമഗ്രമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയാണ് ആദ്യമായി വേണ്ടത്. ഫ്ളോർ സ്പേയ്സ് ഇൻഡക്സ്, ഫ്ളോർ ഏരിയാ റേഷ്യോ എന്നിവയടിസ്ഥാനമാക്കി കൈമാറ്റവികസനാവകാശം സാധ്യമാക്കണം. പൊതുവിനിയോഗാവശ്യങ്ങൾ - മാർക്കറ്റ്, വണ്ടിപ്പേട്ട, മൈതാനം, വിനോദവേദികൾ, മേളസ്ഥലങ്ങൾ, പരിസ്ഥിതിപരിപാലന കോറിഡോർ മുതലായവയ്ക്ക് ഭൂവിഭവവും, ധനവിഭവവും നീക്കിവയ്ക്കുന്നത് ഉറപ്പാക്കണം. കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, ഗതാഗതം, പരിസരശുചിത്വം, മാലിന്യനിർമ്മാർജ്ജനം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകണം.

വികേന്ദ്രീകരണശ്രമത്തിനൊപ്പം സദ്ഭരണപരിശ്രമവും നടപ്പാക്കണമെന്നും അതിൽ ഉദ്യോഗസ്ഥ പങ്കാളിത്തം നിർണായകമാണെന്നുമുള്ള തിരിച്ചറിവുണ്ടാകണം. വികേന്ദ്രീകൃതാസൂത്രണമെന്നത് അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗം മാത്രമാണ്. റവന്യൂവും, നിയന്ത്രണവും ഉൾപ്പെടെ അധികാരങ്ങളും നീതിപരിപാലനഉത്തരവാദിത്വവും കൈയ്യാളാനാകുന്ന പ്രാദേശിക ഭരണഘടകങ്ങളായി തദ്ദേശഭരണസ്ഥാപനങ്ങൾ വികസിക്കണം. അടിസ്ഥാനതലം മുതൽ ഇതിനാവശ്യമായ ജനകീയ വിദ്യാഭ്യാസവും പരിശീലനവും, പങ്കാളിത്തവും, ഉടമസ്ഥതയും, നേതൃത്വവും ഉറപ്പാക്കണം.

## നിയമം നീതിനിർവഹണം

ഇന്ത്യയിൽ ഏകീകൃതമായ ഒരു ഭരണസംവിധാനം സ്ഥാപിക്കുവാനും നീതി ന്യായവ്യവസ്ഥ ഏർപ്പെടുത്താനുമുള്ള ശ്രമങ്ങൾ 18-ഉം 19-ഉം നൂറ്റാണ്ടുകളിലുണ്ടായി. അതിന്റെ തുടർച്ചയെന്നോണം 1919 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് കേന്ദ്രത്തിൽ സർക്കാർ സ്ഥാപിക്കുകയും പ്രവിശ്യകളിലും ദ്വിമുഖ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. അതിനുമുമ്പുതന്നെ തിരുവിതാംകൂറിൽ 1812-ൽ ചട്ടവരിയോലകളുടെ രൂപത്തിൽ റാണി ഗൗരി ലക്ഷ്മിഭായിയും കേരളവർമ്മ രാജാവ് കൊച്ചിയിലും പാശ്ചാത്യമാതൃകയിലുള്ള നിയമങ്ങൾ നിർമ്മിച്ചു. 1802-ൽ കോൺവായിസ് കോഡ് എന്നറിയപ്പെടുന്ന നിയമസംഹിത കോൺവായിഡ് പ്രഭുവും എഴുതിയുണ്ടാക്കി.

അതിനുമുമ്പു പ്രാദേശിക പഴക്കങ്ങളും നാട്ടുമര്യാദകളുമായിരുന്നു നീതിന്യായ പാലനത്തിനും ശിക്ഷാവിധികൾക്കും ആധാരം. ദേശമര്യാദ, കീഴ്മര്യാദ, കീഴിയക്കം എന്നീ പേരുകളിലുണ്ടായിരുന്ന അലിഖിത നിയമങ്ങൾക്കൊന്നും തുല്യനീതിയെന്ന സങ്കൽപ്പമുണ്ടായിരുന്നില്ല. എങ്കിലും ഐക്യകേരള രൂപീകരണത്തിനു മുമ്പു നിലവിൽ വന്ന ചില നിയമങ്ങൾ കേരളത്തിന്റെ നീതിന്യായവ്യവസ്ഥയുടെ നാഴികക്കല്ലുകളാണ്. 1896-ലെ ജന്മി-കുടിയാൻ റഗുലേഷൻ V കാണക്കുടിയാന്റെ അവകാശത്തിനു ചില സംരക്ഷണങ്ങൾ നൽകിയതാണ്. ഒഴിപ്പിക്കൽ സമയബന്ധിതമാക്കാൽ, പാട്ടവ്യവസ്ഥ രജിസ്റ്റർ ചെയ്യൽ. മിച്ചക്കരം, ജന്മിക്കരം ഇവ സർക്കാർ നികുതിക്കനുസൃതമായി നിശ്ചയിക്കൽ തുടങ്ങിയവ 1970 ജനുവരി 1ന് ജന്മിത്തം അവസാനിപ്പിക്കുന്നതിനു മുമ്പുള്ള ഭൂപരിഷ്ക്കരണ നടപടിക്രമങ്ങളായിരുന്നു. തദ്ദേശ സ്വയംഭരണ സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിനു കൊണ്ടുവന്ന 1919-ലെ മുൻസിപ്പൽ ആക്ട്, 1922 ലെ തിരുവിതാംകൂർ വില്ലേജ് പഞ്ചായത്ത് ആക്ട്, 1939-ലെ തിരുവിതാംകൂർ വില്ലേജ് യൂണിയൻ ആക്ട് ഇവയും കേരളത്തിന്റെ തദ്ദേശഭരണ സ്ഥാപന രൂപീകരണത്തിന് സഹായകമായവയാണ്.

തിരുവിതാംകൂർ നിയമനിർമാണസഭ പാസ്സാക്കിയ സാമൂഹിക പരിവർത്തനനിയമങ്ങളിൽ നായർ ആക്ട്, ഈഴവ ആക്ട്, നാഞ്ചിനാട്, വെള്ളാള ആക്ട്, ക്രിസ്ത്യൻ പിന്തുടർച്ചാവകാശം എന്നിവയും ശൈശവ വിവാഹനിയന്ത്രണ നിയമം(1941) വ്യവസായശാലകൾ കുട്ടികളെ പണിയെടുപ്പിക്കുന്നതു തടയുന്ന നിയമം, സൗജന്യ നിർബന്ധിത പ്രൈമറി വിദ്യാഭ്യാസനിയമം (1947) എന്നിവ പ്രധാനപ്പെട്ടവയാണ്. പൊതു സുനിശ്ചിതത്വസംരക്ഷണ നിയമം (1947) മുതലായവ കൊച്ചി നിയമസഭ പാസ്സാക്കിയ ജനക്ഷേമ നിയമങ്ങളാണ്. തിരു-കൊച്ചി ക്ഷേത്രപ്രവേശന നിയമം, തിരു-കൊച്ചി സഹകരണനിയമം, പ്രസവാനുകൂല്യനിയമം (192) എന്നിവയും എടുത്തു പറയേണ്ടതാണ്.

ക്ഷേമഭരണ വ്യവസ്ഥ നിലനിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയതിന് അനുകൂലമായ പുരോഗമനപരമായ നിയമനിർമ്മാണങ്ങൾക്ക് കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരുകൾ മുൻകൈ എടുത്തിട്ടുണ്ട്. ഒന്നാം കേരള നിയമസഭ തന്നെ 97 നിയമങ്ങൾ പാസ്സാക്കിയതിൽ കേരളത്തിനകത്തും പുറത്തും ശ്രദ്ധേയമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച വിദ്യാഭ്യാസ നിയമവും ഭൂപരിഷ്കരണ നിയമവും ഉൾപ്പെടും. വിവിധ തൊഴിൽ, തൊഴിലാളിക്ഷേമ നിയമങ്ങൾ, സഹ

കരണ, പഞ്ചായത്ത് നിയമം, നീതിന്യായ നിർവഹണ നിയമങ്ങൾ, നീതി നിർവഹണം, ഏജൻസികളുടെ സ്ഥാപനം (വനിതാ കമ്മീഷൻ, ലോകായുക്ത തുടങ്ങിയവ) എന്നിവ കേരളത്തിന്റെ പൊതുബോധത്തെ തന്നെ മാറ്റി മറിച്ചവയാണ്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നടപ്പാക്കിയ കാർഷിക കടാശ്വാസ കമ്മീഷൻ, മത്സ്യതൊഴിലാളി കമ്മീഷൻ, നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം, Shops & Commercial Establishment Act, മലബാർ ദേവസ്വം നിയമം, തിരു-കൊച്ചി നിയമ ഭേദഗതി തദ്ദേശ ഭരണത്തിൽ സ്ത്രീ പുരുഷ പ്രാതിനിധ്യം തുല്യമാക്കിയ ഭേദഗതി നിയമം മെഡിക്കൽ സർവ്വകലാശാല നിയമം തുടങ്ങിയവയും പുരോഗമനപരമായ ഇടപെടലുകളാണ്. ചുരുക്കത്തിൽ സാമൂഹ്യമാറ്റത്തിനുള്ള ഒരുപകരണമായി നിയമം ഉപയോഗിക്കുന്നതിന് ഇടതുപക്ഷപ്രസ്ഥാനം നേതൃത്വം നൽകിയ സംസ്ഥാന നിയമസഭകൾക്ക് കഴിഞ്ഞിട്ടുണ്ട്.

പുരോഗമനപരമായ നിയമനിർമ്മാണത്തിനും നടത്തിപ്പിനും പ്രതിലോമ വീക്ഷണങ്ങളും കേന്ദ്ര സർക്കാർ നയങ്ങളും പ്രതിബന്ധമായി മാറുന്നതായി കാണാം. സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലുകൾ, വ്യാവസായിക വികസനപരിസ്ഥിതി മേഖലകളിലും ഇത്തരത്തിലുള്ള ഇടപെടലുകൾ ദൃശ്യമാണ്.

* ഫെഡറൽ ഭരണഘടനാ തത്വങ്ങൾക്കു നിരക്കാത്ത കേന്ദ്രസമീപനവും നീതിന്യായകോടതികളുടെ ഭരണഘടനാവിരുദ്ധ ഇടപെടലുകളും നിരീക്ഷണങ്ങളും നിയമനിർമ്മാണസഭയുടെ പ്രവർത്തനങ്ങളെ പിന്നോട്ടടിപ്പിക്കുന്നു.

* തൊഴിൽനിയമങ്ങൾ, ക്ഷേമനിയമങ്ങൾ, PNDT Act, Dowry Prohibition Act, Indecent Representation of Women Act തുടങ്ങി ഒട്ടേറെ നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന വിലയിരുത്താനോ മേൽനോട്ടം വഹിക്കാനോ സംവിധാനങ്ങളില്ല. ആയതിനാൽ ഈ നിയമങ്ങളുടെ ലക്ഷ്യം സാധൂകരിക്കാനാവുന്നില്ല.

നീതിന്യായ നടത്തിപ്പ് കുറ്റമറ്റതാക്കാനും, സാമൂഹ്യനീതി, വ്യക്തി-സംഘടനാ സ്വാതന്ത്ര്യം, ഭൂ-പാരിസ്ഥിക സംരക്ഷണം, ലിംഗനീതി തുടങ്ങിയവയിലൂന്നി നിന്നുകൊണ്ടുള്ള പുരോഗമനപരമായ സാമൂഹ്യമാറ്റത്തിലേക്ക് നയിക്കാനും വേണ്ടുന്ന നിർദ്ദേശങ്ങളാണ് രൂപപ്പെടേണ്ടത്.

അതിനു രണ്ടുതരം ഇടപെടലുകൾ ഉണ്ടാകണം.

1) നിയമനിർമാണവും ഭേദഗതിയും

2) നീതി നിർവഹണം

**ചില പുതിയ നിയമങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ**

i. *അസംഘടിത തൊഴിലാളി സംരക്ഷണ നിയമം*

ലക്ഷക്കണക്കിനു വരുന്ന അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ജി.ഡി.പി യുടെ 65% വരുന്ന കൃഷി, നിർമ്മാണ മേഖല, നെയ്ത്ത്, മത്സ്യമേഖല, കശുവണ്ടി, മൃഗസംരക്ഷണം, കയർ, കുടിൽ വ്യവസായങ്ങൾ, കയറ്റിറക്ക് തുടങ്ങിയവയിലെ വേതന സേവന വ്യവസ്ഥകൾ തുടങ്ങിയവ നിയന്ത്രിക്കുന്നതിന് നിലവിൽ കൃത്യമായ നിയമങ്ങളില്ല. ഐടി മേഖലയിലെയും നില ഇതുതന്നെയാണ്. ആഗോളീകരണം ഉദാരവത്കരണകാലം പരമ്പരാഗത തൊഴിൽ മേഖലയെയാണ് ഏറ്റവും ദോഷകരമായി ബാധിക്കുന്നത് മിനിമം കൂലിയും, തുല്യ വേതനവും കടലാസിൽ മാത്രം നിലവിൽ നിൽക്കുന്ന സ്ഥിതിയാണ്. തൊഴിലാളികളും തൊഴിലുടമകളും തമ്മിലുള്ള ബന്ധം അധികാരത്തിന്റേതു മാത്രമാണ്. അസംഖ്യം അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവുന്ന തരത്തിൽ നിയമം ഉണ്ടാകണം.

ii. *പൊതുജനപരാതി പരിഹാര ട്രൈബ്യൂണൽ*

പൊതുജനങ്ങളുടെ പരാതി പരിഹാരത്തിന് സംവിധാനങ്ങൾ ഉണ്ടാകണം. ഉദ്യോഗസ്ഥരുടെ കൃത്യവിലോപം, തെറ്റായ നടപടി തുടങ്ങിയവ ചോദ്യം ചെയ്യുന്നതിനും, പൊതുസേവകരുടെ ഉത്തരവാദിത്വം നിറവേറ്റാതിരിക്കുന്നതും ചോദ്യം ചെയ്യപ്പെടണം. കാര്യക്ഷമമായ സിവിൽ സർവ്വീസിനും പൊതുസേവകനും ജനങ്ങളും തമ്മിലുള്ള വിശ്വാസം വർദ്ധിപ്പിക്കാനും, അഴിമതി തടയാനും കഴിയണം. പ്രത്യേകം ട്രിബ്യൂണൽ ഉണ്ടാകണം, അപ്പലേറ്റ് ട്രിബ്യൂണലുകളും വേണം.

iii. *ഗാർഹിക തൊഴിലാളി സംരക്ഷണ നിയമം.*

ഗാർഹിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ (ഹോം നേഴ്സ്) എണ്ണം പെരുകുകയാണ്. ഭൂരിഭാഗം സ്ത്രീകളാണ് ഈ മേഖലയിലെ തൊഴിലാളികൾ. സുരക്ഷിതത്വമില്ലായ്മ, മിനിമം കൂലി ലഭ്യമല്ലായ്മ, ലൈംഗികവും അല്ലാത്തതുമായ പീഡനങ്ങൾ തുടങ്ങി തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. ഗാർഹിക മേഖലയിലെ തൊഴിലുടമകളും അരക്ഷിതത്വം നേരിടുന്നു. ഇടനിലക്കാർ നടത്തുന്ന സാമ്പത്തിക ചൂഷണവും ഉണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനും നിയമം ഉണ്ടാകണം.

iv. *മൈക്രോഫിനാൻസിംഗ് നിയന്ത്രണ നിയമം.*

വിവിധ ജാതിമത സംഘടനകളും സ്വകാര്യ ഏജൻസികളും ഒരു നിയന്ത്രണവുമില്ലാതെ മൈക്രോ ക്രെഡിറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നു. ഈടാക്കുന്ന തുകയ്ക്ക് സെക്യൂരിറ്റി ഇല്ലായ്മ ആന്ധ്രയിലേതുപോലുള്ള സ്ഥിതി കേരളത്തിലും കൊണ്ടുവരും. ആന്ധ്രാ പ്രദേശ് സർക്കാർ കൊണ്ടുവന്നതുപോലുള്ള ബിൽ കൊണ്ടുവരണം.

## ഭൂമി സംരക്ഷണം

ഭൂപരിഷ്കരണത്തിന്റെ ഭാഗമായി കൊണ്ടു വന്ന ഭൂമി കൃഷിക്ക് എന്ന സ്ഥിതി മാറ്റിമറിച്ചിരിക്കുന്ന അവസ്ഥയാണ്. ഊഹക്കച്ചവടത്തിനുള്ള ഉപാധിയായി ഭൂമി മാറ്റിയിരിക്കുന്നത് തടയണം. വിവിധ സോണുകളാക്കി മാറ്റി, പാർപ്പിടത്തിനും കൃഷിക്കും ഉതകുന്ന രീതിയിൽ വ്യക്തമായ നിയമം ഉണ്ടാകണം.

ഐപിസി 354-ാം ഭേദഗതി ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ "Out Raging Modesty of Women' Non bailable, Non cognizable ആക്കണം. (Two Years or Rupees. Thousand Fine)

പൊതു ഇടങ്ങളിലെ പീഡനം

മാട്രിമോണിയൽ വസ്തുവിന് തുല്യാവകാശം ലഭിക്കുന്ന നിയമം ഉണ്ടാകണം.

## പരിസ്ഥിതി

*പ്ലാസ്റ്റിക് നിയന്ത്രണ നിയമം*

പരിസ്ഥിതി സംരക്ഷണത്തിനും പൊതുജനാരോഗ്യ സംരക്ഷണത്തിനും ഹാനികരമാകുന്ന തരത്തിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ Reusable അല്ലാത്ത ഉൽപന്നങ്ങളുടെ വിതരണം, Storage തുടങ്ങിയവ നിയന്ത്രിക്കാൻ നിയമം ഉണ്ടാകണം. നിയന്ത്രണങ്ങൾക്കു വിരുദ്ധമായ ഉൽപാദനവും ഉപഭോഗവും വിതരണവും ശിക്ഷാർഹമാവണം. മോണിറ്റർ ചെയ്യുന്നതിനു ഈ അവകാശം തദ്ദേശസ്ഥാപനങ്ങൾക്കു നൽകണം.

*കണ്ടൽകാടുകൾ സംരക്ഷണ നിയമം*

പരിസ്ഥിതിക്കു ദോഷമാകുന്ന തരത്തിൽ കണ്ടൽക്കാടുകളെ നശിപ്പിക്കുന്നത് തടയുന്നതിന് പ്രത്യേക നിയമം വേണം. കണ്ടൽക്കാടു സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുകയും സർക്കാരിന്റെ ഉടമസ്ഥതയിൽ നിലനിർത്തുകയും വേണം.

*ശബ്ദ മലിനീകരണ നിയന്ത്രണ നിയമം*

സ്ഫോടക വസ്തുക്കൾ, ലൗഡ് സ്പീക്കർ, മറ്റു വിവിധ സ്രോതസ്സുകളിൽ നിന്നുണ്ടാകുന്ന ശബ്ദം തുടങ്ങിയവ നിയന്ത്രിക്കാനുള്ള നിയമം വേണം. ഇന്ന് ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് നിലവിൽ ഇന്ത്യയിൽ നിയമങ്ങളില്ല. മനുഷ്യ നിർമ്മിതമായ ശബ്ദം നിയന്ത്രിക്കുന്നതിന് സംവിധാനമുണ്ടാകണം.

*ശുദ്ധവായുനിയമം (Clear Air Act)*

വാഹനങ്ങളിൽ നിന്നും, വ്യാവസായിക സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിന വായു പരിസ്ഥിതിയെ ദുർബലപ്പെടുത്തുന്നതായും\STEL പഠനങ്ങൾ വ്യക്തമാക്കുന്നു. ഹരിത ഗൃഹവാതകങ്ങളുടെ ബഹിർക്ഷമനം ലോകമാകെതന്നെ ഭീതിയോടെ നോക്കുന്ന സാഹചര്യത്തിൽ കൃത്യമായ നിയന്ത്രണം ഉണ്ടായേ മതിയാകൂ. കേരളത്തിൽ 25 ലക്ഷം ലൈസൻസുള്ള വാഹനങ്ങളും 1 ലക്ഷത്തോളം ലൈസൻസില്ലാത്ത വാഹനങ്ങളും ഓടുന്നുണ്ടെന്നാണ് കണക്ക്. 4,46,959 വാഹനങ്ങൾ കൊച്ചിയിലും 3,50,455 വാഹനങ്ങൾ തിരുവനന്തപുരത്തും, 2,07,117 വാഹനങ്ങൾ കോഴിക്കോടും ഉണ്ട്. ഏറ്റവും കുറവു 33550 ഉള്ള വയനാടാണ്. ഇതിനുപുറമെ വ്യാവസായിക സ്ഥാപനങ്ങളിൽ നിന്നുള്ള കാർബൺ ബഹിർഗമനവും. വിവിധ മാർക്ഷങ്ങളിലൂടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ശുദ്ധവായു സംരക്ഷിക്കണം.

*ഖരമാലിന്യ സംസ്കരണം, നിയന്ത്രണ നിയമം*

ഖരമാലിന്യ നിയന്ത്രണത്തിന് മുൻസിപ്പാലിറ്റീസ് 1999-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചെങ്കിലും ഫലപ്രദമായ തരത്തിൽ പ്രായോഗിക രംഗത്തേക്കെത്തിക്കാനായില്ല. പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന മാലിന്യ കൂമ്പാരങ്ങൾ ഇന്ന് നഗര-ഗ്രാമഭേദമന്യേ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണം നടത്തുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയിലും ഉത്തരവാദിത്വത്തിലും നിയന്ത്രണം കൊണ്ടുവരണം.

*പരിസ്ഥിതി കോടതി*

സുപ്രീം കോടതി MC mehta Vs യൂണിയൻ ഓഫ് ഇന്ത്യ കേസിൽ 1986 ൽ പ്രത്യേക പരിസ്ഥിതി കോടതികളുടെ ആവശ്യം ചൂണ്ടിക്കാട്ടിയതാണ്. പാരിസ്ഥിതിക നിയമങ്ങളിലും പരിസ്ഥിതി ശാസ്ത്രത്തിലും പ്രത്യേക അവഗാഹം സിദ്ധിച്ച ന്യായാധിപന്മാരുൾപ്പെട്ട പരിസ്ഥിതി കോടതിയാവണം ഇത്തരം കേസുകൾ പരിഗണിക്കേണ്ടത്. ഏഴോളം വരുന്ന കേന്ദ്ര പരിസ്ഥിതി നിയമങ്ങളും സംസ്ഥാന നിയമം (River Bank protection) നിയമം പരിഗണിക്കാൻ ഈ കോടതിക്ക് അധികാരങ്ങളുണ്ടാവണം.

**Pesticide control Act :** കീടനാശിനികളുടെ അമിത ഉപഭോഗം കുറയ്ക്കുന്നതിനുള്ള നിയമം

**Public Health Act (Community Health Act)**

*നീതി നിർവ്വഹണത്തിനായുള്ള ചില നിർദ്ദേശങ്ങൾ*

1. കീഴ്കോടതികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം
2. മുൻസിഫ്, മജിസ്ട്രേറ്റ് നിയമനം പൂർണ്ണമായും പി.എസ്.സിയ്ക്ക് വിടണം
3. കുടുംബകോടതികളുടെ എണ്ണം വർദ്ധിപ്പിക്കണം. ജഡ്ജിമാർ, കൗൺസിലർമാർ തുടങ്ങിയവർക്ക് ലിംഗാവബോധ പരിശീലനങ്ങൾ നൽകണം.
4. ലീഗൽ സർവ്വീസ് അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. പ്രൊട്ടക്ഷൻ ഓഫീസർമാർ, service provider മാർ, ജാഗ്രതാ സമിതികൾ,

വനിതാ സെല്ലുകൾ എന്നിവയുമായി Networking ഉണ്ടാകണം.

## തൊഴിൽ സംരക്ഷണ ക്ഷേമരംഗം

ആഗോളമാന്ദ്യവും മാന്ദ്യപ്രതിരോധ നടപടികളും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾക്ക് നടുവിലാണ് ലോകമെമ്പാടുമുള്ള തൊഴിലാളികൾ. വികസിത-സമ്പന്ന രാജ്യങ്ങളും രാഷ്ട്ര സമുച്ചയങ്ങളും നവലിബറൽ സമ്പദ്നയങ്ങളുടെ ഭാഗമായ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരായ പ്രക്ഷോഭങ്ങളെ നേരിടുകയാണ്. ഇവ കേവല ഭരണകൂടങ്ങൾക്കെതിരായ പ്രതിഷേധങ്ങളോ ഭരണാധികാരികൾക്കെതിരായ സമരങ്ങളോ മാത്രമായിക്കാണാനാവില്ല.

ലാറ്റിനമേരിക്കിൻ രാജ്യങ്ങളും ആഫ്രിക്കൻ നവ സ്വതന്ത്രരാഷ്ട്രങ്ങളും തുടക്കമിട്ട ഇത്തരം തൊഴിലാളി ചെറുത്തുനിൽപിന് ഒരു ലോകമാനം കൈവന്നിക്കുന്ന പശ്ചാത്തലമാണിന്നുള്ളത്. ഫ്രാൻസ്, ഗ്രീസ്, സ്പെയിൻ, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങളിലെല്ലാം ആവർത്തിക്കപ്പെടുന്നതും നീണ്ടു നിൽക്കുന്നതുമായ പോരാട്ടമായിത് മാറുകയാണ്.

ഇന്ത്യയിലും നവ ഉദാരവൽക്കരണനയങ്ങൾ സൃഷ്ടിക്കുന്ന ജീവിത ദുരിതങ്ങൾക്കും കേന്ദ്ര സർക്കാർ രണ്ടു ദശകമായി പിൻതുടരുന്ന സാമ്രാജ്യത്വ വിധേയത്വനടപടികൾക്കുമെതിരായ തൊഴിലാളി പ്രക്ഷോഭങ്ങൾ ക്രമേണ ശക്തിപ്പെട്ടും വിപുലപ്പെട്ടും വരികയാണ്. 2001 ൽ തമിഴ്നാട്ടിലും 2002 ൽ കേരളത്തിലും സർക്കാർ ജീവനക്കാർ നടത്തിയ പ്രക്ഷോഭം ഐതിഹാസികമായിരുന്നു. 10 കോടി ജനങ്ങൾ അണിനിരന്ന പ്രക്ഷോഭമായി മാറിയ സെപ്തംബർ 7 ന്റെ ദേശീയ പണിമുടക്കം ലോകസമര ചരിത്രത്തിൽ തന്നെ സവിശേഷമായ ഏടായി കരുതാനാകും. ദേശീയ തലത്തിൽ ഒമ്പതും സംസ്ഥാനത്ത് പതിമൂന്നും ട്രേഡ് യൂണിയൻ സംഘടനകൾ പണിമുടക്കത്തിന് നേതൃത്വം നൽകി.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് തൊഴിലാളി ക്ഷേമം, ജീവനക്കാരോടുള്ള ആഭിമുഖ്യം, തൊഴിൽ സുരക്ഷാ-ക്ഷേമ നടപടികളുടെ വൈപുല്യവും നൈരന്തര്യവും പ്രതിബദ്ധതയും ഉൾപ്പെടെ ഉറപ്പാക്കുന്ന നയനടപടികളുമായി കേരളത്തിലെ ഇടതുപക്ഷ സർക്കാർ അഞ്ചുവർഷം പൂർത്തീകരിക്കുന്നത്. സാമൂഹ്യ സുരക്ഷാ രംഗത്തിന്റെ തുടർച്ച എന്ന നിലയ്ക്കും അധ്വാനം കൈമുതലാക്കി അതിജീവനം തേടുന്നവരുടെ പരിപാലനം ഉറപ്പാക്കുന്ന നിലയ്ക്കും ഇക്കാലയളവിൽ എടുത്ത തൊഴിലാളിക്ഷേമ നയനടപടികളും തൊഴിലാളി സംരക്ഷണ നിയമനിർമ്മാണങ്ങളും നീയമ-നീതി പരിഷ്കാരനടപടികളും തികച്ചും ഉചിതവും കാലാനുസൃതവും അനിവാര്യവുമെന്ന് നിരീക്ഷിക്കപ്പെടുന്നു. ഈ ഭരണ-നിയമ സമീപനത്തിന്റെ ഗുണഫലം അനുഭവിക്കാത്തവരായി ഒരു വിഭാഗവും കേരളത്തിന്റെ തൊഴിലാളികളിൽ ഇല്ലെന്ന് കാണാം.

ഈ നയത്തിന്റെ ശരിയായ വികാസവും തുടർ നിർവ്വഹണവും വരും കാലത്ത് ഉണ്ടായേ മതിയാകൂ. അല്ലാത്ത പക്ഷം സംഭവിക്കാവുന്ന ഭരണ പൂർണമായ ഇരുളടഞ്ഞ ഭാവിയുടെ ഉൾക്കാഴ്ചയും മുൻ അനുഭവ പാഠനവും ഉണ്ടായേ മതിയാകൂ. അതിന്റെ അടിസ്ഥാനത്തിൽ ഭാവി കേരള തൊഴിലാളി സമൂഹത്തെ ശരിയാം വിധം മുന്നോട്ട് നയിക്കാനും പുരോഗതിയിലേക്കും അതിജീവനത്തിലേക്കും പ്രാപ്തമാക്കാനുതകുന്ന നിർദ്ദേശങ്ങൾ കരുപ്പിടിപ്പിക്കേണ്ടതുണ്ട്.

പരിഗണനയ്ക്ക് സാധ്യമാകുന്നതായ ചില നിർദ്ദേശങ്ങൾ ഇതിനൊപ്പം ചേർക്കുന്നു.

- കാർഷിക തൊഴിലാളി ക്ഷേമം-വേതനം-പുനരധിവാസം തുടങ്ങിയവ മുൻനിർത്തി നിലവിലുള്ള നിയമ ചട്ടങ്ങൾ പരിഷ്കരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുക.
- പ്ലാന്റേഷൻ മേഖല, അസംഘടിത തൊഴിൽ മേഖല, വ്യാപാര വാണിജ്യമേഖല, പരമ്പരാഗത-വ്യവസായ-തൊഴിൽ മേഖല എന്നിവിടങ്ങളിലെ തൊഴിലാളി സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുക.
- നവനിക്ഷേപ തുറകളായ ഐ.ടി/ബി.ടി രംഗങ്ങളിൽ തൊഴിലാളി സംരക്ഷണം ഉറപ്പാക്കാനും സെസ് മേഖലകളിൽ തൊഴിലവകാശങ്ങൾ ഉറപ്പാക്കാനും ഉതകുന്ന നിയമനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ്, അയ്യങ്കാളി നഗര തൊഴിലുറപ്പ്, സ്വയം തൊഴിൽ സംരംഭകത്വ മേഖല മുതലായിടങ്ങളിൽ ആവശ്യാധിഷ്ഠിതവും അതിജീവനാധിഷ്ഠിതവുമായ മിനിമം വേതന വ്യവസ്ഥയ്ക്ക് പ്രാബല്യം ഉറപ്പാക്കുക.
- വ്യവസായ ബന്ധനിയമം, തർക്ക പരിഹാരനിയമം, ട്രേഡ് യൂണിയൻ നിയമം എന്നിവ കേരളത്തിന് അനുയോജ്യമായ വിധം തദ്ദേശീയ പരിഷ്കരണ ഭേദഗതികൾ ഉൾച്ചേർത്ത ചട്ടങ്ങളോടെ നടപ്പാക്കുക.
- സ്ഥാപന-സംരംഭക മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കി നിയമ ഭേദഗതി നടപ്പാക്കുക.
- പെൻഷൻ, പി.എഫ്, ചികിത്സാ സഹായവും ചികിത്സാ സൗകര്യവും, ഇൻഷുറൻസ്, വായ്പാ ഉപാധികൾ, ക്ഷേമപരിരക്ഷാ നടപടികൾ എന്നിവ കാലാനുസൃതമായി പുനഃസംഘടിപ്പിക്കുക.
- അപകട നഷ്ടപരിഹാരം ഉൾപ്പെടെയുള്ളവ സംബന്ധിച്ച നിയമ-ചട്ടങ്ങൾ തൊഴിലാളികൾ അനുഗുണമായി പുനഃസംവിധാനം ചെയ്യുക.